# ഹജ്ജും ഉംറയും

(Malayalam)

الحج والعمرة [ باللغة مليالم ]


## ഹംസ ജമാലി മണ്ണാർക്കാട്

## حمزة الجمالي، بمناركاد

പരിശോധന :
കെ.പി . ശക്കീർ ഹുസൈൻ സ്വലാഹി
സയ്യിദ് സഹ്ഫർ സ്വാദിഖ്

مراجعة: سيد صعفر صادق

شاكر حسين صلاحي



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്

റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1429 – 2008


## ആമുഖം



الحمد لله رب العالمين وأصلي وأسلم على رسوله الكريم وعلى آله وصحبه

أجمعين . وبعد

ഇസ്‌ലാമിൻെറ പഞ്ചസ്തംഭങ്ങ ളിലൊന്നായ ഹജ്ജിന്റെ ശ്രേഷ്ഠത യും മര്യാദകളും വിവരിക്കുന്നതാണ് ഈ ചെറുഗ്രന്ഥം.

ഹജ്ജിനും ഉംറക്കും പോകുന്ന ആളുകളിൽ പലരും അനേകം അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും വെച്ചു പുലർത്തുന്നതായി കാണു ന്നു. മതത്തിലെ അറിവില്ലായ്മയാ ണിതിന് പ്രധാനകാരണം. അതി നാ ൽ ഒരു വിശ്വാസി നിർബന്ധമായും മനസ്സിലാക്കിയിരിക്കേണ്ട വളരെ പ്ര ധാനപ്പെട്ട പല വിഷയങ്ങളും ഉൾ കൊള്ളിച്ചുള്ളതാണ് ഈ കൃതി. കഴി യുന്നത്ര സൂക്ഷ്മതയും അവധാനത യും പുലർത്തിയിട്ടുണ്ടെങ്കിലും മനു ഷ്യസഹജമായ തെറ്റുകുറ്റങ്ങൾ സംഭ വിച്ചേക്കാം. സഹൃദയരായ വായന ക്കാർ ശ്രദ്ധയിൽ പ്പെടുന്ന തെറ്റു കളും അപാകതകളും ചൂണ്ടി കാണി ക്കുകയും, അഭിപ്രായ നിർദേശങ്ങൾ അറിയിക്കുകയും ചെയ്യുമെന്ന് പ്ര ത്യാശിക്കുന്നു. ഈ ചെറു ഗ്രന്ഥം എ നിക്കും മുസ്‌ലിം ഉമ്മത്തിനും ഉപകാരപ്പെടട്ടെ.

ഹംസ ജമാലി മണ്ണാർക്കാട്

## ഈ ഗ്രന്ഥം

പരിചയമില്ലാത്ത ഒരു സ്ഥലത്തേ ക്ക് ഒരാൾ യാത്ര പുറപ്പെടുക യാ ണെങ്കിൽ യാത്രയുടെ മുമ്പ് വഴിയി ൽ പ്രയാസങ്ങളൊന്നുമില്ലാതെ സ മാധാനമായി അവിടെ എത്തിച്ചേരു ന്നതിന്നായി ആ സ്ഥലത്തെക്കുറി ച്ചും അവിടേക്കുള്ള വഴിയെക്കുറി ച്ചും അറിയുന്നവരോട് ചോദിച്ച് മന സ്സിലാക്കാറുണ്ട്. എന്നാൽ ഖേദകര മെ ന്ന് പറയട്ടെ മതപരമായ കാര്യ ങ്ങളിൽ അധികമാളുകൾക്കും ഈ ആവേശം കാണുന്നില്ല. ഇത് ആരാധ നയുടെ കാര്യത്തിലുള്ള വീഴ്ചയാ ണെന്ന് പറയേണ്ടതില്ലല്ലോ .

ഹജ്ജും ഉംറയും വിവരിക്കുന്ന ഈ കൊച്ചു കൃതിയിൽ നിങ്ങൾ വീ ട്ടിൽനിന്ന് പുറപ്പെട്ട് തിരിച്ചെത്തുന്ന തുവരെ നിർവ്വഹിക്കേണ്ട മുഴുവൻ കാര്യങ്ങളും ഉൾക്കൊള്ളിക്കാൻ പര മാവധി ശ്രമിച്ചിരിക്കുന്നു. ഉംറ കർ മ്മം മാത്രം നിർവ്വഹിക്കുന്നതി ന്നായി പോകുന്നവർക്ക് ആവശ്യമായ നിർ ദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ത് പോലെ ഹാജിമാർ പ്രത്യേകം അ റിയേണ്ടവയും അതത് സമയങ്ങളിൽ പ്രത്യേകം ഉണർത്തിയിരിക്കുന്നു. അ തു പോലെ ഹജ്ജു കർമ്മത്തിൽ പിൽകാലത്ത് കടന്നു കൂടിയ നൂത നാചാരങ്ങളെക്കുറിച്ച് പ്രത്യേകം ഉ ണർത്തുകയും ചെയ്തിട്ടുണ്ട്. കാര ണം ഇസ്‌ലാമിലെ ഏത് കർമ്മവും സ്വീകാര്യമാകാൻ രണ്ട് നിബന്ധന കളുണ്ട്.

ഒന്ന്: അല്ലാഹുവിന്റെ പ്രീതി കാം ക്ഷിച്ചു കൊണ്ട് മാത്രമായിരിക്കുക. അല്ലാഹു പറയുന്നു :

وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاءَ..........( البينة : ٥ )

കീഴ്‌വണക്കം അല്ലാഹുവിന് മാ ത്രം ആക്കി കൊണ്ട് ഋജു മനസ്കരാ യ നിലയിൽ അല്ലാഹുവിനെ ആരാ

ധിക്കുവാനല്ലാതെ അവരോട് കൽപി ക്കപ്പെട്ടിട്ടില്ല.. (അൽബയ്യിനഃ : 5)

രണ്ട്: സുന്നത്തിൽ സ്ഥിരപ്പെട്ടതായി രിക്കണം.

ഹദീസ് പണ്ഡിതന്മാരും ഹദീ സ് നിദാന ശാസ്ത്ര പണ്ഡിതന്മാ രും കർമ്മശാസ്ത്രകാരന്മാരും സുന്ന ത്തിനെ നിർവ്വചിക്കുന്നത് ഇപ്രകാര മാണ്. സുന്നത്തെന്നാൽ നബിﷺ യിൽ നിന്ന് സ്ഥിരപ്പെട്ട വാക്ക്, പ്ര വൃത്തി, അംഗീകാരം എന്നിവ. ചില പണ്ഡിതന്മാർ നബിﷺ യുടെ ഗുണം' (صفة) എന്നുകൂടി ചേർത്തിരി ക്കുന്നു. നബിﷺ യിൽ നിന്ന് 'സ്ഥിര പ്പെട്ടത്' എന്നാണ് ശരീഅത്ത് പണ്ഡിതന്മാർ ഹദീസിനെ നിർവ്വചി ച്ചത് .

ഇസ്ലാമിൽ സുന്നത്തിന്റെ പ്രാധാ ന്യവും സ്ഥാനവും ഉന്നതവും മഹ ത്തരവുമാകുന്നു. അത് ഖുർആൻ കഴിഞ്ഞാലുള്ള രണ്ടാം അടിസ്ഥാന പ്രമാണമായി നിൽക്കുന്നു. ഒന്നാമ ത്തെ അടിത്തറ അല്ലാഹു അവന്റെ പ്രവാചകന് അവതരിപ്പിച്ചു കൊടു ത്ത മാർഗദർശനമായ ഖുർആനാ കുന്നു.

മതത്തിന്റെ എല്ലാ കാര്യങ്ങളും ഖുർആനും ഹദീസുമാകുന്ന മഹ ത്തായ രണ്ട് പ്രമാണങ്ങളിലേക്ക് മട ങ്ങുന്നു. തത്സംബന്ധമായ പ്രവാച ക നിർദ്ദേശം മാലിക് ബിൻ അനസ് ﵁ നിവേദനം ചെയ്യുന്നത് നോക്കൂ,

تَرَكْتُ فِيكُمْ أَمْرَيْنِ لَنْ تَضِلُّوا مَا تَمَسَّكْتُمْ بِهِمَا كِتَابَ اللَّهِ وَسُنَّةَ نَبِيِّهِ ) الموطأ (١٣٩٥

" ഞാൻ നിങ്ങളിൽ രണ്ടുകാര്യം വിട്ടേച്ചു പോകുന്നു. അവ രണ്ടും നിങ്ങൾ മുറുകെ പിടിക്കുകയാ

ണെ ങ്കിൽ നിങ്ങൾ ഒരിക്കലും വഴി പിഴ ക്കുകയില്ല. അല്ലാഹുവിന്റെ കിതാ ബും അവന്റെ നബിയുടെ ചര്യയു മാണത്. ( മുവത്വ : 1395)

കാരണം പ്രവാചകചര്യ ദൈവീ ക സന്ദേശം (وحي) ആകുന്നു.

وَمَا يَنطِقُ عَنِ الْهَوَى {٣} إِنْ هُوَ إِلا وَحْيٌ يُوحَى { (النجم -٣و٤)

അദ്ദേഹം (മുഹമ്മദ് നബിﷺ) ത ന്നിഷ്ട പ്രകാരം സംസാരിക്കുന്നില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമാ യി നൽകപ്പെടുന്ന ഒരു ഉൽബോധ നം മാത്രമാകുന്നു. ( നജ്മ് : 3,4)

അപ്പോൾ സുന്നത്ത് അല്ലാഹു അവന്റെ പ്രവാചകന് നൽകിയ ദിവ്യ സന്ദേശമാകുന്നു. പ്രവാചക തിരുമേ നി ദൈവീക സന്ദേശത്തിലെ കൽപ നകളും നിരോധങ്ങളും ജന ങ്ങളിലേ ക്കെത്തിക്കുന്നു. ഇസ്ലാമിലെ ആരാ ധനകളുടെ രൂപവും ഭാവവുമെല്ലാം നബിﷺ യാണ് മുസ്ലിം ഉമ്മത്തിനെ പഠിപ്പിച്ചത് . ഉദാഹരണം ഹജ്ജ് നിർ ബന് ധമാണെന്ന് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നു. എന്നാൽ ഹജ്ജിന്റെ സമയം, രൂപം എന്നിവ നബിﷺ ഹജ്ജത്തുൽ വിദാഇൽ ഓരോന്നാ യി കാണിച്ചുകൊടുത്തു. എന്നിട്ട് പറ ഞ്ഞു : ബാബിർ ﷺ നിവേദനം :

خُذُوا عَنِّي مَنَاسِكَكُمْ (صحيح الجامع : ٧٨٨٢ )

നിങ്ങളുടെ ഹജ്ജിന്റെ കർമ്മങ്ങ ൾ നിങ്ങൾ എന്നിൽനിന്നും സ്വീകരി ക്കുക.(സ്വഹീഹുൽജാമിഅ്: 7882)

അങ്ങനെ ഹജ്ജിന്റെ കർമ്മങ്ങൾ നബിﷺ ഓരോരോന്നോരോന്നായി വിശ ദീകരിച്ചു കൊടുത്തു. അത് ദർശിച്ച സ്വഹാബികൾ റിപ്പോർട്ട് ചെയ്ത പ്രകാരം ഹജ്ജ് കർമ്മം സ്വീകരി ക്കാൻ നമ്മോട് പ്രവാചക തിരുമേ നി കൽപിക്കുകയും ചെയ്തു.

സുന്നത്തിനെതിര് പ്രവർത്തിക്കു കയും പ്രവാചകനെ ധിക്കരിക്കുക യും ചെയ്യുന്നവന് സ്വർഗ്ഗപ്രവേശ നം തടയപ്പെടുമെന്നും നബിﷺ സമൂ ഹത്തെ താക്കീതു ചെയ്തു. അബൂ ഹുറൈറ رضي الله عنه നിവേദനം :

كُلُّ أُمَّتِي يَدْخُلُونَ الْجَنَّةَ إِلا مَنْ أَبَى قَالُوا يَا رَسُولَ اللَّهِ وَمَنْ يَأْبَى قَالَ مَنْ أَطَاعَنِي دَخَلَ الْجَنَّةَ وَمَنْ عَصَانِي فَقَدْ أَبَى (البخاري:٦٧٣٧)

എന്റെ സമൂഹത്തിലെല്ലാവരും സ്വർഗ്ഗത്തിൽ പ്രവേശിക്കും വിസമ്മ തിച്ച വരൊഴികെ സഹാബികൾ ചോ ദിച്ചു നബിയെ ആരാണ് വിസമ്മ തിച്ചവർ? നബിﷺ പറഞ്ഞു: എന്നെ അനുസരിച്ചവൻ സ്വർഗ്ഗത്തിൽ പ്രവേ ശിച്ചു. എന്നോട് അനുസരണക്കേട് കാണിച്ചവൻ വിസമ്മതിക്കുകയും ചെയ്തു. (ബുഖാരി : 6737)

ഈ വിഭാഗത്തെ അല്ലാഹു ശക്തിയായി താക്കീത് ചെയ്യുന്നു.

(فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ (النور : ٦٣)

നബിﷺ യുടെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾ ക്ക് വല്ല ആപത്തും വന്ന് ഭവിക്കു കയോ വേദനയേറിയ ശിക്ഷ ബാധി ക്കുകയോ ചെയ്യുന്നത് സൂക്ഷിച്ച് കൊള്ളട്ടെ. ( നൂർ : 63)

സത്യവിശ്വാസി അല്ലാഹുവിന്റെ യും പ്രവാചകന്റെയും വിധി മനസ്സി ലാക്കിയാൽ അവ പൂർണ്ണ മനസ്സോ ടെയും സന്തോഷത്തോടെയും സ്വീ കരിക്കുകയാണ് ചെയ്യേണ്ടത്. അല്ലാ ഹുവിന്റെയും പ്രവാചകന്റെയും തീ രുമാനം വിട്ട് സ്വാഭിപ്രായം തിര ഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവ നില്ല. കാരണം അല്ലാഹുവും പ്രവാച കനും കൊണ്ടുവന്നതൊക്കെ നന്മ യും നേർമാർഗ്ഗവുമാകുന്നു. ആരെ ങ്കിലും തനിക്ക് ഈ വിഷയത്തിൽ ഖുർആനിന്റേയും സുന്നത്തിന്റേയും പരിധിക്ക് പുറത്ത് തീരുമാനിക്കുവാ നുള്ള കഴിവുണ്ട് എന്ന് വിചാരിച്ചാൽ അത് മാർഗ്ഗഭ്രംശവും പ്രവാചകന്റെ കൽപനയെ ധിക്കരിക്കലുമാകുന്നു.

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ

وَرَسُولُهُ أَمْرًا أَنْ يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ وَمَنْ يَعْصِ اللَّهَ وَرَسُولَهُ فَقَدْ

ضَلَّ ضَلَالًا مُّبِينًا

(الأحزاب : ٣٦)

അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒ രു പുരുഷനാകട്ടെ സ്ത്രീയാകട്ടെ ത ങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വത ന്ത്രമായ അഭിപ്രായം ഉണ്ടായി രിക്കാവുന്നതല്ല. വല്ലവനും അല്ലാഹു വേയും അവന്റെ ദൂതനേയും ധിക്ക രിക്കുന്ന പക്ഷം അവൻ വ്യക്തമായ

നിലയിൽ വഴി പിഴച്ചു പോയിരിക്കു ന്നു. (അഹ്സാബ്:36)

പ്രവാചകൻﷺ തന്റെ വാക്കും, പ്രവർത്തിയും അംഗീകാരവും മുറു കെപ്പിടിക്കാൻ നിർദ്ദേശിക്കുന്ന തോ ടൊപ്പം മതത്തിലില്ലാത്ത ബിദ്അത്തു കൾ വെടിയാൻ കൽപിക്കുകയും ചെയ്യുകയുണ്ടായി. ഇർബാളു ബ്നു സാരിയﷺ നിവേദനം നബിﷺ പറ ഞ്ഞു:

فَإِنَّهُ مَنْ يَعِشْ مِنْكُمْ بَعْدِي فَسَيَرَى اخْتِلَافًا كَثِيرًا فَعَلَيْكُمْ بِسُنَّتِي وَسُنَّةِ الْخُلَفَاءِ الْمَهْدِيِّينَ الرَّاشِدِينَ تَمَسَّكُوا بِهَا وَعَضُّوا عَلَيْهَا بِالنَّوَاجِذِ وَإِيَّاكُمْ وَمُحْدَثَاتِ الْأُمُورِ فَإِنَّ كُلَّ مُحْدَثَةٍ بِدْعَةٌ وَكُلَّ بِدْعَةٍ ضَلَالَةٌ" ( رواه أبوداود ٤٦٠٧ قال الشيخ الألباني : صحيح )

എനിക്ക് ശേഷം ജീവിച്ചിരിക്കു ന്നവർക്കിടയിൽ ധാരാളം അഭിപ്രായ വ്യത്യാസങ്ങൾ കാണാൻ സാധി ച്ചേക്കാം, ആ സന്ദർഭത്തിൽ നിങ്ങൾ എന്റെ ചര്യയും സന്മാർഗികളും, സ ച്ചരിതരുമായ ഖുലഫാഉർറാശിദുകളു ടെ ചര്യയും മുറുകെപ്പിടിക്കുകയും, അതിനെ അണപ്പല്ലുകൾ കൊണ്ട് ക ടിച്ചുപിടിക്കുകയും ചെയ്യുക. കാര്യ ങ്ങളിൽ നൂതനാചാരങ്ങളെ കരുതി യിരിക്കുകയുംചെയ്യുക. എല്ലാ പുതി യതും അനാചാരമാകുന്നു. എല്ലാ അ നാചാരവുംവഴികേടാകുന്നു. (അബൂ ദാവൂദ്: 4607)

قال عبد الله بن مسعود ﷺ: (مَنْ كان مُسْتنًا فَلْيَسْتن بمَنْ قَدْ مَاتَ أولئك أَصْحابُ مُحمد ﷺ كانوا خيرَ هذه الأمَّة ، وأبرها قُلوبا ، وأَعْمقَها عِلْما ، وأَقَلّها تَكلفا ، قَوم اخْتارَهُمُ اللهُ لِصُحْبَة نَبيه ﷺ ونَقلِ دينه فَتَشبَّهوا

بأَخْلاقِهِم وطَرائِقِهم ؛ فَهُمْ كانوا عَلَى الهَدْي المُستقِيم )( أخرجه البغوي في :

« شرح السنة » «و البدع والنهي عنها » لابن وضاح. و رواه ابن بطة في : «

الإبانة » و السلسلة الصحيحة : ٦/ ١٤٧)

അബ്ദുല്ലാഹിബ്നു മസ്ഊദ് ﷺ പറയുകയുണ്ടായി : ആരെങ്കിലും ജീവിത ചര്യ സ്വീകരിക്കുന്നു വെങ്കി ൽ മരണമടഞ്ഞ (സലഫുകളെ) വ രെ പിന്തുടരട്ടെ. അവർ മുഹമ്മദ്ﷺ യുടെ അനുചരന്മാരാണ്. അവർ ഈ സമുദായത്തിലെ ഉത്തമരും, സന്മന സ്സിനുടമകളും, മതത്തിൽ പാണ്ഡിത്യ മുള്ളവരും, കൃത്യമം കെട്ടിച്ചമക്കുന്ന സ്വഭാവം ഇല്ലാത്തവരുമാകുന്നു. അ ല്ലാഹു തന്റെ നബിയുടെ സഹവാസ ത്തിനും, അവന്റെ മതം പ്രചരിപ്പി ക്കുന്നതിനും തിരെഞ്ഞെടുത്ത ജനത യുമാണ് അവർ. അതിനാൽ അവരു ടെ സ്വഭാവഗുണങ്ങളും മാർഗ്ഗങ്ങളും അനുഗമിക്കുക. അവർ നേരായ മാർഗ്ഗത്തിലായിരുന്നു.

(സിൽസില സ്വഹീഹഃ : 6/147)

وعن حذيفة ﷺ قال :«كل عبادة لا يتعبدها أصحاب رسول اللّٰهِ ﷺ فلا

تعبدوها؛(حجة النبي ﷺ للألباني (١ / ١٠٠)

ഹുദൈഫﷺ പറയുന്നു: അല്ലാ ഹു വിന്റെ റസൂലിന്റെ അനുചരന്മാർ (സഹാബികൾ) നിർവ്വഹിക്കാത്ത ഒരൊറ്റ ആരാധനയും നിർവ്വഹിച്ചു കൂടാ.

(ശൈഖ്അൽബാനിയുടെ ഹജ്ജ ത്തുന്നബി എന്ന ഗ്രന്ഥത്തിൽ നിന്ന്. വാള്യം : 1 പേജ് : 100 )

و كل خير في اتباع من سلف          و كل شر في ابتداع من خلف

'സലഫുകളുടെ (പൌരാണിക രുടെ) മാതൃക പിൻപറ്റുന്നതിലാണ് നമ്മുടെ എല്ലാ നന്മയും സ്ഥിതി ചെയ്യുന്നത്. പിൻകാലക്കരുടെ പുത്തൻ നിർമാണങ്ങളിലാണ് എല്ലാ തിന്മയും നില കൊള്ളുന്നത്.' എന്ന വചനം എത്ര മഹത്തരമാകുന്നു.

മറ്റൊരിക്കൽ നബിﷺ പറയുക യുണ്ടായി :

مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ فِيهِ فَهُوَ رَدٌّ (رواه البخاري ٢٤٩٩ ومسلم ٣٢٤٢)

നമ്മുടെ ഈ (മത)കാര്യത്തിൽ അതിലില്ലാത്ത എന്തെങ്കിലും ആരെ ങ്കിലും പുതുതായി നിർമ്മിച്ചാൽ അത് തള്ളപ്പെടണം. (ബുഖാരി: 2499, മുസ്ലിം : 3242)

അതിനാൽ ഇസ്ലാമിലെ ഓരോ ആരാധനകൾ ചെയ്യുന്നതിന് മുമ്പും ഇസ്ലാമിക പ്രമാണമനുസരിച്ച് അതിനെ സംബന്ധിച്ച് കൃത്യമായി വായിക്കുകയും,മനസ്സിലാക്കുക യും ചെയ്തതിന് ശേഷം മാത്രം ചെയ്യുക. പ്രത്യേകിച്ച് ജീവിതത്തിൽ ഒരിക്കൽ മാത്രം ചെയ്യുന്ന ഹജ്ജും , ഉംറയും. കാരണം എത്ര വായിച്ചാലും, പഠിച്ചാ ലും സംശയങ്ങൾ ഉണ്ടാകുന്ന കർമ്മ മാണ് ഹജ്ജും ഉംറയും. അതു കൊ ണ്ടാണ് പ്രവാചകൻﷺ ഹജ്ജിന്റെ കാര്യങ്ങൾ നിങ്ങൾ കൃത്യമായി പഠി ക്കണമെന്ന് നമ്മെ ഉപദേശിച്ചത്. ആയതിനാൽ ഹജ്ജിനും ഉംറക്കു മായി പോകുന്നവർ ശരിക്കും കർമ്മ ങ്ങൾ പഠിക്കുക. മനസ്സിലാക്കുക. അതിനുവേണ്ടിയാണ് ഇതു പോലുള്ള കൃതികൾ രചിക്കുന്നത്.

## ലക്ഷ്യം

നാം ചെയ്യുന്ന എല്ലാ സൽകർമ ങ്ങൾ കൊണ്ടും അല്ലാഹുവിന്റെ പ്രീ തിയും പരലോക വിജയവും മാത്രമാ ണ് ആഗ്രഹിക്കേണ്ടത്. അത് കൊണ്ട് തന്നെ ഹജ്ജിന് പോകുന്ന ഓരോ വ്യക്തിയും ലോക രക്ഷി താവായ അല്ലാഹുവിന്റെ ഭവനത്തിൽചെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും അവനിലേക്കടുക്കുകയുമാണ് ലക്ഷ്യ മാക്കേണ്ടത്. തന്റെ ഹജ്ജുകൊണ്ട് ഏതെങ്കിലും ഭൗതിക നേട്ടമോ ഹാജി യെന്ന പേര് ലഭിക്കാനോ ലോക മാന്യതയോ പ്രശസ്തിയോ ഉണ്ടാവ ണമെന്ന ആഗ്രഹം ഹജ്ജും ഉംറ യും സ്വീകാര്യ മാകാതിരിക്കാൻ കാ രണമാവും. അല്ലാഹു പറയുന്നു :

مَن كَانَ يُرِيدُ الْحَيَاةَ الدُّنْيَا وَزِينَتَهَا نُوَفِّ إِلَيْهِمْ مَاهُمْ فِيهَا وَهُمْ فِيهَا لاَ يُبْخَسُونَ * أُوْلَـئِكَ الَّذِينَ لَيْسَ لَهُمْ فِي الآخِرَةِ إِلاَّ النَّارُ وَحَبِطَ مَا صَنَعُواْ فِيهَا وَبَاطِلٌ مَّا كَانُواْ يَعْمَلُونَ (هود: ١٥و١٦)

ഐഹിക ജീവിതത്തെയും അതി ന്റെ അലങ്കാരത്തേയുമാണ് ആരെങ്കി ലും ഉദ്ദേശിക്കുന്നതെങ്കിൽ അവരുടെ പ്രവർത്തനങ്ങൾ അവിടെ (ഇഹലോ കത്ത്) വെച്ച് അവർക്ക് നാം നിറവേ റ്റി കൊടുക്കുന്നതാണ്. അവർക്കവി ടെ യാതൊരു കുറവും വരുത്തപ്പെ ടുകയില്ല. പരലോകത്ത് നരകമല്ലാ തെ മറ്റൊന്നും കിട്ടാനില്ലാത്തവരാ കുന്നു അക്കൂട്ടർ. അവർ ഇവിടെ പ്ര വർത്തിച്ചതെല്ലാം പൊളിഞ്ഞു പോ

യിരിക്കുന്നു. അവർ ചെയ്തു കൊ ണ്ടിരുന്നതെല്ലാം ഫലശൂന്യമത്രെ.
( ഹൂദ് 15,16 )

(مَّن كَانَ يُرِيدُ الْعَاجِلَةَ عَجَّلْنَا لَهُ فِيهَا مَا نَشَاء لِمَن نُّرِيدُ ثُمَّ جَعَلْنَا لَهُ جَهَنَّمَ يَصْلاهَا مَذْمُوماً مَّدْحُوراً(١٨) وَمَنْ أَرَادَ الآخِرَةَ وَسَعَى لَهَا سَعْيَهَا وَهُوَ مُؤْمِنٌ فَأُولَئِكَ كَانَ سَعْيُهُم مَّشْكُوراً) {الإسراء :١٩}

ക്ഷണികമായതിനെ (ഇഹലോക ത്തെ)യാണ് വല്ലവരും ഉദ്ദേശിക്കുന്ന തെങ്കിൽ അവർക്ക് അഥവാ (അവരി ൽ നിന്ന് ) നാം ഉദ്ദേശിക്കുന്നവർക്ക് ഇവിടെ വെച്ചുതന്നെ വേഗത്തിൽ നൽകുന്നതാണ്. പിന്നെ നാം അങ്ങി നെയുള്ളവന് നൽകുന്നത് നരകമാ യി രിക്കും. അവൻ അതിൽ കടന്നെ രിയുന്നതാണ്.

ആരെങ്കിലും പരലോകം ഉദ്ദേശി ക്കുകയുംസത്യവിശ്വാസിയായി കൊ ണ്ട് അതിനുവേണ്ടി അതിന്റെതായ പരിശ്രമം നടത്തുകയും ചെയ്യുന്ന പക്ഷം അത്തരക്കാരുടെ പരിശ്രമം പ്രതിഫലാർഹമായിരിക്കും. (ഇസ്റാ അ് : 18,19 )

അപ്പോൾ ഭൗതിക ജീവിത ല ക്ഷ്യം പരലോക വിജയമായിരിക്ക ണം. നശ്വരമായ ഐഹിക നേട്ടങ്ങ ൾ മഹനീയമായ മനുഷ്യ ജീവിത ത്തിന്റെ ആത്യന്തിക ലക്ഷ്യമായിരി ക്കാൻ യോഗ്യമല്ല. നമ്മുടെ പ്രയത്ന ങ്ങൾ വെറും താൽകാലികമായ പേരിനോ പ്രശസ്തിക്കോ ആകാ തിരിക്കാനും ആത്മാർത്ഥത നിറഞ്ഞ തായിരിക്കാനും ശ്രമിക്കുന്നതോടൊ പ്പം പേരും പ്രശസ്തിയും അധമമായ ലക്ഷ്യങ്ങളും തന്റെ കർമ്മങ്ങൾ നിഷ്ഫലവും അസ്വീകാര്യവുമാക്കി ത്തീർക്കുന്ന കാരണങ്ങളുമാണെന്ന ബോധമുണ്ടായിരിക്കേണ്ടതുമാണ്.

മറ്റുള്ളവർ കാണാനായി ചെയ്യു ന്നവരെ പറ്റി നബിﷺ പറഞ്ഞത് ഇ പ്രകാരമാണ്.

عَنْ أَبِي هُرَيْرَةَ ﷺ قَالَ قَالَ رَسُولُ اللَّهِ ﷺ قَالَ اللَّهُ تَبَارَكَ وَتَعَالَى أَنَا أَغْنَى الشُّرَكَاءِ عَنِ الشِّرْكِ مَنْ عَمِلَ عَمَلًا أَشْرَكَ فِيهِ مَعِي غَيْرِي تَرَكْتُهُ وَشِرْكَهُ

(صحيح مسلم ٥٣٠٠ )

അബൂഹുറൈറ ﷺ അദ്ദേഹം പറ ഞ്ഞു: നബിﷺ അരുളി അല്ലാഹു ത ബാറക വതആലാ പറയുന്നു:ശിർക്കി ൽ നിന്നും പങ്കാളികളിൽ നിന്നും ഐശ്വര്യവാനാകുന്നു ഞാൻ.എന്നോ ട് പങ്ക് ചേർത്തു കൊണ്ടുള്ള വല്ല പ്രവർത്തനവും ആരെങ്കിലും ചെയ് താൽ അവനെയും അവന്റെ ശിർക്കി നെയും ഞാൻ ഉപേക്ഷിക്കുന്നതാ ണ്. (മുസ്ലിം:5300)

ഹജ്ജും ഉംറയും ഉദ്ദേശിച്ച് യാത്ര പുറപ്പെട്ടതു മുതൽ തിരിച്ചെ ത്തുന്നതുവരെ താൻ ഒരു മഹത്തായ ആരാധനയിലാണെന്ന ബോധമുള്ള വരായിരിക്കണം. ചീത്തവാക്കുകളോ പ്രവർത്തികളോ വരാതെ സൂക്ഷി ക്കുകയും ഹജ്ജിനുശേഷം തന്റെ മാതാവ് തന്നെ പ്രസവിച്ച ദിവസ ത്തേതു പോലെ പരിശുദ്ധിയോടെ മടങ്ങുന്നതിനു ശ്രമിക്കുകയും വേ ണം.

## ഹലാലായ സമ്പാദ്യം

ജീവിതത്തിലെ മുഴുവൻ മേഖല യിലും സാമ്പത്തിക പരിശുദ്ധി വരു ത്തേണ്ടത് ഓരോ മുസ്ലി മിന്റേയും ബാധ്യതയാണ്. അനർഹമായി സ മ്പാദിക്കുകയും അത് കൊണ്ട് ഭക്ഷ ണവും പാനീയവും വസ്ത്ര വും പാർപ്പിടവും കരസ്ഥമാക്കി അല്ലാഹു വിലേക്ക് കൈകൾ ഉയർത്തി പ്രാർ ത്ഥിച്ചാൽ ആ പ്രാർത്ഥനക്ക് അല്ലാ ഹു

ഉത്തരം നൽകുകയില്ലായെ ന്നാ ണ് പ്രവാചകൻﷺ നമ്മെ പഠിപ്പിക്കു ന്നത്. അത്കൊണ്ട് സാമ്പത്തിക പരിശുദ്ധി വരുത്തേണ്ടത് ഓരോ വ്യക്തികളും പ്രത്യേകിച്ച് ആയുഷ് കാലത്തിൽ ഒരു പ്രാവശ്യം മാത്രം നിർബന്ധമായ ഹജ്ജും ഉംറയും നിർവ്വഹിക്കുവാൻ ഉദ്ദേശിക്കുന്നവർ താൻ അതിന് വേണ്ടി സ്വരൂപിച്ചിട്ടു ള്ള സമ്പാദ്യം കൃത്യമായും അനുവദ നീയമായ രൂപത്തിൽ മാത്രം സമ്പാ ദിച്ചതായിരിക്കണം. എങ്കിൽ മാത്രമേ, അല്ലാഹു ആ ആരാധന സ്വീകരിക്കു കയുള്ളൂ. അബൂഹുറൈറ‎رضي الله عنه നിവേദ നം അദ്ദേഹം പറഞ്ഞു നബിﷺ അരു ളി :

أَيُّهَا النَّاسُ إِنَّ اللهَّ طَيِّبٌ لا يَقْبَلُ إِلا طَيِّبًا ....... الرَّجُلَ يُطِيلُ السَّفَرَ أَشْعَثَ أَغْبَرَ يَمُدُّ يَدَيْهِ إِلَى السَّمَاءِ يَا رَبِّ يَا رَبِّ وَمَطْعَمُهُ حَرَامٌ وَمَشْرَبُهُ حَرَامٌ وَمَلْبَسُهُ حَرَامٌ وَغُذِيَ بِالْحَرَامِ فَأَنَّى يُسْتَجَابُ لِذَلِكَ

(صحيح مسلم ١٦٨٦ مشكاة المصابيح ٢٧٦٠ – صحيح الترغيب ١٧١٧ )

അല്ലാഹു നല്ലവനാണ്. നല്ലതല്ലാ തെ അവൻ സ്വീകരിക്കുകയില്ല.... തു ടർന്ന് റസൂൽﷺ പറഞ്ഞു: ഒരാൾ നീ ണ്ട യാത്രചെയ്യുന്നു. മുടി ജട പിടി ക്കുകയും പൊടിപുരളുകയും ചെയ് തിരിക്കുന്നു. അയാൾ രണ്ടു കൈ കളും ആകാശത്തേക്കുയർത്തി എ ന്റെ രക്ഷിതാവേ, എന്റെ രക്ഷിതാവേ എന്ന് പ്രാർത്ഥിക്കുന്നു.അയാളുടെ ഭക്ഷണപാനീയങ്ങളും വസ്ത്രവും നിഷിദ്ധമാർഗത്തിലൂടെ സമ്പാദിച്ച താണ്. എന്തിനേറെ അയാൾ വളർ ന്നത് തന്നെ

നിഷിദ്ധമാർഗത്തിലൂടെ യാണ്. പിന്നെങ്ങിനേയാണ് അവന്ന് ഉത്തരം നൽകുക. (മുസ്ലിം : 1686 )

യാത്ര പുറപ്പെടുന്നതിന് മുമ്പ് വ്യക്തികളുമായി വല്ല ഇടപാടുക ളോ ബാധ്യതകളോ ഉണ്ടെങ്കിൽ അത് തീർക്കുവാൻ ശ്രമിക്കേണ്ടതുണ്ട്. സാമ്പത്തികമായ ഇടപാടുകൾ തീർ ക്കുകയും അതിന് വേണ്ട പരിഹാര ങ്ങൾ നിർദ്ദേശിക്കുകയും അഭിമാന ത്തിന്റെ കാര്യത്തിലാണ് ബാധ്യതക ളുള്ളതെങ്കിൽ അത് അവരെ കണ്ട് നേരിട്ട് തീർക്കേണ്ടതുമുണ്ട്. അവ രോട് മാപ്പ് ചോദിച്ചതിന് ശേഷം അല്ലാഹുവോട് തൗബ ചെയ്യുകയും ചെയ്യേണ്ടതുണ്ട്.

## ഹജ്ജ് ഗ്രൂപ്പ് തിരഞ്ഞെടുക്കുമ്പോൾ

ഹജ്ജോ ഉംറയോ ചെയ്യാൻ ഉദ്ദേശി ക്കുമ്പോൾ താൻ ഏത് രൂപത്തി ലുള്ള സംഘങ്ങളുടെ കൂടെയാണ് പോകേണ്ടത് എന്ന് വളരെ ദീർഘ ദൃ ഷ്ടിയോടെ ചിന്തിച്ച് മനസ്സിലാക്കേ ണ്ടതുണ്ട്. തികച്ചും പ്രവാചകചര്യ ക്കനുസരിച്ച് ഹജ്ജും ഉംറയും ചെ യ്യുവാൻ സൗകര്യവും, അതിന് വേ ണ്ട ക്ലാസുകളും, ഉപദേശങ്ങളും ന ൽകുന്നവരുടെ കൂടെയാണ് നാം യാത്ര പുറപ്പെടേണ്ടത്. അതുപോലെ വിശ്വാസം കൃത്യമായ രൂപത്തിൽ മനസിലാക്കുകയും, അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവരുടെ കൂ ടെയാണ് പോകേണ്ടത്. കൂട്ടുകാരേ യും, ഗ്രൂപ്പുകളേയും തിരഞ്ഞെടു ക്കുമ്പോൾ അതാണ് നാം ശ്രദ്ധി ക്കേണ്ടത്. എങ്കിൽ മാത്രമെ മഖ്ബൂ ലും മബ്റൂറുമായ ഹജ്ജ് നിർവ്വഹി ക്കാൻ സാധിക്കുകയുള്ളൂ.

സ്വദേശത്തും വിദേശത്തുമായി ധാരാളം ഹജ്ജ് ഗ്രൂപ്പുകൾ പ്രവർ ത്തിക്കുന്നു. മഹത്തായ ഈ പുണ്യ കർമം നിർവ്വഹിക്കുന്ന ഹാജിമാരെ സേവിക്കുന്നതിന പകരം അവരുടെ വിശ്വാസ സാമ്പത്തിക രംഗത്തെ ചൂ

ഷണം ചെയ്യാനാണ് ഇവർക്ക് കൂടുത ൽ താൽപര്യം. അജ്ഞാന കാലത്തെ ബഹുദൈവാരാധകർ പോലും ഹാജിയെ സേവിക്കൽ ദൈവ പ്രീതി കര സ്ഥമാക്കാനുള്ള മാർഗമായാണ് ക ണ്ടിരുന്നത്. എന്നാൽ ദൈവ വിശ്വാസികളെന്നവകാശപ്പെടുന്ന ഈ ഹ ജ്ജ് ഗ്രൂപ്പുകാർ അല്ലാഹുവിനെ സൂ ക്ഷിക്കണമെന്ന് വിനയപൂർവ്വം ഉണർത്തട്ടെ.

സിയാറത്ത് കം ഹജ്ജ് പാക്കേ ജ് ടൂർ,. ഇത്തരം കച്ചവടബുദ്ധിയോ ടെ നടത്തുന്ന ഹജ്ജ് ഗ്രൂപ്പിലാണ് ഹജ്ജിന് പോകുന്നതെങ്കിൽ ഇതിൽ സിയാറത്തും, ടൂറും ലഭിക്കും. പാ ക്കേജ്കാരന് പോക്കറ്റും വീർക്കും എന്നല്ലാതെ, പലർക്കും ഹജ്ജ് ലഭി ക്കുകയില്ല എന്നതാണ് സത്യം. അതി നാൽ മിക്കപ്പോഴും ഒരാളുടെ ജീവിത ത്തിലൊരിക്കൽ മാത്രം നിർവ്വഹിക്കാ ൻ അവസരം ലഭിക്കുന്ന കർമ്മമായ തുകൊണ്ട് അത് കുറ്റമറ്റതാക്കാൻ പ രമാവധി ശ്രമിക്കണം. അത് നഷ്ടപ്പെ ടാതിരിക്കാനും നാം ജാഗരൂകരാക ണം. പ്രവാചകൻﷺ ഹജ്ജ് ചെയ് തത് പോലെ ഹജ്ജ് ചെയ്യാൻ അല്ലാഹുവിനെ ഭയപ്പെടുന്ന പണ്ഡിതന്മാ രുടേയും വളണ്ടിയർ മാരുടേയും സേവനം ലഭിക്കുന്ന സംഘത്തിന്റെ കൂടെയാണ് ഹജ്ജും ഉംറയും നിർവ്വഹിക്കാനായി പുറപ്പെടേണ്ടത്. അന്ധ വിശ്വാസികളുടെയും അറിവില്ലാത്ത വരുടേയും ദുർനടപ്പുകാരുടേയും കൂ ട്ടുകെട്ട് സൂക്ഷിക്കുകയും വേണം. ന ബിﷺ പ്രത്യേകം എടുത്തു പറഞ്ഞ ഒരു വാചകം അതാണ് നമ്മെ പഠിപ്പി ക്കുന്നത്. അവിടുന്ന് പറയുകയുണ്ടാ യി;

خذوا عني مناسككم ( مختصر إرواء الغليل : ١١١٩ صحيح )

നിങ്ങൾ കർമ്മങ്ങൾ എന്നിൽനിന്നു സ്വീകരിക്കുക.

ചെയ്തുപോയ തെറ്റുകളിൽ പ ശ്ചാതാപിച്ചുകൊണ്ടും തികഞ്ഞ ഭ ക്തിയോടുകൂടിയുമായിരിക്കണം ഹ ജ്ജിന് പുറപ്പെടേണ്ടത്. കാരണം ഹ ജ്ജിനു പോകുന്നവരോട് അല്ലാഹു കരുതിയിരിക്കാൻ പറയുന്നത് അതാ കുന്നു. അല്ലാഹു പറയുന്നു:

وَتَزَوَّدُواْ فَإِنَّ خَيْرَ الزَّادِ التَّقْوَى وَاتَّقُون

يَا أُوْلِي الأَلْبَابِ {البقرة : ١٩٧}

നിങ്ങൾ യാത്രക്കുവേണ്ട വിഭവ ങ്ങൾ ഒരുക്കിപ്പോവുക. എന്നാൽ യാ ത്രക്കുവേണ്ട വിഭവങ്ങളിൽ ഏറ്റവും ഉത്തമമായത് സൂക്ഷ്മതയാകുന്നു. ബുദ്ധിയുള്ളവരെ നിങ്ങളെന്നെ സൂ ക്ഷിച്ചു ജീവിക്കുക. ( അൽബഖറഃ 197 )

ഈ ആയത്തിൽനിന്നും ഹജ്ജി നു പുറപ്പെടുമ്പോൾ അതിനാവശ്യ മായ വസ്തുക്കളെല്ലാം ഒരുക്കി കൊ ണ്ടായിരിക്കണം പോകേണ്ടതെന്ന് ഉ ണർത്തുന്നതോടൊപ്പം തഖ്‌വയുടെ അനിവാര്യത നമ്മെ പ്രത്യേകം ഉണർ ത്തുന്നു. ആകയാൽ മറ്റെന്തിനേക്കാ ളും നാം കരുതിവെക്കേണ്ടത് ഭക്തി യാണ്. കാരണം ഭക്തിയില്ലാത്ത ആ രാധനകൾ ജീവനില്ലാത്ത ശരീരങ്ങ ളെപ്പോലെയാകുന്നു.

## യാത്രക്കുമുമ്പ് ചെയ്തിരിക്കേണ്ടവ

ഹജ്ജോ ഉംറയോ ഉദ്ദേശിച്ചു കൊണ്ട് യാത്ര പുറപ്പെടുകയാണെ ങ്കിൽ വിശ്വാസികൾ എന്നുള്ള നില ക്ക് താഴെ വിശദമാക്കുന്ന കാര്യങ്ങ ൾ ശ്രദ്ധിക്കേ ണ്ടതാണ്.

1) യാത്രപോകാൻ തീരുമാനിച്ചാൽ പാപങ്ങളിൽ നിന്ന് പശ്ചാതപിച്ചു മടങ്ങുകയും, സാധിക്കുന്ന കടമിട പാടുകളും മറ്റു എല്ലാ അവകാശ ങ്ങളും കൊടുത്തു വീട്ടുകയും ചെയ്യേണ്ടതാകുന്നു. കഴിയാത്ത കടങ്ങൾ മറ്റുള്ളവരെ ഏൽപിച്ചു അംഗീകരിപ്പിക്കുക.

2) ആരോടെങ്കിലും മോശമായി പെ രുമാറുകയോ അക്രമം പ്രവർത്തി ക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ പൊരുത്തപ്പെടീക്കുക. അബൂഹുറൈറﷺ നിവേദനം: നബിﷺ അരുളി :

مَنْ كَانَتْ لَهُ مَظْلَمَةٌ لأَخِيهِ مِنْ عِرْضِهِ أَوْ شَيْءٍ فَلْيَتَحَلَّلْهُ مِنْهُ الْيَوْمَ قَبْلَ أَنْ لا يَكُونَ دِينَارٌ وَلا دِرْهَمٌ إِنْ كَانَ لَهُ عَمَلٌ صَالِحٌ أُخِذَ مِنْهُ بِقَدْرِ مَظْلَمَتِهِ وَإِنْ لَمْ تَكُنْ لَهُ حَسَنَاتٌ أُخِذَ مِنْ سَيِّئَاتِ صَاحِبِهِ فَحُمِلَ عَلَيْهِ (صحيح البخاري ٢٢٦٩)

ആരെങ്കിലും തന്റെ സഹോദ രന്റെ അഭിമാനത്തേയോ മറ്റു വല്ലതി നേയോ ഭംഗം വരുത്തിയിട്ടുണ്ടെ ങ്കിൽ ദിർഹമോ ദീനാറോ ഉപകരി ക്കാത്ത ദിനത്തിനുമുമ്പായി ഇന്ന് തന്നെ അയാളതിന് പരിഹാരം തേടി കൊള്ളട്ടെ. അല്ലാത്തപക്ഷം സൽ കർമ്മങ്ങളുള്ള ആളാണെങ്കിൽ അ നീതിക്കു പകരമായി അതിന്റെ തോതനുസരിച്ച് (പരലോകത്ത്) അ യാളുടെ സൽകർമ്മത്തിൽ നിന്നാ യിരിക്കും എടുത്തു കൊടുക്കുക. സൽകർമ്മങ്ങളില്ലെങ്കിൽ അവന്റെ തെറ്റു കളിൽ നിന്നെടുത്ത് ഇയാളി ൽ ചുമത്തപ്പെടും. (ബുഖാരി :2269 )

3) കഴിയുമെങ്കിൽ വ്യാഴാഴ്ച യാത്ര പുറപ്പെടൽ സുന്നത്താകുന്നു. കഅ് ബ് ബ്നുമാലിക്ﷺ പറയുന്നു.

خَرَجَ يَوْمَ الْخَمِيسِ فِي غَزْوَةِ تَبُوكَ وَكَانَ يُحِبُّ أَنْ يَخْرُجَ يَوْمَ الْخَمِيسِ

(البخاري :٢٧٣١ )

നബിﷺ തബൂക്ക് യുദ്ധത്തിന് പുറപ്പെട്ടത്വ്യാഴാഴ്ചയായിരുന്നു. വ്യാ ഴാഴ്ചയാണ് അവിടുന്ന് യാത്രപു റപ്പെടാനിഷ്ടപ്പെട്ടിരുന്നത്. (ബുഖാരി : 2731 )

4) അപകടങ്ങൾക്ക് കൂടുതൽ സാധ്യ തയുള്ളതാണ് യാത്ര. ഏതു സ്ഥല ത്തുവെച്ചാണ് ഏതു സമയത്താണ് മ രണം പിടികൂടുക എന്ന് ഒരാൾക്കും അറിയുകയില്ല. തന്നിമിത്തം യാത്ര ചെയ്യാനുദ്ദേശിക്കുന്നവൻ പുറപ്പെടു ന്നതിനു മുമ്പായി വസിയത്ത് എഴു തി സൂക്ഷിക്കേണ്ടതാകുന്നു. ഇബ്നു ഉമർ رضي الله عنه നിവേദനം:

أَنَّ رَسُولَ اللَّهِ ﷺ قَالَ مَا حَقُّ امْرِئٍ مُسْلِمٍ لَهُ شَيْءٌ يُرِيدُ أَنْ يُوصِيَ فِيهِ يَبِيتُ لَيْلَتَيْنِ إِلا وَوَصِيَّتُهُ مَكْتُوبَةٌ عِنْدَهُ (رواه البخاري : ٢٥٣٣ ومسلم :٣٠٧٤)

നിശ്ചയം അല്ലാഹുവിന്റെ ദൂതൻ ﷺ പറഞ്ഞു : തനിക്ക് വസിയ്യത്തു ചെയ്യേണ്ട ഒരു കാര്യമുണ്ടായിരിക്കെ ആ വസിയ്യത്ത് തന്റെ പക്കൽ ഏഴു തി സൂക്ഷിക്കാതെ രണ്ട് രാത്രിപോ ലും കഴിച്ചുകൂട്ടാൻ മുസ്ലിമായ ഒരു മനുഷ്യനും പാടുള്ളതല്ല. ( ബുഖാരി: 2533 , മുസ്ലിം : 3074 )

അപ്പോൾ ജനങ്ങളുടെ അവകാ ശങ്ങൾക്ക് ഇസ്ലാം വളരേയധികം പരിഗണന നൽകുന്നുണ്ട്. അബൂഖ താദഃ رضي الله عنه നിവേദനം അദ്ദേഹം പറ ഞ്ഞു: ഒരിക്കൽ നബിﷺ പറഞ്ഞു: അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ജി ഹാദും അല്ലാഹുവിലുള്ള വിശ്വാസ വുമാണ് ഏറ്റവും

ശ്രേഷ്ടമായ കര്‍ മ്മം. ഉടനെ ഒരാള്‍ എഴുന്നേറ്റുനിന്നു കൊണ്ട് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ, ഞാന്‍ അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ കൊല്ലപ്പെടുകയാണെ ങ്കില്‍ എന്റെ പാപങ്ങള്‍ മായ്ക്കപ്പെ ടുമോ? നബിﷺ പറഞ്ഞു: അതെ നീ ക്ഷമ കൈകൊണ്ടവനും പ്രതിഫലം ആഗ്രഹിച്ചവനും യുദ്ധത്തില്‍നിന്ന് പിന്തിരിയാതെ മുന്നേറിയവനുമായി അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ നീ വ ധിക്കപ്പെടുകയാണെങ്കില്‍ (നിന്റെപാ പം മായ്ക്കപ്പെടുന്നതാണ്). പിന്നീട് അല്‍പം കഴിഞ്ഞ് നബിﷺ ചോദിച്ചു: എന്താണ് നിങ്ങള്‍ ചോദിച്ചത്? ഞാന്‍ അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ കൊല്ലപ്പെടുകയാണെങ്കില്‍ എന്റെ പാപങ്ങള്‍ മായ്ക്കപ്പെടുമോ? എന്ന് അദ്ദേഹം വീണ്ടും ചോദിച്ചു. നബി ﷺ പറഞ്ഞു: അതെ നീ ക്ഷമ കൈ കൊണ്ടവനും പ്രതിഫലം ആഗ്രഹിച്ച വനും യുദ്ധത്തില്‍നിന്ന് പിന്തിരിയാ തെ മുന്നേറിയവനുമായി അല്ലാഹു വിന്റെ മാര്‍ഗ്ഗത്തില്‍ നീ വധിക്കപ്പെടു കയാണെങ്കില്‍. എന്നാല്‍ കട ബാധ്യ തയൊഴികെ. (അത് കൊടുത്തുവീട്ടി യാലല്ലാതെ പാപം പൊറുക്കപ്പെടുക യില്ല.) ജിബ്‌രീല്‍ عليه السلام ഇപ്രകാരം എ ന്നോട് പറഞ്ഞിരിക്കുന്നു. ( മുസ്‌ലിം: 3497 )

5) തങ്ങളുടെ കുടുംബങ്ങളോടും അ യല്‍ക്കാരോടു മെല്ലാം യാത്ര ചോദി ക്കുകയും അവരോട് പ്രാര്‍ത്ഥി ക്കാ നാവശ്യപ്പെടുകയും ചെയ്യുക. കാര ണം നബിﷺ യാത്രപറയുമ്പോള്‍ അവിടുന്നിങ്ങനെ പറയുമായിരുന്നു:

أَسْتَوْدِعُكَ اللَّهَ الَّذِي لا تَضِيعُ وَدَائِعُهُ (رواه صحيح وضعيف ابن ماجة ٢٨٢٥)

നിങ്ങളെ ഞാൻ അല്ലാഹുവിൽ വി ശ്വസിച്ചേൽപിച്ചിരിക്കുന്നു. അവനിൽ വിശ്വസിച്ചേൽപിക്കുന്നതൊന്നും പാ ഴായിപ്പോകുകയില്ല. (ഇബ്നുമാജഃ: 2825 )
അപ്രകാരം യാത്രപോകുന്നയാൾക്കു വേണ്ടി

أَسْتَوْدِعُ اللهَّ دِينَكَ وَأَمَانَتَكَ وَخَوَاتِيمَ عَمَلِكَ

(رواه الترمذي برقم ٣٤٤٣و وابن ماجه

برقم ٢٨٢٦، وصححه الألباني في السنن.)

നിങ്ങളുടെ മതവും വിശ്വസ്ത തയും പ്രവർത്ത നങ്ങളുടെ പരിണി ത ഫലങ്ങളുമെല്ലാം ഞാൻ അല്ലാഹു വിൽ ഏൽപിച്ചിരിക്കുന്നു. (തിർമുദി: 3443 ) എന്ന് പ്രാർത്ഥിക്കൽ നബി ച ര്യയാകുന്നു.

6) സ്വന്തം കുടുംബത്തിന്നും താൻ ചിലവ് കൊടുക്കൽ നിർബന്ധവു മായവർക്ക് തന്റെ യാത്ര കഴിയുന്ന ത്വരെ ആവശ്യമായ കാര്യങ്ങൾക്ക് സൗകര്യങ്ങൾ ഒരുക്കുക. കഴിയുമെ ങ്കിൽ വിശ്വസ്ത രായവരെ അതിന് ചുമതലപ്പെടുത്തുന്നതും നല്ലതാകു ന്നു. ഇങ്ങനെ കുടുംബങ്ങളെ പരിഗ ണിക്കാതെ ഉപേക്ഷിച്ചുകൊണ്ട് ഇ ബാദത്തിനോ മറ്റു വല്ലതിനോ പോ കുകയാണെങ്കിൽ പ്രതിഫലത്തേക്കാ ളേറെ കുറ്റമായിരിക്കും ലഭിക്കുക.
7) യാത്രപോകുമ്പോൾ ഒരു നേതാ വിനെ തിരഞ്ഞെടുക്കുക. ഇത് ഐ ക്യത്തിനും അനുസരണത്തിനും അ നിവാര്യമാകുന്നു.
അബൂഹുറൈറ ﵁ നിവേദനം നബി ﷺ അരുളി :

((إذا كان ثلاثة في سفر فليؤمروا أحدهم)) (رواه أبو داود : ٢٦٠٩،صحيحه الألباني)

"മൂന്നുപേർ ചേർന്ന് യാത്ര പോ കുകയാണെങ്കിൽ അവരിൽ ഒരാളെ അവർനേതാവാക്കികൊള്ളട്ടെ." (അബൂ ദാവൂദ് : 2609 )

മാത്രമല്ല നിഷിദ്ധമല്ലാത്ത കാര്യ ങ്ങളിൽ ഈ നേതാവിനെ അനുസരി ക്കൽ നിർബന്ധമാണ്. കാരണം നേ താവിനെ അനുസരിക്കൽ അല്ലാഹു വിനേയും റസൂലിനേയും അനുസ രിക്കലും അവരോട് അനുസരണക്കേ ടു കാണിക്കൽ അല്ലാഹുവിനോടും പ്രവാചകനോടുമുള്ള അനുസരണ ക്കേടുമാകുന്നു എന്ന് ഖുർആനിൽ നിന്ന് ഗ്രഹിക്കാം. യാത്രയിൽ നേ താവിനെ ധിക്കരിച്ചാൽ വലിയ വിഷ മം ഉണ്ടാക്കും. പ്രത്യേകിച്ച് ഹജ്ജ് പോലെ ജനലക്ഷങ്ങൾ ഒരുമിച്ച് കൂ ടുന്ന സ്ഥലത്ത് നേതാവിനോട് സമ്മ തം ചോദിക്കാതെ ചിലർ മക്കയിൽ പല സ്ഥലങ്ങളിലും പോവുകയും ഇ ത്മൂലം മറ്റുള്ളവർക്ക് ശരിയായ ഹജ്ജ്ചെയ്യാൻ സാധിക്കാതെ വരിക യും ചെയ്യാറുണ്ട്. ഇക്കാര്യം ഗൗരവ പൂർവ്വം സൂക്ഷിക്കുക. ഒരു മുസ്‌ലിം മറ്റുള്ളവർക്ക് ഗുണം ചെയ്യുന്നവനും ഉപകാരിയുമാകാനാണ് ശ്രമിക്കേണ്ട ത്.

8) തനിക്ക് സംരക്ഷണം നൽകുന്ന വി വാഹബന്ധം അനുവദനിയമല്ലാത്ത മഹ്റമുകളുടെ കൂടെയായിരിക്കണം സ്ത്രീകൾ യാത്രപുറപ്പെടേണ്ടത്. ന ബിﷺ പറയുകയുണ്ടായി :

لا يَخْلُوَنَّ رَجُلٌ بِامْرَأَةٍ إِلا وَمَعَهَا ذُو مَحْرَمٍ وَلا تُسَافِرْ الْمَرْأَةُ إِلا مَعَ ذِي مَحْرَمٍ فَقَامَ رَجُلٌ فَقَالَ يَا رَسُولَ اللَّهِ إِنَّ امْرَأَتِي خَرَجَتْ حَاجَّةً وَإِنِّي اكْتُتِبْتُ فِي غَزْوَةِ

كَذَا وَكَذَا قَالَ انْطَلِقْ فَحُجَّ مَعَ امْرَأَتِكَ (البخاري : ٢٧٨٤ ومسلم : ٢٣٩١)

ഒരു പുരുഷനും, ഒരു സ്ത്രീയുടെ കൂടെ അവളുടെ രക്തബന്ധത്തിൽ പ്പെട്ട ആരുമില്ലാത്ത സാഹചര്യത്തി ൽ തനിച്ചായിപ്പോകരുത്. അപ്രകാരം തന്നെ രക്തബന്ധമുള്ള ആരെങ്കിലും കൂടെയില്ലാതെ സ്ത്രീകളാരും യാത്ര ചെയ്യരുത്. അപ്പോൾ ഒരാൾ പറ ഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, എന്റെ ഭാര്യ ഹജ്ജിനു പോകാൻ വേണ്ടി പുറപ്പെട്ടിരിക്കയാണ്. ഞാ നാകട്ടെ ഇന്നാലിന്ന യുദ്ധത്തിലേക്ക് പോകാൻ സൈന്യത്തിൽ പേരു കൊടുക്കുകയും ചെയ്തു. അപ്പോൾ അവിടുന്ന് ഇപ്രകാരം പറഞ്ഞു: താ ങ്കൾ പോയി ഭാര്യയുടെകൂടെ ഹജ്ജ് ചെയ്യുക. (ബുഖാരി : 2784 മുസ്‌ലിം: 2391 )

ഇക്കാര്യത്തിൽ യുവതിയെ ന്നോ കിഴവിയെന്നോ, ഭംഗിയുള്ളവ ളെന്നോ ഇല്ലാത്തവളെന്നോ വേർതി രിവ് പ്രമാണങ്ങളിൽ കാണുകയില്ല.

## വീട്ടിൽനിന്നും പുറപ്പെടുമ്പോൾ

അനസ്ﷺ നിവേദനം നബിﷺ പറ ഞ്ഞു: ഒരാൾ തന്റെ വീട്ടിൽനിന്നും പുറപ്പെടുമ്പോൾ:

بِسْمِ اللهِ تَوَكَّلْتُ عَلَى اللهِ لاَحَوْلَ وَلاَ قُوَّةَ إِلاَّ بِاللهِ ( رواه أبوداود : ٤٤٣١ والنسائي وابن حبان صحيح الترغيب والترهيب ١٦٠٥ )

(ബിസ്മില്ലാഹി തവക്കൽതുഅലല്ലാ
ഹി ലാഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാ)

“അല്ലാഹുവിന്റെ നാമത്തിൽ എ ല്ലാം അല്ലാഹു വിൽ ഭരമേൽ പിക്കുന്നു. അല്ലാഹുവിനെ കൊണ്ട ല്ലാതെ യാതൊരു കഴിവും ശക്തിയു മില്ല”) എന്ന് പറഞ്ഞാൽ നിനക്ക് അത് മതിയാകുന്നതാണ്, നീ സന്മാ ർഗ്ഗം

പ്രാപിച്ചിരിക്കുന്നു. നീ ശത്രുക്ക ളിൽ നിന്നും സംരക്ഷിക്കപ്പെട്ടിരി ക്കുന്നുവെന്ന് അവനോട് പറയപ്പെടു കയും, പിശാച് അവനിൽനിന്നും മാ റിപോകുന്നതുമാകുന്നു. (അബൂദാവൂദ്: 4431 )

ഹജ്ജിനായി യാത്രപുറപ്പെടു മ്പോൾ പ്രത്യേക നമസ്കാരമൊന്നും നബിﷺ നിർവ്വഹിച്ചതായി വ്യക്തമാ യ രേഖയില്ല. എന്നാൽ പൊതുവെ യാത്ര പോകുമ്പോഴും യാത്ര തിരി ക്കുമ്പോഴും രണ്ടു റകഅത്ത് നമസ് കരിക്കാൻ നബിﷺ നിർദ്ദേശിച്ചതാ യി അബൂഹുറൈറ رضي الله عنه വിൽനിന്നും നിവേദനം നബിﷺ പറഞ്ഞു:

إذا خرجت من منزلك فصل ركعتين تمنعانك مخرج السوء و إذا دخلت إلى منزلك فصل ركعتين تمنعانك مدخل السوء . ( السلسلة الصحيحة : ١٣٢٣ )

നീ നിന്റെ വീട്ടിൽനിന്ന് പുറപ്പെടു കയാണെങ്കിൽ രണ്ടു റകഅത്ത് നമ സ്കരിക്കുക അവ ദുഷിച്ച പുറപ്പാ ടിനെ തടുക്കുന്നതാണ്. നിന്റെ വീട്ടി ൽ പ്രവേശിക്കുകയാണെങ്കിൽ രണ്ടു റകഅത്ത് നമസ്കരിക്കുക. അവ ദു ഷിച്ച പ്രവേശനത്തെ തടുക്കുന്ന തു മാകുന്നു.

(സിൽസിലത്തുസ്സഹീഹഃ : 1323 )

## വാഹനത്തിൽ കയറുമ്പോൾ

വാഹനത്തിൽ കയറുമ്പോൾ بسم الله ''ബിസ്മില്ലാഹ്'' എന്ന് പറയുക. വാഹനത്തിൽ കയറിയിരുന്നാൽ

الله أكبر‘‘അല്ലാഹു അക്ബർ’’ എന്ന് മൂന്ന് പ്രാവശ്യം പറയുക. ശേഷം

سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ اللَّهُمَّ إِنَّا نَسْأَلُكَ فِي سَفَرِنَا هَذَا

الْبِرَّ وَالتَّقْوَى وَمِنْ الْعَمَلِ مَا تَرْضَى اللَّهُمَّ هَوِّنْ عَلَيْنَا سَفَرَنَا هَذَا وَاطْوِ عَنَّا بُعْدَهُ اللَّهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ وَالْخَلِيفَةُ فِي الْأَهْلِ اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ وَعْثَاءِ السَّفَرِ وَكَآبَةِ الْمَنْظَرِ وَسُوءِ الْمُنْقَلَبِ فِي الْمَالِ وَالْأَهْلِ

(സുബ്ഹാനല്ലദീ സഖ്ഖറലനാ ഹാദാ വമാ കുന്നാ ലഹു മുഖ്രിനീ ൻ വ ഇന്നാ ഇലാ റബ്ബിനാ ല മുൻഖ ലിബൂൻ. അല്ലാഹുമ്മ ഇന്നാ നസ് അലുക ഫീ സഫരിനാ ഹാദൽ ബി ർറ വത്തഖ്വാ വമിനൽ അമലി മാ തർളാ. അല്ലാഹുമ്മ ഹവ്വിൻ അലൈ നാ സഫറനാ ഹാദാ. വത്വിഅന്നാ ബുഅ്ദഹു. അല്ലാഹുമ്മ അൻതസ്സ്വാ ഹിബു ഫിസ്സഫർ. വൽ ഖലീഫതു ഫിൽ അഹ്ൽ. അല്ലാഹുമ്മ ഇന്നീ അഊദുബിക മിൻ വഅഥാഇസ്സഫർ. വ കആബത്തിൽ മൻളരി വ സൂഇൽ മുൻഖലബി ഫിൽമാലി വൽ അഹ്ൽ )

‘‘ഞങ്ങൾക്ക് ഇതിനെ കീഴ്പ്പെടു ത്തിത്തന്ന (അല്ലാഹു) എത്ര പരിശു ദ്ധൻ! ഞങ്ങളതിനൊരിക്കലും കഴി വുള്ളവരായിരുന്നില്ല. ഞങ്ങളാകട്ടെ അവങ്കലേക്ക് മടങ്ങാനുള്ളവരുമാണ്. അല്ലാഹുവേ ഈയാത്രയിൽ ഞാൻ നിന്നോട് ഭക്തിയും, പുണ്യവും, നീ ഇഷ്ടപ്പെടുന്ന കർമ്മങ്ങൾ ചെയ്യുന്ന തിനുള്ള സഹായവും ചോദിക്കുന്നു. അല്ലാഹുവേ ഈ യാത്ര

ഞങ്ങൾക്ക് എളുപ്പമാക്കുകയും ഇതിന്റെ ദൂരം നീ ചുരുക്കുകയും ചെയ്യേണമേ. അ ല്ലാഹുവേ നീയാണ് എന്റെ യാത്രയി ലെ കൂട്ടുകാരൻ നീ തന്നെയാണ് എ ന്റെ കുടുംബത്തിന്റെ സംരക്ഷകനും, അല്ലാഹുവേ യാത്രയിലുണ്ടാകുന്ന ക്ലേശങ്ങളിൽ നിന്നും ദുഃഖകരമായ കാഴ്ചകളിൽനിന്നും ധനത്തിലും കു ടുംബത്തിലും സംഭ വിച്ചേക്കാവുന്ന എല്ലാവിധ ചീത്ത പര്യവസാനത്തി ൽനിന്നും ഞാൻ രക്ഷതേടുന്നു''

**യാത്രയിൽ**

മനുഷ്യന്റെ സാധാരണ ജീവിത ക്രമത്തിൽ മാറ്റമുണ്ടാകുക വഴി പ്ര യാസങ്ങൾ സഹിക്കേണ്ടി വരുന്നതാ ണ് യാത്രയെന്ന് പറയേണ്ടതില്ലല്ലോ. യാത്ര പോകുമ്പോഴുള്ള പ്രാർത്ഥന യിൽനിന്ന് തന്നെ അതിന്റെ ഗൗരവം നാം മനസ്സിലാക്കി. എല്ലാവിധ സൗ കര്യങ്ങളുമുള്ള ഈ ആധുനിക യുഗ ത്തിൽ പോലും യാത്രപുറപ്പെട്ടാൽ തിരിച്ചെത്തുന്നത് വരെ പ്രയാസങ്ങ ൾ സഹിക്കേണ്ടിവരുന്നു. അബൂഹു റൈറ ﷺ നിവേദനം പ്രവാചക തിരു മേനി ﷺ അരുളി :

السَّفَرُ قِطْعَةٌ مِن الْعَذَابِ يَمْنَعُ أَحَدَكُمْ طَعَامَهُ وَشَرَابَهُ وَنَوْمَهُ فَإِذَا قَضَى نَهْمَتَهُ فَلْيُعَجِّلْ إِلَى أَهْلِهِ ( البخاري :١٦٧٧)

ഉറക്കം നഷ്ടപ്പെടുത്തുകയും ഭ ക്ഷണപാനീയങ്ങൾക്ക് മുടക്കം വരു ത്തുകയും ചെയ്യുന്ന ഒരു തരം ശി ക്ഷയാണ് യാത്ര. അതിനാൽ ആവ ശ്യം നിറവേറ്റി ക്കഴിഞ്ഞാലുടനെ വീ ട്ടുകാരുടെ അടുത്തേക്ക് വേഗത്തിൽ തിരിച്ചുകൊള്ളുക. (ബുഖാരി:1677, മുസ്‌ലിം: 3554 )

ഇങ്ങനെ യാത്രയിൽ പലപ്രയാസ ങ്ങളും ബുദ്ധിമുട്ടുകളും സഹിക്കേ ണ്ടിവരുന്നതിനാൽ ഇസ്‌ലാം ഇ വർക്ക് പല ഇളവുകളും നൽകിയി ട്ടുണ്ട്. അബൂഹുറൈറ(ﷺ) നിവേദനം നബി(ﷺ) പറഞ്ഞു:

ثَلاثُ دَعَوَاتٍ مُسْتَجَابَاتٌ لاَ شَكَّ فِيهِنَّ دَعْوَةُ الْمَظْلُومِ وَدَعْوَةُ الْمُسَافِرِ وَدَعْوَةُ الْوَالِدِ عَلَى وَلَدِهِ (سنن الترمذي ١٩٠٥

നിസ്സംശയം മൂന്ന് പ്രാർത്ഥന കൾക്ക് ഉത്തരം കിട്ടും. മർദ്ദിതന്റെ പ്രാർത്ഥന, യാത്രക്കാരന്റെ പ്രാർത്ഥ ന, മക്കൾക്കെതിരിൽ പിതാവിന്റെ പ്രാർത്ഥന. ( സ്വഹീഹു തിർമുതി: 1905 )

## ഖസ്വ്റ് (ചുരുക്കി) നമസ്കരിക്കൽ

യാത്രക്കാരൻ യാത്രപുറപ്പെട്ട് തി രിച്ചെത്തുന്നത് വരെ നാല് റകഅ ത്തുള്ള നമസ്കാരങ്ങൾ രണ്ടാക്കി ചുരുക്കി നമസ്കരിക്കാവുന്നതാണ്.
അല്ലാഹു പറയുന്നു:

وَإِذَا ضَرَبْتُمْ فِي الأَرْضِ فَلَيْسَ عَلَيْكُمْ جُنَاحٌ أَن تَقْصُرُواْ مِنَ الصَّلاَةِ (النساء : ١٠١)

നിങ്ങൾ ഭൂമിയിൽ യാത്ര ചെ യ്യുമ്പോൾ നമസ്കാരം ചുരുക്കി നിർ വ്വഹിക്കുന്നതിന് നിങ്ങൾക്കു കുറ്റമി ല്ല. ( നിസാഅ് : 101)

യാത്രയിൽ ചുരുക്കി നമസ്ക രിലായിരുന്നു നബിചര്യ. മാത്രമല്ല അ വിടുന്ന് ഇങ്ങനെ പറയുകയും ചെ യ്തു:

صَدَقَةٌ تَصَدَّقَ اللهُ بِهَا عَلَيْكُمْ فَاقْبَلُوا صَدَقَتَهُ

( رواه مسلم برقم -١١٠٨ )

അല്ലാഹു നിങ്ങൾക്കു നൽകിയ ദാനമാണത്. അവന്റെ ദാനത്തെ നിങ്ങൾ സ്വീകരിക്കുക. ( മുസ്ലിം: 1108 , ഇബ്നുമാജഃ : 1065 )

എന്നാൽ നാലു റകഅത്തുള്ള ന മസ്കാരങ്ങൾ രണ്ടാക്കി ചുരുക്കി ന മസ്കരിക്കാവുന്നവർ നാലു റകഅ ത്ത് പൂർണ്ണമായി നമസ്കരിക്കുന്ന ഇ മാമിനെ തുടർന്ന് നമസ്കരിക്കുകയാ ണെങ്കിൽ ചുരുക്കി നമസ്കരിക്കാവ തല്ല. കാരണം നബിﷺ അരുളി: □

إِنَّمَا جُعِلَ الإِمَامُ لِيُؤْتَمَّ بِهِ فَلاَ تَخْتَلِفُوا عَلَيْهِ (صحيح البخاري ٦٨٠

തീർച്ചയായും ഇമാം നിശ്ചയിക്ക പ്പെട്ടിട്ടുള്ളത് അദ്ദേഹത്തെ പിന്തുടര പ്പെടാൻ വേണ്ടിയാകുന്നു. ( ബുഖാരി : 680 )

ഇമാമിന്റെ നമസ്കാരത്തിന്റെ തുടക്കത്തിലും അവസാനത്തിലും ഇടയിലും പിന്തുടരുന്നവർക്കെല്ലാം ഈ വിധി ബാധകമാണ്. അതായത് ഇമാമിന്റെ നമസ്കാരത്തിന്റെ ഇടയി ൽവെച്ചാണ് തുടരുന്നതെങ്കിൽ ഇമാം സലാം വീട്ടിയശേഷം നാലു റകഅ ത്തിലെ ബാക്കി പൂർത്തിയാക്കേണ്ട താകുന്നു. നബിﷺ പറയുകയുണ്ടാ യി:

فَمَا أَدْرَكْتُمْ فَصَلُّوا وَمَا فَاتَكُمْ فَأَتِمُّوا

(صحيح البخاري ٥٩٩)

നിങ്ങൾക്ക് ഇമാമിനോടൊപ്പം ല ഭിച്ചത് നമസ്കരിക്കുക. നഷ്ടപ്പെട്ടത് പൂർത്തിയാക്കുകയും ചെയ്യുക.

( ബുഖാരി : 599 )

യാത്രക്കാരൻ തനിച്ച് നമസ്കരി ക്കുമ്പോൾ രണ്ട് റകഅത്തായും, നാ ട്ടിൽ താമസിക്കുന്ന ഇമാമിനെ പിന്തുടർന്നാൽ നാലു റകഅത്തായും നമസ്കരിക്കുന്നതിനെക്കുറിച്ച് ഇബ്നു അബ്ബാസ്ﷺ വിനോട് ചോദിക്കപ്പെ ട്ടു. അദ്ദേഹം പറഞ്ഞു: تلك السنة അതാകുന്നു നബിചര്യ. ( അഹ്മദ് , ഇർവാഉൽ ഗലീൽ : 3/21 )

എന്നാൽ സാധാരണ സുന്നത്തു നമസ്കാരങ്ങളിൽ സുബഹിയുടെ സുന്നത്ത്, വിത്റ്, തഹിയ്യത്ത് പേലുള്ളവ യാത്രയിലും നമസ്കരിക്കേണ്ട താണ്.

## ജംഅ് (ചേർത്തു) നമസ്കരിക്കൽ

അപ്രകാരം നബിﷺ യാത്രയിലാ യിരിക്കുമ്പോൾ ദുഹ്റും അസറും ഒരുമിച്ച് ഒരു സമയത്തും, മഗ്രിബും ഇശാഉം അവയിൽ ഏതെങ്കിലുമൊ ന്നിന്റെ സമയത്തും മുന്തിച്ചുകൊ ണ്ടോ പിന്തിച്ചുകൊണ്ടോ നിർവ്വഹിക്കുമായിരുന്നു.

അതായത് അസറ് നമസ്കാര ത്തെ ളുഹ്റിന്റെ സമയത്ത് നിർവ്വഹി ക്കുക. അപ്പോൾ ബാങ്കും ഇക്കാമത്തും വിളിച്ച ശേഷം ആദ്യം ളുഹ്റ് നമസ്കരിക്കുകയും, ശേഷം ഇഖാ മത്ത് വിളിക്കുകയും അസറ്

നമസ് കരിക്കുകയും ചെയ്യുക. അതല്ലെങ്കി ൽ അസറി ന്റെ സമയത്ത് ബാങ്കും ഇക്കാമത്തും വിളിച്ച ശേഷം ആദ്യം ളുഹ്റ് നമസ്കരിക്കുകയും ശേഷം ഇഖാമത്ത് വിളിക്കുകയും അസറ് നമസ്കരിക്കുകയും ചെയ്യുക. ഇപ്ര കാരം മഗ്‌രിബിന്റെ സമയത്ത് ബാ ങ്കും ഇക്കാമത്തും വിളിച്ചശേഷം ആ ദ്യം മഗ്‌രിബ് നമസ്കരിക്കുകയും ശേഷം ഇഖാമത്ത് വിളിക്കുകയും ഇശാ നമസ്കരിക്കുകയും ചെയ്യുക. അതല്ലെങ്കിൽ ഇശാഇന്റെ സമയത്ത് ബാങ്കും ഇക്കാമത്തും വിളിച്ച ശേ ഷം ആദ്യം മഗ്‌രിബ് നമസ്കരിക്കു കയും ശേഷം ഇഖാമത്ത് വിളിക്കു കയും ഇശാ നമസ്കരിക്കുകയും ചെയ്യുക.

കുന്നുകൾ കയറുമ്പോൾ ‘അല്ലാ ഹു അക്ബർ’ തക്ബീർ ചൊല്ലുക യും, ഇറങ്ങുമ്പോൾ ‘സുബ്ഹാനല്ലാ’ തസ്ബീഹ് ചൊല്ലുകയും ചെയ്യുക. ജാബിർﷺ നിവേദനം അദ്ദേഹം പറഞ്ഞു :

كُنَّا إِذَا صَعِدْنَا كَبَّرْنَا وَإِذَا نَزَلْنَا سَبَّحْنَا (رواه البخاري برقم – ٢٧٧١)

ഞങ്ങൾ കുന്നുകൾ കയറുമ്പോ ൾ തക്ബീർ (‘അല്ലാഹു അക്ബർ’ എന്ന്) ചൊല്ലുകയും ഇറങ്ങുമ്പോൾ തസ്ബീഹ് (‘സുബ്ഹാനല്ലാ’ എന്ന് ) ചൊല്ലുകയും ചെയ്യുമായിരുന്നു.

(ബുഖാരി: 2771)

**വിശ്രമത്തിനിറങ്ങിയാൽ**

യാത്രയുടെ വേളയിൽ വിശ്രമിക്കു വാനോ, ഭക്ഷണം കഴിക്കുവാ നോ, നമസ്കരിക്കുവാനോ മറ്റോ വഴിയി ലെവിടെയെങ്കിലും ഇറങ്ങുകയാണെ ങ്കിൽ നാം താഴെ പറയുന്ന കാര്യങ്ങ ൾ ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരം പ്രാർത്ഥിക്കുക.

أَعُوذُ بِكَلِمَاتِ اللَّهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ ( رواه مسلم : ٤٨٨١ )

അഊദു ബികലിമാത്തില്ലാഹിത്താ മ്മാതി മിൻ ശർറിമാ ഖലഖ്.

'അല്ലാഹുവിന്റെ ഉത്തമമായ വ ചനങ്ങളെ കൊണ്ട് അവൻ സൃഷ്ടി ച്ചിട്ടുള്ളവയുടെ കെടുതിയിൽ നി ന്നും ഞാൻ ശരണം തേടുന്നു''. എ ന്ന് പറയുകയാണെങ്കിൽ അവിടുന്ന് പോകുന്നത്വരെ അവർക്ക് യാതൊ രുദ്രോഹവും ഉണ്ടാകുകയില്ല.

(മുസ്‌ലിം: 4881,)

വാഹനത്തിലും പവിത്ര സ്ഥല ങ്ങളിലെ താമസ സ്ഥലത്ത്വരെ സം ഗീതം, പാട്ടുകച്ചേരി പോലുള്ളവ ആ സ്വദിക്കുന്നത് കാണാം. ഇതിന്ന് പക രമായി പരലോക ചിന്തയുണർത്തു ന്ന ഓഡിയോ വീഡിയോ മാധ്യമ ങ്ങൾ ഉപയോഗപ്പെടുത്താൻ നാം അതീവ താൽപ ര്യമുള്ളവരാകണം.

സഹയാത്രികർക്ക് സേവനം ചെ യ്യാൻ സന്നദ്ധ നാവുക. മുജാഹിദ്(റ) പറയുന്നത് നോക്കൂ. ഞാൻ സേവ നം ചെയ്യുന്നതിന്നായി അബ്ദുല്ലാഹി ബ്നു ഉമർﷺ വിന്റെകൂടെ യാത്രപേ വുകയുണ്ടായി എന്നാൽ അദ്ദേഹം എനിക്കാണ് കൂടുതൽ സേവനം ചെ യ്തിരുന്നത്.

( സിഫത്തുസ്സഫ്‌വ:1/130 )

യാത്രയിലെ സേവന സഹായ ങ്ങൾ കൂടുതൽ പ്രതിഫലാർഹമാ യതാകുന്നു. പ്രത്യേകിച്ച് അസുഖം പോലെയുള്ളഅവസരങ്ങളിൽ മിന, അറഫ, പോലെ യുള്ള സ്ഥലങ്ങളിൽ സേവനം ആവശ്യമുള്ള ആയിരക്ക ണക്കിന് ഹാജിമാരെകാണാം. ഒരു വാക്ക് മുഖേനയോ, ആംഗ്യംമുഖേ നയോ അവരെ സഹായിച്ചാൽ അവ രുടെ പ്രാർത്ഥന നമുക്ക് ലഭിക്കു മല്ലോ ,

നിഷിദ്ധമായവയിൽ നിന്നും ത ന്റെ കണ്ണ്, ചെവി പോലുള്ള അവയ വങ്ങളെ സംരക്ഷിക്കുകയും, കളവ് പറയുക മറ്റുള്ളവരെക്കുറിച്ച് സംസാ രിക്കുക, ചീത്ത പറയുക, തുടങ്ങി എല്ലാ ഹറാമുകളിൽനിന്നും എല്ലായ്പ്പോഴും വിട്ടുനിൽക്കേണ്ടതാകുന്നു.

വഴി, വിശ്രമസ്ഥലം, കുടിവെള്ള മെടുക്കുന്ന സ്ഥലം, വിസർജ്ജന സ്ഥലം തുടങ്ങിയ പൊതു സ്ഥല ങ്ങൾ വൃത്തികേടാക്കാതെ സൂക്ഷി ക്കുക.

കുട്ടികളെ പ്രത്യേകിച്ച് അതിന് പരിശിലിപ്പിക്കുകയും കൂടി ചെയ്യേ ണ്ടതാകുന്നു. നബിﷺ പറഞ്ഞു:

من آذى المسلمين في طرقهم وجبت عليه لعنتهم) (رواه الطبراني ، وحسنه الألباني أنظر صحيح الترغيب والترهيب برقم ١٤٨)

ഏതൊരുവൻ മുസ്ലിമിന്റെ വഴി യിൽ (തടസ്സം സൃഷ്ടിച്ച്) ഉപദ്രവം ചെയ്യുന്നതായാൽ അവന് അവരുടെ ശാപം ഉണ്ടായിരിക്കുന്നതാണ്.
(സ്വഹീഹുത്തർഗീ ബു വത്തർഹീബ്: 148 )

**ആളുകളേയോ മറ്റോ ഭയപ്പെട്ടാൽ**

اللَّهُمَّ إِنَّا نَجْعَلُكَ فِي نُحُورِهِمْ وَنَعُوذُ بِكَ مِنْ شُرُورِهِمْ (رواه سنن أبي داود ١٣١٤ و صحيح الجامع: ٤٧٠٦)

അല്ലാഹുമ്മ ഇന്നാ നജ്അലുക ഫീ നുഹൂരി ഹിം വനഊദു ബിക മിൻ ശുറൂരിഹിം. "അല്ലാഹുവേ, അ വരെ തടുക്കാൻ ഞങ്ങൾ നിന്നെ ഏ ൽപിക്കുകയും, അവരുടെ ദ്രോഹ ത്തിൽനിന്ന് നിന്നോട് അഭയം തേടു കയും ചെയ്യുന്നു. ( അബൂദാവൂദ്: 1314 ) എന്ന് പ്രാർത്ഥിക്കലും സുന്ന ത്താകുന്നു.

## മഹത്വങ്ങൾ

ഹജ്ജിനും ഉംറക്കും നിരവധി ശ്രേഷ്ടതകളും മഹത്വങ്ങളുമുണ്ട്. മു സ്ലിംകൾ ജീവിതത്തിൽ ഒരിക്കൽ നിർബന്ധമായും അനുഷ്ടിക്കേണ്ട ഒരു കർമ്മമാണല്ലോ ഇത്. അതുകൊ ണ്ട്തന്നെ ഇസ്ലാമിക നിയമമനുസ രിച്ച് ആരെങ്കിലും വളരെ കൃത്യമായി അത് നിർവ്വഹിക്കു കയാണെങ്കിൽ അതിന് വർദ്ദിച്ച പ്രതിഫല മുണ്ടെ ന്നാണ് തിരുനബിﷺ നമ്മെ പഠിപ്പി ക്കുന്നത്. ഒരു ഹദീസ് ശ്രദ്ധിക്കൂ.

عَنْ أَبِي هُرَيْرَةَ ﷺ أَنَّ رَسُولَ اللهِ ﷺ قَالَ الْعُمْرَةُ إِلَى الْعُمْرَةِ كَفَّارَةٌ لِمَا بَيْنَهُمَا وَالْحَجُّ الْمَبْرُورُ لَيْسَ لَهُ جَزَاءٌ إِلا الْجَنَّةُ ( رواه البخاري برقم ١٦٥٠، ومسلم برقم ٢٤٠٣)

അബൂഹുറൈറﷺ നിവേദനം ഒരു ഉംറ അടുത്ത ഉംറ വരെയുള്ള പാപങ്ങൾക്കു പരിഹാരമാണ്. പു ണ്യകരമായ ഹജ്ജിന് സ്വർഗ്ഗമല്ലാതെ പ്രതിഫല മില്ല. ( ബുഖാരി : 1650 മുസ്ലിം: 2403 )

عن أَبِي هُرَيْرَةَ ﷺ قَالَ سَمِعْتُ النَّبِيَّ ﷺ يَقُولُ مَنْ حَجَّ للهِ فَلَمْ يَرْفُثْ وَلَمْ يَفْسُقْ رَجَعَ كَيَوْمِ وَلَدَتْهُ أُمُّهُ (صحيح البخاري ١٤٢٤ومسلم ٢٤٠٤)

അബൂഹുറൈറﷺ നിവേദനം നബിﷺ ഇപ്രകാരം പറയുന്നത് ഞാ ൻ കേട്ടിരിക്കുന്നു: ഒരാൾ സ്ത്രീസ ല്ലാപത്തിലേർപ്പെടുകയോ തോന്നി വാസം കാണിക്കുകയോ ചെയ്യാതെ അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചു കൊണ്ട് ഹജ്ജ് ചെയ്താൽ തന്റെ മാതാവ് തന്നെ പ്രസവിച്ച ദിവസ ത്തെപോലെ (പാപമുക്ത

നായി) ആ യിരിക്കും മടങ്ങുന്നത്. (ബുഖാരി: 1424, മുസ്ലിം: 2404 )

عن ابْنُ عَبَّاسٍ ﷺ قَالَ رَسُولُ اللَّهِ ﷺ تَابِعُوا بَيْنَ الْحَجِّ وَالْعُمْرَةِ فَإِنَّهُمَا يَنْفِيَانِ الْفَقْرَ وَالذُّنُوبَ كَمَا يَنْفِي الْكِيرُ خَبَثَ الْحَدِيدِ ( سنن النسائي ٢٥٨٣ و صحيح الجامع ٢٥٣ )

ഇബ്നു അബ്ബാസ്ﷺ നിവേദനം നബിﷺ അരുളി: ഹജ്ജും ഉംറയും നിങ്ങൾ. ഒന്നിച്ചു ചെയ്യുക. അവര ണ്ടും ഉല ഇരുമ്പിന്റെ കീടം നീക്കം ചെയ്യുന്നതു പോലെ ദാരിദ്ര്യവും പാ പവും നീക്കം ചെയ്യും. (നസാഈ : 2583 , സ്വഹീഹുൽ ജാമിഅ് : 253)

عَنْ أَبِي هُرَيْرَةَ عَنْ رَسُولِ اللَّهِ ﷺأَنَّهُ قَالَ الْحُجَّاجُ وَالْعُمَّارُ وَفْدُ اللَّهِ إِنْ دَعَوْهُ أَجَابَهُمْ وَإِنْ اسْتَغْفَرُوهُ غَفَرَ لَهُمْ (صحيح الجامع ٥٤٨٤. سنن ابن ماجه ٢٨٨٣ ))

അബൂഹുറൈറﷺ നിവേദനം നബിﷺ അരുളി: ഹജ്ജ് ചെയ്യുന്ന വരും ഉംറ ചെയ്യുന്നവരും അല്ലാഹു വിന്റെ യാത്രാ സംഘമാണ്. അവർ അവനോട് പ്രാർത്ഥിച്ചാൽ അവൻ അവർക്ക് ഉത്തരം നൽകും. അവർ അവനോട് പാപമോചനം തേടിയാൽ അവർക്ക് പൊറുത്തു കൊടുക്കു ന്നതുമാണ്. (സ്വഹീഹുൽ ജാഅിഅ് 5484 )

عَنْ سَهْلِ بْنِ سَعْدٍ السَّاعِدِيِّ ﷺ عَنْ رَسُولِ اللَّهِ ﷺ قَالَ مَا مِنْ مُلَبٍّ يُلَبِّي إِلا لَبَّى مَا عَنْ يَمِينِهِ وَشِمَالِهِ مِنْ حَجَرٍ أَوْ شَجَرٍ أَوْ مَدَرٍ حَتَّى تَنْقَطِعَ الْأَرْضُ مِنْ هَاهُنَا وَهَاهُنَا ( رواه الترمذي وابن ماجه والبيهقي ورواه ابن

خزيمة وصحيح الترغيب : ١١٣٤)

സഹ്ലുബ്നു സഅദ്ﷺ നിവേദ നം നബിﷺ അരുളി: ഏതൊരാൾ തൽബിയത്ത് ചൊല്ലുമ്പോഴും അവ ന്റെ ഇടതു ഭാഗത്തുനിന്നും വലതു ഭാഗത്തു നിന്നുമായി ഭൂമിയിലുള്ള കല്ലും, മരവും, ചരക്കല്ലു കളുമെല്ലാം തൽബിയത്ത് ചൊല്ലുന്നതാണ്.
(തിർമിദി: 758 , സ്വഹീഹുത്തർ ഗീബ് : 1134 )

عَنْ عَبْدِ اللهَّ بْنِ عُمَرَ قَالَ سَمِعْتُ رَسُولَ اللهَّ ﷺ يَقُولُ (مَنْ طَافَ بِالْبَيْتِ وَصَلَّى رَكْعَتَيْنِ كَانَ كَعِتْقِ رَقَبَةٍ) رواه ابن ماجه برقم ٢٩٥٦ وصححه الألباني في السنن.

അബ്ദുല്ലാഹിബ്നു ഉമർﷺ നി വേദനം നബിﷺ ഇപ്രകാരം പറയു ന്നത് ഞാൻ കേൾക്കുകയുണ്ടായി: ഒരാൾ കഅബയെ ത്വവാഫ് ചെയ്ത ശേഷം രണ്ട് റകഅത്ത് നമസ്കരിച്ചാ ൽ ഒരടിമയെ മോചിപ്പിച്ച പ്രതിഫല മുണ്ട്. ( ഇബ്നു മാജഃ 2956 )

ഹജ്ജ് കർമ്മത്തിന്റെ മഹത്വങ്ങ ളിൽ പെട്ട തണ് ഇബ്നു ഉമർﷺ റിപ്പോർട്ട് ചെയ്യുന്ന താഴെകൊടുത്ത ഹദീസിൽ നിന്നും മ നസ്സിലാക്കാവു ന്നതാണ്. അദ്ദേഹം പറയുകയുണ്ടാ യി നബിﷺ പറഞ്ഞു:

أَمَّا خُرُوجُكَ مِنْ بَيْتِكَ تَؤُمُّ الْبَيْتَ فَإِنَّ لَكَ بِكُلِّ وَطْأَةٍ تَطَأُهَارَاحِلَتُكَ يَكْتُبُ اللهُّ لَكَ بِهَا حَسَنَةً ، وَيَمحُو عَنْكَ بِهَا سَيِّئَةً ، وَأَمَّا وُقُوفُكَ بِعَرَفَةَ فَإِنَّ اللهَّ عَزَّ وَجَلَّ يَنْزِلُ إِلَى السَّمَاءِ الدُّنْيَا فَيُبَاهِي بِهِمُ الْمَلائِكَةَ ، فَيَقُولُ:هَؤُلاءِ عِبَادِي جَاءُونِي

شُعْثًا غُبْرًا مِنْ كُلِّ فَجٍّ عَمِيقٍ يَرْجُونَ رَحْمَتِي ، وَيَخَافُونَ عَذَابِي ، وَلَمْ يَرَوْنِي ، فَكَيْفَ لَوْ رَأَوْنِي؟فَلَوْ كَانَ عَلَيْكَ مِثْلُ رَمْلِ عَالِجٍ ، أَوْ مِثْلُ أَيَّامِ الدُّنْيَا ، أَوْ مِثْلُ قَطْرِ السَّمَاءِ ذُنُوبًا غَسَلَ اللَّهُ عَنْكَ ، وَأَمَّا رَمْيُكَ الْجِمَارَ فَإِنَّهُ مَذْخُورٌ لَكَ ، وَأَمَّا حَلْقُكَ رَأْسَكَ ، فَإِنَّ لَكَ بِكُلِّ شَعْرَةٍ تَسْقُطُ حَسَنَةٌ ، فَإِذَا طُفْتَ بِالْبَيْتِ خَرَجْتَ مِنْ ذُنُوبِكَ كَيَوْمِ وَلَدَتْكَ أُمُّكَ. (صحيح الترغيب والترهيب : ١١١٣)

പവിത്രഭവനത്തെ (കഅ്ബയെ) ലക്ഷ്യമാക്കി കൊണ്ട് നിന്റെ വീട്ടി ൽനിന്ന് പുറപ്പെടുന്നതുമുതൽ നിന്റെ വാഹനത്തിന്റെ ഓരോ ചുവടുകൾ ക്കും അല്ലാഹു നിനക്ക് ഒരു നന്മ രേഖപ്പെടുത്തുകയും ഒരു തിന്മയെ മായ്ചുകളയുകയും ചെയ്യുന്നു. നീ അറഫയിൽ നിൽക്കുമ്പോൾ അല്ലാ ഹു ഒന്നാനാകാശത്തേക്ക് ഇറങ്ങി വ രികയും മലക്കുകളോട് അഭിമാനപൂ ർവ്വം ഇങ്ങനെ പറയുകയുംചെയ്യും: ഇവർ എന്റെ അടിമകളാകുന്നു. പൊടിപുരണ്ട ശരീരവും ജടപിടിച്ച തലയുമായി എന്റെ അനുഗ്രഹം ആ ഗ്രഹിച്ചുകൊണ്ടും എന്റെ ശിക്ഷയെ ഭയന്നുകൊണ്ടും വിദൂരമായ മലമ്പാ തകളും താണ്ടി എന്റെയടുക്കൽ വ ന്നിരിക്കുന്നു. അവരാകട്ടെ എന്നെ ക ണ്ടിട്ടില്ലതാനും ഇനി അവരെന്നെ കാണുമ്പോഴുള്ള അവസ്ഥ എന്താ യിരിക്കും? ആകയാൽ മണൽകൂ മ്പാരം കണക്കയോ, ദുനിയാവിലെ മുഴു ദിവസങ്ങളുടെ യത്രെയോ, മഴ ത്തുള്ളികണക്കേയോ നിനക്ക് പാപ മുണ്ടെങ്കിൽ അല്ലാഹു അവ നിന്നിൽ നിന്നും കഴുകിക്കളഞ്ഞിരിക്കുന്നു. ഇനി നീ ജംറയിൽ എറിയു ന്നതാക ട്ടെ നിന്റെ പരലോകത്തിലേക്കുള്ള നിക്ഷേപ

മാകുന്നു. നീ തല മുണ്ഡ നം ചെയ്യുന്നതാകട്ടെ നിന്റെ ഓരോ മുടി വീഴുന്നതിനും ഓരോ പാപവും കൊഴിഞ്ഞു വീഴുന്നു. നീ കഅ്ബ യെ പ്രദക്ഷിണം ചെയ്യുമ്പോൾ നിന്റെ മാതാവ് നിന്നെ പ്രസവിച്ച ദിവ സംപോലെ പാപത്തിൽനിന്ന് നീ മോചിതനാവുകയും ചെയ്യുന്നു.

(സ്വഹീഹുത്തർഗീബ്:1112)

## ഹജ്ജും ഉംറയും നിർബന്ധം

ബുദ്ധിയുള്ള പ്രായപൂർത്തിയെത്തിയ മുസ്‌ലിമിന് കഅ്ബയിൽ പോയി ഹജ്ജ് ചെയ്യാൻ കഴിവുണ്ടാ യാൽ ഹജ്ജ് നിർബന്ധമാകും അ ല്ലാഹു പറയുന്നു :

وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلاً وَمَن كَفَرَ فَإِنَّ اللهَ غَنِيٌّ عَنِ الْعَالَمِينَ

( ال عمران : ٩٧ )

ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹ ജ്ജ് തീർത്ഥാടനം നടത്തൽ അവ ർക്ക് അല്ലാഹുവോടുള്ള ബാദ്ധ്യത യാകുന്നു. വല്ല വനും അവിശ്വസി ക്കുന്നപക്ഷം അല്ലാഹു ലോകരുടെ ആശ്രയം ഇല്ലാത്തവനാകുന്നു.

( ആലുഇംറാൻ : 97 )

നബിﷺ ഒരു പ്രസംഗത്തിൽ പറ യുകയു ണ്ടായി :

أَيُّهَا النَّاسُ قَدْ فَرَضَ اللهُ عَلَيْكُمْ الْحَجَّ فَحُجُّوا (صحيح مسلم ٢٣٨٠ )

മനുഷ്യരേ, അല്ലാഹു നിങ്ങളുടെ മേൽ ഹജ്ജു കർമം നിർബന്ധമാ ക്കിയിരിക്കുന്നു. അതിനാൽ നിങ്ങൾ ഹജ്ജു ചെയ്യണം. ( മുസ്‌ലിം: 2380 )

عَنْ ابْنِ عُمَرَ قَالَ قَالَ رَسُولُ اللهِّ ﷺ بُنِيَ الْإِسْلَامُ عَلَى خَمْسٍ شَهَادَةِ أَنْ لا إِلَهَ إِلا اللهُّ وَأَنَّ مُحَمَّدًا رَسُولُ اللهِّ وَإِقَامِ الصَّلاةِ وَإِيتَاءِ الزَّكَاةِ وَصَوْمِ رَمَضَانَ وَحَجِّ الْبَيْتِ ( البخاري٧ ومسلم ٢٠ والترمذي ٢٥٣٤ والنسائي ٤٩١٥ )

ഇസ്‌ലാം അഞ്ച് കാര്യങ്ങളി ന്മേൽ സ്ഥാപിത മായിരിക്കുന്നു. അ ല്ലാഹുവല്ലാതെ യാതൊരു ദൈവവു മില്ലെന്നും മുഹമ്മദ്ﷺ അല്ലാഹുവി ന്റെ ദൂതനുമാണെന്ന് സാക്ഷ്യം വഹി ക്കൽ, നമസ്കാരം മുറപ്രകാരം നില നിർത്തൽ, സകാത്ത് നൽകൽ, റമദാൻ മാസത്തിൽ നോമ്പനുഷ്ഠി ക്കൽ, കഅ്ബയിലേക്കുള്ള തീർത്ഥാ ടനം. (ബുഖാരി: 7, മുസ്‌ലിം: 20 )

പണ്ഡിതന്മാരുടെ ശരിയായ അഭിപ്രായ പ്രകാരം ഹിജ്റയുടെ 9–ാം വർഷമാണ് ഹജ്ജ് നിർബന്ധ മാകുന്നത്. ഹിജ്റയുടെ പത്താം വർ ഷം നബിﷺ ഹജ്ജ് ചെയ്യുകയും ചെയ്തു. വിടവാങ്ങൽ ഹജ്ജായി രുന്നു അത്. അവിടുന്ന് പ്രവാചകത്വ ത്തിന് ശേഷം ഇതല്ലാതെ വേറൊരു ഹജ്ജ് ചെയ്തിട്ടില്ല. പിന്നീട് തിരുമേ നിﷺ ഹിജ്റ പതിനൊന്നാം വർഷം ഇഹലോകവാസം വെടിയുകയും ചെയ്തു.

**കഴിവുണ്ടായിട്ടും ഹജ്ജ് നിർവ്വഹി ക്കാതിരുന്നാൽ**

عَن أَبِي سَعِيدِ الخُدرِي ﷺ أَنَّ رَسُولَ اللهِ ﷺ قال : إِنَّ اللهَ يَقُولُ : إِنَّ عَبْدًا أَصْحَحْتُ لَهُ جِسْمَهُ ، وَ وَسَّعْتُ عَلَيهِ فِي الْمَعِيشَةِ ، تَمْضِي عَلَيهِ خَمْسَةُ أَعْوَامٍ لاَ يَفِدُ إِلَيَّ لَمَحْرُوم " ( أبو يعلى : ١٠٣١ والسلسلة الصحيحة : ١٦٦٢ )

അബൂസഊദുൽ ഖുദ്‌രിﷺ നി വേദനം റസൂൽﷺ പറഞ്ഞു: അല്ലാ ഹു പറയുന്നു: ഒരടിമ അവന്റെ ശരീ രത്തിന് നാം സൗഖ്യം നൽകുകയും, ഉപ ജീവനമാർഗ്ഗം വിശാലമാക്കുക യും ചെയ്ത് അഞ്ച് വർഷം തിക ഞ്ഞിട്ടും എന്റെയടുക്കലേക്ക് അവൻ യാത്രപോന്നിട്ടില്ലെങ്കിൽ (ഹജ്ജ് നിർ വഹിച്ചിട്ടില്ലെങ്കിൽ) അവൻ (നന്മ യിൽ നിന്ന്) തടുക്കപ്പെട്ടവനാകുന്നു. (ഇബ്നു ഹിബ്ബാൻ 3695, ബൈഹഖി: 5/262, അബൂയഅ്ല:1031, സിൽസില ത്തുസ്സഹീഹഃ: 1662 )

## ഉംറയും നിർബന്ധം

ഇബ്നു ഉമർﷺ നിവേദനം ജി ബ്‌രീൽﷺ നബിﷺ യോട് ഇസ് ലാം എന്നാലെന്ത് എന്ന് ചോദിച്ചതി ന് നബിﷺ പറഞ്ഞു :

الإِسْلاَمُ أَنْ شَهَدَ أَنْ لا إِلَهَ إِلا اللهُ وَأَنَّ مُحَمَّدًا رَسُولُ اللهِ وَأن تُقِيمَ الصَّلاةَ وَتُؤتِيَ الزَّكَاةَ وَتَحُجَّ وَتعتمِرَ وَتَغتَسِلَ مِنَ الجَنَابَةِ وَأَن تُتِمَّ الوُضُوءَ وَتَصُومَ رَمَضَانَ ( رواه ابن خزيمة

و صحيح الترغيب والترهيب : ١٧٥ )

ഇസ്‌ലാം എന്നാൽ അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനുമില്ലെന്നും മുഹമ്മദ്ﷺ അല്ലാഹുവിന്റെ റസൂലാ ണെന്നും നീ സാക്ഷ്യം വഹിക്കുക. നമസ്കാരം നില നിർത്തുക, സകാ ത്ത് നൽകുക, ഹജ്ജും ഉംറയും ചെയ്യുക, സംയോഗാനന്തരം കുളി ക്കുക വുദൂ പൂർണമായി നിർവ്വ ഹിക്കുക, നോമ്പു നോൽക്കുക.
( സ്വഹീഹത്തർഗീബ് : 175 )

عَنْ عَائِشَةَ قَالَتْ قُلْتُ يَا رَسُولَ اللَّهِ عَلَى النِّسَاءِ جِهَادٌ قَالَ نَعَمْ عَلَيْهِنَّ جِهَادٌ لا قِتَالَ فِيهِ الْحَجُّ وَالْعُمْرَةُ (رواه في سنن ابن ماجه – ٢٨٩٢ وإرواء الغليل ٩٨١ و صحيح الترغيب والترهيب ١٠٩٩)

ആയിശ (റ) നിവേദനം,അവർ പ റഞ്ഞു: അല്ലാഹുവിന്റെ റസൂലേ സ്ത്രീകൾക്ക് ജിഹാദ് നിർബന്ധമു ണ്ടോ? നബി തിരുമേനി അരുളി: അവർക്ക് നിർബന്ധമായിട്ടുള്ളത് യു ദ്ധമില്ലാത്ത ജിഹാദാണ്. ഹജ്ജും ഉം റയും. ( ഇബ്നു മാജഃ : 2892) ഉടനെ ചെയ്യണം

നബിﷺ പറഞ്ഞു:

تَعَجَّلُوا إِلَى الْحَجِّ يَعْنِي الْفَرِيضَةَ فَإِنَّ أَحَدَكُمْ لا يَدْرِي مَا يَعْرِضُ لَهُ (رواه أحمد

٢٧٢١ وحسنه الألباني في إرواء الغليل ٩٩٠)

☐ നിർബന്ധമായ ഹജ്ജ് കഴി യും വേഗം ചെയ്യുക. കാരണം അവി ചാരിതമായി തനിക്കെന്ത് സംഭവി ക്കുമെന്ന് നിങ്ങളിൽ ആർക്കും അറി ഞ്ഞുകൂടാ. (അഹ്മദ് : ٢٧٢١)

## കുട്ടികളുടെ ഹജ്ജ്

ഇബ്നു അബ്ബാസ്ؓ നിവേദനം

رَفَعَتْ امْرَأَةٌ صَبِيًّا لَهَا فَقَالَتْ يَا رَسُولَ اللَّهِ أَلِهَذَا حَجٌّ قَالَ نَعَمْ وَلَكِ أَجْرٌ ( مسلم: ٢٣٧٨)

ഒരു സ്ത്രീ അവളുടെ കുട്ടിയെ പ്രവാചകന്റെ നേരെ ഉയർത്തിപ്പി ടിച്ചുകൊണ്ട് ചോദിച്ചു: അല്ലാഹു വിന്റെ ദൂതരെ, ഈ കുട്ടിക്ക് ഹജ്ജു ണ്ടോ? തിരുമേനി അരുളി: അതെ, അതിന്റെ പ്രതിഫലംനിനക്കാകുന്നു. ( മുസ്ലിം : 2378)

കുട്ടികൾക്ക് ഹജ്ജ് നിർബന്ധമി ല്ല. പക്ഷെ അവരുടെ ഹജ്ജ് സ്വീകരി ക്കപ്പെടുന്നതാണ്. എന്നാൽ കുട്ടിക്ക് പ്രായപൂർത്തിയാവുകയും ഹജ്ജ് നി ർബന്ധ മാവുകയും ചെയ്യുന്ന സമയ ത്ത് വീണ്ടും ഹജ്ജ് നിർവ്വഹിച്ചെങ്കി ലെ ഹജ്ജിന്റെ ബാധ്യതയിൽ നി ന്നൊഴിവാകുകയൊള്ളൂ. അപ്രകാരം ചെറുപ്പത്തിൽ ഹജ്ജു നിർവ്വഹിച്ചു വെന്നതുകൊണ്ട് മാത്രം ഹജ്ജ് നിർ ബന്ധമാവുകയില്ല. മറിച്ച് ഹജ്ജ് നിർ ബന്ധമാകാനുള്ള കാര്യങ്ങൾ പൂർണ്ണ മാകുമ്പോഴെ അവർക്ക് ഹജ്ജ് നിർ ബന്ധമാകുകയൊള്ളൂ.

## പകരം ഹജ്ജ് നിർവ്വഹിക്കൽ

ഇബനു അബ്ബാസ്ﷺ നിവേദനം ഹ ജ്ജത്തുൽ വദാഉൽ പ്രവാചകനോ ട് ഖഥ്അം ഗോത്രത്തിലെ ഒരു സ്ത്രീ ആരാഞ്ഞു : □

يَا رَسُولَ اللَّهِ إِنَّ فَرِيضَةَ اللَّهِ عَلَى عِبَادِهِ فِي الْحَجِّ

أَدْرَكَتْ أَبِي شَيْخًا كَبِيرًا لا يَثْبُتُ عَلَى الرَّاحِلَةِ أَفَأَحُجُّ عَنْهُ قَالَ نَعَمْ .

(البخاري :١٤١٧)

അല്ലാഹുവിന്റെ ദൂതരേ, അടിമക ൾ അല്ലാഹുവിന് നിർബന്ധമായും ചെയ്യേണ്ട ഹജ്ജ്കർമം വാർധക്യമൂ ലം വാഹനത്തിൽ യാത്ര ചെയ്യാൻ കഴിയാത്ത എന്റെ പിതാവിന് ബാധ്യ തയായിരിക്കുന്നു. അതു കൊണ്ട് അ

ദ്ദേഹത്തിന് പകരമായി ഞാൻ ഹജ്ജ് ചെയ്യട്ടെ.? ആകട്ടെ. എന്ന് പ്രവാചക ൻﷺ സമ്മതിച്ചു. ( ബുഖാരി : 1417 )

പകരം ഹജ്ജും ഉംറയും ചെയ്യു ന്ന വ്യക്തി തന്റെമേൽ നിർബന്ധ മായ ഹജ്ജും ഉംറയും നിർവ്വഹി ച്ചിട്ടുണ്ടായിരിക്കം.

ഇബനു അബ്ബാസ്ﷺ നിവേദനം: سَمِعَ رَجُلا أَنَّ النَّبِيَّ ﷺ يَقُولُ لَبَّيْكَ عَنْ شُبْرُمَةَ قَالَ مَنْ شُبْرُمَةُ قَالَ أَخٌ لِي أَوْ قَرِيبٌ لِي قَالَ حَجَجْتَ عَنْ نَفْسِكَ قَالَ لا قَالَ حُجَّ عَنْ نَفْسِكَ ثُمَّ حُجَّ عَنْ شُبْرُمَةَ ( سنن أبي داود ١٥٤٦)

ഒരാൾ ശുബ്റുമക്കു പകരമായി ഞാനിതാ ഹജ്ജ് ചെയ്യുന്നുവെന്ന് പറയുന്നത് കേട്ടു. നബിﷺ ചോദിച്ചു ആരാണ് ശുബ്റുമ? അയാൾ പറ ഞ്ഞു: എന്റെ സഹോദരൻ; (അതല്ലെ ങ്കിൽ എന്റെ ബന്ധു). നബിതിരു മേനി ചോദിച്ചു: നീ നിനക്കു വേണ്ടി ഹജ്ജ് ചെയ്തിട്ടുണ്ടോ അയാൾ ഇ ല്ലെന്ന് പറഞ്ഞു: തിരുമേനി അരുളി: എന്നാൽ നിനക്കുവേണ്ടി ആദ്യം ഹജ്ജ് ചെയ്യുക. അനന്തരം ശുബ്റുമ ക്കും. ( അബൂദാവൂദ് : 1546 )

ഇബനു അബ്ബാസ്ﷺ നിവേദനം: ജുഹൈന ഗോത്രത്തിലെ ഒരു സ്ത്രീ നബിﷺ യോട് ചോദിച്ചു : إِنَّ أُمِّي نَذَرَتْ أَنْ تَحُجَّ فَلَمْ تَحُجَّ حَتَّى مَاتَتْ أَفَأَحُجُّ عَنْهَا قَالَ نَعَمْ حُجِّي عَنْهَا أَرَأَيْتِ لَوْ كَانَ عَلَى أُمِّكِ دَيْنٌ أَكُنْتِ قَاضِيَةً اقْضُوا اللَّهَ فَاللَّهُ أَحَقُّ بِالْوَفَاءِ ( صحيح البخاري : ١٧٢٠)

എന്റെ മാതാവ് ഹജ്ജിന് നേർച്ച യാക്കിയി രുന്നു. അങ്ങനെ അത് നി ർവ്വഹിക്കാൻ കഴിയാതെ അവർ മരിച്ചുപോയി അതുകൊണ്ട് അവർ ക്കു പകരമായി ഞാൻ ഹജ്ജു ചെയ്യ ട്ടെയോ? പ്രവാചകൻ പറഞ്ഞു അതെ. നീ അവർക്കു പകരമായി ഹജ്ജ് ചെയ്യൂ. നിന്റെ മാതാവ് കൊടുത്തു വീട്ടേണ്ട കടമുണ്ടായിരു ന്നെങ്കിൽ നീ അത് വീട്ടുമായിരുന്നി ല്ലേ? അല്ലാഹുവിന്റെ ബാധ്യത നിർവ്വ ഹിക്കൂ. അവന്റെ ബാധ്യതയാണ് നിർവ്വഹിക്കാൻ കൂടുതൽ അർഹ മായിട്ടുള്ളത്. ( ബുഖാരി : 1720 )

**ഒരു തവണ മാത്രം**

ഹജ്ജും ഉംറയും ഒരു മുസ്ലിമി ന്റെമേൽ ബാധ്യതയായിട്ടുള്ളത് ജീ വിതത്തിൽ ഒരു തവണ മാത്രമാണ് അതിനെ സൂബന്ധിച്ച് ഒരു ഹദീസ് ശ്രദ്ധിക്കുക.

عَنِ ابْنِ عَبَّاسٍ ﷺ قَالَ خَطَبَنَا رَسُولُ اللهِ ﷺ

فَقَالَ يَا أَيُّهَا النَّاسُ كُتِبَ عَلَيْكُمْ الْحَجُّ قَالَ فَقَامَ الأَقْرَعُ بْنُ حَابِسٍ فَقَالَ أَفِي كُلِّ عَامٍ يَا رَسُولَ اللهِ فَقَالَ لَوْ قُلْتُهَا لَوَجَبَتْ وَلَوْ وَجَبَتْ لَمْ تَعْمَلُوا بِهَا وَلَمْ تَسْتَطِيعُوا أَنْ تَعْمَلُوا بِهَا الْحَجُّ مَرَّةٌ فَمَنْ زَادَ فَهُوَ تَطَوُّعٌ ) رواه مسند أحمد

٢٥١٠ أخرجه أبو داود والنسائي والدارمي والدارقطني والحاكم إرواء الغليل (ج ٤ / ص ١٤٩)

ഇബ്നു അബ്ബാസ്ﷺ നിവേദനം അദ്ദേഹം പറഞ്ഞു: നബിﷺ ഞങ്ങൾ ക്ക് ഒരു പ്രഭാഷണം നടത്തുകയു ണ്ടായി തിരുമേനി പറഞ്ഞു: ഓ ജനങ്ങളെ, നിശ്ചയമായും അല്ലാഹു നിങ്ങൾക്ക് ഹജ്ജ്

നിർബന്ധമാക്കി യിരിക്കുന്നു. ഉടനെ അഖ്റഉ ബ്നു ഹാബിസ്ﷺ എഴുന്നേറ്റ് ചോദിച്ചു: എല്ലാ വർഷത്തിലുമോ പ്രവാചക രെ? തിരുമേനി അരുളി: ഞാൻ അത ങ്ങിനെ പറഞ്ഞിരുന്നെങ്കിൽ അത് നിർബന്ധമാക്കുമായിരുന്നു. അത് നിർബന്ധമാകുക യാണെങ്കിൽ നിങ്ങളത് ചെയ്യുകയില്ല നിങ്ങൾക്ക് അപ്രകാരം ചെയ്യാൻ സാധ്യവുമല്ല. ആകയാൽ ഹജ്ജ് ഒരു തവണ മതി. അധികം തവണ ചെയ്താൽ അത് ഐഛികമാണ്. (അഹ്മദ്: 2510, ഇർവാടൽ ഗലീൽ 4/149 )

## മീഖാത്തുകൾ

ഹജ്ജ്,ഉംറ എന്നീ കർമ്മങ്ങളിൽ പ്രവേശിക്കാനുള്ള അതിർത്തിയായി നബിﷺ നിർണയിച്ചുതന്ന പ്രത്യേക സ്ഥലങ്ങൾക്കാണ് മീഖാത്ത് എന്ന് പറയുന്നത്. മീഖാത്തുകൾ അഞ്ചെ ണ്ണമാണ്.

1) മദീനക്കാരുടെ മീഖാത്തായ ''ദുൽ ഹുലൈഫഃ'' (അബിയാർ അ ലി) എന്നാണ് അതിന്റെ ഇന്നത്തെ പേര്. മക്കയിൽനിന്നും കൂടുതൽ ദൂ രമുള്ള മീഖാത്താണിത്. ഇവിടെനി ന്ന് മക്കയിലേക്ക് ഏകദേശം 425 കി ലോ മീറ്ററോളം ദൂരമാണുള്ളത്.

2) അൽ ജുഹ്ഫഃ സിറിയ, ഈജിപ്ത്, മൊറോക്കോ എന്നിവരു ടേയും, ഇതിലൂടെ ഹജ്ജിനോ ഉംറ ക്കോവേണ്ടി യാത്രപോകുന്നവരുടേയും മീഖാ ത്തായ '' അൽ ജുഹ്ഫഃ [1]'' റാബിഗി നടുത്തുള്ള ജനവാസമില്ലാത്തൊരു ഗ്രാമമാണ് ഇത്. ഇന്ന് റാബിഗിൽ വെച്ചാണ് ആളുകൾ ഇഹ്റാമിൽ പ്ര വേശിക്കാറുള്ളത്. ജുഹ്ഫയേക്കാൾ അൽപംകൂടി ദൂരം

[1] റാബിഗിനടുത്തുള്ള വെള്ളപ്പൊക്കത്താൽ ഉന്മൂലനാശംമേർപ്പെട്ടതാണീ ഗ്രാമം. '' മദീനയിൽ കോളറ പടർന്നു പിടിച്ചപ്പോൾ നബി ﷺ അതിനെ ഇസ്ലാമിന്റെ ശത്രുക്കൾ താമസിച്ചിരുന്ന ജുഹ്ഫയിലേക്ക് മാറ്റാൻവേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയുണ്ടായി . ( ബുഖാരി : 5677, മുസ്ലിം : 1376 )

കൂടിയതാണ് റാബഗ്. ഇവിടേനിന്ന് മക്കയിലേക്ക് ഏകദേശം ഇരുന്നൂറ് കിലോമീറ്ററോ ളംദൂരമാണുള്ളത്.

3) നജ്ദുകാരുടെ മീഖാത്തായ ‘‘ഖർനുൽ മനാസിൽ’’ (സൈലുൽ കബീർ) എന്നപേരിലാണിത് ഇന്ന് അ റിയപ്പെടുന്നത്. ഇവിടേനിന്ന് മക്കയി ലേക്ക് ഏകദേശം 75 കിലോമീറ്റ റോളംദൂരമാണുള്ളത്. ത്വാഇഫിനടു ത്താണ് ഈ സ്ഥലം.

4) യമൻകാരുടെ മീഖാത്തായ ‘‘യലംലം’’ (സഅദിയ്യ) എന്ന പേരി ലാണിത് ഇന്നറിയപ്പെടുന്നത്. ഇന്ത്യ യിൽനിന്നു വരുന്നവർക്കുമുള്ള മീ ഖാത്താണിത്. ഇവിടേനിന്ന് മക്കയി ലേക്ക് ഏകദേശം 92 കിലോമീറ്ററോ ളം ദൂരമാണുള്ളത്.

5) ഇറാഖുകാരുടെ മീഖാത്തായ ‘‘ദാത്തു ഇർഖ്’’ (ദരീബഃ) എന്ന പേരിലാണതിന്ന് അറിയപ്പെടുന്നത്. ഇവിടേനിന്ന് മക്കയിലേക്ക് ഏകദേ ശം 94 കിലോമീറ്റ റോളം ദൂരമാണു ള്ളത്.

ഈ മീഖാത്തുകൾ മുൻ പറഞ്ഞ നാട്ടു കാർക്കും ഹജ്ജിനും ഉംറക്കു മായി അവയിലൂടെ കടന്നുപോകുന്ന മറ്റു നാട്ടുകാർക്കും നബിﷺ നിശ്ചയി ച്ചു കൊടുത്തിട്ടുള്ളതാണ്. അത് കൊണ്ട് ആ മീഖാത്തുകൾ വഴി കട ന്നുപോകുന്നവർ അവിടെ വെച്ചുത ന്നെ ഇഹ്റാമിൽ പ്രവേശിക്കുന്നതു നിർബന്ധമാണ്. ഹജ്ജിനോ, ഉംറ ക്കോ പോകുന്നവർ ഇഹ്റാമോടു കൂടിയല്ലാതെ ആ മീഖാത്തുകളിലൂ ടെ കടന്നു പോകുന്നതു ദൈവിക നിയമലംഘനമാണ്. അല്ലാഹു പറയു ന്നു:

وَمَن يَتَعَدَّ حُدُودَ اللهِ فَأُوْلَٓئِكَ هُمُ الظَّالِمُونَ ( البقرة : ٢٢٩ )

അല്ലാഹുവിന്റെ നിയമ പരിധിക ൾ ആര്‍ ലംഘിക്കുന്നുവോ അവര്‍ ത ന്നെയാകുന്നു അക്രമികള്‍. ( അല്‍ ബഖറ: 229 )

വ്യോമ മാര്‍ഗംവഴിയാണ് ഹജ്ജി നോ ഉംറക്കോ പോകുന്നതെങ്കില്‍ വിമാനം കയറും മുമ്പ് കുളിച്ച് സുഗ ന്ധംപൂശി ഇഹ്റാം വസ്ത്രമണി യുക. വിമാനം പുറപ്പെട്ട് മീഖാത്തി നു നേരെ എത്തുന്നതിന് അല്‍പം മുമ്പുതന്നെ ഇഹ്റാമില്‍ പ്രവേശി ക്കേണ്ടതുമാകുന്നു. കാരണം വിമാ നം വേഗതകൂടിയ വാഹനമായതിനാ ല്‍ അതിവേഗം അതിര്‍ത്തി കടന്നു പോകുന്നതിനാല്‍ സൂക്ഷ്മതക്കായി നേരത്തെയാകുന്നതില്‍ വിരോധമില്ല.

ഇവിടെ ചിലര്‍ മീഖാത്തിനുമുക ളിലൂടെ വിമാനത്തില്‍ കടന്നുപോകു കയും ശേഷം ജിദ്ദയില്‍ വിമാനമിറ ങ്ങി അവിടെനിന്ന് ഇഹ്റാമില്‍ പ്രവേശിക്കാറുമുണ്ട്. ഇത് പ്രവാചക ന്റെ കല്‍പനക്ക് വിരുദ്ധവും അല്ലാ ഹുവിന്റെ നിയമത്തെ മറികടക്കലു മാകുന്നു.

യാത്ര ഭൂമിയിലൂടെ ആയാലും, ആകാശത്തി ലൂടെ ആയാലും ശരി. നബിﷺ മേല്‍ പറഞ്ഞ മീഖാത്തു കള്‍ നിശ്ചയിച്ചുകൊണ്ട് പറഞ്ഞു :

هُنَّ لَهُنَّ وَلِمَنْ أَتَى عَلَيْهِنَّ مِنْ غَيْرِهِنَّ مِمَّنْ أَرَادَ الْحَجَّ وَالْعُمْرَةَ

അവ അവിടുത്തുകാര്‍ക്കും അവ യിലൂടെ ഹജ്ജും ഉംറയും ഉദ്ദേശിച്ച് കടന്നുവരുന്ന മറ്റുള്ളവര്‍ക്കും ഉള്ള മീഖാത്തുകളാണ്. ശേഷം നബിﷺ പറഞ്ഞു :

فَمَنْ كَانَ دُونَهُنَّ فَمِنْ أَهْلِهِ حَتَّى إِنَّ أَهْلَ مَكَّةَ يُهِلُّونَ مِنْهَا

അവയ്ക്കിപ്പുറമുള്ളവര്‍ അ വരുടെ വീടുകളില്‍നിന്നാണ് ഇഹ് റാമില്‍ പ്രവേശിക്കേണ്ടത്.

മക്കക്കാർ മക്കയിൽവെച്ചു തന്നെ (ഹജ്ജിന്) ഇഹ്റാമിൽ പ്രവേശിച്ചാൽ മതി. (ബുഖാരി: 1431, മുസ്ലിം:2022)

മക്കക്കാർ മക്കയിൽവെച്ചു ത ന്നെ ഇഹ്റാമിൽ പ്രവേശിച്ചാൽ മതി എന്ന നബിﷺ യുടെ പ്രസ്താവന കൊണ്ട് ഹജ്ജ് മാത്രമാണ് ഉദ്ദേശി ക്കുന്നത്. കാരണം മഹതി ആയിശ (റ) തനിക്കും ഉംറ ചെയ്യണമെന്ന് നബിﷺ യോട് ആവശ്യപ്പെട്ടപ്പോൾ സഹോദരൻ അബ്ദുറ ഹ്മാനോട് ആയിശയേയും കൊണ്ട് ഹറമിന്റെ പുറത്തുപോയി ഇഹ്റാമിൽ പ്രവേശി ച്ചു വരുവാൻ നബിﷺ നിർദ്ദേശിക്കു കയുണ്ടായി. ഈ ഹദീസിൽ നി ന്നും ഹറമിന്റെ പരിധിക്കുള്ളിൽ താമസിക്കുന്നയാൾ ഉംറ ചെയ്യാനു ദ്ദേശിച്ചാൽ ഹറമിന്റെ പുറത്തുപോ യി ഇഹ്റാം കെട്ടേണ്ടതാകുന്നു വെ ന്ന് തെളിയുന്നു. അപ്പോൾ മേൽ പറ ഞ്ഞ മക്കക്കാർ മക്കയിൽവെച്ചു ത ന്നെ ഇഹ്റാമിൽ പ്രവേശിച്ചാൽ മതി എന്ന നബിﷺ യുടെ പ്രസ്താവന കൊണ്ട് ഹജ്ജ്മാത്രമാണ് ഉദ്ദേശിച്ചി ട്ടുള്ളത് ഉംറയല്ല എന്ന് വ്യക്തമാ കുന്നു. ഹറമിൽവെച്ച് ഉംറക്ക് ഇഹ്റാമിൽ പ്രവേശിക്കൽ അനുവദ നീയമാകു മായിരുന്നെങ്കിൽ ആയിശ (റ) യോട് ഹറമിന് പുറത്തുപോയി ഇഹ്റാമിൽ പ്രവേശിച്ച് വരാൻ നിർ ബന്ധിക്കുമായിരുന്നില്ല. മക്കയിൽ വെച്ചു തന്നെ ഇഹ്റാമിൽ പ്രവേശി ക്കാൻ അനുവദിക്കു മായിരുന്നു.

എന്നാൽ ഇന്ന് പലരും ചെയ്യു ന്നത്പോലെ തൻഈമിലോ ( تنعيم) ജിഅ്റാന ( جعرانة) യിലോ മറ്റോ പോയി ഇഹ്റാം ചെയ്ത് ധാരാളം ഉംറ ചെയ്തു കൊണ്ടിരിക്കുന്നത് അടിസ്ഥാന രഹിതമാകുന്നു. കാര ണം നബിﷺ യും സഹാബത്തും അങ്ങിനെ ചെയ്തതായി അറിവില്ല. ആയിശ (റ) ഉംറക്കും കൂടിയായി രുന്നു ഇഹ്റാമിൽ പ്രവേശിച്ചിരുന്നത് പക്ഷെ

മക്കയിൽ പ്രവേശിച്ചപ്പോൾ ഋതുമതിയായതു കൊണ്ട് മറ്റുള്ളവ രോടൊപ്പം ഉംറ ചെയ്യാൻ സാധിച്ചി ല്ല. പിന്നീട് ശുദ്ധിയായ ശേഷം അതി ന് പകരമെന്നോളം തനിക്കും ഉംറ ചെയ്യണമെന്ന് നബിﷺ യോട് ആവ ശ്യപ്പെടുകയും നബിﷺ അതിന് അ നുവദിക്കുകയുമാ യിരുന്നു. ആയിശ (റ)ക്ക് നേരിട്ടതുപോലുള്ള പ്രതിബ ന്ധങ്ങൾ ആർക്കെങ്കിലും നേരിട്ടാൽ അത്തരക്കാർക്ക് മാത്രം ഇപ്രകാരം ഉംറ നിർവ്വഹിക്കാമെന്നതിന് മാത്രമാ ണ് തെളിവുകളുടെ പിൻബലമു ള്ളത്. ആയിശ (റ) യുടെ കൂടെപ്പോ യ അബ്ദുറഹ്മാൻ ؓ ഉംറ ചെയ് തിട്ടില്ല എന്നത് പ്രത്യേകം ശ്രദ്ധേ യമാണ്.



## ഉംറയുടെ രൂപം

**ഉംറയുടെ റുക്നുകൾ**

ഇഹ്റാമിൽ പ്രവേശിക്കുക
ത്വവാഫ്
സഫാ മർവക്കിടയിലെ സഅ്യ് എന്നിവയാണ്.

**ഉംറയുടെ വാജിബുകൾ**

മീഖാത്തിൽ വെച്ച് ഇഹ്റാമിൽ പ്രവേശിക്കുക
മുടിയെടുക്കൽ എന്നിവയാണ്.

റുക്നുകളിൽ ഏതെങ്കിലും ന ഷ്ടപ്പെട്ടാൽ പ്രസ്തുത കർമ്മം ശരി യാകുന്നതല്ല. പ്രായശ്ചിത്തം കൊ ണ്ടും പരിഹരിക്കപ്പെടുന്നതല്ല. ഉദാഹ രണത്തിന് ദുൽഹജ്ജ് 9 ന് അറഫ യിൽ നിൽക്കുക എന്ന റുക്ന് നിർവ്വ ഹിക്കാതിരുന്നാൽ അയാളുടെ ഹ ജ്ജ് സ്വീകര്യ മാവുകയില്ല.

വാജിബുകളിൽ ഏതെങ്കിലും നഷ്ടപ്പെട്ടാൽ പ്രായശ്ചിത്തമായി ഹറമിൽവെച്ച് ബലിയറുത്ത് ധർമം ചെയ്യുന്നത്കൊണ്ട് പരിഹരിക്കപ്പെ ടും. ഉദാഹരണം ഇഹ്റാമിൽ പ്രവേശിക്കാതെ മീഖാത്തിലൂടെ കട ന്നുപോകുക. ഇതിന് പകരം അയാൾ ഒരു ബലിമൃഗത്തെ അറുത്തുകൊടു ത്താൽ മതിയാകും.

**മീഖാത്തിന് മുമ്പ്**

ഹജ്ജ് കാലം, റമദാൻപോലെ തിരക്കുകളനുഭവപ്പെടുന്ന സമയത്താ ണ് മീഖാത്തിലെത്തുന്ന തെങ്കിൽ മീഖാത്തിനടുത്ത് സൗകര്യപ്പെടുന്ന ലോഡ്ജുകളിൽ നിന്നോ മറ്റോ കു ളിച്ച് വൃത്തിയായി ഇഹ്റാ മിനുള്ള വസ്ത്രങ്ങൾ ധരിക്കുന്നത് കൂടുതൽ സൗകര്യമാകും. പിന്നീട് മീഖാത്തി ലൂടെ കടന്നു പോകുമ്പോൾ ഇഹ്റാ മിൽ പ്രവേശിക്കുന്നുവെന്ന് കരുതു കയും തൽബിയത്ത് ചൊല്ലിത്തു ടങ്ങുകയും ചെയ്താൽ മതിയാകുന്ന താണ്. കാരണം ഇത്തരം സീസണു കളിൽ ലോകത്തിന്റെ നാനാ ഭാഗ ത്തു നിന്നും അല്ലാഹുവിന്റെ അതി ഥികൾ അവിടെ വന്നെത്തിച്ചേർ ന്നിരിക്കും.

**മീഖാത്തിലെത്തിയാൽ**

ഒരാൾ ഹജ്ജിനോ, ഉംറക്കോ മക്ക യിലേക്ക് പുറപ്പെടുമ്പോൾ മേൽ
സൂചിപ്പിക്കപ്പെട്ട മീഖാത്തുകളിൽ വെച്ച് ചില കാര്യങ്ങൾ ചെയ്യേണ്ടതു ണ്ട്. അവ താഴെ കൊടുക്കുന്നു.

1) ഇഹ്റാമിനു മുമ്പായി കക്ഷത്തി ലേയും, ഗുഹ്യ സ്ഥാനത്തിലേയും രോമങ്ങൾ നീക്കം ചെയ്യുക. മീശ വെട്ടുക, നഖംമുറിക്കുക. കാരണം ഇഹ്റാമിൽ പ്രവേശിച്ചു കഴിഞ്ഞാ ൽ ഇവ നിഷിദ്ധമാകുന്നു.
2) ഇഹ്റാമിനുവേണ്ടിയെന്ന ഉദ്ദേശ്യ ത്തോടെ കുളിക്കുക.

നബിﷺ ഇഹ്റാമിൽ പ്രവേ ശിച്ചപ്പോൾ തുന്നിയ വസ്ത്രം അഴിച്ചുമാറ്റുകയും കുളിക്കുകയും ചെയ്തു. (സ്വഹീഹുത്തിർമുദി:830) ചെറിയവനെന്നോ വലിയവരെ ന്നോ ആർത്തവകാരിയെന്നോ, പ്ര സവ രക്ത മുള്ളവരെന്നോ വ്യത്യാ സമില്ലാതെ എല്ലാവർക്കും ഇഹ്റാ മിനുള്ള കുളി സുന്നത്താകുന്നു.
3) ഇഹ്റാമിന്റെ വസ്ത്രത്തിലാകാത്ത വിധം ശരീരഭാഗങ്ങളിലും താടിയി ലുമെല്ലാം സുഗന്ധം പൂശുക.

عَنْ عَائِشَةَ رَضِيَ اللهُ عَنْهَا زَوْجِ النَّبِيِّ ﷺ قَالَتْ كُنْتُ أُطَيِّبُ رَسُولَ اللهِ ﷺ لِإِحْرَامِهِ حِينَ يُحْرِمُ وَلِحِلِّهِ قَبْلَ أَنْ يَطُوفَ بِالْبَيْتِ) رواه البخاري : ١٤٣٩ ومسلم ٨١

ആയിശ (റ) പറയുന്നു: നബിﷺ ഇഹ്റാമിൽ പ്രവേശിക്കുന്നതിന് മു മ്പായി ഇഹ്റാമിനുവേണ്ടി അദ്ദേഹ ത്തിനു ഞാൻ സുഗന്ധം പൂശി ക്കൊടുക്കുമായിരുന്നു. ഇഹ്റാമി ൽ നിന്നൊഴിവാകുന്നതിന്നു വേ ണ്ടി ത്വവാഫിന്ന് മുമ്പും.

(ബുഖാരി: 1439, മുസ്ലിം : 81 ) ഇതിന്റെ അടയാളം ഇഹ്റാമിനു ശേഷം ശരീരത്തിൽ അവശേഷി ക്കുന്നതുകൊണ്ട് വിരോധമില്ല. കാ രണം ഇഹ്റാമിൽ പ്രവേശിച്ച ശേ ഷം നബിﷺ യുടെ ശരീരത്തിൽ സുഗന്ധത്തിന്റെ അടയാളം കണ്ട തായി ആയിശ(റ) യിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

( ബുഖാരി : 263 )

4) തുടർന്ന് ഇഹ്റാമിനുള്ള വസ് ത്രം ധരിക്കുക. പുരുഷൻ ഒരു തു ണിയുടുക്കുകയും, ഒരു തട്ടം കൊണ്ട് ശരീരം പുതക്കുകയും, ചെരിപ്പണിയു കയും ചെയ്യേണ്ടതാകുന്നു. തല മറക്കരുത്. ഇബ്നു ഉമർ‌ؓ നിവേദനം നബിﷺ പറഞ്ഞു :

وليحرم أحدكم في إزار ورداء ونعلين (رواه أحمد أنظر إرواء الغليل ٤ /٢٩٣)

തുണിയും തട്ടവും രണ്ടു ചെരി പ്പും അണിഞ്ഞു കൊണ്ടാണ് നി ങ്ങളോരോരുത്തരും ഇഹ്റാമിൽ പ്രവേശിക്കേണ്ടത്. ( ഇർവാഗുൽ ഗലീൽ : 293)

അത് വെളുത്തതും വൃത്തിയു ള്ളതുമായിരിക്കാൻ ശ്രമിക്കേണ്ട താകുന്നു. പൊതുവേ നബിﷺ ക്ക് പ്രിയമുള്ളതായിരുന്നു ഇത്. വെളു ത്ത വസ്ത്രം ധരിക്കുവാനും മരണ പ്പെട്ടവരെ അതിൽ കഫൻ ചെയ്യു വാനും നിർദ്ദേശിക്കുന്ന നബി വച നം സഹീഹായ പരമ്പരയിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു.
(തിർമുദി, നസാഈ, ഇബ്നുമാജ)

സ്ത്രീകൾ മുഖവും മുൻകയ്യുമ ല്ലാത്ത ബാക്കി ശരീരഭാഗങ്ങൾ മു ഴുവനും മറയുന്ന നിലക്കുള്ള ഏത് വസ്ത്രവും ധരിക്കാവുന്നതാണ്. സ്ത്രീകൾക്ക്

ആർത്തവം, പ്രസവ രക്തം എന്നിവ ഉണ്ട് എന്ന കാര ണത്താൽ ഹജ്ജിനോ, ഉംറക്കോ ഇഹ്റാമിൽ പ്രവേശിക്കാതെ മീഖാ ത്ത് കടന്നു പോകാൻ പാടില്ല. മറി ച്ച് ഇഹ്റാമിൽ പ്രവേശിക്കൽ നിർബന്ധമാകുന്നു.

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا قَالَتْ خَرَجْنَا مَعَ رَسُولِ اللَّهِ ﷺ لا نَذْكُرُ إِلَّا الْحَجَّ حَتَّى جِئْنَا سَرِفَ فَطَمِثْتُ فَدَخَلَ عَلَيَّ رَسُولُ اللَّهِ ﷺ وَأَنَا أَبْكِي فَقَالَ مَا يُبْكِيكِ فَقُلْتُ وَاللَّهِ لَوَدِدْتُ أَنِّي لَمْ أَكُنْ خَرَجْتُ الْعَامَ قَالَ مَا لَكِ لَعَلَّكِ نَفِسْتِ قُلْتُ نَعَمْ قَالَ هَذَا شَيْءٌ كَتَبَهُ اللَّهُ عَلَى بَنَاتِ آدَمَ افْعَلِي مَا يَفْعَلُ الْحَاجُّ غَيْرَ أَنْ لَا تَطُوفِي بِالْبَيْتِ حَتَّى تَطْهُرِي... ( مسلم ٢١١٥)

ആയിശ(റ) നിവേദനം റസൂൽﷺയു ടെകൂടെ ഞങ്ങൾ പുറപ്പെട്ടു ഹജ്ജു കർമ്മമല്ലാതെ മറ്റൊന്നും ഞങ്ങൾ ഉദ്ദേശിച്ചിരുന്നില്ല. സരിഫ് പ്രദേശത്ത് എത്തിയപ്പോൾ എനിക്ക് ആർത്തവ മുണ്ടായി. ഞാൻ കരഞ്ഞുകൊണ്ടി രിക്കെ നബിﷺ എന്റെ അടുത്തേക്ക് കടന്നുവന്നു. അവിടുന്ന് ചോദിച്ചു: നീയെന്താണ് കരയുന്നത്? ഞാൻ പറ ഞ്ഞു അല്ലാഹുവാണ് സത്യം ഈ വർഷം ഞാൻ പുറപ്പെട്ടില്ലായിരുന്നു വെങ്കിൽ നന്നായിരുന്നുവെന്ന് എനി ക്ക് തോന്നിപ്പോകുന്നു. നബിﷺപറ ഞ്ഞു: എന്തു പറ്റി! നീ ഋതുമതി യായോ? ഞാൻ പറഞ്ഞു അതെ, നബിﷺ പറഞ്ഞു: അതു സ്ത്രീകൾ ക്ക് അല്ലാഹു നിശ്ചയിച്ച കാര്യമാണ്. ഹാജിമാർ ചെയ്യുന്നതൊക്കെ നീയും ചെയ്തുകൊള്ളുക. പക്ഷെ ശുദ്ധി യാകുന്നത്വരെ കഅ്ബയെ ത്വവാഫ് ചെയ്യരുത്. ( മുസ്ലിം : 2115 )

മേൽപറഞ്ഞ കാര്യങ്ങൾ മീഖാ ത്തിൽനിന്നു തന്നെ ചെയ്യണമെന്നില്ല. മീഖാത്തിലെത്തുന്നതിനു മുമ്പ് സ്വ

ന്തം വീട്ടിൽ വെച്ചും, മുറിയിൽവെ ച്ചും നിർവ്വഹിക്കാവുന്നതാണ്. വിമാ നമാർഗ്ഗമോ കപ്പൽ വഴിയോ ഹജ്ജി നോ ഉംറക്കോ പുറപ്പെടുന്നവർ വാ ഹനം കയറുന്നതിനു മുമ്പു തന്നെ മേൽ പറഞ്ഞ കാര്യങ്ങൾ നിർവ്വ ഹിക്കുകയുംശേഷം മീഖാത്തിനോട ടുത്താൽ ഇഹ്റാമിൽ പ്രവേശിക്കു കയും ചെയ്താൽ മതിയാകും.

നമസ്കാര സമയമാണെങ്കിൽ അതിനശേഷം ഇഹ്റാമിൽ പ്രവേശി ക്കുക. ഇഹ്റാമിന്നായി പ്രത്യേക നമസ്കാരം നബിചര്യയിലില്ല. എ ന്നാൽ അബിയാർ അലി എന്ന പേ രിൽ ഇന്നറിയപ്പെടുന്ന 'വാദീ അഖീഖിലെ ' 'ദുൽഹുലൈഫ' എന്ന മദീനയുടെ അടുത്തുള്ള മീഖാത്തി ൽ നിന്നാണ് ഇഹ്റാം ചെയ്യുന്ന തെ ങ്കിൽ അവിടെ വെച്ച് നമസ്കരിക്കൽ സുന്നത്താകുന്നു. ഉമർﷺ പറയുന്നു: നബിﷺ 'വാദീ അഖീഖിൽ വെച്ച് ഇ പ്രകാരം പറയുന്നത് ഞാൻ കേട്ടു: ഈ രാത്രിയിൽ എന്റെ രക്ഷി താവിന്റെ യടുക്കൽനിന്ന് ഒരു ആഗ തൻ (ജിബ്‌രീൽعليه السلام) വന്നു ഇപ്രകാ രം പറയുകയുണ്ടായി

صَلِّ فِي هَذَا الْوَادِي الْمُبَارَكِ وَقُلْ عُمْرَةً و حَجَّةٍ ( البخاري : ٦٧٩٧)

ഈ അനുഗ്രഹീത താഴ്‌വരയിൽ നമസ്കരിക്കുകയും ഉംറയും ഹ ജ്ജും നിർവ്വഹിക്കുന്നതിൽ പ്രവേശി ക്കുന്നു വെന്ന് പറയുകയും ചെയ്യു ക. . ( ബുഖാരി : 6797 )

6) വാഹനത്തിൽ കയറിയിരുന്ന് അല്ലാഹുവിനെ സ്തുതിക്കുകയും പ്ര കീർത്തിക്കുകയും മഹത്വപ്പെടുത്തു കയും ചെയ്ത ശേഷം ഇഹ്റാമിൽ പ്രവേശിക്ക ലാണ് നബിﷺ യുടെ സുന്നത്ത്. (ബുഖാരി 1450, അബൂ ദാവൂദ് 1531) അധികപേരും ശ്രദ്ധി ക്കാതെ പോകുന്നൊരു സുന്നത്താ ണിത്. ഇമാം ബുഖാരി(റ) ഈ

വിഷ യത്തിൽ ഒരധ്യായംതന്നെ നൽകു ന്നു വെന്നത് വളരെ ശ്രദ്ധേയമാകു ന്നു.

7) ഖിബ്‌ലക്കഭിമുഖമായി ഇഹ്റാമിൽ പ്രവേശിക്കുക എന്നതും പ്രവാച ക ചര്യയാകുന്നു. ( ബുഖാരി: 1451)

8) لبيك عمرة'' ( ലബ്ബൈക്ക ഉംറത്തൻ) എന്ന് പറഞ്ഞ് ഇഹ്റാമിൽ പ്രവേ ശിക്കുക. നബിﷺ ഇപ്രകാരം പറ ഞ്ഞതായി അനസുബ്നു മാലിക് ؓ നിവേദനം ചെയ്യുന്നു. ( സ്വഹീഹു അബൂദാവൂദ്: 1795, സ്വഹീഹു നസാഈ: 2729, ഇബ്നു മാജഃ: 2968 ) എന്നാൽ നിയ്യത്ത് എന്ന നിലക്ക് അല്ല ഇത്. നിയ്യത്തി ന്റെ സ്ഥാനം ഹൃദയമാകുന്നു. ന ബിﷺ പറഞ്ഞു എന്നത്കൊണ്ടാ ണ് നാം ഇപ്രകാരം പറയുന്നത്.

9) രോഗം ശത്രു ഭയം പോലെയുള്ള കാരണങ്ങളാൽ ഭയപ്പെടുന്ന വർ ക്ക് ''എവിടെയെങ്കിലും വെച്ച് എ നിക്കു വല്ല തടസ്സവും നേരിട്ടാൽ അവിടെ വെച്ചു ഞാൻ ഇഹ്റാമി ൽനിന്ന് ഒഴിവാകും. എന്ന നിബ ന്ധനയോടെ ഇഹ്റാമിൽ പ്രവേശി ക്കാവുന്നതാണ് . ആയിശ (റ) നി വേദം. ദുബാഅത്ത് ബിൻതു സു ബൈർ (റ) നബിﷺ യോട് ഇപ്ര കാരം ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ഞാൻ രോഗിയാണ്. എ നിക്കു ഹജ്ജു ചെയ്യണമെന്ന് ഉദ്ദേ ശമുണ്ട് . നബിﷺ അരുളി :

حُجِّي وَاشْتَرِطِي أَنَّ مَحِلِّي حَيْثُ حَبَسْتَنِي

( البخاري : ٤٦٩٩و مسلم : ٢١٠٢)

''തടസ്സമുണ്ടാകുന്നേടത്തുവെച്ച് ഞാൻ ഇഹ്റാമിൽനിന്ന് ഒഴിവാകു മെന്ന നിബന്ധന

യോടുകൂടി നീ ഹജ്ജിന് ഇഹ്റാം ചെയ്യുക'' ( ബുഖാരി: 4699, മുസ്‌ലിം: 2102, അബൂ ദാവൂദ് : 1513 )

ഇങ്ങനെ നിബന്ധനയോടെ ഇഹ്റാമിൽ പ്രവേശിച്ച ആൾക്ക് രോ ഗമോ ശത്രുക്കളുടെ തടസ്സമോ കാരണം ഹജ്ജ് പൂർത്തിയാക്കാൻ സാധിക്കാതെ വന്നാൽ അയാൾക്ക് ഇഹ്റാമിൽനിന്ന് ഒഴിവാകാവുന്നതാ ണ്. അയാൾ പ്രായശ്ചിത്തം നൽകേ ണ്ടതില്ല.

## ഇഹ്റാമിനു ശേഷം പാടില്ലാത്തവ

ഇഹ്റാമിൽ പ്രവേശിച്ചു കഴി ഞ്ഞാൽ താഴെ പ്പറയുന്നവ ഹറാമാ കുന്നു.

1) കാരണം കൂടാതെ മുടി എടുക്ക ൽ. എന്നാൽ മനഃപ്പൂർവ്വമല്ലാതെ ശ രീരത്തിൽ നിന്നോ തലയിൽ നിന്നോ മുടി വീഴുന്നതിന് വിരോധമില്ല.

2) നഖം മുറിക്കൽ. പക്ഷെ, നഖം മുറിഞ്ഞു നിൽക്കുന്നത് കൊണ്ട് പ്ര യാസമനുഭവപ്പെടുകയാ ണെങ്കിൽ നീക്കം ചെയ്യുന്നതിന് വി രോധമില്ല.

3) ശരീരത്തിലോ വസ്ത്രത്തിലോ സുഗന്ധം ഉപയോഗിക്കൽ മറന്നു കൊണ്ടാണത് ചെയ്തതെങ്കിൽ എത്ര യും പെട്ടെന്ന് അത് കഴുകിക്കള യേണ്ടതാകുന്നു.

4) സംയോഗം,അതുമായി ബന്ധപ്പെട്ട ചുംബനം, ഹസ്തമൈഥുനം ആലിം ഗനം പോലുള്ളവ

5) കയ്യുറ ധരിക്കൽ

6) മാൻ, മുയൽ, പ്രാവ് തുടങ്ങിയ വേട്ടജന്തുക്കളെ കൊല്ലുക, വേട്ടയാ ടിപ്പിടിക്കുക, അതിന്നായി സഹായിക്കൽ, ആട്ടിയോടിക്കുക. എന്നിവ നി ഷിദ്ധമാണ്. എന്നാൽ ഉപദ്രവകാ രികളായ പ്രാണികൾ, വന്യ മൃഗങ്ങ ൾ തുടങ്ങിയവയെ കൊല്ലുന്നത് കൊ ണ്ട് വിരോധമില്ല. അപ്രകാരം ഇബ്നു ഉമർ ﷺ ഉദ്ധരിക്കുന്ന

ഹദീസിൽ നബിﷺ പറഞ്ഞു : തേൾ, എലി, ക ടിക്കുന്ന നായ, കാക്ക, പരുന്ത് എ ന്നീ അഞ്ചു മൃഗങ്ങളെ ഇഹ്റാമിലാ യിരിക്കെ ആവശ്യമെങ്കിൽ വധിക്കു ന്നതിന് വിരോധമില്ലെന്ന് ബുഖാരി യിൽ കാണാം. (: 3068)

7) പുരുഷൻ ശരീരം പൂർണ്ണമായോ ഭാഗികമായോ മറക്കുന്നതായ അടി വസ്ത്രം, ബനിയൻ, കുപ്പായം, കാലുറ, ഷൂസ്, തുടങ്ങി മനുഷ്യാവയ വങ്ങൾക്ക് അനുസൃതമായി കൂട്ടി തുന്നപ്പെട്ട വസ്ത്രം ധരിക്കലും, സ്ത്രീ മുഖവും മുൻ കയ്യും മറക്കു ന്നതും. എന്നാൽ തുണി കിട്ടാത്ത വർക്ക് കാലുറയും ചെരിപ്പ് കിട്ടാത്ത വർക്ക് ബൂട്ട്സും കീറാതെത്തന്നെ ധരിക്കാവുന്നതാണ്. നബിﷺ പറ ഞ്ഞു:

(مَنْ لَمْ يَجِدْ نَعْلَيْنِ فَلْيَلْبَسْ خُفَّيْنِ وَمَنْ لَمْ يَجِدْ إِزَارًا فَلْيَلْبَسْ سَرَاوِيلَ) )

البخاري ٥٣٥٧ ومسلم : ٢٠١٦)

ആർക്കെങ്കിലും ചെരിപ്പ് കിട്ടിയിട്ടി ല്ലെങ്കിൽ അയാൾക്ക് ബൂട്ട്സ് ധ രിക്കാം. ആർക്കെങ്കിലും തുണി കിട്ടി യിട്ടില്ലെങ്കിൽ അയാൾ കാലുറ അണി യട്ടെ. (ബുഖാരി 5357,മുസ്‌ലിം 2016)

8) പുരുഷൻ തൊപ്പി, തലപ്പാവ്, തട്ടം തുടങ്ങിയവ കൊണ്ട് തല മറക്കൽ. എന്നാൽ തല മറക്കാനാണെന്ന ഉദ്ദേ ശമില്ലാതെ കുടചൂടുന്നതിനും, വാഹ നത്തിൽ ഇരി ക്കുന്നതിനും, തലയി ൽ തനിക്കാവശ്യമുള്ള സാധന ങ്ങള ടങ്ങിയ ബാഗ്, പെട്ടി എന്നിവ ചുമ ക്കുന്ന തിനും വിരോധമില്ല.

9) വിവാഹം, വിവാഹന്വേഷണം, സ്ത്രീകളു മായി രതിലീലകൾ തുട ങ്ങിയവ ഹറാമാണ്.

10) ഇഹ്റാമിലായിരിക്കെ മരണപ്പെ ട്ടാൽ അയാളെ കുളിപ്പിച്ചശേഷം അ യാളുടെ ഇഹ്റാമിന്റെ വസ്ത്രത്തി

ൽതന്നെ കഫൻ ചെയ്യണം . നബി ﷺ പറയുകയു ണ്ടായി :

اغْسِلُوهُ بِمَاءٍ وَسِدْرٍ وَكَفِّنُوهُ فِي ثَوْبَيْهِ وَلَا تَمَسُّوهُ بِطِيبٍ وَلَا تُخَمِّرُوا رَأْسَهُ فَإِنَّهُ يُبْعَثُ يَوْمَ الْقِيَامَةِ مُلَبِّيًا (البخاري ١٧١٩)

നിങ്ങൾ അയാളെ താളിയുപ യോഗിച്ചു കുളിപ്പിക്കുക അയാളുടെ രണ്ടു വസ്ത്രത്തിൽ കഫൻ ചെയ്യു ക. തല മറക്കുകയും, സുഗന്ധം പുര ട്ടുകയും അരുത്. പുനരുത്ഥാനദിന ത്തിൽ 'തൽബിയത്ത്' ചൊല്ലു ന്നവ നായിട്ടാണ് അല്ലാഹു അയാളെ എഴു ന്നേൽപി ക്കുക.( ബുഖാരി : 1719 )

***പ്രത്യേകം ഓർക്കുക. :-***

ഹറമിന്റെ പരിധിയിലുള്ള സ സ്യലതാദികൾ മുറിക്കൽ ഇഹ്റാമിൽ പ്രവേശിച്ചവർക്കും അല്ലാത്ത വർ ക്കും പാടില്ലാത്തതാകുന്നു.

## കുറ്റകൃത്യങ്ങൾക്കുള്ള പ്രായശ്ചിത്തം

ഇതിന് മൂന്ന് അവസ്ഥകളാണുണ്ടാ കുക.

1) ചെയ്യാൻ പാടില്ലാത്തവ അകാരണ മായി ചെയ്യൽ: ഇയാൾ കുറ്റക്കാ രനാകുന്നതും പ്രായശ്ചിത്തം നൽ കേണ്ടതുമാകുന്നു.

2) അത്യാവശ്യം നിമിത്തമാണത് ചെ യ്തതെങ്കിൽ അയാൾ കുറ്റക്കാര നാകുന്നതല്ല. പക്ഷെ, പ്രായശ്ചി ത്തം നൽകേണ്ടതാകുന്നു. ഉദാഹ രണത്തിന് അതികഠിനമായ തണു പ്പുള്ളപ്പോൾ രോഗമുണ്ടാ കുമെന്ന് ഭയപ്പെട്ടുകൊണ്ട് ഷർട്ട് പോലുള്ള വസ്ത്രം ധരിക്കൽ. അല്ലാഹു പറയുന്നു:

{وَلاَ تَحْلِقُواْ رُؤُوسَكُمْ حَتَّى يَبْلُغَ الْهَدْيُ مَحِلَّهُ فَمَن كَانَ مِنكُم مَّرِيضاً أَوْ بِهِ أَذًى مِّن رَّأْسِهِ فَفِدْيَةٌ مِّن صِيَامٍ أَوْ صَدَقَةٍ أَوْ نُسُكٍ} [البقرة،١٩٦]،

നിങ്ങളിലാരെങ്കിലും രോഗിയാവുക യോ, തലയിൽ വല്ല ശല്യവും അനുഭ വപ്പെടുകയോ ആണെങ്കിൽ (മുടി നീക്കുന്നതിന്)പ്രായശ്ചിത്തമായി നോ മ്പോ, ദാനധർമ്മമോ ബലി കർമ്മമോ നിർവ്വഹിച്ചാൽ മതിയാകും. ( അൽ ബഖറ : 196)

കഅബുബ്നു ഉജ്റﷺവിന്ന് ത ലയിൽ പേൻ അധികരിച്ച് ശല്ല്യമാ യിത്തീർന്നപ്പോൾ നബിﷺ അദ്ധേ ഹത്തോട് പറയുകയുണ്ടായി :

احْلِقْ رَأْسَكَ وَصُمْ ثَلاَثَةَ أَيَّامٍ أَوْ أَطْعِمْ سِتَّةَ مَسَاكِينَ أَوْ انْسُكْ بِشَاةٍ

(البخاري : ١٦٨٦)

നീ തല മുണ്ഡനം ചെയ്യുകയും (പ്രായശ്ചിത്തമായി) മൂന്ന് ദിവസം നോമ്പെടുക്കുകയോ , അല്ലെങ്കിൽ ആറു സാധുക്കൾക്ക് ഭക്ഷണം നൽകുകയോ, അതുമല്ലെ ങ്കിൽ ഒരാ ടിനെയറുത്ത് ധാനം ചെയ്യുകയോ ചെയ്യാ നും കല്പിച്ചു. (ബുഖാരി: 1686, മുസ്ലിം : 2083 )

3) നിയമം അറിയാതേയോ മറന്നോ നിർബന്ധിത നായോആണ് ചെയ്ത തെങ്കിൽ കുറ്റക്കാരനാകുന്നതല്ല. ഏ റ്റവും ശരിയായ അഭിപ്രായ പ്രകാരം അയാൾ പ്രായശ്ചിത്തം നൽകേണ്ട തുമില്ല.

***ഓർത്തിരിക്കുക : –***

ഇഹ്റാമിൽ പ്രവേശിച്ചവർ ചെ യ്യാൻ പാടില്ലാത്തവയിൽ നിന്നും നി ർബന്ധമായും അകന്നു നിൽക്കേ ണ്ടതാകുന്നു. വ്യക്തമായ കാരണം കൂടാതെ

അവ ഒരിക്കലും ചെയ്തു പോകരുത്. ചിലർ ഇത് ലാഘവ ബുദ്ധിയോടെ കാണുകയും പ്രായ ശ്ചിത്തം നൽകി യാൽ കുറ്റത്തിൽ നിന്നൊഴിവാകാമെന്ന നിലയിൽ അ കാരണമായി അവ ചെയ്യുന്നതായി കണ്ടുവരുന്നുവെന്നത് ഖേദകരമാ ണ്. പ്രായശ്ചിത്തമെന്നത് നിഷിദ്ധ മായ കാര്യങ്ങൾ ചെയ്യുന്നതിനുള്ള ഇളവല്ലെന്ന് പ്രത്യേകം ഓർക്കുക. !!

**പ്രായശ്ചിത്തം നൽകേണ്ടവ**

ഉംറയിൽനിന്ന് തഹല്ലുലാകുന്നതി ന്മുമ്പ് സ്ത്രീയുമായി ബന്ധപ്പെട്ടാ ൽ മക്കയിൽവെച്ച് ഒരാടി നെ അറു ത്ത് സാധുക്കൾക്കിടയിൽ വിതരണം ചെയ്യുകയും പശ്ചാതപിക്കുകയും ആ ഉംറ പൂർത്തി യാക്കുകയും ചെയ്യേണ്ടതാകുന്നു. മാത്രവുമല്ല പി ന്നീട് ഉംറ ഖളാഅ് വീട്ടേണ്ടതുമാ കുന്നു.

ഹജ്ജിൽ പ്രവേശിച്ചവർ ഒന്നാ മത്തെ തഹല്ലു ലാകുന്നതിന് (ദുൽ ഹജ്ജ് 10ന്) ചെയ്യേണ്ട നാലു പ്രവർ ത്തികളിൽ ഏതെങ്കിലും രണ്ടെണ്ണം നിർവ്വഹിക്കുന്നതിന്) മുമ്പ് സ്ത്രീ യുമായി ബന്ധപ്പെട്ടാൽ മക്കയി ൽവെച്ച് ഒരൊട്ടകത്തെ അറുത്ത് സാ ധുക്കൾക്കിടയിൽ വിതരണം ചെയ്യു കയും പശ്ചാതപിക്കുകയും ആ ഹജ്ജ് പൂർത്തിയാക്കുകയും ചെയ്യേ ണ്ടതാകുന്നു. മാത്രവുമല്ല ആ ഹ ജ്ജ് പിന്നീട് ഖളാഅ് വീട്ടേണ്ടതുമാ കുന്നു.

നഖം മുറിക്കൽ, മുടി നീക്കം ചെയ്യൽ, സുഗന്ധം ഉപയോഗിക്കൽ, പുരുഷൻ ജട്ടി, ബനിയൻ, ഷർട്ട് തു ടങ്ങി കൂട്ടിതുന്നിയ വസ്ത്രം ധരി ക്കുക, തല മറക്കുക, സ്ത്രീകൾ മു ഖമോ മുൻകയ്യോമറക്കൽ, ഇവയി ലേതെങ്കിലും ചെയ്താൽ ഒന്നുകിൽ ഒരാടിനെ അറുത്തു കൊടുക്കുക, അതല്ലെങ്കിൽ മക്കയിലുള്ള ആറു

സാധുക്കൾക്ക് ഭക്ഷണം നൽകുക. അതുമല്ലെങ്കിൽ മൂന്ന് ദിവസം നോ മ്പെടുക്കുകയോ ചെയ്യുക.

പ്രായശ്ചിത്തമായി ആടിനെ അറുത്തു കൊടു ക്കുകയാണെങ്കിൽ അതിൽനിന്ന് അവന് ഭക്ഷിക്കാൻ പാടില്ല. മുഴുവൻ മാംസവും സാധു ക്കൾക്ക് വിതരണം ചെയ്യേണ്ടതാ കുന്നു.

വേട്ടയാടുകയോ മറ്റോ ചെയ് താൽ കൊന്ന തിന് തുല്യമായി രണ്ട് നീതിമാന്മാർ തീർപ്പ് കൽപിക്കുന്ന കാലികളെ മക്കയിൽവെച്ച് ബലിയ റുക്കുക. അല്ലെങ്കിൽ അതിന്റെ വില ക്ക് ഭക്ഷണം വാങ്ങി അര സ്വാഅ് (ഏകദേശം ഒന്നേകാൽ കിലോ ഗ്രാം) വീതം പാവങ്ങൾക്ക് വിത രണം ചെയ്യുക. അതുമല്ലെങ്കിൽ അ തിന്റെ വിലകൊണ്ട് എത്ര സാധു ക്കൾക്ക് ആഹാരം കൊടുക്കാൻ കഴിയുമോ ആ സാധുക്കളുടെ എണ്ണത്തിന്റെ അത്രയും ദിവസം നോമ്പനുഷ്ഠിക്കേണ്ടതാണ്.

വിവാഹം, വിവാഹന്വേഷണം, ശൃംഗാരം, സല്ലാപം പോലുള്ള കാ ര്യങ്ങൾ സംഭവിച്ചാൽ പാപമോചനം തേടേണ്ടതാകുന്നു.

## ഇഹ്റാമിനു മുമ്പും ശേഷവും പാടില്ലാത്തവ

ഇഹ്റാമിൽ പ്രവേശിച്ചവർക്കും അല്ലാത്തവർക്കും നിഷിദ്ധമായവയാ ണ് ഇവയെങ്കിലും ഇഹ്റാമിൽ പ്ര വേശിച്ചവർ അത് പ്രവർത്തിക്കു മ്പോൾ അതിന്റെ ഗൗരവം കൂടുന്ന താകുന്നുവെന്നതിനാൽ അവ സംഭ വിച്ചു പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഏഷണി, പരദൂഷണം, കളവു പറയൽ,ചീത്ത പറയൽ, സം ഗീതം പോലുള്ള നിഷിദ്ധമായവ കേ ൾക്കൽ, നിഷിദ്ധമായവ നോക്കൽ, വഴക്കു കൂടൽ, തർക്കിക്കൽ,

തോ ന്നിവാസം പ്രവർത്തിക്കൽ... തുട ങ്ങിവയ ഇവക്കുദാഹരണങ്ങളാണ് . അല്ലാഹു പറയുന്നു.

لْحَجُّ أَشْهُرٌ مَّعْلُومَاتٌ فَمَن فَرَضَ فِيهِنَّ الْحَجَّ فَلاَ رَفَثَ وَلاَ فُسُوقَ وَلاَ جِدَالَ فِي الْحَجِّ [البقرة، ١٩٧]

ഹജ്ജ് കാലം അറിയപ്പെട്ട മാസങ്ങളാകുന്നു. ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് കർമ്മത്തിൽ പ്ര വേശിച്ചാൽ പിന്നീട് സ്ത്രീ പുരുഷ സംസർഗ്ഗമോ ദുർവൃത്തിയോ വഴ ക്കോ ഹജ്ജിനിടയിൽ പാടുള്ളതല്ല. ( അൽബഖറ : 197 )

അതിനാൽ ഒഴിവു സമയങ്ങളിൽ ദികറുക ളിലും പ്രാർത്ഥനകളിലും തസ്ബീഹുകളിലുമായി കഴിയേണ്ട താകുന്നു.

**ഇഹ്റാമിൽ പ്രവേശിച്ചവർക്ക് അനു വദനി യമായവ**

- കുട, കണ്ണട, മോതിരം, വാച്ച്, ബെ ൽറ്റ്, മൊബൈൽ, പേഴ്സ് പോലു ള്ളവ ഉപയോഗിക്കൽ
- മുടി ചീവുക. ഇതുമൂലം വല്ലതും ശരീരത്തിൽ നിന്നോ തലയിൽ നിന്നോ വീഴുന്നതിന്നും വിരോ ധമില്ല.
- വെള്ളം ലഭിക്കാതെ വരികയോ, രോഗമോ അതു പോലുള്ള മറ്റു വല്ല കാരണത്താലോ വെള്ളം ഉപ യോഗിക്കാൻ സാധിക്കാതെ വരിക യോ ചെയ്താൽ തയമ്മും ചെയ്യ ൽ. ( ഇരു കൈപ്പത്തിയും ഭൂതല ത്തിൽ അടിച്ച് മുഖവും കൈപ്പ ടങ്ങളും തടവലാണ് തയമ്മുമിന്റെ രൂപം. )
- പാസ്പോർട്ട്, ഇഖാമ പോലുള്ള മറ്റു രേഖകൾ കൈവശം വെക്കൽ.

**അബദ്ധങ്ങളും സുബദ്ധങ്ങളും**

1) ചിലർ ഇഹ്റാമിനുമുമ്പ് കുളിക്കൽ നിർബന്ധമാണെന്ന് കരുതി സ്വയം കുളിക്കുകയും കുട്ടികളെ നിർബ ന്ധിച്ച് കുളിപ്പിക്കുകയും ചെയ്യുന്നു. ഇത് ഒരു പക്ഷെ കൊടുംതണുപ്പുള്ള സമയാത്താണെങ്കിൽ പല രോഗങ്ങ ൾക്കും കാരണമാകുകയും ആരോ ഗ്യകരമായി ഹജ്ജു ചെയ്യുന്നതിന് അത് തടസ്സമാവുകയും ചെയ്തേക്കാം.

2) ഇഹ്റാമിൽ പ്രവേശിക്കാതെ മീ ഖാത്ത് വിട്ടുകടക്കൽ. ഇങ്ങനെ മീ ഖാത്തിൽനിന്ന് ഇഹ്റാം ചെയ്യാതെ മീഖാത്തിന് ശേഷമാണ് ഇഹ്റാമിൽ പ്രവേശിച്ചതെങ്കിൽ ഒരു വാജിബ് (നി ർബന്ധകർമ്മം) ഉപേക്ഷിച്ചതിന്റെ കുറ്റക്കാരനായിത്തീരും, അതിനു പ്രായ ശ്ചിത്തമായി ഒരു ബലിയറുത്തു ദാനം ചെയ്യൽ നിർബന്ധമാണ്.[2] എന്നാൽ അറിയാതെയോ മറന്നു കൊണ്ടോ ആണ് ഒരാൾ ഇഹ്റാമിൽ പ്രവേശിക്കാതെ മീഖാത്ത്വിട്ടുപോയതെങ്കിൽ അയാൾ മീഖാത്തിലേക്ക് തിരിച്ചുവരികയും ഇഹ്റാമിൽ പ്രവേ ശിക്കുകയും ചെയ്യേണ്ടതാകുന്നു. പ്രായശ്ചിത്തം നൽകേണ്ടതില്ല.[3]

3) ഇഹ്റാമിന് മുമ്പ് രണ്ടു റകഅത്ത് നമസ്കാരമുണ്ടെന്ന് വിശ്വസിക്കുന്നു. ഇതിന് പ്രവാചക ചര്യയിൽ മാതൃകയില്ല.

4) ഉടുത്ത വസ്ത്രം അഴിച്ചുമാറ്റി ഒരു തുണിയും മേൽമുണ്ടും ധരിക്കലാണ് ഇഹ്റാമെന്ന് വിശ്വസിക്കുന്നു. വാസ് തവത്തിൽ ഇത് ഇഹ്റാമിനുള്ള തയാ റെടുപ്പ് മാത്രമാണ്. കാരണം ഹജ്ജ് അല്ലെങ്കിൽ ഉംറ എന്നീ കർമ്മങ്ങ ളിൽ പ്രവേശിക്കുന്നുവെന്ന ഉദ്ദേശ (നിയ്യ)ത്തിനാണ് ഇഹ്റാം എന്നതു കൊണ്ട് വിവക്ഷ. സാധാരണ ഒട്ടു മിക്ക ആളുകളുകൾക്കും അറിയാത്തൊരു കാര്യമാണിത്. ഈ അടി സ്ഥാന ത്തിൽ ഇഹ്റാ

---

[٢] ഫതാവാ ഇസ്ലാമിയ്യഃ 2/204 , ശൈഖ് ഇബ്നുബാസിന്റെ ഫതാവാ തതഅല്ലക്കു ബിൽ ഹജ്ജി വൽ ഉംറ പേജ് : 45

[٣] ഫതാവാ ഇസ്ലാമിയ്യഃ 2/199

മിനുശേഷം നിഷിദ്ധമായ കാര്യങ്ങൾ ഇതു കൊണ്ട് നിഷിദ്ധമാകുന്നുവെന്നു പോലും കരുതുന്നവരുണ്ട്. എന്നാൽ ഇഹ്റാമിൽ പ്രവേശിക്കുന്നു എന്ന നിയ്യത്തോടുകൂടിയാണ് അവ നിഷി ദ്ധമായിത്തീരുന്നത്.

5) നിയ്യത്ത് ചൊല്ലിപ്പറയൽ നബിﷺ പഠിപ്പിച്ചിട്ടില്ലാത്തതിനാൽ ഇത് ബിദ് അത്താകുന്നു. മാത്രമല്ല നമസ്കാരം നോമ്പ്, ത്വവാഫ് എന്നീ കർമ്മ ങ്ങളിലൊന്നും തന്നെ ഇപ്രകാരം പറ യാൻ പാടുള്ളതുമല്ല.

ഉസ്വല്ലിയ ഫറള്ളുഹ്റ ........ أصلي فرض الظهر

നവയ്തു സൗമ ഗദിൻ.......... .. نويت صوم غد

നവയ്തു അൻ അത്വൂഫ.. .... ..نويت أن أطوف

എന്നിങ്ങനെ ചൊല്ലിപ്പറയുന്ന സ മ്പ്രദായം മതത്തിൽ പുതുതായി കട ന്നുകൂടിയ ബിദ്അത്താകുന്നു. ഇത് ഉത്തമരായ സഹാബികളിൽ നിന്നു ഉദ്ധരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഉപേ ക്ഷിക്കൽ നിർബന്ധമാണ്. നിയ്യത്ത് മനസ്സിൽ കരുതലാണ് നബിചര്യ. നാവുകൊണ്ട് പറയേണ്ടതില്ല. ഇമാം നവവി

( رحمه الله ) പറയുന്നു :

النية القصد وهي عزيمة القلب ) فتح الباري ١/ ١٩

നിയ്യത്ത് എന്നാൽ ഉദ്ദേശിക്ക ലാണ് അത് മനസ്സിന്റെ ഉറപ്പാണ്.

( ഫത്ഹുൽ ബാരി: 1/19 )

6) ഇഹ്റാമിൽ പ്രവേശിക്കുന്നതു മു തൽ പുരുഷൻ തട്ടത്തിന്റെ മധ്യം വലതു കക്ഷത്തിലും രണ്ടറ്റങ്ങൾ ഇട ത്തെ ചുമലിലും ആവുന്ന രൂപത്തി ൽ (ഇള്ത്വി ബാഅ്)

ധരിക്കുന്നു. ഇത് മക്കയിലെത്തിയാൽ ആദ്യ മായി നിർവ്വഹിക്കുന്ന ത്വവാഫുൽ ഖുദൂമിൽ മാത്രമേ സുന്നത്തുള്ളൂ. ത്വവാഫിന് മുമ്പോ ശേഷമോ പാടില്ല.
7)സുന്നത്താണെന്ന നിലക്ക് മീഖാ ത്തിലെത്തുന്നതിനു മുമ്പായി ഇഹ്റാ മിൽ പ്രവേശിക്കൽ. ഇത് പ്രവാചക കൽപനക്ക് വിരുദ്ധമാകുന്നു.

മദീന പള്ളിയിൽവെച്ച് ഇഹ്റാമി ൽ പ്രവേശിക്കാൻ ആഗ്രഹം പ്രകടി പ്പിച്ചയാളോട് ഇമാം മാലിക് (رحمه الله)

فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِ أَن تُصِيبَهُمْ فِتْنَةٌ

أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ} (النـور:٦٣)

''ആകയാൽ അദ്ദേഹത്തിന്റെ (പ്ര വാചകന്റെ) കല്പനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നു ഭവിക്കുകയോ വേ ദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളുക.'' എന്ന സൂറത്തുന്നൂറിലെ 63-ാം വച നം ഓതിക്കൊടുക്കുകയായിരുന്നു.
8) ഇഹ്റാമിൽ പ്രവേശിച്ചവർക്ക് തു ന്നപ്പെട്ട വസ്ത്രം ധരിക്കാൻ പാടില്ല എന്നത്കൊണ്ട് തുന്നിയ ഒരു വസ്ത്ര വും പാടില്ലെന്ന് വിശ്വസിക്കുന്നു. യഥാർത്ഥത്തിൽ ഇത്കൊണ്ട് ഉദ്ദേശി ക്കപ്പെടുന്നത് മനുഷ്യാവയവങ്ങ ൾക്ക് അനുസൃതമായി തുന്നപ്പെട്ടത് എന്നാകുന്നു.
9)ഇഹ്റാമിൽനിന്ന് ഒഴിവാകുന്നത്വ രെ ഇഹ്റാമിന്റെ വസ്ത്രം കഴുകുവാ നോ പകരം വേറെ മാറ്റുവാനോ പാ ടില്ലെന്ന് വിശ്വസിക്കുന്നു. ഇത് തെറ്റി ദ്ധാരണയാകുന്നു. മറിച്ച് ഇഹ്റാമി ന്റെ വസ്ത്രം മാറ്റുന്നതിനോ കഴുകി വൃത്തിയാക്കുന്നതിനോ വിരോധമി ല്ലെന്ന് മാത്രമല്ല ചില സന്ദർഭങ്ങളിൽ വസ്ത്രത്തിൽ നജസോ മറ്റോ ആകു മ്പോൾ അത് കഴുകൽ നിർബന്ധ മാകുക തന്നെ ചെയ്തേക്കാം.

## മീഖാത്തിനും മക്കയുടേയുമിടയിൽ തൽബിയത്ത് ചൊല്ലുക

ഇഹ്റാമിൽ പ്രവേശിച്ചതുമുതൽ മക്കയിലെത്തുന്നതുവരെ അതിപ്രധാ നമായും ചെയ്യേണ്ടത് തൽബിയത്ത് ചൊല്ലലാകുന്നു. ഇത് വളരെ പ്രധാന മായതാകുന്നു.

وعن سهل بن سعد ﷺ عن رسول الله ﷺ قال ما من ملب يلبي إلا لبى ما عن يمينه وشماله من حجر أو شجر أو مدر حتى تنقطع الأرض من هاهنا وهاهنا عن يمينه وشماله ) رواه الترمذي وابن ماجه والبيهقي ورواه ابن خزيمة في صحيحه وصحيح الترغيب ١١٣٤)

സഹ്ലുബ്നു സഅദ്ﷺ നിവേദനം നബിﷺ അരുളി: ഏതൊരാൾ തൽബി യത്ത് ചൊല്ലുമ്പോഴും അവന്റെ ഇട തു ഭാഗത്തു നിന്നും വലതു ഭാഗ ത്തു നിന്നുമായി ഭൂമിയി ലെ കല്ലും, മരവും, ചരൽക്കല്ലുകളുമെല്ലാം തൽ ബിയത്ത് ചൊല്ലുന്നതാണ്. (തിർമിദി : 758, സ്വഹീഹു ത്തർസീബ് : 1134 )

അബൂബക്കർﷺ നിവേദനം ഏറ്റവും ഉത്തമമായ ഹജ്ജ് ഏതാകുന്നുവെ ന്ന ചോദ്യത്തിന്. നബിﷺ പറഞ്ഞത്

أَفْضَلُ الحَجِّ الْعَجُّ وَالثَّجُّ (رواه الترمذي برقم ٨٢٧، وابن ماجة ٢٩٢٤ والدارمي برقم ١٧٩٧، وصححه الألباني في السنن.)

തൽബിയത്ത് ഉച്ചത്തിൽ ചൊല്ലുന്ന തും ബലിയടങ്ങിയതുമാണ് ഉത്ത മമായ ഹജ്ജ് . ( തിർമിദി 827, ഇബ്നു മാജഃ 2924 ,ദാരിമി 1797 )

എന്നാൽ തൽബിയത്ത് ഒരാൾ ചൊല്ലികൊടുക്കുകയും മറ്റുള്ളവർ ഏറ്റു ചൊല്ലുകയും ചെയ്യുന്നത് നബി ചര്യക്ക് വിരുദ്ധമാണ്.

ശബ്ദമുയർത്തുക:നബിﷺ പറ ഞ്ഞു :

أَتَانِي جِبْرِيلُ فَأَمَرَنِي أَنْ آمُرَ أَصْحَابِي أَنْ يَرْفَعُوا أَصْوَاتَهُمْ بِالإِهْلالِ (ابن ماجه ٢٩٢٣ و أبوداود ١٨١٤ والترمذي ٨٢٩)

ജിബ്‌രീൽ(അ) എന്റെയടുക്കൽ വന്ന് എന്റെ സ്വഹാബികളോട് ഉറ ക്കെ തൽബിയത്തു ചൊല്ലുവാൻ ക ൽപിക്കുവാൻ നിർദ്ദേശിക്കുകയു ണ്ടായി. (അഹ്മദ് 5/192, അബൂദാ വൂദ് 1814, തിർമുദി 829, നസാഈ 2853, സഹീഹുഇബ്നുമാജ 2923 )

നബിﷺ യുടെ അനുചരന്മാർ ഉ ച്ചത്തിൽ തക്ബീർ ചൊല്ലിയിരുന്ന തി നാൽ ശബ്ദവ്യത്യാസമനുഭവ പ്പെട്ടിരുന്നതായി ഇബ്നു അബീശൈ ബ ഫതുഹുൽ ബാരി 3/324 ൽ റിപ്പോർട്ട് ചെയ്തതായി കാണുന്നു. ശൈഖ് അൽബാനി ഇതിന്റെ പരമ്പര സഹീഹാണെന്ന് രേഖപ്പെടുത്തുന്നു. (മനാസികുൽ ഹജ്ജി വൽ ഉംറഃ /പേജ് : 17 )

നബിﷺ പറയുകയുണ്ടായി

كَأَنِّي أَنْظُرُ إِلَى مُوسَى عليه السلام هَابِطًا مِنْ الثَّنِيَّةِ وَلَهُ جُؤَارٌ إِلَى اللَّهِ بِالتَّلْبِيَةِ (صحيح مسلم ٢٤١)

പർവ്വതത്തിലെ ഇടുങ്ങിയ വഴിയി ലൂടെ ഉച്ചത്തിൽ തക്ബീർ ചൊല്ലി ക്കൊണ്ട് മൂസാ(അ) ഇറങ്ങി വരുന്ന തായി ഞാൻ നോക്കിക്കാണു ന്നതു പോലെയുണ്ട്. ( മുസ്‌ലിം 241 )

**തൽബിയത്ത് ചൊല്ലേണ്ട രൂപം**

لَبَّيْكَ اللَّهُمَّ لَبَّيْكَ لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لاَ شَرِيكَ لَكَ

(صحيح البخاري رقم ١٤٤٨ وصحيح مسلم برقم ١١٨٤)

( ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക് ലബ്ബൈക്ക ലാ ശരീക ലക ലബ്ബൈക്ക് ഇന്നൽ ഹംദഃ വന്നിഅ്മത ലക വൽമുൽക് ലാ ശരീക ലക് )

അർത്ഥം : “അല്ലാഹുവേ, നിന്റെ വിളിക്കിതാ ഞാനുത്തരം നൽകി യിരിക്കുന്നു. നിന്റെ വിളികേട്ടെത്തി യിരിക്കുന്നു. നിന്റെ വിളി ഞാനിതാ ചെവികൊണ്ടിരിക്കുന്നു. നിനക്കു യാതൊരു പങ്കുകാരനു മില്ല. നിന്റെ വിളിക്കിതാ ഞാനുത്തരം നൽകിയി രിക്കുന്നു. സ്തുതിയും അനുഗ്രഹ വും നിനക്കു മാത്രമാണ് രാജാധി കാരവും നിനക്ക് തന്നെ നിനക്ക് പ ങ്കുകാരില്ല.” തൗഹീദിന്റെ ഈ മന്ത്രം കഴിയുന്നത്ര വർദ്ദിപ്പിക്കേണ്ടതും വി ശുദ്ധ കഅ്ബയെ നേരിൽ കാണു ന്നത് വരെ ഇത് തുടരേണ്ടതുമാകു ന്നു.

മേൽപറഞ്ഞ തൽബിയത്തിന്റെ രൂപം തന്നെ ചൊല്ലണമെന്ന് നിർബ ന്ധമില്ല. അബൂഹുറൈറ‏ؓ പറയു ന്നു നബിﷺ

لَبَّيْكَ إِلَهَ الْحَقِّ لَبَّيْكَ ) صحيح سنن ابن ماجة ٢٩٢٠ وصحيح سنن النسائي ٢٧٥٢ )

“ലബ്ബൈക്ക ഇലാഹൽ ഹഖ് ല ബ്ബൈക്ക്” എന്ന് തൽബിയത്ത് ചൊ ല്ലിയിരുന്നു. (ഇബ്നു മാജഃ: 2920, നസാഈ 2752 )

തൽബിയത്തിനോടൊപ്പം തൗ ഹീദിന്റെ മറ്റു വചനങ്ങളും ഉരുവിടാ വുന്നതാണ്. നബിﷺ യുടെ സന്നിതി യിൽ ജനങ്ങൾ

( لَبَّيْكَ ذَا المَعَارِجِ لَبَّيْكَ ذَا الْفَوَاضِلِ ( إرواء الغليل : ٤/ ٢٠٢ )

ലബ്ബൈക്ക ദൽ മആരിജ്, ലബ്ബൈക്ക ദൽ ഫവാളിൽ എന്നിങ്ങനെ കൂട്ടിപ്പ റയുമായിരുന്നു പക്ഷെ നബിﷺ അ തിനെ വിലക്കുകയോ മറ്റോ ചെയ്തി ട്ടില്ല. ( ഇർവാഗുൽ ഗലീൽ 4/202 )

അപ്രകാരം ഇബ്നു ഉമർ؄

( لَبَّيْكَ لَبَّيْكَ وَسَعْدَيْكَ وَالْخَيْرُ بِيَدَيْكَ لَبَّيْكَ وَالرَّغْبَاءُ إِلَيْكَ وَالْعَمَلُ )

(رواه مسلم ٢٠٢٩ و٢٠٣٠ ورواه أبوداود ١٥٤٧ )

''ലബ്ബൈക്ക ലബ്ബൈക്ക വസഅദൈക വൽഖൈറു ബിയദൈയ്ക ല ബ്ബൈക്ക വർറഗ്ബാഉ ഇലൈക വൽ അമൽ'' എന്നിങ്ങനെ തൽബിയത്തി ൽ പറയുമായിരുന്നു.( മുസ്ലിം 2029 )

മക്കയിലെത്തുന്നതിനു മുമ്പായി വീ ണ്ടും കുളിക്കൽ സുന്നത്താകുന്നു.

## ഹറമിന്റെ പ്രത്യേകത

1)അവിശ്വാസികൾക്ക് പ്രവേശനമില്ല.
അല്ലാഹു പറയുന്നു.:

﴿ إِنَّمَا ٱلْمُشْرِكُونَ نَجَسٌ فَلَا يَقْرَبُوا۟

ٱلْمَسْجِدَ ٱلْحَرَامَ بَعْدَ عَامِهِمْ هَـٰذَا ۚ﴾التوبة : ٢٨]

ബഹുദൈവവിശ്വാസികൾ അ ശുദ്ധർ തന്നെയാകുന്നു. അതിനാൽ അവർ ഈ കൊല്ലത്തിന് ശേഷം മസ്ജിദുൽഹറാമിനെസമീപിക്കരുത്.
( തൗബ : 28 )

2) മറ്റു പള്ളികളേക്കാൾ ശ്രേഷ്ടത

عَنْ جَابِرٍ ﷺ أَنَّ رَسُولَ اللَّهِ ﷺ قَالَ (صَلاةٌ فِي مَسْجِدِي أَفْضَلُ مِنْ أَلْفِ صَلاةٍ فِيمَا سِوَاهُ إِلاالْمَسْجِدَ الْحَرَامَ وَصَلاةٌ فِي الْمَسْجِدِ الْحَرَامِ أَفْضَلُ مِنْ مِائَةِ أَلْفِ صَلاةٍ فِيمَا سِوَاهُ)رواه ابن ما جه برقم ١٤٠٦ وصححه الألباني في السنن.)

ജാബിർ ﷺ നിവേദനം നബി ﷺ പറഞ്ഞു: എന്റെ പള്ളിയിൽ നമസ്ക രിക്കുന്നതിന്ന് മസ്ജിദുൽ ഹറാമല്ലാത്ത മറ്റു പള്ളികളിൽ നമസ്കരിക്കു ന്നതി നേക്കാൾ ആയിരം നമസ്കാര ത്തിന്റെ പ്രതിഫല മുണ്ട്. മസ്ജിദുൽ ഹറാമിൽ നമസ്കരിക്കുന്നതാകട്ടെ മറ്റു പള്ളികളിൽ നമസ്കരിക്കുന്നതി നേക്കാൾ ഒരു ലക്ഷം നമസ്കാരത്തി ന്റെ പ്രതിഫലമാണുള്ളത്.
( ഇബ്നുമാജഃ :1406 )

3) ഇല പറിക്കാൻ പാടില്ല. നബി ﷺ പറഞ്ഞു :

إِنَّ مَكَّةَ حَرَّمَهَا اللَّهُ وَلَمْ يُحَرِّمْهَا النَّاسُ فَلا يَحِلُّ لامْرِئٍ يُؤْمِنُ بِاللَّهِ وَالْيَوْمِ الآخِرِ أَنْ يَسْفِكَ بِهَا دَمًا وَلا يَعْضِدَ بِهَا شَجَرَةً (رواه أحمد ٤/ ٣١ والبخاري برقم ١٠٤، ومسلم برقم ١٣٥٤، والترمذي برقم ٨٠٩، والنسائي برقم ٢٨٧٦)

നിശ്ചയം അല്ലാഹുവാണ് മക്കയെ ആദരണീയമാക്കിയിരിക്കുന്നത്. അ തിനെ ജനങ്ങൾ ആദരണീയമാക്കി യതല്ല. അതിനാൽ അല്ലാഹുവി ലും

അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒ രാൾക്ക് അവിടെവെച്ച് രക്തം ചി ന്തുവാനോ, അവിടുത്തെ മരം മുറി ക്കുവാനോ പാടുള്ളതല്ല.
( ബുഖാരി : 104 , മുസ്‌ലിം : 1354 )
4)ലോക മുസ്‌ലിംകളുടെ ഖിബ്‌ലയാ ണത്.
5) മറകൂടാതെ കഅ്ബക്കഭിമുഖമായി മലമൂത്ര വിസർജ്ജനത്തിനിരിക്കുന്ന ത് നിഷിദ്ധമാകുന്നു.
6) ഒന്നാമത്തെ ആരാധനാ മന്ദിരം. അല്ലാഹു പറയുന്നു. :

إِنَّ أَوَّلَ بَيْتٍ وُضِعَ لِلنَّاسِ لَلَّذِى بِبَكَّةَ مُبَارَكًا وَهُدًى لِّلْعَٰلَمِينَ

﴿٩٦﴾ [آلعمران،٩٦]

തീർച്ചയായും മനുഷ്യർക്ക്‌വേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ആരാ ധനാ മന്ദിരം ബക്കയിൽ ഉള്ളതത്രെ. (അത്) അനുഗൃഹീതമായും ലോക ർക്ക് മാർഗദർശക മായും (നിലകൊ ള്ളുന്നു.) (ആലു ഇംറാൻ : 96 )
7) അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട സ്ഥലം .

നബിﷺ മക്കയിൽനിന്ന് മദീ നയിലേക്ക് ഹിജ്റ പോയപ്പോൾ കഅ്ബയെയും ചുറ്റും നോക്കികൊ ണ്ട് പറയുകയുണ്ടായി :

وَاللَّهِ إِنَّكِ لَخَيْرُ أَرْضِ اللَّهِ وَأَحَبُّ أَرْضِ اللَّهِ إِلَى اللَّهِ وَلَوْلا أَنِّي أُخْرِجْتُ مِنْكِ مَا خَرَجْتُ (الترمذي ٣٨٦٠ )

അല്ലാഹുവാണ് സത്യം തീർച്ച യായും നീ (മക്ക) അല്ലാഹുവിന്റെ ഭൂമിയിൽ ഏറ്റവും ഉത്തമമായതും, അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹു വിന് ഏറ്റവും പ്രിയപ്പെട്ടതുമാകുന്നു. നിന്നിൽനിന്ന് ഞാൻ പുറത്താക്കപ്പെ ട്ടിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ പുറ ത്തു

പോകുമായിരുന്നില്ല. ( തിർമിദി: 3860 )
8) ദജ്ജാൽ കാൽവെക്കാത്ത രാജ്യ മാണ് മക്കയും, മദീനയും.

عن أَنَسُ بْنُ مَالِكٍ ﷺ عَنْ النَّبِيِّ ﷺ قَالَ لَيْسَ مِنْ بَلَدٍ إِلَّا سَيَطَؤُهُ الدَّجَّالُ إِلَّا مَكَّةَ وَالْمَدِينَةَ لَيْسَ لَهُ مِنْ نِقَابِهَا نَقْبٌ إِلَّا عَلَيْهِ الْمَلَائِكَةُ صَافِّينَ يَحْرُسُونَهَا ثُمَّ تَرْجُفُ الْمَدِينَةُ بِأَهْلِهَا ثَلَاثَ رَجَفَاتٍ فَيُخْرِجُ اللَّهُ كُلَّ كَافِرٍ وَمُنَافِقٍ) صحيح البخاري ١٧٤٨)

അനസ്(ﷺ) നിവേദനം: നബി(സ) അരുളി: ദജ്ജാൽ കാൽ വെക്കാത്ത ഒരു രാജ്യവും ഇല്ല. മക്കയും മദീ നയും ഒഴികെ. ആ രണ്ടു രാജ്യങ്ങ ളുടെയും സർവ്വ പ്രവേശന ദ്വാരങ്ങ ളിലും മലക്കുകൾ അണിയണിയായി കാവൽ നിൽക്കും. ശേഷം മദീന അ തിന്റെ നിവാസി കളോട് കൂടി മൂന്ന് പ്രാവശ്യം കമ്പനം കൊള്ളും. അതി ലുള്ള സർവ്വ സത്യനിഷേധികളേയും കപട വിശ്വാസി കളേയും അല്ലാഹു പുറത്തു കൊണ്ടുവരും. (ബുഖാരി: 1748)

9) ഹറമിൽവെച്ച് തിന്മ ചെയ്യുന്നതി നെ വിശുദ്ധ ഖുർആനിൽ ശക്തമാ യി താക്കീത് നൽകുന്നു. അല്ലാഹു പറയുന്നു.:

وَمَن يُرِدْ فِيهِ بِإِلْحَادٍ بِظُلْمٍ نُذِقْهُ مِنْ عَذَابٍ أَلِيمٍ (الحج : ٢٥)

അവിടെവെച്ച് (ഹറമിൽ) അന്യാ യമായി ധർമ്മ വിരുദ്ധമായ വല്ലതും ചെയ്യാനുദ്ദേശിക്കുന്ന പക്ഷം അവ ന്ന് വേദനയേറിയ ശിക്ഷയിൽ നി ന്നും നാം ആസ്വദിപ്പിക്കുന്നതാണ്. (ഹജ്ജ്: 25)

–عَنْ ابْنِ عَبَّاسٍ ﷺ أَنَّ النَّبِيَّ ﷺ قَالَ أَبْغَضُ النَّاسِ إِلَى اللَّهِ ثَلَاثَةٌ مُلْحِدٌ فِي

الْحَرَمِ وَمُبْتَغٍ فِي الْإِسْلَامِ سُنَّةَ الْجَاهِلِيَّةِ وَمُطَّلِبُ دَمِ امْرِئٍ بِغَيْرِ حَقٍّ لِيُهَرِيقَ دَمَهُ

( (صحيح البخاري ٦٣٧٤)

ഇബ്നു അബ്ബാസ്ﷺ നിവേദനം നബിﷺ പറഞ്ഞു: ജനങ്ങളിൽ അല്ലാ ഹുവിന്ന് ഏറ്റവും നികൃഷ്ടരായവർ മൂന്ന് പേരാകുന്നു. ഹറമിൽ ധർമ്മ വിരുദ്ധ പ്രവർത്തി ചെയ്യുന്നവർ, ഇസ്ലാമിൽ ജാഹിലിയത്തിലെ നട പടി ആഗ്രഹിക്കുന്നവർ, അന്യാ യമാ യി ഒരാളുടെ രക്തം ചിന്താൻ ആവ ശ്യപ്പെടുന്നവർ.

( ബുഖാരി : 6374 )

10) മക്കയിൽ വീണകിട്ടുന്ന സാധന ങ്ങൾ എടുക്കാൻ പാടില്ല.

_മക്കയിൽ വീണു കിട്ടുന്ന സാധനങ്ങ ൾ അവയുടെ ഉടമസ്ഥനെ ഏൽപിക്കാ നല്ലാതെ എടുക്കാവുന്നതല്ല. ഇന്ന് മക്ക യിലും മദീനയിലും വീണുകിട്ടിയ സാധനങ്ങൾ സൂക്ഷിക്കാനും അവയു ടെ ഉടമസ്ഥർ അന്വേഷിക്കുമ്പോൾ കൊടുക്കുന്നതിനും പ്രത്യേകം സൗക ര്യമേർപ്പെടുത്തിയി ട്ടുണ്ട്.

## ഹറമിലെത്തിയാൽ

ലോകത്തിന്റെ നാനാ ഭാഗത്തു നിന്നുമായി അല്ലാഹുവിന്റെ അതിഥി കളായ ജനലക്ഷങ്ങൾ ഒരേ സമയം പങ്കെടുക്കുന്ന അല്ലാഹുവിന്റെ ഭവ നമായ ഹറമിലേക്കാണ് നിങ്ങൾ പ്രവേശിക്കുന്നത്. വിവര മുള്ള വരും അല്ലാത്തവരുമായ ജനസമുച്ചയം അ വിടെ സദാ സമയവും നമസ്കാരം, ഖുർആൻ പാരായണം,ത്വവാഫ് പോ ലുള്ള ഇബാദത്തുകളിലുമായിരി ക്കും. അതിനാൽ അവർക്ക് യാതൊ രുവിധ ബുദ്ധിമുട്ടുകളും നാം വരു ത്തരുത്. പ്രത്യേകിച്ച് നമസ്കരിക്കു ന്ന വരുടെ

മുന്നിലൂടെ നടക്കു ന്നത് കുറ്റകരമാണ്. ഇത് ഹറമിലും അല്ലാ ത്തി ടത്തുമെല്ലാം ബാധകമാകുന്നു. നബിﷺ പറയുകയുണ്ടായി:

لَوْ يَعْلَمُ الْمَارُّ بَيْنَ يَدَيْ الْمُصَلِّي مَاذَا عَلَيْهِ لَكَانَ أَنْ يَقِفَ أَرْبَعِينَ خَيْرًا لَهُ مِنْ أَنْ يَمُرَّ بَيْنَ يَدَيْهِ ( البخاري ٤٨٠ و مسلم ٧٨٥)

നമസ്കരിക്കുന്നവന്റെ മുന്നിലൂടെ നടന്നു പോകുന്നവൻ അവനു ലഭി ക്കാവുന്ന ശിക്ഷയെക്കുറിച്ച് അറി ഞ്ഞിരുന്നുവെങ്കിൽ നാൽപത് (നാൽ പത് ദിവസമെന്നോ, മാസമെന്നോ, വർഷമെന്നോ പറഞ്ഞത് എന്നതിൽ വ്യക്തമല്ല.) അയാൾ (അവിടെത്ത ന്നെ) നിൽക്കേണ്ടി വരികയാണെ ങ്കിൽ അങ്ങനെ നിൽക്കലാണ് നട ന്നു പോകുന്നതിനേക്കാൾ അയാൾ ക്കുത്തമം. (ബുഖാരി: 480, മുസ്‌ലിം: 785 )

ഢ കഅ്ബയെ കാണുമ്പോൾ വേണ മെങ്കിൽ കൈകളുയർത്താവുന്നതാ ണ്. ഇബ്നു അബ്ബാസ്ﷺ വിൽ നിന്നും ഇത് സ്ഥിരപ്പെട്ടിരിക്കുന്നു. (ബൈഹഖി 5/72 ശൈഖ് അൽബാ നിയുടെ മനാസികുൽ ഹജ്ജ് പേജ്: 20 )

ഢ കഅ്ബയെ കാണുമ്പോൾ പ്ര ത്യേക പ്രാർത്ഥ നകളൊന്നും നബി ﷺ യിൽ സ്ഥിരപ്പെട്ടിട്ടില്ല. എന്നാൽ ഉമർﷺ

اللَّهُمَّ أَنْتَ السَّلاَمُ وَمِنْكَ السَّلاَمُ فَحَيِّنَا رَبَّنَا بِالسَّلاَمِ "" ( مناسك الحج والعمرة للألباني ( ١ / ١٩)

അല്ലാഹുമ്മ അൻതസ്സലാം വമിൻക സ്സലാം ഫഹയ്യിനാ റബ്ബനാ ബിസ്സ ലാം. ഇപ്രകാരം പ്രാർത്ഥിച്ചതായി സ്ഥിരപ്പെട്ടിരിക്കുന്നുവെന്നതിനാൽ അതിന് വിരോധമില്ല. (ശൈഖ് അൽബാനിയുടെ മനാസി കുൽ ഹജ്ജ് പേജ് : 20 )

ൿ തൽബിയത്ത് നിറുത്തി സൗകര്യ പ്പെടുന്ന വാതിലിലൂടെ പ്രവേശിക്കേ ണ്ടതാകുന്നു. നബിﷺ ബാബു ബനീ ശൈബയിലൂടെയാണ് ഹറമിൽ പ്ര വേശിച്ചത്. കാരണം തിരുമേനിക്ക് ഹജറുൽ അസ്വദിനോട് ഏറ്റവും അടുത്ത വാതിൽ അതായിരുന്നു. ശൈഖ് മുഹമ്മദ് ഇബ്നു ഉഥൈമീൻ (റ) പറഞ്ഞത്പോലെ ഈ വാതിലി ലൂടെ പ്രവേശിക്കുന്നത് എളുപ്പമാ കുന്നവർക്ക് അതായിരിക്കും സുന്ന ത്ത് എന്നതാണ് ഇവിടെ വ്യക്തമാകു ന്നത് ( ശറഹുൽ മുംതിഅ് : 7/264 )

മാത്രവുമല്ല നബിﷺ ഇന്ന വാതിലിലൂടെയാണ് ഹറമിൽ പ്രവേശിക്കേ ണ്ടതെന്ന് കൽപിച്ചിട്ടുമില്ല.

ൿ വലതുകാൽ വെച്ച് ഇപ്രകാരം പ്രാർത്ഥിക്കുക.

بِسْمِ اللَّهِ وَالصَّلاَةُ وَالسَّلاَمُ عَلَى رَسُولِ اللهِ أَللَّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ

(صحيح مسلم برقم ٧١٣)

‘‘ബിസ്മില്ലാഹി വസ്സലാതു വസ്സ ലാമു അലാ റസൂലില്ലാഹി അല്ലാഹു മ്മഫ്തഹ്ലീ അബ്വാബ റഹ്മതിക്’’

(അല്ലാഹുവിന്റെ നാമത്തിൽ അ ല്ലാഹുവിന്റെ ദൂതരിൽ രക്ഷയും സ മാധാനവും ഉണ്ടാവട്ടെ, അല്ലാഹു വേ നിന്റെ കാരുണ്യത്തിന്റെ കവാട ങ്ങൾ എനിക്ക് തുറന്ന് തരേണമേ.) അല്ലെങ്കിൽ

أَعُوذُ بِاللَّهِ الْعَظِيمِ وَبِوَجْهِهِ الْكَرِيمِ وَسُلْطَانِهِ الْقَدِيمِ مِن الشَّيْطَانِ الرَّجِيمِ

(سنن أبي داود : ٣٩٤)

“അഊദു ബില്ലാഹിൽ അളീം വബി വജ്ഹിഹിൽ കരീം വസുൽത്വാനി ഹിൽ ഖദീം മിനശ്ശൈത്വാനിർ റജീം” (മഹാനായ അല്ലാഹു അവന്റെ ബഹുമാന്യമായ മുഖത്തെകൊണ്ടും, അവന്റെ അനാദിയായ അധികാര പ്രഭാവത്തെകൊണ്ടും ശപിക്കപ്പെട്ട പിശാചിൽനിന്നും ഞാൻ അഭയം പ്രാപിക്കുന്നു. )

മേൽ പറഞ്ഞ പ്രാർത്ഥനകൾ ചേർത്ത് ചൊല്ലുന്നതിനും വിരോധ മില്ല. അപ്രകാരം ഇവ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുമ്പോൾ മാത്രം ചൊല്ലാനുള്ളതല്ല. മറിച്ച് എല്ലാ പള്ളി കളിൽ പ്രവേശിക്കുമ്പോഴും ചൊല്ലേ ണ്ട പ്രാർത്ഥനകളാകുന്നു.

## ത്വവാഫ്

ഹജ്ജിന്റേയും ഉംറയുടേയും ഫ ർളുകളിൽപ്പെട്ടതാണ് ത്വവാഫ്. ഹറ മിൽ പ്രവേശിച്ചു കഴിഞ്ഞയുടനെ ത്വവാഫ് (കഅ്ബയെ പ്രദക്ഷിണം ചെയ്യൽ) ആരംഭിക്കുന്നതിന്നായി നേരെ ഹജറുൽ അസ്‌വദിനു നേരെ പോകുകയാണ് വേണ്ടത്. ഇവിടെ സുന്നത്ത് നമസ്കരിക്കാൻ നിൽക്ക രുത്. ഹജ്ജിനോ ഉംറക്കോ ഇഹ്റാ മിൽ പ്രവേശിച്ചവർ മസ്ജിദുൽ ഹറ മിൽ പ്രവേശിച്ചയുടനെ പള്ളിയിൽ പ്രവേശിച്ചാലുള്ള തഹിയത്ത് നമസ് കരിക്കുകയല്ല ചെയ്യേണ്ടത്. മറിച്ച് അവർ ത്വവാഫിന് ശേഷം മഖാമു ഇബ്റാഹീമിന് പുറകിൽ രണ്ടു റക അത്ത് നമസ്കരിക്കുകയാണ് വേ ണ്ടത്. കാരണം നബിﷺ ഹറമിൽ പ്ര വേശിച്ച് ആദ്യമായി

അവിടുന്ന് വുളൂ ചെയ്തു. എന്നിട്ട് കഅ്ബാലയത്തെ ത്വവാഫ് ചെയ്യുകയായിരുന്നു.

( ബുഖാരി : 1510, 1533)

عَنْ عَبْدِ اللهِ بْنِ عُمَرَ قَالَ سَمِعْتُ رَسُولَ اللهِ ﷺ يَقُولُ (مَنْ طَافَ بِالْبَيْتِ وَصَلَّى رَكْعَتَيْنِ كَانَ كَعِتْقِ رَقَبَةٍ). رواه ابن ماجه برقم ٢٩٥٦ وصححه الألباني في السنن.

അബ്ദുല്ലാഹിബ്നു ഉമർ ﷺ നി വേദനം നബി ﷺ ഇപ്രകാരം പറ യുന്നത് ഞാൻ കേൾക്കുകയുണ്ടാ യി: ഒരാൾ കഅബയെ ത്വവാഫ് ചെ യ്ത് രണ്ട് റകഅത്ത് നമസ്കരിക്കു കയും ചെയ്താൽ ഒരടിമയെ മോചി പ്പിച്ച പ്രതിഫലമുണ്ട്.

( ഇബ്നു മാജഃ 2956 )

എന്നാൽ നമസ്കാരം നടന്നു കൊ ണ്ടിരിക്കുന്ന സന്ദർഭത്തിലോ അല്ലെ ങ്കിൽ ഫറള് നമസ്കാരമോ വിത്റ് പോലുള്ളവയോ നഷ്ടപ്പെടുമോ എ ന്ന് ഭയപ്പെടുന്ന സന്ദർഭത്തിലോ ആ ണ് നാം ഹറമിൽ പ്രവേശിച്ചതെ ങ്കിൽ അവ നിർവ്വഹിച്ചതിന് ശേഷ മാണ് ത്വവാഫ് ആരംഭിക്കേണ്ടത്.

ത്വവാഫിന് വുളൂ നിർബന്ധമാ കുന്നു. വുളൂ എടുത്തുകൊണ്ടാണ് നബി ﷺ ത്വവാഫ് ചെയ്തതെന്ന് ആയിശ (റ) പറഞ്ഞ ഹദീസ് നാം മു കളിൽ വായിക്കുകയും ചെയ്തുവ ല്ലോ? അതോടൊപ്പം നബി ﷺ പ്രത്യേ കം എടുത്തു പറഞ്ഞു :

خذ وا عني مناسككم (مختصر إرواء الغليل : ١١١٩ صحيح)

“നിങ്ങൾ കർമ്മങ്ങൾ എന്നിൽ നിന്നു സ്വീകരിക്കുക.”

ഈ നബി വചനം അതാണ് ന മ്മെ പഠിപ്പിക്കുന്നതും.

❖ ആർത്തവകാരിക്ക് ശുദ്ധിയാവാതെ ത്വവാഫ് ചെയ്യാൻ പാടില്ല. അതു പോലെ നഗ്നരായിക്കൊണ്ടും ത്വവാ ഫ് ചെയ്യാൻ പാടില്ലാത്തതാകുന്നു. (ബുഖാരി: 294, 4290, മുസ്‌ലിം : 2115, 2401)

❖ ഈ ത്വവാഫ് ആരംഭിക്കുമ്പോൾ തന്നെ പുരുഷൻ തട്ടത്തിന്റെ മധ്യം വലതു കക്ഷത്തിലും രണ്ടറ്റങ്ങൾ ഇടത്തെ ചുമലിലും ആവുന്ന രൂപ ത്തിലിടുക. തട്ടം ഈ രീതിയി ണ്ടിടു ന്നതിന് ഇൾത്വിബാഅ് (الإضطباع) എന്നാണ് പറയുക.

❖ ഹജറുൽ അസ്‌വദിനു നേരെ തി രിഞ്ഞുകൊണ്ട് ത്വവാഫ് ആരംഭി ക്കൽ സുന്നത്താണ്

❖ ത്വവാഫിൽ കഅ്ബ ഇടതു വശ ത്തായിരിക്കണം. ത്വവാഫ് കഴിയുന്ന ത്ര കഅ്ബയുടെ സമീപത്തു കൂടി യായിരിക്കാൻ ശ്രമിക്കുക. (പക്ഷെ അത് മറ്റൊരാൾക്ക് പ്രയാസമുണ്ടാ ക്കിക്കൊണ്ടാകരുത്.) ഇത് ഹജറുൽ അസ്‌വദ് മുത്തുന്നതിനും റുക്നുൽ യമാനി തടവുന്നതിനും എളുപ്പമാ കും. മാത്രവുമല്ല നമസ്കാരത്തിൽ പുറകിലുള്ള അണിയേക്കാൾ ഉത്ത മമായതാണല്ലോ മുന്നിലുള്ള അണി. കഅ്ബയെ ത്വവാഫ് ചെയ്യൽ നമസ് കാരമാകുന്നു. നബിﷺ പറയുക യുണ്ടായി: ''കഅ്ബയെ പ്രദക്ഷിണം ചെയ്യുന്നത് നമസ്കാരമാണ്. എന്നാ ൽ ഇതിൽ സംസാരം അനുവദിച്ചിരി ക്കുന്നു വെന്ന് മാത്രം.'' ( ഇർവാഉൽ ഗലീൽ 1/154 )

മറ്റൊരു റിപ്പോർട്ടിൽ അതിനാൽ അതിൽ സംസാരം കുറക്കുക എന്നു കൂടിയുണ്ട്. (ഇർവാഉൽ ഗലീൽ 1/156 )

അപ്രകാരം തന്റെ റബ്ബിനോട് അ ങ്ങേയറ്റത്തെ കീഴ്‌വണക്കവും വിന യവും കാണിക്കേണ്ടതാണെന്ന് പ്ര ത്യേകം പറയേണ്ടതില്ലല്ലോ. അപ്ര കാരം ത്വവാഫി നിടയിൽ ധാരാളമാ യി അല്ലാഹുവെ സ്മരിക്കുകയും അവനെ പ്രാർത്ഥിച്ചു കൊണ്ടിരിക്കു കയും വേണ്ടതാകുന്നു.

❖ ത്വവാഫ് തുടങ്ങുന്നതും അവസാ നിപ്പിക്കുന്നതും ഹജറുൽ അസ്‌വദി ന്റെ അടുത്തു നിന്നായിരിക്കണം.

❖ ത്വവാഫിന്റെ ആദ്യത്തെ മൂന്ന് റൗണ്ടിൽ പുരുഷന്മാർകാലുകൾ അടുപ്പിച്ചുകൊണ്ട് വേഗത്തിൽ നട ക്കൽ (റമൽ) സുന്നത്താണ്. റമലും ഇള്ത്വിബാഉം മക്കയിലെത്തിയാൽ ആദ്യം ചെയ്യുന്ന ത്വവാഫിൽ മാത്ര മേ സുന്നത്തുള്ളൂ. ബാക്കിയുള്ള നാലു റൗണ്ടുകളിൽ സാധാരണ പോലെയാണ് നടക്കേണ്ടത്.

❖ തിരക്കുള്ള സമയങ്ങളിൽ മറ്റുള്ള വരെ ഉപദ്രവിക്കാതെ വേഗത്തിൽ നടക്കാൻ സാധിച്ചാൽ മാത്രം അപ്ര കാരം ചെയ്യുക. ഇല്ലെങ്കിൽ സാധി ക്കു ന്നതുപോലെ ചെയ്യുക. മറ്റുള്ള വന് ശല്ല്യമുണ്ടാക്കുന്ന ഒരു കർമ്മ വും ഇസ്‌ലാമിൽ ഇല്ലാ എന്ന് പ്രത്യേകം ഓർക്കുക.

❖ കഴിയുമെങ്കിൽ ഹജറുൽ അസ്‌വദ് ചുംബിക്കുക. അല്ലാത്ത പക്ഷം കൈകൊണ്ട് തൊട്ടു മുത്തുകയോ, ആംഗ്യം കാണിക്കുകയോ ചെയ്യുക. എന്നാൽ ആംഗ്യം കാണിച്ചശേഷം കൈ ചുംബിക്കാൻ പാടില്ല. ഇവയിൽ ഏത് രൂപം സ്വീകരിച്ചാ ലും " بسم الله الله أكبر " ബിസ്മില്ലാഹി അല്ലാഹു അക്ബർ'' ((അല്ലാഹുവി ന്റെ നാമത്തിൽ അല്ലാഹുവാണ് ഏറ്റവും മഹാൻ )) എന്ന് പറയുക. (അബ്ദുർറസാഖ് 8894, ബൈഹഖി 5/79 സാദുൽ മആദ് 2/226)

❖ തിക്കും തിരക്കും കൂട്ടി ജനങ്ങ ൾക്ക് പ്രയാസ

മുണ്ടാക്കുന്നത് കുറ്റ കരമാണ്. ഉമർﷺ നിവേദനം നബി ﷺيا عمر إنك رجل قوي അദ്ദേഹത്തോട് പറയുകയുണ്ടായി:

فلا تؤذ الضعيف وإذا أردت استلام الحجر فإن خلا لك فاستلمه وإلا فاستقبله وكبر " ( مناسك الحج والعمرة للشيخ ألباني ( ١ / ٢٠ )

"ഉമറേ, താങ്കൾ ശക്തിയുള്ള ഒരാളാകുന്നു. ദുർബലനെ ബുദ്ധിമു ട്ടിപ്പിക്കരുത് താങ്കൾ ഹജറുൽ അസ് വദ് ചുംബിക്കാൻ ഉദ്ദേശിച്ചാൽ (തിര ക്ക്) ഒഴിഞ്ഞതാണെങ്കിൽ അതിനെ ചുംബിക്കുക. അല്ലെങ്കിൽ അതിനു നേരെ തിരിഞ്ഞ് തക്ബീർ ചൊല്ലുക.

(അഹ്മദ് : 190 )

അപ്രകാരം വാക്ക് കൊണ്ടോ പ്രവർത്തി കൊണ്ടോ മറ്റുള്ളവർക്ക് ഉപദ്രവം വന്നുപോകാൻ പാടില്ല. ശൈഖ് മുഹമ്മദ് ഇബ്നു ഉഥൈമീൻ (റ)പറയുന്നു: കൂടുതൽ തിരക്കുള്ള സന്ദർഭങ്ങളിൽ ഹജറുൽ അസ്വദ് ചുംബിക്കുന്നതിനേക്കാൾ അതിനു നേരെആംഗ്യംകാണിക്കലാണ് ഏറ്റവുംശ്രേഷ്ഠമായത്.

തിരക്കുള്ള സന്ദർഭങ്ങളിൽ നബിﷺ അങ്ങനേ യാണ് ചെയ്തിട്ടുള്ളതും. മാത്രവുമല്ല ഇതുമൂലം മറ്റുള്ളവർക്ക് തന്നിൽനി ന്നും മറ്റുള്ളവരിൽനിന്ന് തനിക്ക് പ്രയാസമില്ലാതാക്കാൻ സഹായകമാകുന്നു. (അൽമുഅ്തമറു വൽ ഹാജ് ഫീ മീസാനിൽ ഖതഇ വസ്സവാബ് എന്ന ഗ്രന്ഥത്തിൽനിന്ന് പേജ് : 27 )

❖ നമസ്കാരത്തിൽ ഇമാം സലാം വീട്ടുന്നതിനു മുമ്പായി ഹജറുൽ അ സ്വദ് ചുംബിക്കുന്നതിന്നായി ധൃ തികാണിക്കൽ തെറ്റാകുന്നു. ഇവ രുടെ നമസ്കാരം ബാതിലാണെന്ന കാര്യം മറക്കാതി രിക്കുക.

## ഹജറുൽ അസ്‌വദ്

ഹജറുൽ അസ്‌വദിന് ഇസ് ലാമിൽ വളരെയധികം സ്ഥാനമുണ്ട്. ലോകത്ത് വിശ്വാസികൾക്ക് ചുംബിക്കാനും, തൊട്ടുമുത്തുവാനും അനുവാദം നൽകിയിട്ടുള്ള ഒരേയൊരു കല്ല് സ്വർഗത്തിൽനിന്നും കൊണ്ടു വന്നിട്ടുള്ള ഹജറുൽ അസ്‌വദ് മാത്ര മാകുന്നു. വിശ്വാസികൾ ഹജറുൽ അസ്‌വദിനെ മുത്തുന്നതും, തൊട്ടുമു ത്തുന്നതും അവരുടെ പ്രവാചകനെ പിൻപറ്റി കൊണ്ടാണ്. പ്രവാചകൻ ﷺ ചെയ്തത് മുഴുവനും വിശ്വാസികൾ പിൻപറ്റേണ്ടതുണ്ട്. ഇങ്ങനെ ഹജറുൽഅസ്‌വദിനെ മുത്തുന്നതി ലൂടെ പ്രവാചകനെ അനുധാവനം ചെയ്യുകയെന്ന ഉദ്ദേശ്യ മായിരിക്ക ണം ഉണ്ടാവേണ്ടത്. ഉമർ ﷺഹജറുൽ അസ്‌വദ് ചുംബിച്ചു കൊണ്ട് പറഞ്ഞ വാക്കുകൾ ഇവിടെ പ്രത്യേകം ഓർക്കുക :

إِنِّي أَعْلَمُ أَنَّكَ حَجَرٌ لا تَضُرُّ وَلا تَنفَعُ وَلَوْلا أَنِّي رَأَيْتُ النَّبِيَّ ﷺ يُقَبِّلُكَ مَا قَبَّلْتُكَ (رواه البخاري ١٤٩٤ ومسلم ٢٢٢٩)

“ നീ ഉപകാരമോ ഉപദ്രവമോ ചെ യ്യാൻ കഴിയാത്ത ഒരു കല്ലാണെന്ന് എനിക്കറിയാം. നബിﷺ നിന്നെ ചുംബിക്കുന്നതു ഞാൻ കണ്ടിട്ടി ല്ലായി രുന്നെങ്കിൽ തീർച്ചയായും ഞാൻ നി ന്നെ ചുംബിക്കുമായിരുന്നില്ല. ” (ബുഖാരി 1494,മുസ്‌ലിം : 2229)

എന്നാൽ ഇത് കേവലം ഒരു സാ ധാരണ കല്ലാണെന്ന് ധരിപ്പിക്കുന്നവ രുണ്ട്. അത് അബദ്ധവും ഹദീസിനെ ക്കുറിച്ച് മതിയായ ജ്ഞാനമില്ലായ്മ യോ, ഹദീസ് നിഷേധത്തിൽ നിന്ന് ഉടലെടുത്തതോ ആകുന്നു. ഇതിന്റെ മഹത്വത്തെക്കുറിച്ച് നബിﷺ പറഞ്ഞ

തായി ഇബ്നു ഉമർ ﵄ പറയുന്നു :

إن الركن والمقام ياقوتتان من ياقوت الجنة طمس الله نورهما ولو لم يطمس نورهما لأضاءتا ما بين المشرق والمغرب (صحيح الجامع : ١٦٣٣ والترمذي ٨٧٨)

നിശ്ചയമായും ഹജറുൽ അസ്വദും, മഖാമുഇബ്റാഹീമും സ്വർഗത്തിലെ രണ്ടു രത്നങ്ങളാണ്. അതിന്റെ പ്രകാശം അല്ലാഹു ഇല്ലാതാക്കിയില്ലായിരുന്നെങ്കിൽ ഉദയാസ്തമയ സ്ഥലങ്ങൾക്കിടയിൽ മുഴുവനും അതു പ്രകാശമാനമാക്കുമായിരുന്നു. (തുർമുദി: 878, സ്വഹീഹുൽ ജാമിഅ്: 2513 )

ഇബ്നു അബ്ബാസ് ﵄ നിവേദനം നബി ﷺ പറഞ്ഞു :

(وَاللَّهِ لَيَبْعَثَنَّهُ اللَّهُ يَوْمَ الْقِيَامَةِ لَهُ عَيْنَانِ يُبْصِرُ بِهِمَا وَلِسَانٌ يَنْطِقُ بِهِ يَشْهَدُ عَلَى مَنْ اسْتَلَمَهُ بِحَقٍّ) رواه الترمذي برقم ٩٦١ وصححه الألباني

അന്ത്യദിനത്തിൽ അല്ലാഹു അതിന് (ഹജറുൽ അസ്വദിന്) കാഴ്ചയുള്ള രണ്ടു കണ്ണുകളും സംസാരിക്കുന്ന ഒരു നാവുമായി ന്യായപ്രകാരം അതിനെ മുത്തിയവന് സാക്ഷിയായികൊണ്ട് അയക്കുന്നതാണ്. ( തിർമുദി 961 )

ഇബ്നു അബ്ബാസ് ﵄ നിവേദനം ചെയ്യുന്ന മറ്റൊരു ഹദീസിൽ നബി ﷺ പറഞ്ഞു :

(نَزَلَ الْحَجَرُ الأَسْوَدُ مِن الْجَنَّةِ وَهُوَ أَشَدُّ بَيَاضًا مِن اللَّبَنِ فَسَوَّدَتْهُ خَطَايَا بَنِي آدَمَ). رواه الترمذي وقَالَ حَدِيثٌ حَسَنٌ صَحِيحٌ. (سنن الترمذي برقم ٨٧٧ وصححه الألباني في السنن.)

സ്വർഗത്തിൽനിന്ന് ഹജറുൽ അ സ്വദ് കൊണ്ടു വരപ്പെട്ടത്, അത് പാലിനേക്കാൾ വെളുത്ത നിറമായിരുന്നു. പിന്നീട് മനുഷ്യരുടെ പാപങ്ങ ളാണ് അതിനെ കറുപ്പിച്ചു കളഞ്ഞത്. (തിർമുദി ; 877 )

അബ്ദുല്ലാഹിബ്നു ഉമർﷺ ഹ ജറുൽ അസ്വദ് തൊട്ട് കൈ ചുംബി ക്കുകയുണ്ടായി പിന്നീട് ഇപ്രകാരം പറഞ്ഞു: നബിﷺ അതിനെ ചുംബി ക്കുന്നത് ഞാൻ കണ്ടതുമുതൽ ഞാ നത് ചുംബിക്കുന്നത് ഒഴിവാക്കിയിട്ടില്ല. ( മുസ്‌ലിം 1268 )

കഅ്ബാലയത്തിന്റെ വടക്കുഭാഗ ത്ത് അർദ്ധ വൃത്താകൃതിയിൽ ഉയർ ന്നു നിൽക്കുന്ന ഭിത്തികൾക്കുള്ളി ലുള്ള (ഹിജ്റ്) സ്ഥലത്തിന്റെ പുറത്തുകൂടിയാ യിരിക്കണം ത്വവാഫ് ചെയ്യുന്നത്. കാരണം അതും കഅ് ബയിൽ പെട്ടതാകുന്നു. ഇതിന് ഹ ത്വീം ( الحطيم ) എന്നാണ് പേര്. ദാരി ദ്ര്യം കാരണം ഇബ്റാഹീം നബിعليه السلام സ്ഥാപിച്ച അസ്ഥിവാരത്തിൻെറ മൂന്ന് മീറ്ററോളം ഒഴിവാക്കികൊണ്ടാ ണ് ഖുറൈശികൾ കഅബ നിർമി ച്ചിരുന്നത്.

ആയിശ(റ) റസൂൽﷺ യോട് ഹിജ്റിനെ കുറിച്ചു അത് കഅബ യിൽ പെട്ടതാണോ എന്ന് ചോദിക്കുകയുണ്ടായി തിരുമേനിﷺ അരുളി: അതെ, അവർ വീണ്ടും ചോദിച്ചു പിന്നെന്താണ് അതിനെ കഅബയിൽ ഉൾപെടുത്താത്തത്? തിരുമേനിﷺ പ റഞ്ഞു: നിന്റെ

ജനതക്ക് അത് പൂർ ത്തിയാക്കാനുള്ള സാമ്പത്തികശേ ഷിയില്ലായിരുന്നു.

( ബുഖാരി : 1584 )

അതായത് ഖുറൈശികൾ കഅ്ബാലയം പുനർനിർമാണം നടത്തിയ പ്പോൾ സാമ്പത്തിക ഞെരുക്കം കാര ണം ആ ഭാഗം ഒഴിച്ചിടുകയായിരു ന്നു. പിന്നീട് അബ്ദുല്ലാഹി ബ്നുസു ബൈർﷺ കഅ്ബാലയം കേടുപാടു കൾതീർത്ത് പുനർ നിർമിച്ചപ്പോൾ ഈ സ്ഥലംകൂടി കഅബയുടെ ഉള്ളി ലാക്കിയിരുന്നുവെങ്കിലും ഹജ്ജാജുബ്നു യൂസുഫ് വീണ്ടും ഇന്ന് കാണുന്നപോലെ ഖുറൈശി കൾ നിർമിച്ച രൂപത്തിൽ പൂർവ്വ സ്ഥിതിയിലേക്കു തന്നെമടക്കുകയാ ണുണ്ടായത്. (മുസ്‌ലിം 1233)

ആയിശ(റ) പറയുന്നു: ഞാൻ കഅ്ബയിൽ പ്രവേശിച്ച് അതിൽ നമസ്കരിക്കാൻ ഇഷ്ടപ്പെട്ടിരുന്നു. അ ങ്ങിനെ നബിﷺ എന്റെ കൈപി ടിച്ചുകൊണ്ട് ഹിജ്റിൽ പ്രവേശിപ്പി ക്കുകയും ഇപ്രകാരം പറയുക യുമുണ്ടായി :

صَلِّي فِي الْحِجْرِ إِنْ أَرَدْتِ دُخُولَ الْبَيْتِ)

فَإِنَّمَا هُوَ قِطْعَةٌ مِن الْبَيْتِ) (سنن النسائي برقم ٢٨٦٣، سنن الترمذي ٨٠٢ )

കഅ്ബാലയത്തിൽ പ്രവേശിക്കാനു ദ്ദേശിച്ചാൽ നീ ഹിജ്റിൽ നമസ് കരിച്ചാൽ മതിയാകും. അത് കഅ ബാലയത്തിന്റെ ഭാഗം തന്നെയാകു ന്നു. ( നസാഈ 2863, തിർമുദി 802)

മറ്റൊരു റിപ്പോർട്ടിൽ

ആയിശ (റ) നബിﷺ യോട് ഞാൻ കഅ്ബയിൽ പ്രവേശിക്കട്ടെ എന്ന് ചോദിക്കുകയു ണ്ടായി നബി ﷺ പറഞ്ഞു :

(ادْخُلِي الْحِجْرَ فَإِنَّهُ مِن الْبَيْتِ ) (سنن النسائي ٢٨٦٢)

□

നീ ഹിജ്റിൽ പ്രവേശിച്ചുകൊ ള്ളുക അത് കഅബാലയത്തിൽപ്പെട്ട ത് തന്നെയാകുന്നു. (നസാഈ 2862)

❖ റുക്നുൽ യമാനിക്കുനേരെ എത്തു മ്പോൾ സാധിക്കുമെങ്കിൽ കൈകൊ ണ്ട് തടവൽ സുന്നത്താണ്. (ത്വവാ ഫിൽ ഹജറുൽ അസ്‌വദിന്റെ തൊ ട്ടുമുമ്പുള്ള പടിഞ്ഞാറേ മൂലക്കാണ് റുകുനുൽ യമാനിയെന്ന് പറയപ്പെ ടുന്നത്. യമനിനുനേരെയുള്ള മൂല യായതുകൊണ്ടാണതിന് ഈ പേര് വന്നതെന്ന് പറയുന്നു (ശൈഖ് ഇ ബ്നു ഉഥൈമീൻ (റ) യുടെ ശറഹു ൽ മുംതിഅ്: 7/ 281) ഇതിനെ ചും ബിക്കുകയോ, ആംഗ്യം കാണിക്കുക യോ, തക്ബീർ ചൊല്ലുകയോ ചെ യ്യാൻ പാടില്ല.

ഹജറുൽ അസ്‌വദിനേയും റുക് നുൽ യമാനിയേയും തടവുന്നത് പാ പങ്ങൾ മായ്ചു കളയുന്നതാകുന്നു വെന്ന് നബിﷺ പറഞ്ഞതായി ഇബ് നു ഉമർ‎ﷺ വിൽ നിന്നും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. (സ്വഹീഹുൽ ജാമിഅ് : 2194 )

❖ ഹജറുൽ അസ്‌വദ്, റുകുനുൽയ മാനി ഒഴിച്ചുള്ള കഅ്ബയുടെ മറ്റു രണ്ടു മൂലകൾ, ചുമരുകൾ, മഖാമു ഇബ്റാഹീം, സഫാ, മർവ, നബിമാ രു ടേയോ മറ്റു സജ്ജനങ്ങളുടേയോ ഖബറുകൾ ഇവയൊന്നും തന്നെ

തൊട്ടു തടവൽ അനുവദനീയമല്ല. മറിച്ച് അങ്ങനെ ചെയ്യൽ ബിദ്അ ത്താകുന്നു. അവയിൽ നിന്ന് ബറക്കത്ത് ആഗ്രഹിച്ചുകൊണ്ടാണെങ്കി ൽ അത് ശിർക്കുമാകുന്നു. (ശൈഖ് അൽബാനിയുടെ മനാസികുൽ ഹ ജ്ജിവൽ ഉംറഃപേജ്: 22)

❖ വീണ്ടും ഹജറുൽ അസ്‌വദിന്റെ അടുക്കലെത്തുമ്പോൾ ചുംബി ക്കുകയോ, തൊട്ടു മുത്തുകയോ, അതിനു നേരെ തിരിഞ്ഞുകൊണ്ട് ആം ഗ്യം കാണിക്കുകയോ ചെയ്യുക. ഈ സന്ദർഭത്തിൽ ''അല്ലാഹു അക്ബർ'' എന്ന് പറയേണ്ടതാകുന്നു.

❖ ഇങ്ങനെ ഏഴ് പ്രാവശ്യമാണ് കഅ്ബയെ ചുറ്റേണ്ടത്.

❖ മഖാമു ഇബ്റാഹീമിന്റെ പിന്നിലൂ ടെയും ത്വവാഫ് ചെയ്യാവുന്നതാണ് ത്വവാഫിന്റെ സന്ദർഭത്തിൽ അറിയാവുന്ന ഏത് ദിക്റുകളും ദുആകളും ചൊല്ലിയാൽ മതിയാകും. ഖുർആൻ പാരായണവും ആവാം, എന്നാൽ റുക്നുൽ യമാനിക്കും ഹജറുൽ അസ്‌വദിന്റെയുമിടയിൽ

(رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ)

''റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസ നതൻ വഫിൽ ആഖിറതി ഹസന തൻ വഖിനാ അദാബന്നാർ ''
''ഞങ്ങളുടെ രക്ഷിതാവേ നീ ഞങ്ങ ൾക്ക് ഈ ദുനിയാവിലും പരലോ കത്തും നന്മ ചെയ്തു തരികയും നരക ശിക്ഷയിൽനിന്നും ഞങ്ങളെ കാക്കുകയും ചെയ്യേണമേ.'' (അഹ്മ ദ് :15435 , അബൂദാവൂദ് 1616 ) എന്ന് ചൊല്ലേണ്ടതാകുന്നു.

അതുപോലെ സൗകര്യപ്പെടുമെങ്കിൽ ഹജറുൽ അസ്‌വദിന്റെയും കഅ്ബ യുടെ വാതിലിന്റെയും ഇടയിലുള്ള സ്ഥലത്ത് الملتزم ( അൽ മുൽതസം ) രണ്ട് കൈകളും മുഖവും നെഞ്ചും വെച്ച് പ്രാർത്ഥിക്കൽ

അഭികാമ്യമാ കുന്നു. (സ്വഹീഹു ഇബ്നു മാജഃ :1962 , സിൽസിലത്തുസ്സഹീഹ:2138)

❖ ഓരോ ചുറ്റലിലും പ്രത്യേകം, പ്ര ത്യേകം പ്രാർത്ഥനകൾ ചൊല്ലുന്നത് അടിസ്ഥാന രഹിതമാണ്.

❖ പ്രാർത്ഥനകളുടെ സാരമോ ആശ യമോ ഗ്രഹിക്കാതെ ആരോ എഴുതി അച്ചടിച്ചു വിട്ടത് അങ്ങിനെത്തന്നെ ഉരുവിടുന്നതിൽ അർത്ഥമില്ല. ചില പ്പോൾ അച്ചടിപ്പിശകോ പകർപ്പിലെ തെറ്റുകളോ നിമിത്തം എതിരായ ആ ശയമോ ഉള്ളതായി വരാം. അങ്ങി നെ താനറിയാതെ തനിക്കെതിരായ പ്രാർത്ഥനകളുമായിത്തീർന്നേക്കാം.

❖ അപ്രകാരം ത്വവാഫിലും മറ്റും ഒരാൾ പ്രാർത്ഥനകൾ ചൊല്ലി ക്കൊ ടുക്കുകയും മറ്റുള്ളവർ സംഘടിത മായി ഉച്ചത്തിൽ ഒരേ സ്വരത്തിൽ ഏറ്റു ചൊല്ലുകയും ചെയ്യുന്നതായി കാണാം. യഥാർത്ഥത്തിൽ അവർ പറയുന്നതെന്താണെന്ന് അവരിലധിക പേർക്കും അറിയുക പോലുമില്ല. മാത്രവുമല്ല ഇത് മറ്റു ഹാജിമാർക്ക് ഉപദ്രവവും, തങ്ങളു ടെ ഭക്തി നഷ്ട പ്പെടുത്തലുമാകു ന്നു. നബിﷺ പള്ളിയിൽ ഇഅ്തികാ ഫ് ഇരുന്നിരുന്ന സന്ദർഭത്തിൽ സ്വഹാബികൾ ഉച്ചത്തിൽ ഖുർആൻ പാരായണം ചെയ്യുന്നത് കേട്ടപ്പോൾ നിങ്ങൾ പരസ്പരം ഉപദ്രവിക്കരുത്. ഖുർആൻ പാരായണത്തിൽ ചിലർ മറ്റു ചിലരേക്കാൾ ശബ്ദ മുയർത്തു കയും ചെയ്യരുത്. (അബൂദാവദ്:1332) എന്ന് നബിﷺ പറഞ്ഞിട്ടുണ്ടെങ്കിൽ ത്വവാഫ്ചെയ്യുന്ന വർക്കും പ്രയാസ മുണ്ടാക്കാതിരിക്കാൻ പരമാവധി ശ്ര ദ്ധിക്കേണ്ടതുണ്ട്.

❖ മതത്തിൽ അംഗീകൃതമായ ഏത് ദുആകളും ആകാവുന്നതാണ്. ഇഹ പര വിജയത്തിനായി തങ്ങൾക്കിഷ് ടമുള്ളത് പ്രാർത്ഥിക്കുകയാണ് നാം വേണ്ടത്. ഇത് അറബി ഭാഷയിലാ യിരിക്കണമെന്ന്

നിബന്ധനയുമില്ല. അതിനാൽ തികഞ്ഞ ഭക്തിയോടും ആത്മാർത്ഥതയോടും കൂടിയുമാണ് നാം ത്വവാഫ് ചെയ്യേണ്ടത്.

❖ ത്വവാഫിന്റെ എണ്ണത്തിൽ സംശയി ച്ചാൽ കുറഞ്ഞത് പരിഗണിക്കുക. ത്വ വാഫിനിടയിൽ നമസ്കാര സമയമാ യാൽ നമസ്കരിച്ച ശേഷം നിറുത്തി വെച്ച സ്ഥലത്തുനിന്ന് ബാക്കി എ ണ്ണത്തെ പൂർത്തിയാക്കുക.

❖ ത്വവാഫുകഴിഞ്ഞാൽ മേൽതട്ടം ത്വ വാഫിനു മുമ്പുണ്ടായിരുന്നത് പോ ലെ (ചുമൽ മറയുന്ന പ്രകാരം) ഇടുക.

ശേഷം : " وَاتَّخِذُوا مِنْ مَقَامِ إِبْرَاهِيمَ مُصَلًّى " ‘‘ഇബ്രാഹീം നിന്ന് പ്രാർത്ഥി ച്ച സ്ഥാനത്തെ നിങ്ങളും നമസ്കാര (പ്രാർത്ഥന) വേദിയായി സ്വീകരി ക്കുക.’’ എന്ന ഖുർആൻ വചനം പാരായണം ചെയ്തുകൊണ്ട്[4] മഖാമു ഇബ്റാഹീമിന്റെയടുക്കലേക്ക് പോ കുകയും, അതിനെ തന്റെയും ക അ്ബയുടേയും ഇടയിലാക്കിക്കൊ ണ്ട് രണ്ടു റകഅത്ത് നമസ്ക്കരിക്കു കയും ചെയ്യുക. തിരക്കുള്ള സമയ ത്ത് എത്ര പിന്നിലായാലും ഇത് ഹറമിലെവിടെവെച്ചും നിർവ്വഹിക്കാ വുന്നതു മാകുന്നു. ഇതിൽ ഒന്നാമ ത്തെ റകഅത്തിൽ ഫാതിഹക്ക് ശേ ഷം قل يأيها الكافرون എന്ന സൂറ ത്തുൽ കാഫിറൂനും രണ്ടാമത്തെ റകഅത്തിൽ قل هو الله أحد എന്ന് തുടങ്ങുന്ന സൂറത്തുൽ ഇഖ്ലാസും ഓതൽ സുന്നത്താണ്.

ത്വവാഫ് ചെയ്യുന്ന മത്വാഫിൽ (പ്രദക്ഷിണ സ്ഥലം) മഖാമു ഇബ്റാ ഹീമിന്റെ തൊട്ടടുത്തായി നമസ്കരിക്കാൻവേണ്ടി വളയങ്ങ ളുണ്ടാക്കി ത്വവാഫ് ചെയ്യുന്നവരെ ബുദ്ധിമുട്ടിക്കുന്നത് ഹജ്ജ്വേളകളി ൽ

[4] മുസ്ലിം : 2137

ഒരു സ്ഥിരം കാഴ്ചയാണ്. സൂ ക്ഷിക്കുക. മറ്റുള്ള വർക്ക് കൂടുതൽ സൗകര്യം ചെയ്യുക. തിരക്കുള്ള സമയങ്ങളിൽ നമസ്കാരം കഴിഞ്ഞി ട്ടും ആളുകൾ മത്വാഫിൽ ഇരുന്ന് പ്രാർത്ഥിക്കുന്നത് കാണാം. നബിﷺ യുടെ ഒരു ഹദീസ് ഇവിടെ പ്രത്യേ കം ഓർക്കുന്നത് നന്നായിരിക്കും. അനസ്ﷺ നിവേദനം: നബിﷺ പറഞ്ഞു :

لاَ يُؤْمِنُ أَحَدُكُمْ حَتَّى يُحِبَّ لِأَخِيهِ مَا يُحِبُّ لِنَفْسِهِ (البخاري : ١٢ و مسلم : ٦٤)

തനിക്കു താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടു ന്നത് വരെ നിങ്ങളിൽ ആരും വിശ്വാ സിയാവുകയില്ല.
( ബുഖാരി : 12 , മുസ്ലിം : 64 )

## മഖാമു ഇബ്റാഹീം

ജനങ്ങൾക്ക് ഒന്നാമതായി സ്ഥാ പിക്കപ്പെട്ട ആരാധനാമന്ദിരമായ കഅ് ബയെപ്പറ്റി പറയുന്നിടത്ത് അല്ലാഹു പറയുന്നു:

(فِيهِ آيَاتٌ بَيِّنَاتٌ مَّقَامُ إِبْرَاهِيمَ) ( آل عمران: ٩٧)

അതിൽ വ്യക്തമായ ദൃഷ്ടാന്ത ങ്ങൾ ഉണ്ട്. (വിശിഷ്യാ) ഇബ്രാഹീം നിന്ന സ്ഥലം ( ആലു ഇംറാൻ : 97 )

മഖാമു ഇബ്റാഹീം എന്നാൽ ഇബ്റാഹീം നബിعليه السلام നിന്ന സ്ഥലം എന്നാണ് വാക്കർത്ഥം. കഅ്ബയുടെ അടുത്ത് അതിന്റെ വാതിലിന് മുൻ വശത്ത് വാതിലിനെ അഭിമുഖീകരി ച്ചു നിൽക്കുന്ന വരുടെ അൽപം വല തുഭാഗത്തായി സ്ഥിതിചെയ്യു ന്നതു മായ പ്രസിദ്ധ

കല്ലാണ് അത്. കഅ്ബ പടുത്തുയർത്താൻവേണ്ടി ഇബ്റാഹീം(ﷺ) നിന്നിരുന്ന കല്ലാണിതെന്ന് ഇബ്നു കഥീർ( رحمه الله ) ഉദ്ധരിക്കുന്നു.

## സംസം زمزم

നമസ്കാരശേഷം സംസം വെ ള്ളം കുടിക്കുകയും അതിൽനിന്ന് ത ലയിൽ ഒഴിക്കുകയും ചെയ്യൽ സുന്നത്താണ്. (അഹ്മദ്:15280) ഹദീസ് പ ണ്ഡിതനായ ശുഐബുൽ അർനഊ ത്വ് ഈ ഹദീസ് സഹീഹാണെന്ന് രേഖപ്പെടുത്തുന്നു.)

നബിﷺ പറയുകയുണ്ടായി :

❖ (مَاءُ زَمْزَمَ لِمَا شُرِبَ لَهُ) (سنن ابن ماجة ٣٠٦٢ صححه الألباني و الإرواء: ١١٢٣)

സംസം വെള്ളം എന്തൊരുദ്ദേ ശ്യം വെച്ചാണോ കുടിച്ചത്അതിന്നു വേണ്ടിയുള്ളതാണ്. (അഹ്മദ് : 14892, ഇബ്നു മാജ: 3062, ഇർവാഉൽ ഗലീ ൽ 1123 )

**വിശപ്പിന് ഭക്ഷണം.**

അബൂദർറുൽ ഗിഫാരി(رضي الله عنه) വി ന്റെ ഇസ്ലാം സ്വീകരണവുമായി ബന്ധപ്പെട്ട് മക്കയിൽവന്ന സന്ദർഭത്തിൽ മുപ്പത് ദിവസത്തോളം മറ്റു ഭ ക്ഷണമൊന്നുമില്ലാതെ സംസം വെള്ളം മാത്രം കുടിച്ചുകൊണ്ട് കഴിച്ചുകൂട്ടിയ വിവരം നബിﷺ യോട് പറഞ്ഞപ്പോൾ അവിടുന്ന് പറയുക യുണ്ടായി :

(إِنَّهَا مُبَارَكَةٌ إِنَّهَا طَعَامُ طُعْمٍ ) (مسلم : ٢٤٣٨ ٤٥٢٠)

അത് അനുഗൃഹീതവും വിശപ്പിന് ഭ ക്ഷണവുമാണ് . ( മുസ്ലിം : 2428 )

ഈയടുത്ത കാലത്ത് ഈ വെ ള്ളത്തിന്റെ ശാസ്ത്രീയത ഒരു ജക്തൻ ശാസ്ത്രജ്ഞൻ പറയുന്നത് വായനക്കാരുടെ അറിവിലേക്കായി ഇവിടെ പകർത്തട്ടെ.

സാധാരണ വെള്ളത്തിനില്ലാത്ത ശാസ്ത്രീയ സവിശേഷതകൾ പുണ്യ തീർത്ഥമായ സംസത്തിനുണ്ടെന്ന് ജ പ്പാനിലെ ശാസ്ത്രജ്ഞൻ ഡോ: മ സാറോ ഇമോട്ടോ പറഞ്ഞു. നാനോ സാങ്കേതിക വിദ്യ ഉപയോഗിച്ച് നട ത്തിയ പഠന, ഗവേഷണങ്ങളിൽ സംസം വെള്ളത്തിന്റെ പ്രത്യേകത കളിൽ മാറ്റം ദൃശ്യമായില്ല. ആയിരം തുള്ളി സാധാരണവെള്ളത്തിലേക്ക് ഒരു തുള്ളി സംസം ചേർത്താൽ മുഴുവൻ വെള്ളത്തിനും സംസത്തി ന്റെ പ്രത്യേകതകൾ സ്വാംശീകരി ക്കാനാകുമെന്നും ടോകിയോയിലെ ഹാഡോ സയന്റിഫിക് റിസർച്ച് ഇൻ സ്റ്റിറ്റ്യൂട്ട് മേധാവികൂടിയായ ഡോ: മസാ റോ ഇമോട്ടോ പറഞ്ഞു. ജലഗ വേഷണത്തിൽ ഇദ്ദേഹ ത്തിന്റെപേ രിൽ സ്വന്തം സിദ്ധാന്തം തന്നെയു ണ്ട്. ജിദ്ദയിലെ ദാറുൽ ഹിക്മ കോ ളേജ് സംഘടിപ്പിച്ച ശാസ്ത്ര സെമി നാറിൽ പ്രഭാഷണം നടത്തു കയാ യിരുന്നു അദ്ദേഹം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 500 ലധികം ഗവേഷകർ സെമിനാറിൽ പങ്കെടുത്തു. സംസത്തിൽ താൻ നിര വധി ഗവേഷണങ്ങൾ നടത്തി യതായി ഡോ: മസാറോ ഇമോട്ടോ പറഞ്ഞു. സംസം വെള്ളത്തിലെ പര ലുകൾ(ക്രിസ്റ്റൽ) ലോകത്തെ മറ്റൊ രു വെള്ളത്തിലേയും പരലുകൾക്ക് സമാനമല്ല. സംസം വെള്ളത്തി ന്റെ പ്രത്യേകത മാറ്റാൻ ലാബുകളിൽ നടന്ന പഠന ഗവേഷണങ്ങളിൽ സാ ധിച്ചില്ല. ഇതിന്റെ കാരണം ഇതുവരെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. (മല യാളം ന്യൂസ് 2008 ഏപ്രിൽ 2 ബുധൻ )

**രോഗത്തിന് ശമനം.**

ഇബ്നു അബ്ബാസ്ﷺ നിവേദനം: നബിﷺ പറഞ്ഞു :

(خَيْرُ مَاءٍ عَلَى وَجْهِ الأَرْضِ مَاءُ زَمْزَمَ فِيهِ طَعَامٌ مِنَ الطُّعْمِ وَشِفَاءٌ مِنَ السُّقْمِ) ( المعجم الكبير للطبراني – ١١٠٠٤ والسلسلة الصحيحة ١٠٥٦)

ഭൂമുഖത്തിൽവെച്ച് ഏറ്റവും ഉ ത്തമമായ വെള്ളം സംസമാകുന്നു. അതിൽ വിശപ്പിന് ഭക്ഷണവും രോഗ ത്തിന് ശമനവുമുണ്ട്. ( ത്വബ്റാനി 11004 , സിൽസില സ്വഹീഹഃ 1056 )

നബിﷺ തന്റെ കൂടെയുണ്ടായി രുന്ന തോൽ പാത്രത്തിൽ സംസം ചുമന്നു കൊണ്ടു പോകുകയും രോ ഗികൾക്ക് കുടിക്കാൻ നൽകുകയും അവരുടെ മേൽ ഒഴിക്കുകയും ചെ യ്തിരുന്നതായി ഇമാം ബുഖാരിയു ടെ അത്താരീഖിലും ശൈഖ് അൽ ബാനിയുടെ സിൽസിലത്തുസ്സ്വഹീ ഹഃ: 883 ലും വ്യക്തമാക്കുന്നുണ്ട്.

ഇങ്ങനെ പല രോഗങ്ങൾക്കും ശമനത്തിനായി സംസം വെള്ളം ഉ പയോഗിച്ച് അൽഭുതകരമായ ഫല സിദ്ധിയുണ്ടായതായി പ്രസിദ്ധ സല ഫീ പണ്ഡിതനായ ഇമാം ഇബ്നുൽ ഖയ്യിം (റ) നെ പ്പോലുള്ള മഹാന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. الله أعلم ( സാദുൽ മആദ് 4/393 നോക്കുക )

**സംസം കൊണ്ടുപോകൽ**

(عَنْ عَائِشَةَ رَضِيَ اللهُ عَنْهَا أَنَّهَا كَانَتْ تَحْمِلُ مِنْ مَاءِ زَمْزَمَ وَتُخْبِرُ أَنَّ رَسُولَ اللهِ ﷺ كَانَ يَحْمِلُهُ) ( رواه الترمذي برقم ٨٨٦ وصححه الألباني و السلسلة الصحيحة رقم ٨٨٣)

ആയിശ (റ) സംസംവെള്ളം ചു മന്നു കൊണ്ടു പോകുകയും പ്രവാച കൻﷺ ഇപ്രകാരം ചുമുന്നു കൊ ണ്ടുപോകുമായിരുന്നുവെന്ന് പറയു കയും ചെയ്തിട്ടുണ്ട്. ( തിർമിദി: 886, സിൽസിലത്തു സ്സ്വഹീഹഃ: 883 )

ഇങ്ങനെ ഒട്ടനവധി ശ്രേഷ്ടത കള ടങ്ങിയതാണ് സംസം വെള്ളമെ ന്നത് സ്വീകാര്യയോഗ്യമായ ഹദീസു കളിൽനിന്നും വ്യക്തമാകുന്നു. സ്വ ഹാബികൾ അതിനർഹിക്കുന്ന പ്രാ ധാന്യത്തോടെത്തന്നെയാണ് അതി നെ കണ്ടിരുന്നതും. വസ്തുത ഇതാ യിരിക്കെ ഇതിന്റെ പ്രാധാന്യം കു റച്ചു കാണിക്കാൻ ചിലരെങ്കിലും നടത്തുന്ന ജുഗുപ്സാവഹമായ ശ്ര മം നബി ചര്യയോടുള്ള അവഗണന യല്ലാതെ മറ്റെന്താണ്. അല്ലാഹു ന മ്മെ കാത്തു രക്ഷിക്കുമാറാകട്ടെ.

അതിനാൽ നബിﷺ അത് കുടിച്ച തു പോലെ നാമും കുടിക്കുന്നതാ കും സുന്നത്ത്. എന്നാൽ ചിലരെങ്കി ലും സംസം വെള്ളംകൊണ്ട് വുളൂ ചെയ്യുകയോ കുളിക്കുകയോ തുട ങ്ങി മറ്റു ആവശ്യങ്ങൾക്ക് അത് ഉപ യോഗിക്കാൻ പാടില്ലെന്ന് തെറ്റിദ്ധരി ച്ചിരിക്കുന്നു. പക്ഷെ യഥാർത്ഥത്തി ൽ ആവശ്യം നേരിടുകയാണെങ്കിൽ അത് കൊണ്ട് വുളൂ ചെയ്യുക യും ശൗചം ചെയ്യുകയും ചെയ്യാവുന്ന താണ്. അപ്രകാരം ജനാബത്ത് കുളി ക്കുന്നതിന് പോലും വിരോധമില്ല. കാരണം നബിﷺയുടെ വിരലുകൾ ക്കിടയിൽനിന്ന് അമാനുഷിക ദൃഷ്ടാന്തമായി ഉറവുപൊട്ടുകയും അവി ടുത്തെ അനുയായികൾ അതിൽ നിന്ന് കുടിക്കുവാനും വസ്ത്രം കഴു കുവാനും ശൗചം ചെയ്യുവാനുമെ ല്ലാം ഉപയോഗിക്കുകയുമുണ്ടായി. സംസം വെള്ളം നബിﷺയുടെ വി രലുകൾക്കിടയിൽനിന്ന് ഉറവു പൊട്ടി

യ ജലം പോലെയല്ലെങ്കിലും അതി നേക്കാൾ മഹത്വമേറിയതല്ല. മറിച്ച് അവ രണ്ടും ശ്രേഷ്ടമായവയാകു ന്നു. നബിﷺ യുടെ വിരലുകൾക്കിട യിൽനിന്ന് ഉറവു പൊട്ടിയ ജലത്തി ൽനിന്ന് വുളൂ എടുക്കുന്നതും വസ്ത്രം കഴുകുന്നതും ശൗചം ചെയ്യു ന്നതുമെല്ലാം അനുവദനിയമാ ണെ ങ്കിൽ സംസം വെള്ളത്തിൽ നിന്നും അവ അനുവദനീയമാകുന്നു.

❖ ശേഷം കഴിയുമെങ്കിൽ വീണ്ടും ഹജറുൽ അസ്‌വദ് തടവുക, കാര ണം നബിﷺ അപ്രകാരം തടവുകയുണ്ടായി(മുസ്‌ലിം:2137)ഇവിടെചുംബിക്കൽ സുന്നത്തില്ല.

**ത്വവാഫിലെ അനാചാരങ്ങൾ**

1) ത്വവാഫിന്‌വേണ്ടി കുളിക്കൽ

2) ഹജറുൽ അസ്‌വദ് ചുംബിക്കൽ നിർബന്ധമാണെന്ന് വിശ്വസിക്കൽ.

3) ഹജറുൽ അസ്‌വദിനുനേരെ ആം ഗ്യം കാണിക്കുമ്പോൾ നമസ്കാര ത്തിൽ കൈകളുയർത്തുന്നത്പോലെ രണ്ടു കൈകളും ഉയർത്തൽ

4) ഹജറുൽ അസ്‌വദിനുനേരെ ആംഗ്യം കാണിച്ച ശേഷം കൈ ചുംബിക്കൽ.

5) ഹജറുൽ അസ്‌വദിനോ കഅ്ബ യുടെ ചുമരിനോ മഖാമു ഇബ്റാ ഹീമിനോ മറ്റോ ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയുമെന്നു വിശ്വ സിക്കൽ. ഈ വിശ്വാസത്തോടെ ചിലർ ഹജറുൽ അസ്‌വദും മറ്റും തൊട്ടുകൊണ്ട് മുഖത്തും ശരീര ത്തിലും കുട്ടികളുടെ ദേഹത്തും തട വുന്നതു കാണാം ഇതെല്ലാം ശിർക്കു പോലുള്ള അപകടത്തിലേക്ക് എ ത്തിച്ചേരും. യഥാർത്ഥത്തിൽ ഇത് തെറ്റായ വിശ്വാസമാകുന്നു. ഉപകാ രവും ഉപദ്രവവും ചെയ്യാൻ അല്ലാ ഹുവിന്

മാത്രമേ സാധിക്കുകയുള്ളൂ.
6) ഓരോ ത്വവാഫിനും പ്രത്യേകം പ്രാർത്ഥനകൾ നിശ്ചയിക്കൽ
7) കഅ്ബയുടെ മുകളിൽനിന്നും വെള്ളം വീഴുന്ന പാത്തി ( ميزاب) യുടെ താഴെ പ്രത്യേകം പ്രാർത്ഥന
8) കഅ്ബയുടെ മുകളിൽനിന്നും മീ സാബിലൂടെവീഴുന്ന വെള്ളത്തിന് പ്രത്യേകതയുണ്ടെന്ന് വിശ്വസിക്കൽ
9) കഅ്ബയുടെ ചുമര് കില്ല എന്നിവ തടവൽ
10) സംസം വെള്ളം കൊണ്ട് കുളി ക്കുന്നതിൽ പുണ്യ മുണ്ടെന്ന് വി ശ്വസിക്കൽ
11) സംസം വെള്ളംകൊണ്ട് കഫൻ പുടവ കഴുകൽ.
12) മഖാമു ഇബ്റാഹീം തൊടലും ചുംബിക്കലും.
13) ഹജറുൽ അസ്വദിന് മുമ്പ് റു ക്നുൽ യമാനിയുടെ ഇടയിൽനിന്നു തന്നെ ത്വവാഫ് ആരംഭിക്കൽ

## സഅ്യ്

❖ ശേഷം സഫാമർവക്കിടയിലൂടെ സഅ്യ് ചെയ്യുക.
❖ വുദൂ ഇല്ലാതെ ഒരാൾ സഅ്യ് ചെ യ്താൽ അത് സ്വീകാര്യമാണ്. അഃു പോലെത്തന്നെ ത്വവാഫിന് ശേഷം ഒരു സ്ത്രീക്ക് ആർത്തവമോ പ്രസവ രക്തമോ ഉണ്ടായാൽ അവൾക്ക് സ അ്യ് ചെയ്യാവുന്നതാണ്. എന്തുകൊ ണ്ടെന്നാൽ സഅ്യിന് ശുദ്ധി നിബ ന്ധനയില്ല എന്നതാണതിന് കാരണം.
❖ സഫായുടെ അടുത്ത് എത്തിയാൽ

إِنَّ الصَّفَا وَالْمَرْوَةَ مِن شَعَآئِرِ اللّهِ فَمَنْ حَجَّ الْبَيْتَ أَوِ اعْتَمَرَ فَلاَ جُنَاحَ عَلَيْهِ أَن يَطَّوَّفَ بِهِمَا وَمَن تَطَوَّعَ خَيْرًا فَإِنَّ اللّهَ شَاكِرٌ عَلِيمٌ (البقرة: ١٥٨)

(ഇന്ന സ്വഫാ വൽമർവത്ത മി ൻ ശആയിരില്ലാ ഫമൻ ഹജ്ജൽ ബൈത്ത അവിഅ്തമറ ഫലാ ജു നാഹ അലൈഹി അൻയത്ത്വവ്വഫ ബിഹിമാ വമൻ തത്വവ്വഅ ഖൈറൻ ഫഇന്നല്ലാഹ ശാകിറുൻ അലീം )

“തീർച്ചയായും സഫായും മർ വയും അല്ലാഹു വിന്റെ ചിഹ്നങ്ങ ളിൽപെട്ടതാണ്. ഹജ്ജോ ഉംറയോ നിർവ്വഹിക്കുന്നവർ അതിൽ പ്രദ ക്ഷിണം നടത്തുന്നതിന് വിരോധമില്ല. നന്മയെ അധികരിപ്പിക്കുവാൻ വല്ല വരുമുദ്ദേശിക്കുന്നുവെങ്കിൽ തീർച്ച യായും അല്ലാഹു കൃതജ്ഞനും അ റിവുള്ളവനുമാണ്.” എന്ന ആയ ത്തോതുക. അതിനു ശേഷം

أَبْدَأُ بِمَا بَدَأَ اللَّهُ بِهِ ( رواه مسلم ٢١٣٧)

(അബ്ദഉ ബിമാ ബദഅല്ലാഹു ബിഹി) “അല്ലാഹു തുടങ്ങിയതിൽ നിന്ന് ഞാൻ തുടങ്ങുന്നു” എന്ന് പറ യലും സുന്നത്താകുന്നു. ഇത് സ അ്യിന്റെ ആരംഭത്തിൽ മാത്രമാണ് ചൊല്ലൽ സുന്നത്ത്.

❖ കഴിയുന്നത്ര സഫാ കുന്നിൽ കയ റുക. പിന്നീട് കഅ്ബയെ (കാണു ന്ന രൂപത്തിൽ) അഭിമുഖമായി “ലാഇലാഹ ഇല്ലല്ലാഹു അല്ലാഹു അക്ബർ” എന്ന് മൂന്ന് പ്രാവശ്യം പറഞ്ഞ ശേഷം തുടർന്ന് താഴെ കാണുന്നവയും മൂന്ന് പ്രാവശ്യം ചൊല്ലുക.

لاَ إِلَهَ إِلاَّ اللهُ اللهُ أَكْبَرْ لاَ إِلَهَ إِلاَّ اللهُ وَحْدَهُ لا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ لا إِلَهَ إِلا اللهُ وَحْدَهُ أَنْجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الأَحْزَابَ وَحْدَهُ )

( مسلم :٢١٣٧ وأبوداود : ١٦٢٨)

(ലാഇലാഹ ഇല്ലല്ലാഹു അഷ്ട്ടാ ഹു അക്ബർ ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു ലഹുൽ മുൽകു വലഹുൽ ഹംദു യുഹ്‌യീ വ യുമീതു വഹുവ അലാ കുല്ലിശൈ ഇൻ ഖദീർ. ലാഇലാഹ ഇല്ലല്ലാഹു വഹ്ദഃ അൻജസ വഅ്ദഃ വ നസറ അബ്ദഃ വ ഹസമൽ അഹ്സാബ വഹ്ദഃ)

“അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനു മില്ല. അല്ലാഹു ഏറ്റവും മഹാനാണ്. അല്ലാഹു വല്ലാതെ മറ്റൊരാരാധ്യനു മില്ല. രാജാധിപത്യവും സർവ്വസ്തു തിയും അവനുള്ളതു തന്നെയാണ്. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കു കയും ചെയ്യുന്നു. അവൻ സർവ്വ ശ ക്തനാണ്. അല്ലാഹുവല്ലാതെ മറ്റൊ രാരാധ്യനുമില്ല. അവൻ ഏകൻ മാത്രം. തന്റെ വാഗ്ദത്തം അവൻ നി റവേറ്റി. തന്റെ അടിയനെ സഹായി ച്ചു. ശത്രു സേനകളെ അവൻ തന്നെ പരാജയപ്പെടുത്തി.”

❖ ശേഷം കൈകളുയർത്തി ധാരാ ളം പ്രാർത്ഥിക്കുക. കൈകളുയർ ത്തി പ്രാർത്ഥിക്കൽ അനുവദനീയ മായ സ്ഥലങ്ങളിലൊന്നാണിത്. ഈ സുന്നത്ത് നടപ്പിലാക്കുന്നവർ വളരെ വിരളമാണിന്ന്. ഈ ശ്രേഷ്ഠത അറി യാതെ എത്രയെത്രപേരാണ് ധൃതി പിടിച്ച് ഇവിടേനിന്ന് പോകാറുള്ളത്! ആകയാൽ കൂടെയുള്ള അറിയാ ത്തവരോടും കുട്ടികളോടും ഇതിന്റെ മഹത്വങ്ങൾ ബോധ്യപ്പെടുത്തുക.

❖ ശേഷം സഅ്‌യ് ചെയ്യാനായി സ ഫാ കുന്നിൽ നിന്നും ഇറങ്ങുക. നബിﷺ പറയുകയുണ്ടായി :

(اسعوا فإن الله كتب عليكم السعي )( رواه إرواء الغليل (٤ / ٢٦٨)

“നിങ്ങൾ സഅ്‌യ് ചെയ്യുക നിശ്ച യം അല്ലാഹു നിങ്ങളുടെ മേൽ സ അ്‌യ് നിർബന്ധമാക്കിയിരിക്കുന്നു.” (ഇർവാഉൽ ഗലീൽ:268, അഹ്മദ്: 27407 )

തുടർന്ന് ഇരു ഭാഗങ്ങളിലും പച്ചനി റത്തിലുള്ള ലൈറ്റുകളിലുമായി പ്ര ത്യേകം അടയാളപ്പെടുത്തിയിട്ടുള്ള ഒന്നാമത്തെ അടയാളം വരെ നട ക്കുക. ശേഷം ഒന്നാമത്തെ ഈ അട യാളം മുതൽ അതിനടുത്ത രണ്ടാമ ത്തെ അടയാളംവരെ ഓടുക. ചരൽ കല്ലു കളുടെ ഒരു താഴ്വരയായിരു ന്നു ഇത്. നബിﷺ സഫാ മർവക്കിട യിൽ ഓടുന്ന സ്ഥലത്ത് തിരുമേനി ﷺ യുടെ വസ്ത്രം അവിടുത്തെ മുട്ടു വരെ എത്തുന്ന രീതിയിൽ വെളിവാ ക്കിക്കൊണ്ട് വേഗത്തിൽ ഓടുമാ യിരുന്നുവെന്ന് അലി رضي الله عنه പറയുന്നതാ യി ഇമാം അഹ്മദ് റിപ്പോർട്ട് ചെയ്യു ന്നതായിക്കാണാം.
(അഹ്മദ്: 597 അഹ്മദ് ശാക്കിർ ഈ ഹദീസ് സഹീഹാണെന്ന് രേഖ പ്പെടുത്തുന്നു.)

- ശേഷം രണ്ടാമത്തെ അടയാളം മുതൽ നടന്ന് മർവയിൽ കയറുക. സഫാകുന്നിൽ ചെയ്തത് പോലെ ഇവിടെയും ചെയ്യുക. പക്ഷെ ''ഇന്ന സ്വഫാ വൽമർവത്ത മിൻ ശആ യിരില്ലാ'' എന്ന് തുടങ്ങുന്ന ആ യത്തും ''അബ്ദഉ ബിമാ ബദഅ ല്ലാഹു ബിഹി'' എന്നതും പറയൽ ഇവിടെ സുന്നത്തില്ല. ഇന്ന് മർവ യിൽനിന്നും കഅ്ബയെ കാണുക സാധ്യമല്ല.
- തുടർന്ന് വീണ്ടും സഫായിലേക്ക് പുറപ്പെടുക. നടക്കേണ്ട സ്ഥലത്ത് നടക്കുകയും ഓടേണ്ട സ്ഥലത്ത് ഓടുകയും ചെയ്യുക.
- ഏഴുതവണ ഇത് ചെയ്യേണ്ടതാ കുന്നു.
- സഫായിൽനിന്ന് മർവയിലേക്ക് പോകുന്നത് ഒരു തവണയും, അവി ടെനിന്ന് തിരിച്ച് സഫയിലേക്ക് മട ങ്ങുന്നത് മറ്റൊരു തവണയുമായാണ് പരിഗണിക്കേണ്ടത്. അഥവാ സഫയി ൽ തുടങ്ങി മർവയിൽ അവസാനി പ്പിക്കുക.
- സഫാകുന്നിൽ നിന്നാണ് സഅ്യ് തുടങ്ങേണ്ടത്.

അഥവാ മർവയിൽനി ന്നാണ് തുടങ്ങിയതെങ്കിൽ അതി ലെ ഒന്നാമത്തേ തവണ പരിഗണിക്കുക യില്ല. നമസ്കാരം തക്ബീറത്തുൽ ഇഹ്റാം കൊണ്ട് തുടങ്ങേണ്ടതിന് പകരം സുജൂദ്കൊണ്ട് തുടങ്ങിയാ ൽ സ്വീകാര്യമല്ലാത്തത് പോലെയാ ണിത്.

❖ സഅ്യിന്റെ സന്ദർഭം ദിക്റുകളും പ്രാർത്ഥനകളും അധികരിപ്പിക്കുക. ഇന്ന പ്രാർത്ഥന യായിരിക്കണ മെന്ന് നിർബന്ധമില്ല എന്നാൽ

رَبِّ اغْفِرْ وَارْحَمْ إِنَّكَ أَنْتَ الأَعَزُّ الأَكْرَمْ

مصنف ابن أبي شيبة ٣/ ٤٠٤، أنظر مناسك الحج والعمرةللألباني ص (٢٦،٥٣)

(റബ്ബിഗ്ഫിർ വർഹം ഇന്നക്ക അൻ തൽ അഅസ്സുൽ അക്റം )

"എന്റെ രക്ഷിതാവേ, നീ പൊറു ക്കുകയും കരുണ കാണിക്കുകയും ചെയ്യേണമേ, തീർച്ചയായും നീ ഏ റ്റവും വലിയ ഔദാര്യവാനും കൂടു തൽ പ്രതാപമുള്ളവനുമാകുന്നു." എന്ന് ഇബ്നു ഉമർﷺവും ഇബ്നു മസ്ഊദ്ﷺവും സഅ്യിൽ പ്രാർ ത്ഥിച്ചിരുന്നതായി സ്ഥിരപ്പെട്ടിരിക്കു ന്നു.

(മുസന്നഫുബ്നു അബീ ശൈബ: 3/404 )

❖ പ്രാർത്ഥന ഏത് ഭാഷയിലും ആകാവുന്നതാണ്.

❖ നബിﷺ യുടെ ഹജ്ജ് അപ്രകാരമാ യിരുന്നു. എന്നാൽ സഅ്യിനിടയി ൽ വെള്ളം കുടിക്കുക, ആവശ്യം നേരിട്ടാൽ മലമൂത്ര വിസർജ്ജനം ചെയ്യുക തുടങ്ങിയത് പോലുള്ളതി ന് വിരോധമില്ല.

❖ ഉന്തുവണ്ടികൾ പോലുള്ളവയിൽ ത്വവാഫു പോലെത്തന്നെ സഅ്യും നിർവ്വഹിക്കാവുന്നതാണ്.

കാരണം നബിﷺ അവിടുത്തെ വിടവാങ്ങൽ ഹജ്ജിൽ തവാഫ് ചെയതതും സഫാ മർവക്കിടയിൽ സഅ്യു ചെയ്തതും വാഹനത്തിലായിരുന്നു. (മുസ്ലിം :1273 ) എന്നാൽ മറ്റുള്ളവർക്ക് ശല്യമാകരു ത് ഇവക്ക് പോകാനായി പ്രേത്യേക വഴികൾ നിശ്ചയിച്ചിട്ടുണ്ട്. അവ ഉപയോഗപ്പെടുത്തലാണ് കൂടുതൽ നന്നാവുക.

❖ സഅ്യു ചെയ്യുന്നവർ ഇസ്മാഈ ൽ നബിعليه السلام ന്റെ മാതാവ് ക്ലേശങ്ങ ളും പ്രയാസങ്ങളും സഹിച്ചു കൊ ണ്ട് നീറുന്ന മനസ്സോടെ അല്ലാഹു വിന്റെ സഹായം പ്രതീക്ഷിച്ചുകൊ ണ്ട് ഇതിലൂടെ സഅ്യ് ചെയ്ത സന്ദർഭം ഓർക്കുകയും അവരെപ്പോ ലെ അല്ലാഹുവിൽ തികഞ്ഞ തവ ക്കുലുണ്ടാക്കുകയും വേണമെന്ന് പറയേണ്ടതില്ലല്ലോ !

ഇബ്റാഹീംعليه السلام നെ പോലെ അല്ലാഹുവിൽ ഭരമേൽപിക്കുന്നവരെ അവൻ ഒരിക്കലും കൈവെടിയുക യില്ല എന്നകാര്യം പ്രത്യേകം ഓർ ക്കേണ്ടതാ കുന്നു.

അല്ലാഹുവിന്റെ കൽപന ശിര സാവഹിച്ചു കൊണ്ടും പ്രതിഫലം ആഗ്രഹിച്ചുകൊണ്ടും അല്ലാഹുവല്ലാ തെ യാതൊരു സഹായിയുമില്ലാത്ത ഫലശൂന്യവും ജലശൂന്യവുമായ മല യിടുക്കിൽ സ്വന്തം മകനേയും ഭാര്യ യേയും തനിച്ചാക്കിപ്പോകുന്ന അല്ലാ ഹു വിന്റെ പ്രവാചകൻ ഇബ്റാഹീം عليه السلام നെ സ്മരിച്ചു നോക്കൂ.

**സഅ്യിലെ അനാചാരങ്ങൾ**

1) സഫാകുന്നിൽനിന്നും ഇറങ്ങുന്ന തിന് പ്രത്യേകം പ്രാർത്ഥനയുണ്ടെന്ന് വിശ്വസിക്കുക.

2)സഫയിലും മർവയിലും കയറിയ ശേഷം ഖിബ്ലക്കഭിമുഖമായി നമസ് കാരത്തിലേത്പോലെ കൈകൾ ചുമ ലിനുനേരെ ഉയർത്തി മാടി വിളി ക്കുന്നതു പോലെയും ഉന്തിനീക്കു ന്നതുപോലെയും പലതരം

ഗോഷ്ടി കൾ കാണിക്കൽ
3) സഅ്യിനിടയിൽ പുരുഷൻ തട്ട ത്തിന്റെ മധ്യം വലതു കക്ഷത്തിലും രണ്ടറ്റങ്ങൾ ഇടത്തെ ചുമലിലും ആ വുന്ന രൂപത്തിലിടുക. ( الإضطباع )
4) സഫാ മർവക്കിടയിൽ ഒരറ്റം മു തൽ ഇതര അറ്റം വരേ ധൃതി പിടി ച്ചു ഓടൽ.
5) സഫായിൽനിന്ന് മർവയിലേക്കും തിരിച്ച് മർവയിൽനിന്ന് സഫയിലേ ക്കും പോകുന്നത് ഒരു തവണ എന്നി ങ്ങനെ പതിനാല് തവണ സഅ്യ് ചെയ്യൽ.
9) ഹറമിൽ നമസ്കാരം നടന്നുകൊ ണ്ടിരിക്കുമ്പോൾ അതിൽ പങ്കെടു ക്കാതെ സഅ്യിൽ തുടരൽ.

## സഅ്യിൽനിന്നും വിരമിച്ചാൽ

❖ സഅ്യ് നിർവ്വഹിച്ചു കഴിഞ്ഞാൽ മുടി മുണ്ഡനം ചെയ്യുകയോ വെട്ടു കയോ ചെയ്യുക. (പുരുഷന് മുടി കളയുന്നതാണ് ഉത്തമം. നബിﷺ മുടി കളഞ്ഞവർക്കു വേണ്ടി മൂന്ന് പ്രാവശ്യം പ്രാർത്ഥിച്ചപ്പോൾ വെട്ടി യവർക്കുവേണ്ടി ഒരു പ്രാവശ്യം മാ ത്രമാണ് പ്രാർത്ഥിച്ചത്. മുടി മുണ്ഡ നം ചെയ്യുമ്പോൾ ആദ്യം തലയുടെ വലതു ഭാഗത്തുനിന്നും ശേഷം ഇ ടതു ഭാഗത്തു നിന്നും ആരംഭിക്കൽ സുന്നത്താകുന്നു. ( മുസ്‌ലിം :2298) ഇതോടെ ഇഹ്റാമിൽനിന്ന് ഒഴി വാകുന്നതാണ്.
❖ ഉംറ നിർവ്വഹിക്കാതെ ഹജ്ജിന് മാത്രം ഇഹ്റാം ചെയ്ത ഇഫ്റാ ദുകാരും, ഖിറാൻ രീതി സ്വീകരിച്ച വരും മുടി മുണ്ഡനം ചെയ്യുകയോ വെട്ടുകയോ ചെയ്യരുത്.

എന്നാൽ മുഫ്രിദായി ഇഹ്റാം ചെയ്തവരും, ബലി മൃഗം കൂടെ കൊണ്ടുവന്നവരും ഇഹ്റാമിൽ നി

ന്നൊഴിവാകുന്നതാണ് ഉത്തമം.

❖ മുടി വെട്ടുകയാണെങ്കിൽ തലയു ടെ എല്ലാ ഭാഗത്തുനിന്നും മുടി വെട്ടിക്കേണ്ടതാകുന്നു. രണ്ടോ മൂന്നോ മുടി മാത്രം മുറിക്കുന്നത് നബിചര്യക്ക് വിരുദ്ധമാണ്. തലയിൽ നിന്നും അൽപം മുടി മാത്രം എടു ത്ത് ഉംറ വർദ്ധിപ്പിക്കുന്നതായി കാണാം മുടി മുണ്ഡനം ചെയ്യു ന്നവരും അൽപം മാത്രം മുണ്ഡനം ചെയ്യുന്നതായും കാണാം, ഇത് നബിചര്യക്ക് വിരുദ്ധമാണ്.

❖ സ്ത്രീകൾ വിരൽ തുമ്പ് നീള ത്തിൽ മുടിയുടെ അറ്റം വെട്ടിയാൽ മതിയാകും.

***പാടില്ലാത്തവ***

1) തലയുടെ ചില ഭാഗം ഒഴിവാ ക്കിക്കൊണ്ട് മുൺണ്ഡനം ചെയ്യൽ. ഇത് നബിﷺ വിലക്കിയതാകുന്നു. (മുസ്‌ലിം : 3959 ) ഈ നിയമം എല്ലാ സമയത്തും ബാധ കമാകുന്നു.

2) മുടി എടുക്കുന്നതിന്റെ മുമ്പായി സാധാരണ വസ്ത്രം ധരിക്കൽ

3) ചിലർ മർവയിൽനിന്നുതന്നെ മുടി മുറിക്കുന്നതായി കാണാം. ഇത് തി കച്ചും വർജ്ജിക്കേണ്ടതാകുന്നു. കാ രണം അല്ലാഹുവിന്റെ ചിഹ്നത്തെ അനാദരിക്കലാകുന്നു ഇത്.

## ഉംറയുമായി ബന്ധപ്പെട്ട ചില സുപ്രധാന കാര്യങ്ങൾ

- ത്വവാഫിന്റെ എണ്ണത്തിൽ സംശയി ച്ചാൽ കുറഞ്ഞത് പരിഗണിക്കുക. ത്വവാഫ് നിർവ്വഹിച്ച് സ്ഥലം വിട്ട തിന് ശേഷമാണ് സംശയിക്കുന്ന തെങ്കിൽ എണ്ണം കുറഞ്ഞിട്ടുണ്ട് എന്ന് ഉറപ്പായാലല്ലാതെ തിരിച്ചു വ

രേണ്ടതില്ല. സഅ്യിന്റെ എണ്ണ ത്തിൽ സംശയമുണ്ടായാലും ഇപ്ര കാരം തന്നെയാണ് ചെയ്യേണ്ടത്. (ശൈഖ് ഇബ്നു ഉഥൈമീൻ (റ) യുടെ അൽ മൻഹജു ലി മുരീദിൽ ഹജ്ജി വൽ ഉംറ നോക്കുക. പേജ്: 32 )

- നടന്നുകൊണ്ടാണ് ത്വവാഫും സ അ്യും നിർവ്വഹിക്കേണ്ടത്. എന്നാ ൽ പ്രയാധിക്യം കൊണ്ടോ, രോ ഗംകൊണ്ടോ അതിന് പ്രയാ സമാകുന്നു വെങ്കിൽ ചുമന്നുകൊ ണ്ടോ, തള്ളുവണ്ടിയിലോ നിർവ്വ ഹിക്കാവുന്നതാണ്. കാരണം ന ബിﷺ യുടെ വിവടവാങ്ങൽ ഹ ജ്ജിൽ അവിടുന്ന് വാഹനത്തി ലായിരുന്നു ത്വവാഫും സഅ്യും നിർവ്വഹിച്ചിരുന്നത്. ( മുസ്ലിം: 1273 )
- സ്വയം ത്വവാഫ് സഅ്യ് നിർ വ്വഹിക്കാൻ കഴിയാത്തവരെ ചുമ ന്നു കൊണ്ട് പോകുന്നവർക്ക് റമ ലും (കാലുകൾഅടുപ്പിച്ചുകൊണ്ട് വേഗത്തിൽ നടക്കൽ ) ഇള്ത്വിബാ ഉം ( പുരുഷൻ തട്ടത്തിന്റെ മധ്യം വലതു കക്ഷത്തിലും രണ്ടറ്റങ്ങൾ ഇടത്തെ ചുമലിലും ആവുന്ന രൂ പത്തിലിടുക.) സുന്നത്തില്ല. എ ന്നാൽ ചുമക്കുന്ന വ്യക്തി ത്വവാ ഫോ സഅ്യോ നിർവ്വഹിക്കുന്നു ണ്ടെങ്കിൽ അവ നിർവ്വഹിക്കേണ്ടെ താകുന്നു.
- തിരക്കുകാരണമോ മറവി മുഖേന യോ റമൽ മറക്കുകയാണെങ്കിൽ പിന്നീട് അത് ചെയ്യേണ്ടതില്ല.
- മഖാമു ഇബ്റാഹീമിന്റെ പിന്നിലൂ ടെ ത്വവാഫ് ചെയ്യാവുന്നതുപോ ലെ മസ്ജിദുൽ ഹറാമിന് മുകളി ലൂടെയും ത്വവാഫ് ചെയ്യാവുന്ന താണ് . അപ്രകാരം മസ്അ ( സ അ്യ് ചെയ്യുന്ന സ്ഥലം ) യുടെ മുകളിലൂടെ സഅ്യ് നിർവ്വഹിക്കാ വു ന്നതാണ്.

- ത്വവാഫ് ചെയ്ത ഉടനെത്തന്നെ സഅ്യും നിർവ്വഹിക്കണമെന്ന് നിർബന്ധമില്ല. അഥവാ ത്വവാ ഫി ന് ശേഷം താമസസ്ഥലത്ത് പോ യി വിശ്രമിക്കുകയോ, ഉറങ്ങുക യോ, ഭക്ഷണം കഴിക്കുകയോ മ റ്റോ ചെയ്തശേഷം സഅ്യ് ചെ യ്യുന്നതിന് വിരോധമില്ല. എന്നാൽ നബിﷺ ചെയ്തതു പോലെ തുടർ ച്ചയായി നിർവ്വഹിക്കുന്നതാകും ഉത്തമം.

- ഉംറ നിർവ്വഹിക്കുന്നയാൾക്ക് വിട വാങ്ങൽ ത്വവാഫ് (طواف الوداع) നിർബന്ധമില്ലെങ്കിലും, അത് നിർ വ്വഹിക്കുന്നതാകും ഉത്തമം. പക്ഷെ ഹജ്ജ് നിർവ്വഹിക്കുന്ന വർക്ക് ഇത് നിർബന്ധ മാകുന്നു. ( മുസ്‌ലിം : 1327 ) വിടവാങ്ങൽ ത്വവാഫിന് ശേഷം കൂടുതൽ താമ സിയാതെ മക്കയിൽനിന്നും സ്ഥ ലം വിടേണ്ടതാകുന്നു.

- നമസ്കരിക്കുമ്പോൾ ചുമല് മറ ഞ്ഞിരിക്കേണ്ട താകുന്നു. ഇത് ഇഹ്റാമിലായിരിക്കുന്ന സമയ മെന്നോ അല്ലാത്ത സമയങ്ങളിലെ ന്നോ വ്യത്യാസമില്ല. നബിﷺ പറ യുകയുണ്ടായി:

(لاَ يُصَلِّ أَحَدُكُمْ فِي الثَّوْبِ الْوَاحِدِ لَيْسَ عَلَى عَاتِقَيْهِ شَيْءٌ) (البخاري : ٣٤٦ )

നിങ്ങളിലാരും ഒറ്റ വസ്ത്രത്തി ൽ നമസ്ക്കരിക്കരുത്. അവന്റെ ചുമലുകളിൽ യാതൊന്നും ഇല്ലാ ത്ത നിലയ്ക്ക് : (ബുഖാരി: 346, മുസ്‌ലിം : 801 )

- ഉറങ്ങിയ ശേഷം വുളൂ ഇല്ലാതെ നമസ്ക്കരിക്കുന്നത്

തെറ്റാകുന്നു.

- അടി വസ്ത്രം ധരിക്കാത്തതിനാൽ ഇഹ്റാമിൽ പ്രവേശിച്ചവരുടെ ഔ റത്ത് വെളിവാകാൻ കൂടുതൽ സാധ്യതകളുണ്ട്. അതിനാൽ കാറ്റടിക്കുന്ന സന്ദർഭത്തിലും, ഇരി ക്കുമ്പോഴും, ഉറങ്ങുമ്പോഴുമെല്ലാം മറ്റുള്ളവർ കാണാനിടയാകരുത്.

**കുട്ടികളെ സംരക്ഷിക്കുക.**

വിശുദ്ധ ഹറമിലും മറ്റും തിരക്കനു ഭവപ്പെടുന്നതിനാൽ ഇവിടങ്ങളിൽ പ്രത്യേകിച്ച് കുട്ടികളെ നാം പര മാവധി സംരക്ഷിക്കേണ്ടതുണ്ട്. കുട്ടി കളെ ചുമക്കുകയോ കൈപിടിക്കു കയോ ചെയ്യുകയും ശ്രദ്ധിക്കുകയും വേണം. കുട്ടിയുടെ കയ്യിലോ കട ലാസിലോ മറ്റോ കുട്ടിയുടെ പേര്, മൊബൈൽ നമ്പർ എന്നിവ എഴു തിവെക്കുന്നത് നന്നായിരിക്കും. ഘറ മിന് ചുറ്റുമുള്ള വിശാലമായ സ്ഥല ങ്ങളിൽ കുട്ടികളെ കളിക്കാൻ അനു വദിക്കരുത്. കാരണം നമസ്കരിക്കു ന്നവർക്കും മറ്റും അത് ശല്ല്യമാവു കയും, പലപ്പോഴും കുട്ടികളെ നഷ്ട പ്പെടുന്നതിനു പോലും ഇത് കാരണ മാകുകയും ചെയ്യും. വിസർജ്ജന സ്ഥലത്ത്പോയി സ്വയം മലമൂത്ര വിസർജ്ജനം ചെയ്യാൻ വകതിരിവി ല്ലാത്ത ചെറിയ കുട്ടികൾക്ക് പമ്പേഴ് സ് പോലുള്ളവ ധരിപ്പിക്കുക. രക്ഷി താക്കളിൽനിന്ന് കൈവിട്ടുപോകുന്ന കുട്ടികളെ സംരക്ഷിക്കാനായി പ്ര ത്യേകം സൗകര്യമേർപ്പെടു ത്തിയി ട്ടുണ്ട് എന്നത് വളരെ ഉപകാരപ്രദമാ കുന്നു.



## ഹജ്ജ് ചെയ്യേണ്ട രൂപം

### ഹജ്ജ് മൂന്ന് വിധം

ഹജ്ജ് മൂന്ന് വിധത്തിൽ നിർവ്വ ഹിക്കാവുന്നതാണ്.

1) تمتع (തമത്തുഅ്) ഹജ്ജിന്റെ മാസങ്ങളിൽ (ശവ്വാൽ, ദുൽഖഅ്ദ്, ദുൽഹജ്ജിലെ ആദ്യത്തെ പത്തു ദിവസങ്ങൾ) ആദ്യം ഉംറ നിർവ്വഹിച്ച ശേഷം ഇഹ്റാമിൽ നിന്ന് വിരമിച്ച് മക്കയിൽതന്നെ കഴിഞ്ഞു കൂടുക. പിന്നീട് ദുൽഹജ്ജ് എട്ടിന് ഹജ്ജി ന്നായി ഇഹ്റാം ചെയ്ത് മിനായി ലേക്ക് പോകുക. തുടർന്ന് താഴെ പറയാൻ പോകുന്ന സ്ഥലങ്ങളിലും സമയങ്ങളിലും ഹജ്ജ് കർമ്മങ്ങൾ പൂർത്തിയാക്കണം. ഇങ്ങനെ ആദ്യം ഉംറയും പിന്നെ ഹജ്ജും ചെയ്യുന്ന രീതിക്ക് സാങ്കേതികമായി തമത്തുഅ് എന്നു പറയുന്നു. ഇങ്ങനെ നിർ വ്വഹിക്കുന്ന വ്യക്തിക്ക് 'മുത്തമത്തി അ്' എന്നും പറയുന്നു.

2) قران (ഖിറാൻ) ഹജ്ജിനും ഉംറ ക്കും ഒന്നിച്ച് ഇഹ്റാമിൽ പ്രവേശിച്ച് ഉംറക്ക്ശേഷം ഇഹ്റാമിൽ നിന്ന് ഒഴി വാകാതെ ഹജ്ജിൽ പ്രവേശിക്കുക. ഇങ്ങനെ ഉംറയും ഹജ്ജും ഒന്നിച്ച് ചെയ്യുന്ന രീതിക്ക് സാങ്കേതികമായി ഖിറാൻ എന്നു പറയുന്നു. ഇങ്ങനെ നിർവ്വഹിക്കുന്ന വ്യക്തിക്ക് 'ഖാരിൻ' എന്നും പറയുന്നു.

3) إفراد ( ഇഫ്റാദ് ) ഹജ്ജിന് മാത്രം ഇഹ്റാം ചെയ്യുക. ഇതിന് ഇഫ്റാദ് എന്ന് പറയുന്നു. ഇങ്ങനെ നിർവ്വ ഹിക്കുന്ന വ്യക്തിക്ക് 'മുഫ്രിദ്' എന്നും പറയുന്നു.

തമത്തുഉം, ഖിറാനും തിരഞ്ഞെ ടുക്കുന്നവർ ബലിയറുക്കൽ നിർബ ന്ധമാണ്. എന്നാൽ ഇഫ്റാദിന് ബലിയറുക്കേണ്ടതില്ല.

ബലിയിൽനിന്ന് രക്ഷപ്പെടാൻ ചി ലർ ഇഫ്റാദ് സ്വീകരിക്കുകയും പി ന്നീട് ഹജ്ജിനുശേഷം ഉംറ നിർവ്വ ഹിക്കുകയും ചെയ്യുന്നത് കാണാം. അത് നബിചര്യക്ക് വിരുദ്ധമാണ്. അറിവിന്ന് സാമ്പത്തിക ശേഷിയി ല്ലാത്തവർ 10 ദിവസം നേമ്പെടുക്കു കയാണ് വേണ്ടത്. മൂന്ന് ദിവസം മക്കയിൽവെച്ചും ബാക്കി തിരിച്ചെ ത്തിയ ശേഷവും. ഈ നോമ്പ് അയ്യാ മുത്തശ്രീക്കിലും അനുഷ്ഠിക്കാവു ന്നതാണ്. ( അൽബഖറ : 196 )

## റുക്നുകളും വാജിബുകളും

### ഹജ്ജിന്റെ റുക്നുകൾ

- ഇഹ്റാമിൽ പ്രവേശിക്കുക
- അറഫയിൽ നിൽക്കൽ
- ത്വവാഫുൽ ഇഫാദത്ത്
- സഫാമർവക്കിടയിലെ സഅ്യ് എന്നിവയാണ്.

### ഹജ്ജിന്റെ വാജിബുകൾ

- മീഖാത്തിൽവെച്ച് ഇഹ്റാമിൽ പ്രവേശിക്കുക
- സൂര്യാസ്തമയംവരെ അറഫയി ൽ നിൽക്കൽ
- മുസ്ദലിഫയിൽ രാത്രി താമസി ക്കൽ
- ദുൽഹജ്ജ് പത്തിന് ജംറത്തുൽ അഖബയിലും അയ്യാമുത്തശ്രീ ഖിൽ മൂന്ന് ജംറകളിലും കല്ലെറിയൽ
- അയ്യാമുത്തശ്രീഖിന്റെ രാവുകളിൽ മിനായിൽ താമസിക്കൽ
- മുടിയെടുക്കൽ

❖ ത്വവാഫുൽ വിദാഅ് (വിടവാ ങ്ങൾ ത്വവാഫ് ) എന്നിവയാണ് .

റുക്നുകളിൽ ഏതെങ്കിലും ന ഷ്ടപ്പെട്ടാൽ പ്രസ്തുത കർമ്മം ശരി യാകുന്നതല്ല. പ്രായശ്ചിത്തം കൊ ണ്ടും പരിഹരിക്കപ്പെടുന്നതല്ല. ഉദാ ഹരണത്തിന് ദുൽ ഹജ്ജ് 9ന് അറ ഫയിൽ നിൽക്കുക എന്ന റുക്ന് നിർവ്വഹിക്കാതിരുന്നാൽ അയാളുടെ ഹജ്ജ് സ്വീകാര്യ മാവുകയില്ല.

വാജിബുകളിൽ ഏതെങ്കിലും നഷ്ടപ്പെട്ടാൽ പ്രായശ്ചിത്തമായി ഹറമിൽ വെച്ച് ബലിയറുത്ത് ധർമം ചെയ്യുന്നത് കൊണ്ട് പരിഹരിക്ക പ്പെടും. ഉദാഹര ണം: ഇഹ്റാമിൽ പ്രവേശിക്കാതെ മീഖാത്തിലൂടെ കട ന്നുപോകുക. ഇതിന് പകരം അയാൾ ഒരു ബലി മൃഗത്തെ അറുത്തുകൊടു ത്താൽ മതിയാകും.

## ദുൽഹജ്ജ് 8 ( يوم التروية ) ന് ചെയ്യേണ്ടവ

തമത്തുഅ് രീതി സ്വീകരിച്ചവർ (ഉംറ കഴിഞ്ഞു തഹല്ലുലായി മക്ക യിൽ താമസിക്കുന്നവർ) മക്കാ നി വാസികളിൽനിന്നു ഹജ്ജിനുദ്ദേശി ക്കുന്നവരും അവരവരുടെ വാസ സ്ഥലങ്ങളിൽനിന്ന് ലബ്ബൈക്ക ഹ ജ്ജൻ എന്ന് പറഞ്ഞ് ഹജ്ജിന് ഇഹ് റാമിൽ പ്രവേശിച്ച് തൽബിയത്ത് ചൊല്ലിത്തുടങ്ങുക. ഖിറാൻരീതി സ്വീ കരിച്ചവർ നേരത്തെത്തന്നെ ഇഹ്റാ മിലായിരിക്കും ഇഫ്റാദുകാർ മീഖാ ത്തിൽ നിന്നുതന്നെ ഹജ്ജിന്നായി ഇഹ്റാമിൽ പ്രവേശിക്കേണ്ടതുമാണ്.

മുമ്പ് മീഖാത്തിൽ ചെയ്തതുപോ ലെ കുളിക്കുക, ഇഹ്റാമിന്റെ വസ്ത്ര ത്തിലാകാത്തവിധം ശരീരഭാഗങ്ങളി ലും താടിയിലുമെല്ലാം സുഗന്ധം പൂശുക, ഇഹ്റാമിനുള്ള വസ്ത്രം ധരിക്കുക, തൽബിയത്ത്

ചൊല്ലു കയും ചെയ്യുക. പെരുന്നാൾ ദിവസം ജംറയിൽ എറിയുന്നത്വരെ തൽബി യത്ത് ചൊല്ലിക്കൊണ്ടിരിക്കേണ്ടതാ കുന്നു.

ശേഷം ളുഹ്റിനുമുമ്പ് മിനായി ലെത്തി അന്ന് അവിടെ താമസിക്കു ക. അന്നത്തെ ളുഹ്റ്, അസറ്, മഗ്രി ബ്, ഇശാ, ദുൽഹജ്ജ് 9ലെ സുബ്ഹി എന്നീ നമസ്കാരങ്ങൾ മിനായിൽ വെച്ച് അതാതിന്റെ സമയ ങ്ങളി ലായി നാലു റകഅത്തുള്ളവ രണ്ടാ യി ചുരുക്കി നമസ്കരിക്കുക. മക്കാ നിവാസികളും അല്ലാത്തവരുമെല്ലാം ചുരുക്കിത്തന്നെയാണ് നമസ്കരി ക്കേണ്ടത്. ദുൽഹജ്ജ്9ന് സൂര്യനു ദിക്കും മുമ്പെ മിനായിൽ നിന്ന് പുറ പ്പെടരുത്. തൽബിയത്ത് കൂടുതൽ അധികരിപ്പിച്ചു കൊണ്ടേയിരിക്കുക

### *പാടില്ലാത്തവ*

✕ മക്കയിൽനിന്ന് മിനായിൽ താമ സിക്കാതെ നേരെ അറഫയിലേക്ക് പോകുക.

✕ അറഫായുടെ രാത്രി പ്രത്യേകം കുളിക്കുക.

✕ മിനായിൽനിന്നും രാത്രിയിലോ, ദുൽഹജ്ജ് 9 ന് സൂര്യനുദിക്കുന്ന തിനുമുമ്പോ അറഫയിലേക്ക് പുറപ്പെ ടുക.

## ദുൽഹജ്ജ് 9 (അറഫാദിനം) يوم عرفة

ദുൽഹജ്ജ് ഒമ്പതിന് സൂര്യനു ദിച്ച ഉടൻ തൽബിയത്ത് ചൊല്ലി ക്കൊണ്ടോ, തക്ബീർ മുഴക്കിക്കൊ ണ്ടോ അറഫയിലേക്ക് പോവുക. കഴിയുമെങ്കിൽ ഉച്ചവരെ നമിറയിൽ തങ്ങുകയാണ് സുന്നത്ത്. സൂര്യൻ മദ്ധ്യാഹ്നത്തിൽ തെറ്റിയാൽ ഇമാമി ന്റെ ഒരു പ്രസംഗമുണ്ടായിരിക്കും അ തിനുശേഷം ളുഹ്റും, അസറും ളു ഹ്റിന്റെ സമയത്ത് ഈ രണ്ട് റകഅ ത്തായി

നിർവ്വഹിക്കുക. ഇവിടെ മറ്റു സുന്നത്തു നമസ്കാരങ്ങളൊന്നുമില്ല.

**അറഫയിൽ നിൽക്കൽ**

പിന്നീട് ഹാജിമാർ സൂര്യാസ്ത മയം വരെ അറഫയിൽ നിൽക്കണം. അറഫയിൽ നിൽക്കൽ ഹജ്ജിന്റെ റുക്നുകളിൽപ്പെട്ടതാണ് ഇത് ഒഴി വാക്കി യാൽ മറ്റെന്ത് പ്രായശ്ചിത്തം നൽകിയാലും ഹജ്ജ് സ്വീകാര്യമാവു കയില്ല.

അറഫയിൽ എവിടെയും നിൽ ക്കാവു ന്നതാണ്. എന്നാൽ 'ബത്നു ഉർനഃ' എന്ന ഭാഗം അറഫയിൽ പ്പെ ട്ടതല്ല.

അറഫയിൽ നിൽക്കുന്നവർക്ക് ഈ ദിവസം നോമ്പെടുക്കുന്നത് സു ന്നത്തില്ല. കാരണം നബിﷺ അറഫ യിലായിരിക്കെ നോമ്പെടുത്തിട്ടില്ല. ഉമ്മു ഫദ്ൽ (റ) നിവേദനം

شَكَّ نَاسٌ مِنْ أَصْحَابِ رَسُولِ اللَّهِ ﷺ فِي صِيَامِ يَوْمِ عَرَفَةَ وَنَحْنُ بِهَا مَعَ رَسُولِ اللَّهِ ﷺ فَأَرْسَلْتُ إِلَيْهِ بِقَعْبٍ فِيهِ لَبَنٌ وَهُوَ بِعَرَفَةَ فَشَرِبَهُ (رواه مسلم برقم ١٨٩٥)

അറഫാ ദിവസത്തിൽ നോമ്പനു ഷ്ഠിക്കുന്ന കാര്യത്തിൽ സ്വഹാബി മാർക്ക് സംശയം ജനിക്കുകയുണ്ടാ യി. ഞങ്ങൾ റസൂലിനോടൊപ്പമായി രുന്നു. ഞാൻ നബിﷺ യുടെ അടുക്കലേക്ക് അദ്ദേഹം അറഫയിലാ യിരിക്കെ ഒരു പാത്രം പാൽ കൊടു ത്തയച്ചു. അദ്ദേഹം അത് കുടിച്ചു ( മുസ്ലിം : 1895 )

അറഫാ മൈതാനം വളരെ വി ശാലമായതാണ്. അതിന് നിശ്ചിത അ തിരുകൾ നിർണ്ണയിച്ചിട്ടുണ്ട്. അത് കൊണ്ട്തന്നെ അറഫയുടെ നിശ്ചിത പരിധിക്കുള്ളിൽ

തന്നെയാണ് ഞാൻ നിന്നത് എന്ന് കൃത്യമായി മനസ്സിലാക്കുകയും, ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. കാരണം ഒരാൾ അറഫക്ക് പുറത്താണ് നിൽക്കുന്നതെങ്കിൽ അവന് ഹജ്ജ് ലഭിക്കുകയി ല്ല. അവിടെ ദൂരെനിന്നുപോലും കാ ണുന്ന രൂപത്തിൽ വ്യക്തമായ രൂപ ത്തിലുള്ള ബോർഡുകൾ സ്ഥാപിച്ചി ട്ടുണ്ട്. ഈ നിറുത്തം സൂര്യാസ്ത മയംവരെ നിൽക്കണം. സൂര്യൻ അസ്തമിക്കുന്നതിന്മുമ്പ് അറഫ വിടാൻ പാടില്ല. അങ്ങിനെ അറഫയി ൽനിന്ന് സൂര്യൻ അസ്തമിക്കുന്നതിന് മുമ്പ് പുറത്തുപോവുകയാണെ ങ്കിൽ അവൻ ഒരു ബലി അധികം നൽകേണ്ടിവരുന്നതാണ്. അത്കൊ ണ്ട് കൃത്യമായി ശ്രദ്ധിക്കുക. അറഫ യിൽ നാം പ്രാർത്ഥനകളിലും, ദിക്റു കളിലും ദുആകളിലുമാണ് കഴിച്ചുകൂ ട്ടേണ്ടത്. നമ്മുടെ ചെറുതും വലുതു മായ എല്ലാ കാര്യങ്ങളും അല്ലാഹു വിനോട് തുറന്ന് പറയുക. നിഷ്കള ങ്കമായി പ്രാർത്ഥിക്കുക. അറഫ പ്രാർ ത്ഥനയുടെ ദിനമാണ്.

ഉൽകൃഷ്ടമായ ദിവസങ്ങളിൽ പ്പെട്ട താണ് അറഫാദിനം. അത് ഇസ്ലാമി ന് അഭിമാനിക്കാവുന്ന ദിവസമാണ്. കാരണം അറഫയിൽ ഒരുമിച്ചു കൂടു ന്നത് പോലെ ഒരു സ്ഥലത്തും മുസ് ലിംകൾ ഒരുമിച്ചു കൂടുന്നില്ല. അറ ഫാ ദിനം ഭക്തിയുടേയും കണ്ണീരിന്റേയും ദിനമാണ്. പ്രാർത്ഥനകൾ ക്കുത്തരം ലഭിക്കുന്ന ദിവസം, പിഴ വുകൾ മായ്ക്കപ്പെടും, ആ ദിനത്തെ അല്ലാഹു വളരെ മഹത്തരമാക്കുക യും അതിന്റെ സ്ഥാനത്തെ മറ്റു ദിവസങ്ങളേക്കാൾ ഉയർത്തുകയും ചെയ്തിരിക്കുന്നു. ഇസ് ലാം മതവും അല്ലാഹുവിന്റെ അനുഗ്രഹവും പൂർ ത്തിയാക്കിയ ദിവസമാണത്. പാപ

ങ്ങൾ പൊറുക്കപ്പെടുകയും നരക മോചനം നൽകപ്പെടുകയും ചെയ്യു ന്ന ദിവസം.

ഇങ്ങനെയുള്ള ഒരു ദിവസ ത്തിന്റെ മഹത്വങ്ങളും, അല്ലാഹു ഈ ദിവസത്തെ മറ്റു ദിവസങ്ങളേ ക്കാൾ മഹത്തരമാക്കിയതിന്റെ പ്ര ത്യേകതയുമെല്ലാം നാം അറിഞ്ഞു കൊണ്ട് അതിനെ പ്രയോജനപ്പെടു ത്തേണ്ടത് അനിവാര്യമാണ്.

**ഒന്ന് : ഈ ദിവസത്തിന്റെ ശ്രേഷ്ട തകൾ**

1– ഇസ്‌ലാം മതവും അല്ലാഹുവിന്റെ അനുഗ്രഹവും പൂർത്തിയാക്കിയ ദി വസം.

ഉമറുബ്നുൽ ഖത്വാബ്ﷺ നിവേദ നം യഹൂദനായ ഒരാൾ അദ്ദേഹത്തി നോട് പറഞ്ഞു: അമീറുൽ മുഅ്മി നീൻ! നിങ്ങളുടെ ഗ്രന്ഥത്തിൽ നിങ്ങ ൾ ഒരു ആയത്തു (സൂക്തം) ഓതി വരുന്നു. ജൂതന്മാരായ ഞങ്ങൾക്കാ യിരുന്നു അതു അവതരിച്ചതെങ്കിൽ ആ ദിവസത്തെ ഒരു ഉൽസവ ദിവസ മാക്കുമായിരുന്നു. ഉമർﷺ ചോദിച്ചു: ഏത് ആയത്താണത്? യഹൂദൻ മറുപടി പറഞ്ഞു :

(اَلْيَوْمَ أَكْمَلْتُ لَكُمْ دِيْنَكُمْ وَأَتْمَمْتُ عَلَيْكُمْ

نِعْمَتِيْ وَرَضِيْتُ لَكُمُ الإِسْلاَمَ دِيْناً) (المائدة: ٣)

“ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങ ളുടെ മതം പൂർത്തിയാക്കിത്തന്നിരി ക്കുന്നു. എന്റെ അനുഗ്രഹം നിങ്ങ ൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാ മിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെ ടുത്തിത്തന്നിരിക്കുന്നു.”

(മാഇദഃ:3)

എന്നുള്ളതാകുന്നു. അപ്പോൾ ഉമർ ﷺ പറഞ്ഞു: റസൂൽﷺ തിരുമേനിക്ക് ഈ ആയത്ത് അവതരിച്ച

ദിവസവും, സ്ഥലവും, ഞങ്ങൾക്കറിയാം. നബി തിരുമേനി അറഫയിൽനിൽക്കെ ഒരു വെള്ളിയാഴ്ച ദിവസമായിരുന്നു ഇത് അതവതരിച്ചത്.

(ബുഖാരി:45, മുസ്‌ലിം : 3017 )

2– മുസ്‌ലിംകളുടെ പെരുന്നാൾ ദിവ സം

നബിﷺ പറഞ്ഞു:

(يَوْمُ عَرَفَةَ وَيَوْمُ النَّحْرِ وَأَيَّامُ التَّشْرِيقِ عِيدُنَا أَهْلَ الإِسْلَامِ وَهِيَ أَيَّامُ أَكْلٍ وَشُرْبٍ) (رواه أبوداود برقم ٢٠٦٦، والترمذي برقم ٧٧٣، والنسائي برقم ٣٠٠٤، وصححه الألباني في السنن )

അറഫാദിനം, ബലിദിനം, അയ്യാ മുത്തശ്‌രീ ഖിന്റെ (ദുൽഹജ്ജ്11,12,13) ദിനങ്ങൾ നമ്മൾ മുസ്‌ലിംകളുടെ പെരുന്നാളുകളാണ്. അന്ന് അന്നപാ നീയങ്ങളുടെ ദിവസങ്ങളാണ്.

(അബൂദാവൂദ് : 2066 )

3– അല്ലാഹു സത്യം ചെയ്യാൻ ഉപ യോഗിച്ച ദിവസം

അല്ലാഹു മഹത്തായൊരുകാര്യം കൊണ്ടല്ലാതെ സത്യം ചെയ്യുകയില്ല. “അത് وَشَاهِدٍ وَّمَشْهُوْدٍ സാക്ഷിയും സാക്ഷ്യം വഹിക്കപ്പെടുന്ന കാര്യവും ത ന്നെയാണ് സത്യം’’ (ബുറൂജ്: 3 ) എന്ന് അല്ലാഹു സത്യം ചെയ്ത് പറ ഞ്ഞ ദിവസമാകുന്നു. അബൂഹു റൈ റഃ നിവേദനം നബിﷺ പറഞ്ഞു: اليوم الموعود വാഗ്ദാനം ചെയ്യപ്പെട്ട ദി വസം എന്നതുകൊണ്ട് വിവക്ഷിക്ക പ്പെടുന്നത് അന്ത്യ ദിനമാകുന്നു. واليوم المشهود സാക്ഷ്യം വഹിക്കപ്പെ ടുന്ന

ദിവസം കൊണ്ടുള്ള വിവക്ഷ അറഫാ ദിനവും (والشاهد) സാക്ഷി കൊണ്ടുള്ള വിവക്ഷ വെള്ളിയാഴ്ച ദിവസവുമാകുന്നു.

(തിർമുദി : 3339 )

4- സൂറത്തുൽ ഫജ്റിലെ 3-ാം വ ചനം وَالشَّفْعِ وَالْوِتْرِ ഒറ്റയും ഇരട്ടയും തന്നെയാണസത്യം എന്നതിലെ ഒറ്റ കൊണ്ട് ഉദ്ദേശിക്കപ്പെടുന്ന ദിവസ മാണ് അറഫ. ഇബ്നു അബ്ബാസ്ﷺ പറഞ്ഞു: الشفع ഇരട്ടകൊണ്ട് ഉദ്ദേശി ക്കപ്പെടു ന്നത് ബലിദിനവും, والوتر ഒറ്റ കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് അറഫാ ദിനവുമാകുന്നു.

5- അല്ലാഹു ആദം സന്തതികളിൽ നിന്നും കരാർ വാങ്ങിയ ദിവസം.

ഇബ്നു അബ്ബാസ്ﷺ നിവേദനം നബിﷺ അരുളി: അറഫയിൽവെച്ച് അല്ലാഹു ആദമിന്റെ മുതുകിൽ നിന്നും കരാർ വാങ്ങുകയുണ്ടായി അദ്ദേഹത്തിന്റെ മുതുകെല്ലിൽനിന്നും എല്ലാ സന്തതികളേയും (അദ്ദേഹ ത്തിൽനിന്ന് ഉണ്ടാകാൻ പോകുന്ന സന്തതികളേ - അവരുടെ ആത്മാ വുകളെ) പുറത്തെടുത്ത് മുന്നിൽ ചിതറുകയുണ്ടായി പിന്നീട് അവരോ ട് നേരിട്ട് സംസാരിക്കുകയുണ്ടായി അല്ലാഹു ചോദിച്ചു:

(أَلَسْتُ بِرَبِّكُمْ قَالُوْا بَلَى شَهِدْنَا أَنْ تَقُوْلُوْا يَوْمَ الْقِيَامَةِ إِنَّا كُنَّا عَنْ هَذَا غَافِلِيْنَ، أَوْ تَقُوْلُوْا إِنَّمَا أَشْرَكَ آبَاؤُنَا مِنْ قَبْلُ وَكُنَّا ذُرِّيَّةً مِّنْ بَعْدِهِمْ أَفَتُهْلِكُنَا بِمَا فَعَلَ الْمُبْطِلُوْنَ) (الأعراف:١٧٢-١٧٣)

ഞാൻ നിങ്ങളുടെ രക്ഷിതാവല്ല യോ? അവർ പറഞ്ഞു: അതെ, ഞങ്ങ ൾ സാക്ഷ്യംവഹിച്ചിരിക്കുന്നു. തീർച്ച യായും ഞങ്ങൾ ഇതിനെപ്പറ്റി ശ്രദ്ധ യില്ലാത്ത വരായിരുന്നു. എന്ന് ഉയിർ ത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതിനാലാണ് (അ ങ്ങനെ ചെയ്തത്.) അല്ലെങ്കിൽ 'മുമ്പ് തന്നെ ഞങ്ങളുടെ പൂർവ്വ പിതാക്കൾ അല്ലാഹുവോട് പങ്ക് ചേർത്തിരുന്നു. ഞങ്ങൾ അവർക്കുശേഷം സന്തതി പരമ്പരകളായി വന്നവർ മാത്രമാണ്' എന്നിരിക്കെ ആ അസത്യവാദികൾ പ്രവർത്തിച്ചതിന്റെ പേരിൽ നീ ഞ ങ്ങളെ നശിപ്പിക്കുകയാണോ' എന്ന് നിങ്ങൾ പറഞ്ഞേക്കും എന്നതിനാൽ. (അഅ്റാഫ് 172,173) (അഹ്മദ് : 1/272, ഹാകിം 2/593 , മിശ്കാത്ത് : 121 )

6- പാപമോചനത്തിന്റേയും, നരക മോചനത്തിന്റേയും ദിവസം. അറഫ യിൽ നിൽക്കുന്നവരെകൊണ്ട് അല്ലാ ഹു അഭിമാനം പ്രകടിപ്പിക്കുന്ന ദിവ സം .

ആയിശാ (റ) നിവേദനം നബിﷺ അരുളി :

( مَا مِنْ يَوْمٍ أَكْثَرَ مِنْ أَنْ يُعْتِقَ اللهُ فِيهِ عَبْدًا مِنَ النَّارِ مِنْ يَوْمِ عَرَفَةَ وَإِنَّهُ لَيَدْنُو ثُمَّ يُبَاهِي بِهِمْ الْمَلَائِكَةَ فَيَقُولُ مَا أَرَادَ هَؤُلَاءِ) (مسلم -٢٤٠٢)

ആയിശ (رضي الله عنها) നിവേദനം അ റഫാ ദിവസത്തേക്കാൾ അല്ലാഹു തന്റെ ദാസന്മാരെ നരകത്തിൽനിന്ന് മോചിപ്പിക്കുന്ന മറ്റൊരു ദിവസവുമി ല്ല. അന്ന് അവൻ അടുത്ത വന്ന് ഇവ രെന്താണാഗ്രഹിക്കുന്നത് എന്ന് അഭി മാനപൂർവ്വം മലക്കുകളോട് പറയും

(മുസ്ലിം:2402) ഇബ്നുഉമർﷺനിവേദനം:നബിﷺ പറ ഞ്ഞു: നിശ്ചയം അറഫയിൽ സമ്മേ ളിച്ചവരെക്കുറിച്ച് അല്ലാഹു വൈകു ന്നേരം അഭിമാനത്തോടെ മലക്കുക

ളോട് പറയും “പൊടി പുരണ്ട ശരീര വും ജടപിടിച്ച തലയുമായി എന്റെ ദാസന്മാർ എന്റെ വിളിക്കുത്തരം ന ൽകി വന്നിരിക്കുന്നതു നോക്കൂ” (സ്വഹീഹുൽ ജാമിഅ് : 1868)

നാശമേ, എന്ന് വിളിച്ചു അപമാ നഭാരം നിമിത്തം പിശാച് തലയിൽ മണ്ണുവാരിയിടുന്ന അവസ്ഥയിലാകു ന്ന ദിവസമാണിത്. അന്നേരം മറ്റു പിശാചുകൾ അവിടെ ഒരുമിച്ചുകൂടി എന്തുപറ്റിയെന്ന് ചോദിക്കും? പിശാ ചു പറയും അറുപതോ എഴുപതോ വർഷം ഞാൻ പിഴപ്പിച്ചവരാണീ ജനത കണ്ണിമവെട്ടുന്ന സമയത്തിനു ള്ളിൽ അവർക്ക് പൊറുത്തു കൊടു ത്തിരിക്കുന്നു. ( അത്തംഹീദ് 1/121 )

**രണ്ട്:മുൻഗാമികൾ അറഫയിൽ നി ന്നിരുന്നതെങ്ങിനെ?**

അതിഭയത്തോടു കൂടിയും അതോ ടൊപ്പം അല്ലാഹുവിന്റെ കാരുണ്യ ത്തിൽ പ്രത്യാശയോടു കൂടിയുമാ യിരുന്നു മുൻഗാമികൾ അറഫയിൽ നിന്നിരുന്നത്. അബ്ദുല്ലാഹിബ്നു മു ബാറക്(റ)പറയുകയുണ്ടായി:അറഫാ ദിവസം വൈകുന്നേരം ഞാൻ സുഫ് യാനുസ്സൗരീ(റ)യുടെ അടുത്ത് ചെ ല്ലുകയുണ്ടായി അദ്ദേഹം ആ സന്ദ ർഭത്തിൽ രണ്ടു കാലു കളിൽ മുട്ടു കുത്തി നിന്ന് രണ്ടു കണ്ണുകളും നിറഞ്ഞൊഴുകിയ നിലയിൽ പ്രാർ ത്ഥിക്കുകയായിരുന്നു. അങ്ങനെ അ ദ്ദേഹമെന്നെ തിരിഞ്ഞു നോക്കി. ഞാൻ ചോദിച്ചു ഈ കൂടിയതിൽ ഏറ്റവും മോശപ്പെട്ട അവസ്ഥയിലു ള്ളത് ആരാകുന്നു.? അദ്ദേഹം പറ ഞ്ഞു: അല്ലാഹു തനിക്ക് പൊറുത്തു തരികയില്ല എന്ന് വിചാരിക്കുന്ന വൻ.

ആകയാൽ ഈ മഹത്തായ ദിവ സത്തിന്റെ ശ്രേഷ്ടതയും ഔന്നത്യ വും അറിയൽ അനിവാര്യമാകുന്നു. കാരണം ഒരു വസ്തുവിന്റെ സ്ഥാന

വും മഹിമയും അറിഞ്ഞു കഴിഞ്ഞാ ൽ പിന്നെ അതി നർഹിക്കുന്ന സ്ഥാ നം നൽകേണ്ടതാണ്. ഈ പുണ്യ ദി വസം പ്രയോജനമായിരിക്കാൻ സൽ കർമ്മങ്ങൾ അധികരിപ്പിക്കുക.

1) ഈ മഹത്തായ ദിനത്തിൽ സ്തു തി കീർത്തനങ്ങളും പ്രകീർത്തനങ്ങ ളും പാപമോചനങ്ങളും അധികരിപ്പി ക്കുക. ഇബ്നു ഉമർﷺ നിവേദനം:

كُنَّا مَعَ رَسُولِ اللَّهِ ﷺ فِي غَدَاةِ عَرَفَةَ فَمِنَّا الْمُكَبِّرُ وَمِنَّا الْمُهَلِّلُ ....( مسلم ٢٢٥٣ )

ഞങ്ങൾ അറഫാദിവസം രാവി ലെ നബിﷺ യുടെ കൂടെയായി രുന്നു. അപ്പോൾ ഞങ്ങളിൽ തക്ബീ ർ ചൊല്ലുന്നവരും, 'ലാഇലാഹ ഇല്ല ല്ലാഹ്' എന്ന് ചൊല്ലുന്നവരുമു ണ്ടായിരുന്നു.. (മുസ്ലിം: 2253 )

2) തൗഹീദിന്റെ സാക്ഷ്യവചനം അ ധികരിപ്പിക്കുക. നബിﷺ പറഞ്ഞു :

(خَيْرُ الدُّعَاءِ دُعَاءُ يَوْمِ عَرَفَةَ وَخَيْرُ مَا قُلْتُ أَنَا وَالنَّبِيُّونَ مِنْ قَبْلِي لاَإِلَهَ إِلاَّاللهُ وَحْدَهُ لاَشَرِيْكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيْر )

رواه الترمذي وحسنه الألباني

അറഫായിലെ പ്രാർത്ഥനയാണ് പ്രാർത്ഥനകളിൽ ഉത്തമമായത്. ഞാ നും എനിക്കു മുമ്പുള്ള പ്രവാചക ന്മാരും പറഞ്ഞിട്ടുള്ള വാക്യങ്ങ ളിൽ ഏറ്റവും ഉത്തമമായിട്ടുള്ളത് .

(ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീക ലഹു ലഹുൽ മുൽകു വല ഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ)

''അല്ലാഹുവല്ലാതെ മറ്റൊരാരാ ധ്യനുമില്ല. അവൻ ഏകൻമാത്രം അ വന് യാതൊരു പങ്കുകാരനുമില്ല. രാ ജാധിപത്യവും സർവ്വസ്തുതിയും അ വനുള്ളതുതന്നെയാണ്. അവൻ സർ വ്വശക്തനുമത്രെ. എന്ന വാക്യമാണ്.

( തിർമുദി 3585 )

7– അറഫാദിനത്തിലെ പ്രാർത്ഥനക്ക് പ്രത്യേകതയുണ്ട്.നബിﷺ പറഞ്ഞു: അറഫായിലെ പ്രാർത്ഥനയാണ് പ്രാർ ത്ഥനകളിൽ ഉത്തമമായത്

(തിർമുദി 3585 )

ഇതര ദിവസങ്ങളേക്കാൾ അറഫാ ദിവസത്തിലെ പ്രാർത്ഥന മഹത്തായ താണെന്ന സന്ദേശം ഈ ഹദീസ് ഉൾക്കൊള്ളുന്നുവെന്ന് താബിഅ് ആയ ഇബ്നു അബ്ദിൽബർറ് (റ) പറയുകയുണ്ടായി.

അറഫാദിനത്തിന്റെ പ്രത്യേകത ദിവസങ്ങളിൽ ചിലതിന് ചിലതിനേ ക്കാൾ ശ്രേഷ്ടതയുണ്ടെന്നറിയിക്കുന്നു. പക്ഷെ പ്രമാണങ്ങളിൽനിന്ന ല്ലാതെ അവ ഏതൊക്കെയാണെന്ന് അറിയുകയില്ല. അങ്ങനെ പ്രമാണങ്ങ ളിൽ വന്നിട്ടുള്ളതിൽപ്പെട്ടതാണ് അറ ഫാദിനം.

ഹാജിമാർ അന്ന് ഖിബ്ല ക്കഭി മുഖമായി അവരുടെ വീഴ്ചകളും പാ ളിച്ചകളും സമ്മതിച്ചു കൊണ്ട് ആ ത്മാർത്ഥമായ പശ്ചാതാപവുമായി ഇ രു കൈകളും ഉയർത്തി വിനയ ത്തോടും താഴ്മയോടും കൂടി പ്രാർ ത്ഥിക്കേണ്ടതാണ്. ഉൽകൃഷ്ടമായ ഈ ദിവസത്തിൽ മുസ്ലിംകൾ ഉ ത്തരം ലഭിക്കുമെന്ന പ്രതീക്ഷയോ ടും

ഈ അനുഗ്രഹത്തിന്റെ അവസ രം ഉപയോഗപ്പെടുത്തിക്കൊണ്ടും പ്രാർത്ഥനയിൽ അതിയായ താൽ പര്യം കാണിക്കേണ്ടതാകുന്നു. തനി ക്കും, തന്റെ മാതാപിതാക്കൾക്കും, കുടുംബത്തിനും, ഇസ്ലാമിന്നും മു സ്ലിംകൾക്കുമെല്ലാംവേണ്ടി പ്രാർ ത്ഥിക്കുക.

അതോടൊപ്പം താങ്കളുടെ പ്രാർ ത്ഥനയിൽ മുസ്ലിം സഹോദരന്മാരെ ഉൾപ്പെടുത്താൻ മറന്നു പോകരുത്. പ്രത്യേകിച്ച് ലോകത്തിന്റെ നാനാ ഭാ ഗങ്ങളിൽ അല്ലാഹുവിന്റെ ശത്രുക്ക ളുടെ നിഷ്ഠൂര മർദ്ദനത്തിന് ഇരയാ കുന്നവർക്ക്വേണ്ടി പ്രാർത്ഥിക്കുന്ന തിൽ. അപ്രകാരം പ്രാർത്ഥനയിൽ അതിരുകവിയുകയോ ഉത്തരം ലഭി ക്കുന്നത് പിന്തുന്നതായി കാണുക യോ ചെയ്യരുത്. ഉത്തരം ലഭിക്ക ണമെന്ന നിർബന്ധത്തോടെ ചോദി ക്കേണ്ടതാകുന്നു. അതിനാൽ പ്രാർ ത്ഥനയുടെ നാളിൽ പ്രാർത്ഥനയെ മനസ്സിലാക്കിയവർ ഭാഗ്യമുള്ളവർ.

പാപമോചനവും നരകമോച നവും പ്രതീക്ഷിക്കാവുന്ന കാരണ ങ്ങളിൽ പ്രത്യേകം ശ്രദ്ധചെലുത്തേ ണ്ടത് അവയിൽ പെട്ടതാണ് .

അവസാനമായി, അറഫാദിനം ഒരു മഹത്തായ ദിവസമാകുന്നു. പ്രാർത്ഥനകൾക്കുത്തരം ലഭിക്കുന്ന പുണ്യദിനങ്ങളിൽപ്പെട്ടതാണത്. പിഴ വുകൾ മാപ്പാക്കപ്പെടുന്ന ദിവസം. അതിനാൽ ഈ ദിവസത്തിൽ നാം ഖിബ്ലക്കഭിമുഖമായും കൈകളുയർ ത്തിയും താഴ്മയോടുകൂടി ദിക്റ്, ദുആ, തൽബിയത്ത് എന്നിവയിൽ കഴിഞ്ഞ്കൂടുക. ഐഹികവും പാര ത്രികവുമായ നന്മക്ക്വേണ്ടി തന്റെ റബ്ബിനോട് കേണപേക്ഷിക്കുകയും കഴിഞ്ഞുപോയ തെറ്റുകൾക്ക് മാപ്പ പേക്ഷിക്കുകയും ഖേദിച്ച് മടങ്ങുക യും ചെയ്യുക. അല്ലാഹുവിന്റെ പാപ മോചനവും നരകമോചനവും ലഭി

ച്ചേക്കാം. ഇമാം ഇബ്നു റജബ് (റ) പറയുകയുണ്ടായി നരക മോചനം പൊതുവെ എല്ലാ മുസ്ലിംകൾക്കുമു ള്ളതാണ്.

( ലത്വാഇഫുൽ മആരിഫ് : 315 )

***പാടില്ലാത്തവ***

✕ പ്രാർത്ഥനകളിൽ മുഴുകുന്നതി ന് പകരം മൗനമായിരിക്കുക.

✕ അറഫയിലെ മലകളിൽ കയ റുന്നത് പുണ്യമാണെന്ന് വിശ്വസി ക്കൽ

✕ ഇമാമിന്റെ പ്രസംഗം അവ സാനിക്കുന്നതിനു മുമ്പ് ളുഹ്റ്, അ സ്റ് എന്നിവ നമസ്കരിക്കൽ

✕ സൂര്യാസ്തമയത്തിനു മുമ്പ് അറഫയിൽ നിന്ന് പുറപ്പെടൽ

✕ അറഫാ ദിനം വെള്ളിയാഴ്ച യാണെങ്കിൽ 'ഹജ്ജുൽ അക്ബർ' ആണെന്നും മറ്റു ഹജ്ജു കളേക്കാൾ മഹത്തരമാണെന്നും വിശ്വസിക്കുക.

## മുസ്ദലിഫയിലേക്ക്

സൂര്യസ്തമയ ശേഷം അറഫയി ൽനിന്ന് തൽബിയത്ത് അധികരിപ്പി ച്ചുകൊണ്ട് വളരെ ശാന്തമായി സാവ കാശം മുസ്ദലിഫയിലേക്ക് നീങ്ങു ക. മറ്റുള്ളവർക്ക് യാതൊരുവിധ ഉപ ദ്രവവും ഉണ്ടാക്കാതിരിക്കാൻ ശ്രദ്ധി ക്കുക.

മുസ്ദലിഫയിലെത്തിയാലുടനെജംഉം ഖസ്റു മായി മഗ്രിബ് മൂന്ന് റകഅത്തും ഇശാ രണ്ട് റകഅത്തു മായി ഒരു ബാങ്കും രണ്ട് ഇഖാമ ത്തോടും കൂടി നമസ്കരിക്കുക. മഗ്രിബിന്റേയും ഇശായുടേയും ഇട

യിലോ ഇശാനമസ്കാരശേഷമോ യാതൊരു നമസ്കാരവുമില്ല.

നമസ്കാര ശേഷം ഉറങ്ങുക. ഈ രാത്രിയിൽ മുസ്ദലിഫയിൽ തന്നെ കഴിയണം .

സമയമായ ഉടനെ സുബ്ഹ് നമസ്കരിച്ച ശേഷം വെളിച്ചമാ കുന്നത്വരെ മശ്അരിൽ ഹറാമിന ടുത്ത് ( മുസ്ദലിഫയിലെ ഒരു മല ) നിന്ന് അല്ലാഹു വിനെ മഹത്വപ്പെടു ത്തുകയും ദിക്റും ദുആയുമധി കരി പ്പിക്കലും നല്ലതാകുന്നു. മശ്അരിൽ ഹറാമിൽ നിൽക്കാൻ കഴിഞ്ഞില്ലെ ങ്കിൽ മുസ്ദലിഫയിൽ എവിടെ നിന്നാലും മതിയാവുന്നതാണ്. നബി ﷺ പറയുകയുണ്ടായി :

(وَوَقَفْتُ هَاهُنَا وَجَمْعٌ كُلُّهَا مَوْقِفٌ)

( صحيح مسلم : ٢١٣٨ )

ഞാനിവിടെയാണ് ( മശ്അരിൽ ഹറാമിൽ) നിന്നത് എന്നാൽ മുസ് ദലിഫ മുഴുവൻ നിൽക്കാവുന്ന സ്ഥലമാണ്. ( മുസ്ലിം : 2138 )

സ്ത്രീകൾ, കുട്ടികൾ, ബലഹീ നർ എന്നിവർ രാത്രിയുടെ അന്ത്യ യാമങ്ങളിൽ മിനായിലേക്ക് പുറ പ്പെടുന്നതിൽ കുറ്റമില്ല. അല്ലാത്തവ രെല്ലാം സുബ്ഹ്വരെ മുസ്ദലിഫ യിൽ കഴിയൽ ഹജ്ജിന്റെ വാജിബു കളിൽ പെട്ടതാണ്. അത് നഷ്ടപ്പെ ടുത്തിയാൽ ബലിയറുക്കൽ നിർബ ന്ധമാണ്.

❖❖❖❖

***പാടില്ലാത്തവ***

× നടന്നു പോകൽ പ്രത്യേകം പു ണ്യമുണ്ടെന്ന് വിശ്വസിക്കൽ

× മുസ്ദലിഫയിൽ ഉറങ്ങാതെ പ്രാർ ത്ഥനകളിലും ഇബാദത്തുകളിലും മുഴുകൽ

× മുസ്ദലിഫയിലെത്തിയശേഷം മ ഗ്‌രിബ് നമസ്കരിക്കാതെ കല്ലുപെറു ക്കുന്നതിൽ വ്യാപൃതരാവുക.

## ദുൽഹജ്ജ് 10 (يوم النحر) ബലിദിനം

സൂര്യോദയത്തിന്മുമ്പ് ശാന്തമാ യി മിനായിലേക്ക് പുറപ്പെടുക. സാ ധിക്കുമെങ്കിൽ വാദിമിഹ്സറിലൂടെ വേഗത്തിൽ നടക്കുക. ജംറത്തുൽ അഖബയി ലെത്തുന്നതുവരെ തൽ ബിയത്ത് അധികരിപ്പിക്കണം ഫള്‌ലു ബ്നു അബ്ബാസ്ﷺ പറയുന്നു:

أن النبي ﷺ لَمْ يَزَلْ يُلَبِّي حَتَّى رَمَى الْجَمْرَةَ (صحيح البخاري : ١٥٧٣ )

നബിﷺ ജംറത്തുൽ അഖബ യിലെറിയുന്നത് വരെ തൽബിയത്ത് ചൊല്ലികൊണ്ടേയിരുന്നു.
( ബുഖാരി : 1573 )

ജംറത്തുൽ അഖബയിൽ കല്ലെറിയ ൽ

മിനായിലെത്തിയാൽ ആദ്യം ചെ യ്യേണ്ടത് തൽബിയത്ത് നിറുത്തി ജംറത്തുൽ അഖബയിൽ കല്ലെറിയ ലാകുന്നു. മുസ്ദലിഫയിൽനിന്ന് വ രുമ്പോൾ അവസാനത്തേതും മക്ക യോട് ഏറ്റവും അടുത്തതാണിത്. കൈകളുയർത്തി ((അല്ലാഹു അക് ബർ)) എന്ന് പറഞ്ഞുകൊണ്ട് കടല മണികളേക്കാളും അൽപം വലിപ്പ മുള്ള ഏഴ് ചെറിയ കല്ലുകൾകൊണ്ട് ജംറത്തുൽ അഖബയെ തുടർച്ചയാ യി എറിയുക.

അഖബയെ ഇടത് ഭാഗത്തും മിനയെ വലതു ഭാഗത്തുമാക്കികൊ ണ്ട് ബത്നുൽ വാദിയിൽനിന്നു കൊ ണ്ടാണ് നബിﷺ എറിഞ്ഞത്. മറ്റു വശങ്ങളിൽ നിന്ന്കൊണ്ട് എറിയു ന്നതിന് വിരോധമില്ല. കല്ലുകൾ ജംറ യുടെ തടത്തിൽ വീണാലും മതിയാ കുന്നതാണ്. എറിയാനുള്ള കല്ലുകൾ നിശ്ചിത സ്ഥലത്തുനിന്നെടു ക്കണെ മെന്നോ കഴുകി വൃത്തിയാക്കണെ മെന്നോ യാതൊരു നിർദ്ദേശവുമില്ല. ജംറത്തുൽ കുബ്റയിൽ എറിഞ്ഞതി നുശേഷം പ്രാർത്ഥിക്കൽ സുന്ന ത്തില്ല

സൂര്യനുദിച്ചശേഷമാണ് ജംറ യിൽ എറിയേണ്ടത്. അത് രാത്രിവ രേയും തിരക്കാണെങ്കിൽ അർദ്ധരാ ത്രിയിലും എറിയാവുന്നതാണ്.

## ബലികർമം

ജംറത്തുൽ അഖബയിൽ കല്ലെ റിഞ്ഞതിന് ശേഷം ബലിയറുക്കാ നുള്ളവർ അറുക്കുകയാണ് വേണ്ടത്. ഹറമിന്റെ അതിർത്തിയിൽ എവിടെ വെച്ചും അറുക്കാവുന്നതാണ്.

عن جَابِرُ بْنُ عَبْدِ اللَّهِ أَنَّ رَسُولَ اللَّهِ ﷺ قَالَ كُلُّ عَرَفَةَ مَوْقِفٌ وَكُلُّ مِنًى مَنْحَرٌوَكُلُّ الْمُزْدَلِفَةِ مَوْقِفٌ وَكُلُّ فِجَاجِ مَكَّةَ طَرِيقٌ وَمَنْحَرٌ ( أبو داود ١٦٥٣ قال الألباني: حسن صحيح)

ജാബിറുബ്നു അബ്ദില്ലﷺ നി വേദനം നബിﷺ പറഞ്ഞു അറഫയി ലെവിടേയും നിൽക്കാവുന്നതാണ്. മിനയിലെവിടെവെച്ചും അറുക്കാവു ന്നതാണ് മുസ്ദലിഫയിലെവിടെയും നിൽക്കാം. മക്കയിലെ മുഴുവൻ മല യിടുക്കുകളും വഴികളും അറുക്കാവു ന്ന സ്ഥലങ്ങളാകുന്നു.

( അബൂദാവൂദ് : 1653 )

കഴിയുമെങ്കിൽ സ്വയം അറുക്കു ന്നതാണ് ഉത്തമം, മറ്റുള്ളവരെ ഏൽ പിക്കുന്നതിനും വിരോധമില്ല.

എന്നാൽ പകരം ആളെ ഏൽപി ക്കുന്നത് കൊണ്ട് വിരോധമില്ലതാനും വളരെയധികം പ്രതിഫലമർഹിക്കു ന്നൊരു കർമ്മമാണ് ബലിയറുക്കൽ. നബിﷺ ഹജ്ജത്തുൽ വദാഇൽ 63 ഒട്ടകങ്ങളെ സ്വന്തംകൈകൊണ്ട് അ റുക്കുകയുണ്ടായി. ബാക്കി 37 എണ്ണം അലി رضي الله عنه നെ അറുക്കാൻ ഏൽപിക്കു കയും ചെയ്തു.

(സുബുലുസ്സലാം :4/177 )

അതിനാൽ കഴിവനുസരിച്ച് അവ യുടെ എണ്ണം വർധിപ്പിക്കേണ്ടതാ കുന്നു. അബൂബക്കർ رضي الله عنه നിവേദനം:

أَنَّ رَسُولَ اللَّهِ ﷺ سُئِلَ أَيُّ الْأَعْمَالِ أَفْضَلُ قَالَ الْعَجُّ وَالثَّجُّ ( ابن ماجه ٢٩٢٤ )

ഏറ്റവും ശ്രേഷ്ഠമായ ഹജ്ജിനെ ക്കുറിച്ച് നബിﷺ യോട് ചോദിക്ക പ്പെട്ടപ്പോൾ അവിടുന്ന് ഉച്ചത്തിൽ തൽബിയത്ത് ചൊല്ലലും ( ബലിയ റുത്ത് ) രക്ത മൊഴുക്കലുമാകുന്നു വെന്നാണ് പറഞ്ഞത്.

(സ്വഹീഹു ഇബ്നുമാജ : 2924 )

ദുൽഹജ്ജ് 10, 11, 12, 13 എന്നി വയാണ് അറുക്കേണ്ട ദിവസങ്ങൾ അപ്പോൾ ദുൽഹജ്ജ് പത്തിന്മുമ്പ് അറുക്കാൻ പാടില്ലാത്തതാകുന്നു.

ഇളം പ്രായത്തിലുള്ള ഭംഗിയും ആരോഗ്യവും മാംസവുമുള്ള അന്യൂ നമായ ആട് മാട് ഒട്ടകം എന്നി വയെ യാണ് ബലിയറുക്കേണ്ടത്. ബലിയ റുക്കുന്ന ആടിൽ ഒന്നിലധികം വ്യ ക്തികൾ പങ്കാളികളാകരുത്. എ

ന്നാൽ ഒട്ടകത്തിലും പശു വർഗ്ഗ ത്തി ൽപ്പെട്ടതിലും ഏഴാളുകൾക്ക് വരെ പങ്കാളികളാകാവുന്നതാണ്. ജാബിർ‎﵁ നിവേദനം നബി‎ﷺ പറ ഞ്ഞു :

(الْبَقَرَةُ عَنْ سَبْعَةٍ وَالْجَزُورُ عَنْ سَبْعَةٍ) (صحيح أبي داود ٢٨٠٨)

പശു ഏഴാളുകൾക്കും ഒട്ടകം ഏ ഴാളുകൾക്കും അറുക്കപ്പെടാവുന്ന താണ്.

( സ്വഹീഹു അബീദാവൂദ് : 2808 )

അറുക്കാൻ ഉപയോഗിക്കുന്ന ആ യുധം മൂർച്ചയാക്കുക.

ബലി മൃഗത്തെ ഖിബ്‌ലക്ക് അഭിമുഖമായി (കിടത്തൽ സുന്ന ത്താകുന്നു)[5] ഇടതു ഭാഗത്തിനു മേ ൽ ചെരിച്ചുകിടത്തി ഇടത്തേ കൈ കൊണ്ട് ബലി മൃഗത്തിന്റെ തലയിൽ പിടിച്ചുകൊണ്ട് വലതു കൈകൊണ്ട് അറുക്കുക. അറവ് എളുപ്പത്തിലാകാ ൻ അത് സഹായകമാകും. ബിസ് മില്ലാ എന്ന് ചൊല്ലുക. അല്ലാഹു പറയുന്നു.

(فَكُلُوا مِمَّا ذُكِرَ اسْمُ اللَّهِ عَلَيْهِ) (الأنعام: ١١٨).

അതിനാൽ അല്ലാഹുവിന്റെ നാ മം ഉച്ചരിച്ച് അറുക്കപ്പെട്ടതിൽ നി ന്നും നിങ്ങൾ തിന്നു കൊള്ളുക. (അൻആം :118)

നബി‎ﷺ അരുളി :

(مَا أَنْهَرَ الدَّمَ وَذُكِرَ اسْمُ اللَّهِ عَلَيْهِ فَكُلُوا )

( البخاري ٢٣٢٤ ومسلم ٣٦٣٨ )

അല്ലാഹുവിന്റെ പേര് പറഞ്ഞു കൊണ്ട് രക്തമൊഴുക്കിയതിനെ നി ങ്ങൾ തിന്നുകൊള്ളുക.

(ബുഖാരി : 2324 , മുസ്‌ലിം: 3638 )

[5] ശൈഖ് അൽബാനിയുടെ മനാസികുൽ ഹജ്ജി വൽ ഉംറഃ 1/34 നോക്കുക)

ബിസ്മി ചൊല്ലുന്നതോടൊ പ്പം ‘‘അല്ലാഹു അക്ബർ’’ എന്ന് തക് ബീർ ചൊല്ലലും സുന്നത്താകുന്നു. അപ്രകാരം ആർക്കുവേണ്ടിയാണോ അറുക്കുന്നതെങ്കിൽ ആ വ്യക്തിയു ടെ പേര് പറയേണ്ടതുമാണ്. കാരണം നബിﷺ ബലിയറുത്ത സന്ദർഭത്തിൽ ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി:

بِاسْمِ اللَّهِ اللَّهُمَّ تَقَبَّلْ مِنْ مُحَمَّدٍ وَآلِ مُحَمَّدٍ وَمِنْ أُمَّةِ مُحَمَّدٍ (مسلم ٣٦٣٧)

അതിനാൽ ബലിയറുക്കുമ്പോൾ നാമും ‘ബിസ്മില്ലാഹി അല്ലാഹു അക്ബർ’ എന്ന് ചൊല്ലിയ ശേഷം അല്ലാഹുവേ ഇത് ഇന്ന വ്യക്തിയുടെ ബലി യാണെന്നും എന്നിൽ നിന്ന് ഇത് സ്വീകരിക്കേണമേ എന്നും പ്രാർത്ഥിക്കേണ്ടതാകുന്നു.

ബലിമാംസം സ്വന്തം തിന്നുക യും സാധുക്കൾക്കും ആവശ്യക്കാർ ക്കും ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക അല്ലാഹു പറയുന്നു :

(وَالْبُدْنَ جَعَلْنَاهَا لَكُم مِّن شَعَائِرِ اللَّهِ لَكُمْ فِيهَا خَيْرٌ فَاذْكُرُوا اسْمَ اللَّهِ عَلَيْهَا صَوَافَّ فَإِذَا وَجَبَتْ جُنُوبُهَا فَكُلُوا مِنْهَا وَأَطْعِمُوا الْقَانِعَ وَالْمُعْتَرَّ كَذَٰلِكَ سَخَّرْنَاهَا لَكُمْ لَعَلَّكُمْ تَشْكُرُونَ ) (الحج : ٣٦)

ബലി മൃഗങ്ങളെ നാം നിങ്ങ ൾക്ക് അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാക്കിയിരിക്കുന്നു. നിങ്ങൾക്ക വയിൽ ഗുണമുണ്ട്. അതിനാൽ അ വയെ വരിവരിയായി നിർത്തിക്കൊ ണ്ട് അവയുടെ മേൽ നിങ്ങൾ അ ല്ലാഹുവിന്റെ നാമം ഉച്ചരി(ച്ചുകൊ ണ്ട് ബലിയർപ്പി)ക്കുക. അങ്ങനെ അ വ പാർശ്വങ്ങളിൽ വീണ് കഴിഞ്ഞാ ൽ അവയിൽ നിന്നെടുത്ത് നി ങ്ങൾ ഭക്ഷിക്കുകയും,(യാചിക്കാതെ) സം തൃപ്തിയടയുന്നവന്നും, ആവശ്യപ്പെ ട്ടു വരുന്നവന്നും

നിങ്ങള്‍ ഭക്ഷി ക്കാന്‍ കൊടുക്കുകയും ചെയ്യുക. നി ങ്ങള്‍ നന്ദി കാണിക്കുവാന്‍ വേണ്ടി അവയെ നിങ്ങള്‍ക്ക് അപ്രകാരം നാം കീഴ്പെടുത്തിത്തന്നിരിക്കുന്നു. ( ഹജ്ജ് : 36 )

**ബലിമൃഗത്തിനോട് കരുണ കാണി ക്കുക.**
അറുക്കുന്ന ഉരുവിനോട് നല്ല സമീപ നം സ്വീകരിക്കണമെന്ന് ഇസ്‌ലാം കണിഷമായി നിര്‍ദ്ദേശിക്കുന്നു. നബി ﷺ പറയുകയുണ്ടായി :

إِنَّ اللهَّ كَتَبَ الْإِحْسَانَ عَلَى كُلِّ شَيْءٍ فَإِذَا قَتَلْتُمْ فَأَحْسِنُوا الْقِتْلَةَ وَإِذَا ذَبَحْتُمْ فَأَحْسِنُوا الذَّبْحَ وَلْيُحِدَّ أَحَدُكُمْ شَفْرَتَهُ فَلْيُرِحْ ذَبِيحَتَهُ (مسلم ٣٦١٥

നിശ്ചയം അല്ലാഹു എല്ലാ കാര്യ ത്തിലും നന്മയെ നിശ്ചയിച്ചു. അ തിനാല്‍ നിങ്ങള്‍ കുറ്റവാളിയെ വധി ക്കുകയാണെങ്കില്‍ ആ വധം നല്ലരൂ പത്തില്‍ ചെയ്യുക. നിങ്ങള്‍ ഉരു വിനെ അറുക്കുകയാണെങ്കില്‍ ആ അറവ് നല്ല രീതിയില്‍ ചെയ്യുക. നിങ്ങളിലൊരാള്‍ അവന്റെ കത്തി മൂര്‍ച്ചകൂട്ടുകയും ഉരുവിന് ആശ്വാ സം നല്‍കുകയും ചെയ്യട്ടെ.

( മു 3615 )

അറവിനുള്ള നിയമങ്ങള്‍ എവി ടേയും പാലിക്കേണ്ടതുണ്ട്. ആയുധം മൂര്‍ച്ച കൂട്ടുകയും ഉരുവിന് ആശ്വ സം നല്‍കുകയും വേണം. ഉരുവി നെ വലിച്ചിഴച്ച്കൊണ്ട് പോകാതെ ന ല്ല രീതിയില്‍ കൊണ്ട് പോകുക. ജീ വന്‍ വേര്‍പിരിയുന്നതിനുമുമ്പ് മൃഗ ത്തിന് വേദനിക്കുന്ന പ്രവര്‍ത്തികള്‍ ചെയ്യാതിരിക്കുക.

അറുക്കുമ്പോള്‍ ബിസ്മി ചൊ ല്ലാന്‍ മറന്നു പോകരുത്. ബിസ്മി ചൊല്ലിയ ശേഷം അറുക്കാന്‍ താമ സമുണ്ടായാല്‍ വീണ്ടുംചൊല്ലേണ്ട താകുന്നു.

ബലിമൃഗത്തിന്റെ മാംസം പാവ ങ്ങൾക്ക് ദാനം ചെയ്യുകയും അതിൽ നിന്ന് ഉടമകൾക്ക് ഭക്ഷിക്കുകയും ചെയ്യാവുന്നതാണ്. അല്ലാഹു പറയു ന്നു :

(فَإِذَا وَجَبَتْ جُنُوبُهَا فَكُلُوا مِنْهَا وَأَطْعِمُوا الْقَانِعَ وَالْمُعْتَرَّ) { الحج :٣٦}

ആ ബലി ഒട്ടകങ്ങൾ അവയുടെ പാർശ്വങ്ങളിൽ വീണാൽ അവയി ൽനിന്ന് നിങ്ങൾ ഭക്ഷിക്കുകയും (യാചിക്കാതെ) സംതൃപ്തിയടയുന്ന വനും ആവശ്യപ്പെട്ടു വരുന്നവനും നിങ്ങൾ ഭക്ഷിക്കാൻ കൊടുക്കുക യും ചെയ്യുക. (ഹജ്ജ് : 36 )

എന്നാൽ ഹജ്ജിൽ സംഭവിക്കു ന്ന അപാകതകൾക്ക് പ്രായശ്ചിത്ത മായി അറുക്കുന്നതിൽനിന്ന് ഭക്ഷി ക്കാൻ പാടില്ലാത്തതാകുന്നു. മറിച്ച് അത് മക്കയിലെ പാവപ്പെട്ടവർക്കിട യിൽ വിതരണം ചെയ്യുകയാണ് വേ ണ്ടത്. അത് കാരണമുണ്ടാകുമ്പോ ൾ അറുക്കാവുന്നതാണ്. തമത്തുആയും ഖാരിനായും ഹജ്ജ് ചെയ്യുന്നവർ ബ ലിയറുക്കേണ്ടതാകുന്നു. ബലിയറു ക്കാൻ കഴിയാത്തവർക്ക് ഹജ്ജിൽ മൂന്നും സ്വദേശത്തേക്ക് മടങ്ങിയ ശേഷം ഏഴും നോമ്പുകൾ നോ റ്റാൽ മതിയാകുന്നതാണ്. ഈ നോ മ്പുകൾ അയ്യാമുത്തശ്രീഖിന്റെ ദിവ സങ്ങളായ ദുൽഹജ്ജ് 11,12,13 എന്നീ ദിവസങ്ങളിലും എടുക്കാവുന്നതാണ്.

ഇബ്നു ഉമർﷺ നിവേദനം :

لَمْ يُرَخَّصْ فِي أَيَّامِ التَّشْرِيقِ أَنْ يُصَمْنَ إِلا لِمَنْ لَمْ يَجِدْ الْهَدْيَ ( البخاري ١٨٥٩)

ബലിമൃഗം ലഭിക്കാത്തവർക്കല്ലാ തെ അയ്യാമുത്തശ്രീഖിന്റെ ദിവസ ങ്ങളിൽ നോമ്പെടുക്കാൻ ഇളവ് നൽകപ്പെട്ടിട്ടില്ല.

( ബുഖാരി : 1859 )

തമത്തുആയും ഖാരിനായും ഹജ്ജ് ചെയ്യുന്നവർ ബലിയറുക്കണ മെന്നും അതിന് കഴിയാത്തവർ ഹ ജ്ജിൽ മൂന്നും സ്വദേശത്തേക്ക് മട ങ്ങിയശേഷം ഏഴും അങ്ങിനെ പത്ത് നോമ്പെടുക്കണമെന്നും അല്ലാഹു നി യമമാക്കിയിരിക്കുന്നു. എന്നാൽ ബ ലിയറുക്കാൻ കഴിവുള്ള ഹാജി നോ മ്പെടുക്കുകയും തിരിച്ചെത്തിയ ശേ ഷം ബലിയറുത്ത് സാധുക്കൾക്ക് വി തരണം ചെയ്യുന്നതും അല്ലെങ്കിൽ ബലിമൃഗത്തിന്റെ വില നാട്ടിലുള്ള ദരിദ്രർക്ക് ധർമ്മം ചെയ്യുന്നതുമെല്ലാം അനുവദനീയമല്ലാത്തതാകുന്നു.

## മുടിനീക്കൽ

അറവിന്ശേഷം തലമുടി മുഴു വൻ കളയുകയോ വെട്ടുകയോ ചെ യ്യേണ്ടതാകുന്നു. പുരുഷന്മാർ മുണ്ഡ നം ചെയ്യുകയാണ് ഉത്തമം. ഇബ്നു ഉമർ(റ) നിവേദനം നബിﷺ ഇപ്രകാ രം പ്രാർത്ഥിച്ചു :

اللَّهُمَّ ارْحَمْ الْمُحَلِّقِينَ قَالُوا وَالْمُقَصِّرِينَ يَا رَسُولَ اللَّهِ قَالَ اللَّهُمَّ ارْحَمْ الْمُحَلِّقِينَ قَالُوا وَالْمُقَصِّرِينَ يَا رَسُولَ اللَّهِ قَالَ وَالْمُقَصِّرِينَ ( البخاري ١٦١٢ ومسلم ٢٢٩٤)

അല്ലാഹുവേ, മുടി മുണ്ഡ നം ചെയ്തവർക്ക് നീ കരുണ കാണി ക്കേണമേ, അവർ (സ്വഹാബികൾ) പറഞ്ഞു: അല്ലാഹുവിന്റെ പ്രവാച കരെ, മുടി വെട്ടിയവർക്കും (പ്രാർ ത്ഥിക്കൂ) പ്രവാചകൻ പറഞ്ഞു: അ ല്ലാഹുവേ, മുടി മുണ്ഡനം ചെയ്ത വർക്ക് നീ കരുണ കാണിക്കേണമേ, അവർ (സ്വഹാബികൾ) പറഞ്ഞു: അല്ലാഹുവിന്റെ പ്രവാചകരെ, മുടി

വെട്ടിയവർക്കും(പ്രാർത്ഥിക്കൂ) പ്ര വാചകൻ പറഞ്ഞു : മുടി വെട്ടിയ വർക്കും.

(ബുഖാരി :1612 , മുസ്‌ലിം :2294 )

ഇന്ന് ചിലർ ചെയ്യുന്നത്പോലെ തലമുടിയിൽ നിന്ന് അൽപം മുറിച്ച് മാറ്റിയാൽ മതിയാവുകയില്ല. മറിച്ച് മുണ്ഡനം ചെയ്യുന്നത് പോലെ തന്നെ തലയുടെ മുഴുവൻ ഭാഗവും വെട്ടേ ണ്ടതാണ്. സ്ത്രീകൾ വിരൽ തുമ്പുക ളുടെ വലിപ്പത്തിൽ വെട്ടിയെടുത്താ ൽ മതിയാകുന്നതാണ്.

ദുൽഹജ്ജ് 10ന് എറിയേണ്ട ജംറ യിൽ എറിയുക, ബലിയറുക്കുക, മുടി നീക്കുക, ത്വവാഫുൽ ഇഫാള നിർവ്വഹിക്കുക എന്നീ നാലു പ്രവർ ത്തികളിൽ ഏതെങ്കിലും രണ്ടെണ്ണം നിർവ്വഹിച്ചാൽ ഭാര്യഭർതൃബന്ധമല്ലാ ത്ത ഇഹ്റാംകൊണ്ട് നിഷിദ്ധമാ കു ന്ന മറ്റെല്ലാ കർമ്മങ്ങളും അനുവദ നീയമാത്തീരുന്നതാണ്. ബാക്കിയു ള്ള കർമ്മങ്ങളെല്ലാം സാധാരണ വ സ്ത്രം ധരിച്ച് കൊണ്ട് നിർവ്വഹിച്ചാ ൽ മതി. ഇ തിന് ഒന്നാം തഹല്ലുലെ ന്ന് പറയപ്പെടുന്നു. ഇതിന് ശേഷം സുഗന്ധം ഉപയോഗിക്കുന്നത് സുന്ന ത്താകുന്നു. ആയിശ (റ) നിവേദനം അവർ പറ ഞ്ഞു:

كُنْتُ أُطَيِّبُ رَسُولَ اللَّهِ ﷺ لِإِحْرَامِهِ قَبْلَ أَنْ يُحْرِمَ وَلِحِلِّهِ قَبْلَ أَنْ يَطُوفَ بِالْبَيْتِ) ( البخاري ١٤٣٩ و مسلم :٢٠٤٢ )

ഇഹ്റാമിന്നുവേണ്ടി ഇഹ്റാമിൽ പ്രവേശിക്കു ന്നതിന്മുമ്പും തഹല്ലു ലാവുന്നതിനു വേണ്ടി കഅ്ബയെ ത്വവാഫ് ചെയ്യുന്നതിനു മുമ്പും ഞാ ൻ നബിﷺ യ്ക്ക് സുഗന്ധം പൂശി കൊടുക്കാറുണ്ടായിരുന്നു.

( ബുഖാരി : 1439 മുസ്‌ലിം : 2042 )

***പാടില്ലാത്തവ***

- എറിയാനുള്ള കല്ലുകള്‍ കഴുക ല്‍
- എറിയുന്ന സമയം തക്ബീര്‍ ചൊല്ലുന്നതിന് പകരം മറ്റു ദിക് റുകള്‍ ചൊല്ലല്‍
- ചെരിപ്പ് വലിയ കല്ലുകള്‍ പോലു ള്ളവകൊണ്ട് എറിയുക.
- ബലി മൃഗത്തിന്റെ വില ദരിദ്രര്‍ ക്ക് ധര്‍മ്മം ചെയ്യല്‍
- ദുല്‍ഹജ്ജ് പത്തിന്മുമ്പ് ബലി യറുക്കല്‍
- തലയുടെ ചില ഭാഗം ഒഴിവാ ക്കിക്കൊണ്ട് മുണ്ഡനം ചെയ്യല്‍.
- ബലിദിനത്തില്‍ മിനായില്‍വെച്ച് പെരുന്നാള്‍ നമസ്കരിക്കല്‍
- തമത്തുആയി ഹജ്ജ് ചെയ്യുന്ന വര്‍ ത്വവാഫുല്‍ ഇഫാളക്കുശേ ഷം സഅ്യ് നിര്‍വ്വഹിക്കാതിരി ക്കല്‍ .

## ത്വവാഫുല്‍ ഇഫാള ( സിയാറഃ )

പിന്നീട് ഹജ്ജിന്റെ റുക്നുകളി ലൊന്നായ ത്വവാഫുല്‍ ഇഫാള നിര്‍ വ്വഹിക്കാന്‍ മക്കയിലേക്ക് പോവുക. ഇതില്ലാതെ ഹജ്ജ് ശരിയാവുകയില്ല. ഇത് എല്ലാവരും നിര്‍വ്വഹിക്കേണ്ടതാ കുന്നു. അല്ലാഹു പറയുന്നു:

(ثُمَّ لْيَقْضُوا تَفَثَهُمْ وَلْيُوفُوا نُذُورَهُمْ وَلْيَطَّوَّفُوا بِالْبَيْتِ الْعَتِيقِ) {الحج: ٢٩}

പിന്നീടവര്‍ അവരുടെ അഴുക്ക് നീ ക്കിക്കളയുകയും തങ്ങളുടെ നേര്‍ച്ച കള്‍ നിറവേറ്റുകയും പുരാതനമായ ആ ഭവനത്തെ പ്രദക്ഷിണം വെക്കു കയും ചെയ്തുകൊള്ളട്ടെ.

(ഹജ്ജ് : 29 )

മുമ്പ് പറഞ്ഞതുപോലെ ഈ ത്വവാ ഫിൽ പുരുഷൻ തട്ടത്തിന്റെ മധ്യം വലതു കക്ഷത്തിലും രണ്ടറ്റങ്ങൾ ഇ ടത്തെ ചുമലിലും ആവുന്ന രൂപത്തി ലിടൽ ഇൾത്വിബാഅ് (الإضطباع ), അപ്രകാരം വേഗത്തിൽ നടക്കൽ (റമൽ) എന്നിവ സുന്നത്തില്ല.

ത്വവാഫും, മഖാമു ഇബ്റാഹീ മിന്റെ പിന്നിൽ നിന്ന് രണ്ടു റകഅ ത്ത് നമസ്കാരവും കഴിഞ്ഞ ശേഷം തമത്തുആയി[6] ഹജ്ജ് ചെയ്യുന്നവർ സഫാ മർവക്കിടയിൽ സഅ്യ് ചെ യ്യുക. എന്നാൽ ഇഫ്റാദായും ഖിറാ നായും ഹജ്ജ് ചെയ്യുന്നവർ നേ ര ത്തെ ത്വവാഫിനോടൊപ്പം സഅ്യ് ചെയ്തവരാണെങ്കിൽ അവർ വീ ണ്ടും സഅ്യ് ചെയ്യേണ്ടതില്ല.

ഈ ത്വവാഫ് ദുൽഹജ്ജ് 10 ന് തന്നെ നിർവ്വ ഹിക്കൽ നിർബന്ധ മില്ല. അയ്യാമുത്തശ്‌രീഖ് എന്നറിയ പ്പെടുന്ന 11, 12, 13 എന്നീ ദിവസങ്ങ ളിലേക്ക് പിന്തിപ്പിക്കാവുന്നതാണ്.

ഇതോടെ പൂർണ്ണമായും ഇഹ് റാമിൽനിന്ന് ഒഴിവായി. ജംറയിലെറി യുക, ബലിയറക്കുക, മുടി കളയു ക, ത്വവാഫ് സഅ്യ് എന്നിവ വഴി ക്ക് വഴിയാവൽ സുന്നത്താണ്. എ ന്നാൽ ക്രമം തെറ്റുന്നത് കൊണ്ട് ഹജ്ജിനെ ബാധിക്കുകയില്ല.

## ദുൽഹജ്ജ് 11,12,13
## മിനായിൽ രാപ്പാർക്കലും, ജംറകളിലെ ഏറും

ത്വവാഫുൽ ഇഫാള കഴിഞ്ഞ് സ അ്യ് ചെയ്യേണ്ടവർ സഅ്യും നിർവ്വ ഹിച്ചു കഴിഞ്ഞാൽ മിനായിലേക്കു

[6] പേജ് 115 ൽ നോക്കുക.

തന്നെ മടങ്ങുക. തുടർന്നുള്ള മൂന്ന് രാവും പകലും മിനയിൽ കഴിച്ചു കൂട്ടേണ്ടതാകുന്നു. ഹജ്ജിന്റെ വാജിബുകളിൽപ്പെട്ടതാണ് മിനയിൽ താമ സിക്കൽ. എന്നാൽ ഹജ്ജുമായി ബന്ധപ്പെട്ട ഒഴിച്ചുകൂടാൻ പറ്റാത്ത കാരണമുള്ളവർക്ക് നബിﷺ മിന യിൽ രാപ്പാർക്കുന്നതിൽനിന്ന് വിട്ടു നിൽക്കാൻ ഇളവു നൽകിയിട്ടുണ്ട്.

ഈ ദിവസങ്ങളിൽ സൂര്യൻ മ ദ്ധ്യാഹ്നത്തിൽ നിന്നും തെറ്റി ഉച്ച തിരിഞ്ഞ ശേഷം മൂന്ന് ജംറകളിൽ എറിയേണ്ടതാകുന്നു. ജാബിർ‍ﷺ നി വേദനം :

(رَمَى رَسُولُ اللَّهِ ﷺ الْجَمْرَةَ يَوْمَ النَّحْرِ ضُحًى وَأَمَّا بَعْدُ فَإِذَا زَالَتْ الشَّمْسُ)

( مسلم -٢٢٩٠)

നബിﷺ ബലിദിനം ളുഹാ സമ യത്തും ശേഷമുള്ള ദിവസങ്ങളിൽ സൂര്യൻ മദ്ധ്യത്തിൽനിന്നും നീങ്ങിയ ശേഷവുമാണ് ജംറയിൽ എറി യുകയുണ്ടായത്. (മുസ്‌ലിം: 2290 )

ഇബ്നു അബ്ബാസ് (റ) നിവേദനം :

سُئِلَ النَّبِيُّ ﷺ فَقَالَ رَمَيْتُ بَعْدَ مَا أَمْسَيْتُ فَقَالَ لا حَرَجَ (البخاري ١٦٠٨
(

വൈകുന്നേരമായ ശേഷം ഞാ ൻ എറിയുകയുണ്ടായി എന്ന് നബി ﷺ ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് വിരോധമില്ല എന്ന് മറുപടി പറഞ്ഞു. (ബുഖാരി 1608 )

മറ്റൊരു ഹദീസിൽ നബിﷺ പറയു കയുണ്ടായി :

" الراعي يرمي بالليل ، و يرعى بالنهار " ( السلسلة الصحيحة - ٢٤٧٧ )

ആട്ടിടയന് രാത്രിയിൽ എറിയു കയും പകലിൽ ആടിനെ മേക്കുക യും ചെയ്യാം
(സിൽസിലത്തുസ്സഹീഹഃ : 2477 )

അതിനാൽ പകലിൽ എറിയാൻ സാധിക്കുമെങ്കിൽ അതാണ്നല്ലത്. അല്ലാത്തവർക്ക് രാത്രിയിലും എറി യാം. ഇന്ന് കല്ലെറിയാൻ വേണ്ടി പണ്ഡിതന്മാരുടെ അനുവാദത്തോടു കൂടി ഹാജിമാർക്ക് പ്രത്യേകം സമയം നിശ്ചയിക്കുന്നു. അതനുസ രിച്ച് നിശ്ചയിച്ച സമയത്ത് മാത്രം എറിയുകയാണെങ്കിൽ നമുക്കും മ റ്റുള്ളവർക്കും സൗകര്യമാകും.

എറിയാൻ പോകുമ്പോൾ ബാഗ്, സഞ്ചി, മറ്റു ലഗേജുകൾ എന്നിവ കൊണ്ടു പോകാതിരിക്കുക. നിർദ്ദേശ ങ്ങൾ പൂർണ്ണമായും പാലിക്കുക. മറ്റുള്ള വർക്ക് തങ്ങളാൽ യാതൊരു പ്രയാസവുമുണ്ടാ കരുതെന്ന് നാം ഉറപ്പു വരുത്തുക.

അപ്രകാരം മൂന്ന് ജംറകളിലെറി യാനുള്ള കല്ലുകൾ 7 വീതം 21 എണ്ണം കൂടെ കരുതിയിരിക്കുക. തിര ക്കിനിടയിൽ എറിയാൻ കരുതിയി ട്ടുള്ള കല്ലുകളിൽ നിന്ന് വല്ലതും താ ഴെ വീഴുകയോ, അല്ലെങ്കിൽ എറി യുന്ന സമയത്ത് ജംറയുടെ തടത്തി ൽ വീഴാതെ പുറത്ത് പോകുകയോ ചെയ്താൽ കല്ല് എടുക്കാനായി കുനിയുന്നത് വലിയ അപകടമുണ്ടാ യേക്കും. അതിനാൽ എറിയാനുള്ള കല്ലുകളുടെ എണ്ണത്തേ ക്കാൾ കൂടു തലായി രണ്ടോ മൂന്നോ കല്ലുകൾ കൂടെ കരുതുന്നത് ഉപകാരപ്പെ ട്ടേക്കും.

ചെറിയ കുട്ടികൾ, വയോവൃദ്ധർ തുടങ്ങിയവർ തിരക്ക് ഒഴിഞ്ഞ സമ യത്ത് എറിയുന്നത് കൂടുതൽ അപക ടം ഒഴിവാക്കാൻ സഹായകമാകും. ഇവർക്ക് സ്വന്തമായി എറിയാൻ കഴി യാത്തപക്ഷം പകരം എറിയാൻ മറ്റു ള്ളവരെ ഏൽപിക്കുന്നതിന് വിരോധ

മില്ലതാനും. പക്ഷെ പകരം എറിയു ന്ന വ്യക്തി ആദ്യം സ്വയം എറിഞ്ഞ ശേഷമാണ് പകരമുള്ള വ്യക്തിക്കു വേണ്ടി എറിയേണ്ടത്.

ആദ്യം മസ്ജിദുൽഖൈഫിനോട ടുത്തുള്ള ഒന്നാമത്തെ ജംറയിലാണ് എറിയേണ്ടത്. ഏഴ് ചെറിയ കല്ലുക ൾകൊണ്ട് ഏഴ് പ്രാവശ്യമായി തക് ബീർചൊല്ലി ക്കൊണ്ടാണ് എറിയേ ണ്ടത്. കല്ലുകൾ കൂടുതൽ കയ്യിലു ണ്ടെങ്കിൽ അത് ജംറയിലേക്ക് വലി ച്ചെറിയരുത്. കാരണം ഏഴു കല്ലുകൾ മാത്രമാണ് എറിയൽ സുന്നത്ത്. അതിനുശേഷം വലതുഭാഗത്തേക്കാ യി അൽപം മുന്നോട്ട് നീങ്ങിനിന്ന് കൈകളുയർത്തി ഖിബ്‌ലക്കഭിമുഖമാ യി ധാരാളം പ്രാർത്ഥിക്കുക. എന്നാ ൽ മറ്റു ഹാജിമാർക്ക് പ്രയാസമു ണ്ടാകുന്ന രീതിയിൽ വഴിയിൽ പ്രാർ ത്ഥിക്കാൻ നിൽക്കരുത് .

ശേഷം രണ്ടാമത്തെ ജംറയായ ജംറത്തുൽ വുസ്തയിലും ഇതേ പ്രകാരം എറിയുകയം ഇടതു വശ ത്തേക്കു മാറിനിന്ന് പ്രാർത്ഥിക്കുക യും ചെയ്യേണ്ട താകുന്നു. അതിന് ശേഷം മൂന്നാമത്തെ ജംറയായ ജം റത്തുൽ കുബ്റയിലും ഇപ്രാരം എറി യേണ്ടതാകുന്നു. എന്നാൽ ജംറത്തു ൽ കുബ്റയിൽ എറിഞ്ഞതിന് ശേ ഷം പ്രാർത്ഥിക്കൽ സുന്നത്തില്ല. ഇതേക്രമത്തിൽ ദുർഹജ്ജ് 12 നും 13 നും എറിയേണ്ടതാകുന്നു.

കഴിയുന്നത്ര ഖുർആൻ പാരായ ണം, ദിക്റുകൾ, തസ്ബീഹുകൾ എ ന്നിവ അധികരിപ്പി ക്കുകയും ധാരാ ളം പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാ കുന്നു. നമസ്കാരം ജമാഅത്തായി തന്നെ നിർവ്വഹിക്കുക. മിനായിലെ മസ്ജിദുൽ ഖൈഫിൽ നമസ്കരി ക്കാൻ സാധിക്കുമെങ്കിൽ അതത്രെ ഉത്തമം. നബിﷺ പറയുകയുണ്ടായി :

(صلى في مسجد الخيف سبعون نبيا)

(رواه الطبراني في الأوسط أنظر السلسلة الصحيحة ٢٠٢٣)

മസ്ജിദുൽ ഖൈഫിൽ എഴുപത് നബിമാർ നമസ്കരിച്ചിരിക്കുന്നു.

(സിൽസിലത്തുസ്സ്വഹീഹഃ:2023 )

11,12 എന്നീ ദിവസങ്ങളിലെ ഏറു കഴിഞ്ഞ് ധൃതിപിടിച്ചു പോകുന്നതിന് വിരോധമില്ല. എന്നാൽ 13 നും കൂടി എറിയുന്നതാണ് ഉത്തമം. അല്ലാഹു പറയുന്നു :

وَاذْكُرُواْ اللّهَ فِي أَيَّامٍ مَّعْدُودَاتٍ فَمَن تَعَجَّلَ فِي يَوْمَيْنِ فَلاَ إِثْمَ عَلَيْهِ وَمَن تَأَخَّرَ فَلا إِثْمَ عَلَيْهِ لِمَنِ اتَّقَى { البقرة : ٢٠٣}

എണ്ണപ്പെട്ട (ബലി പെരുന്നാളിന് ശേഷമുള്ള മൂന്ന്) ദിവസങ്ങളിൽ നിങ്ങൾ അല്ലാഹുവെ സ്മരിക്കുക. (അവയിൽ) രണ്ടു ദിവസം കൊണ്ട് മതിയാക്കി ആരെങ്കിലും ധൃതിപ്പെട്ട് പോരുന്ന പക്ഷം അവന് കുറ്റമില്ല. (ഒരു ദിവസവും കൂടി) താമസിച്ചു പോരുന്നവന്നും കുറ്റമില്ല. സൂക്ഷ്മത പാലിക്കുന്നവന്ന് (അതാണ് ഉത്തമം).

(അൽബഖറ : 203)

പന്ത്രണ്ടിന് എറിഞ്ഞു മതിയാ ക്കുന്നവർ അന്ന് സൂര്യൻ അസ്തമി ക്കുന്നതിനു മുമ്പായി മിനയിൽ നി ന്നും സ്ഥലം വിട്ടിരിക്കണം.

## ത്വവാഫുൽ വിദാഅ്
## ( വിടവാങ്ങൽ ത്വവാഫ് )

മക്കയിൽ നിന്ന് പുറത്ത് പോകാ നുദ്ദേശിച്ചാൽ കഅ്ബയെ ത്വവാഫ് ചെയ്യേണ്ടതാകുന്നു. ത്വവാഫുൽ വി ദാഅ് (വിടവാങ്ങൽ ത്വവാഫ്) എന്നാ ണിതിന് പേര്. കഅ്ബയുമായുള്ള സമ്പർക്കം ഈ ത്വവാഫി ലൂടെയാ ണ് അവസാനിപ്പിക്കേണ്ടത്. ഇബ്നു അബ്ബാസ്ﷺ പറയുന്നു: ജനങ്ങൾ പ ല ഭാഗത്തു നിന്നും പിരിഞ്ഞു പോയി കൊണ്ടിരുന്നപ്പോൾ നബിﷺ പറഞ്ഞു:

(لا يَنْفِرَنَّ أَحَدٌ حَتَّى يَكُونَ آخِرُ عَهْدِهِ الطَّوَافَ بِالْبَيْتِ) ( مسلم : ٢٣٥٠ )

കഅ്ബയെ ത്വവാഫ് ചെയ്യൽ ഒരാളുടെ അവസാനത്തെ കർമ്മമാകാ തെ പിരിഞ്ഞു പോകാൻ പാടുള്ള തല്ല.(മുസ്‌ലിം:235 അബൂദാവൂദ്:1711)

എന്നാൽ സ്ത്രീകൾ ഈ ത്വവാ ഫിന് മുമ്പായി അശുദ്ധിയുള്ളവരാ യാൽ അവർക്കിതിൽനിന്നും ഇളവ് നൽക പ്പെട്ടിട്ടുണ്ട്. ഇബ്നു അബ്ബാസ് ﷺ നിവേദനം

(أُمِرَ النَّاسُ أَنْ يَكُونَ آخِرُ عَهْدِهِمْ بِالْبَيْتِ إِلَّا أَنَّهُ خُفِّفَ عَنْ الْحَائِضِ)(البخاري ١٦٣٦ ومسلم ٢٣٥١)

ജനങ്ങൾ അവരുടെ (മക്കയു മായുള്ള) ഒടുവിലത്തെ കർമ്മം ത്വ വാഫായിരിക്കണമെന്ന് കൽപിക്കപ്പെ ട്ടിരിക്കുന്നു. എന്നാൽ ഋതുമതികളാ യ സ്ത്രീകൾക്കവിടുന്ന് അക്കാര്യ ത്തിൽ ഇളവനുവദി ച്ചിരിക്കുന്നു.

( ബുഖാരി : 1636 , മുസ്‌ലിം : 2351 )

അവർ ത്വവാഫിന്‌വേണ്ടി കാ ത്തിരിക്കുകയോ പ്രായശ്ചിത്തം ന ൽകുകയോ ചെയ്യേണ്ടതില്ല. അപ്ര കാരം സ്ത്രീകൾ ആർത്തവകാരിക ളായിക്കൊണ്ടോ പ്രസവം കഴിഞ്ഞ അവസ്ഥയിലോ മീഖാത്തിലെത്തി

യാൽ കുളിച്ച് മറ്റുള്ളവരോടൊപ്പം ഇഹ്റാമിൽ പ്രവേശിച്ച് ത്വവാഫൊഴി കെ ഹാജിമാർ ചെയ്യുന്ന എല്ലാ കർ മ്മങ്ങളും ചെയ്യുകയും, ത്വവാഫുൽ ഇഫാള (ഹജ്ജിന്റെ ത്വവാഫ്) ചെയ്യാ ൻ വേണ്ടി ശുദ്ധിയാകുന്നത് വരെ കാത്തിരിക്കേണ്ടതു മാണ്.

ത്വവാഫ് നിർവ്വഹിച്ചു കഴിഞ്ഞാ ൽപിന്നെ മറ്റു പള്ളികളിൽ നിന്നും പുറത്തു പോകുന്നതുപോലെ മസ്ജി ദുൽ ഹറാമിൽനിന്നും പുറത്തു പോകുക. തിരിഞ്ഞു നടക്കുകയോ മറ്റോ ചെയ്യുന്നത് അനാചാര മാകു ന്നു. ഇടത്തേക്കാൽ പുറത്തേക്ക് വെ ച്ചുകൊണ്ട് ഇപ്രകാരം പ്രാർത്ഥി ക്കുക:

بِسْمِ اللهِ وَالصَّلاَةُ وَالسَّلاَمُ عَلَى رَسُولِ اللهِ اللَّهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِكَ

'ബിസ്മില്ലാഹി വസ്സലാതു വസ്സലാ മു അലാ റസൂലില്ലാഹി അല്ലാഹുമ്മ ഇന്നീ അസ്അലുക മിൻ ഫള്ലിക്'' (അല്ലാഹുവിന്റെ നാമത്തിൽ അല്ലാഹുവിന്റെ ദൂതരിൽ രക്ഷയും സമാ ധാനവും ഉണ്ടാവട്ടെ, അല്ലാഹുവേ നിന്റെ ഔദാര്യത്തിൽനിന്ന് ഞാൻ ചോദിക്കുന്നു.)

عن أبي هريرة ﷺ قال سمعت النبي ﷺ يقول : من حج لله فلم يرفث ولم يفسق رجع كيوم ولدته أمه . متفق عليه

***അബൂഹുറൈറ ﷺ നിവേദനം നബി ﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിരിക്കുന്നു: ഒരാൾ സ്ത്രീ സല്ലാപത്തിലേർപ്പെടുകയോ തോ***

## മദീനാ സന്ദർശനം

## മദീനാ സന്ദർശനം
## (മദീനയുടെ മഹത്വം)

മദീനാ സന്ദർശനം ഹജ്ജിന്റേ യോ ഉംറയുടേയോ ഭാഗമല്ല എന്ന് നാം ഒന്നാമതായി അറിഞ്ഞിരിക്കു ക. നബിﷺ യുടെ പള്ളിയായ മസ് ജിദുന്നബവിയിൽ വെച്ച് നമസ്കരി ക്കുന്നതാണ് അത്കൊണ്ട് ഉദ്ദേശ്യമെ ങ്കിൽ അത് പുണ്യകരമാണ്.

ഹജ്ജ്, ഉംറ എന്നീ കർമ്മങ്ങൾ ക്ക് മദീനയുമായി ബന്ധമില്ലെങ്കിലും വിശുദ്ധ ഇസ്ലാമിൽ മദീനയുടേയും മസ്ജിദുന്നബവിയുടേയും മഹത്വ ങ്ങൾ ഏറെയാണ്. സ്ത്രീപുരുഷ വ്യത്യാസമില്ലാതെ എല്ലാവർക്കും നമ സ്കരിക്കുന്നതിന്നായി മദീനാപള്ളി സന്ദർശിക്കൽ സുന്നത്താണ്. അതി ന്നായി യാത്ര പോകൽ അനുവദനീ യവുമാണ്. നബിﷺ പറഞ്ഞു :

(صَلَاةٌ فِي مَسْجِدِي هَذَا خَيْرٌ مِنْ أَلْفِ صَلاةٍ فِيمَا سِوَاهُ إِلا الْمَسْجِدَ الْحَرَام )

البخاري ١١١٦ ومسلم ٢٤٦٩)

എന്റെ ഈ പള്ളിയിലെ ഒരു നമ സ്കാരം മസ്ജിദുൽ ഹറാമല്ലാത്ത മറ്റു പള്ളികളിലെ ആയിരം നമസ്കാ രത്തേക്കാൾ ശ്രേഷ്ഠമാണ്.

( ബുഖാരി 1116 മുസ്‌ലിം 2469 )

عن أَبِي هُرَيْرَةَ ﷺ يَقُولُ قَالَ رَسُولُ اللَّهِ ﷺ أُمِرْتُ بِقَرْيَةٍ تَأْكُلُ الْقُرَى يَقُولُونَ يَثْرِبُ وَهِيَ الْمَدِينَةُ تَنْفِي النَّاسَ كَمَا يَنْفِي الْكِيرُ خَبَثَ الْحَدِيدِ (صحيح البخاري ١٧٣٨)

അബൂഹുറൈറ(റ) നിവേദനം: ന ബി(ﷺ) അരുളി: എല്ലാ നാടുകളേ യും തിന്നുന്ന (വിജയിക്കുന്ന) ഒരു നാട്ടിലേക്ക് പോകാൻ എനിക്ക് കൽപ്പന കിട്ടി. ആളുകൾ അതിനെ യഥ്‌രിബ് എന്നു വിളിക്കുന്നു. അതു മദീനയാണ്. ഉല ഇരുമ്പിന്റെ കീട ത്തെ പുറത്തു കളയും പോലെ മദീ ന അതിലെ ദുർജ്ജനങ്ങളെ പുറത്തു കളയും. (ബുഖാരി. 1738)

عَنْ أَبِي حُمَيْدٍ ﷺ أَقْبَلْنَا مَعَ النَّبِيِّ ﷺ مِنْ تَبُوكَ حَتَّى أَشْرَفْنَا عَلَى الْمَدِينَةِ فَقَالَ هَذِهِ طَابَةٌ (صحيح البخاري ١٧٣٩)

അബൂഹുമൈദ്(റ) പറയുന്നു:

നബി(ﷺ) യുടെ കൂടെ തബൂക്കി ൽ നിന്നും ഞങ്ങൾ മടങ്ങുമ്പോൾ മദീനയോടടുത്തപ്പോൾ നബി(സ) അരുളി: ഇതു ത്വാബ (പവിത്ര ഭൂമി) യാണ്.

(ബുഖാരി: 1739)

عَنْ سُفْيَانَ بْنِ أَبِي زُهَيْرٍ ﷺ أَنَّهُ قَالَ سَمِعْتُ رَسُولَ اللهِ ﷺ يَقُولُ تُفْتَحُ الْيَمَنُ فَيَأْتِي قَوْمٌ يُبِسُّونَ فَيَتَحَمَّلُونَ بِأَهْلِهِمْ وَمَنْ أَطَاعَهُمْ وَالْمَدِينَةُ خَيْرٌ لَهُمْ لَوْ كَانُوا يَعْلَمُونَ وَتُفْتَحُ الشَّأْمُ فَيَأْتِي قَوْمٌ يُبِسُّونَ فَيَتَحَمَّلُونَ بِأَهْلِيهِمْ وَمَنْ أَطَاعَهُمْ وَالْمَدِينَةُ خَيْرٌ لَهُمْ لَوْ كَانُوا يَعْلَمُونَ وَتُفْتَحُ الْعِرَاقُ فَيَأْتِي قَوْمٌ يُبِسُّونَ فَيَتَحَمَّلُونَ بِأَهْلِيهِمْ وَمَنْ أَطَاعَهُمْ وَالْمَدِينَةُ خَيْرٌ لَهُمْ لَوْ كَانُوا يَعْلَمُونَ) (البخاري ١٧٤٢)

സുഫ്‌യാൻ(റ) പറയുന്നു: നബി (സ) അരുളുന്നത് ഞാൻ കേട്ടിട്ടുണ്ട്. യമൻ ജയിച്ചടക്ക പ്പെടും. അന്നേരം ഒരു വിഭാഗം ആളുകൾ വാഹന ങ്ങളെ വേഗത്തിലോടിച്ചുകൊണ്ടുവ രും. അവർ സ്വ കുടുംബക്കാരേയും അവർക്ക് കീഴ്പ്പെടുന്നവരേയും കൂട്ടി മദീന വിട്ട്പോകും. അവർ അറിയു ന്നവരാണെങ്കിൽ മദീന തന്നെയാണ് അവർക്ക് ഏററവും ഉത്തമം. സിറി യയും ജയിച്ചടക്കപ്പെടും. അപ്പോൾ വാഹനങ്ങളെ വേഗത്തിലോടിച്ചു കൊണ്ട് ഒരു കൂട്ടം ജനങ്ങൾ വരും. അവർ അവരുടെ കുടുംബക്കാരെ യും അവരെ അനുസരിക്കുന്നവരേ യൂം കൂട്ടി മദീനവിട്ടു പോകും. അ വർ ജ്ഞാനികളായിരുന്നുവെങ്കിൽ മദീന തന്നെയായിരിക്കും അവർക്കു ത്തമം. ഇറാഖും ജയിച്ചടക്കപ്പെടും. അപ്പോഴും ഒരു വിഭാഗം മനുഷ്യർ വാഹനങ്ങളെ വേഗത്തിലോടിച്ചു കൊണ്ടുവരും. അവർ അവരുടെ കു ടുംബക്കാരേയും അവരെ അനു സരിക്കുന്നവ രേയുംകൂട്ടി മദീന ഉ പേക്ഷിക്കും. മദീനയാണ് അവർ അ റിവുള്ളവരായിരുന്നുവെങ്കിൽ അവർ ക്ക് ഏററവും ഉത്തമം. (ബുഖാരി. 1742)

عَنْ أَبِي هُرَيْرَةَ ﷺ أَنَّ رَسُولَ اللهِ ﷺ قَالَ إِنَّ الإِيمَانَ لَيَأْرِزُ إِلَى الْمَدِينَةِ كَمَا تَأْرِزُ الْحَيَّةُ إِلَى جُحْرِهَا (صحيح البخاري ١٧٤٣)

അബൂഹുറൈറ(റ) നിവേദനം: നിശ്ചയം ഈമാൻ (വിശ്വാസം)ഒരു കാലത്തു മദീനയിലേക്ക് ചുരുണ്ടു കൂടും. സർപ്പം അതിന്റെ മാളത്തി ലേക്ക് ചുരുണ്ടു കൂടുന്നതു പോലെ. (ബുഖാരി. 1743)

عَنْ أَبِي بَكْرَةَ ﷺ عَنْ النَّبِيِّ ﷺ قَالَ لا يَدْخُلُ الْمَدِينَةَ رُعْبُ الْمَسِيحِ الدَّجَّالِ لَهَا يَوْمَئِذٍ سَبْعَةُ أَبْوَابٍ عَلَى كُلِّ بَابٍ مَلَكَانِ (البخاري ١٧٤٦)

അബൂബക്കറത്ത്(റ) നിവേദനം: നബി(സ) അരുളി: ലോകത്തെ ചുററി സഞ്ചരിക്കുന്ന ദജ്ജാലിനെ സംബ ന്ധിച്ച ഭയം മദീനക്കാരെ ബാധി ക്കുകയില്ല. അന്ന് മദീനയ്ക്ക് ഏഴ് കവാടങ്ങളുണ്ടായിരിക്കും. ഓരോ ക വാടത്തിലും ഈ രണ്ട് മലക്കുകൾ കാവൽക്കാരായി ഉണ്ടായിരിക്കും.

(ബുഖാരി. 1746)

عَنْ أَبِي هُرَيْرَةَ ﷺ قَالَ قَالَ رَسُولُ اللهِ ﷺ عَلَى أَنْقَابِ الْمَدِينَةِ مَلَائِكَةٌ لا يَدْخُلُهَا الطَّاعُونُ وَلا الدَّجَّالُ ( البخاري ١٧٤٧)

അബൂഹുറൈറ(റ)നിവേദനം: ന ബി(സ)അരുളി: മദീനയുടെ പ്രവേ ശന കവാടങ്ങളിൽ മലക്കുകൾ നിൽ ക്കും. പ്ലേഗോ, ദജ്ജാലോ അതിൽ പ്രവേശിക്കുകയില്ല. (ബുഖാരി. 1747)

عن أَنَسُ بْنُ مَالِكٍ ﷺ عَنْ النَّبِيِّ ﷺ قَالَ لَيْسَ مِنْ بَلَدٍ إِلا سَيَطَؤُهُ الدَّجَّالُ إِلا مَكَّةَ وَالْمَدِينَةَ لَيْسَ لَهُ مِنْ نِقَابِهَا نَقْبٌ إِلا عَلَيْهِ الْمَلَائِكَةُ صَافِّينَ يَحْرُسُونَهَا ثُمَّ تَرْجُفُ الْمَدِينَةُ بِأَهْلِهَا ثَلاثَ رَجَفَاتٍ فَيُخْرِجُ اللَّهُ كُلَّ كَافِرٍ وَمُنَافِقٍ) صحيح البخاري ١٧٤٨)

അനസ്(റ) നിവേദനം: നബി(സ) അരുളി: ദജ്ജാൽ കാൽ വെക്കാത്ത ഒരു രാജ്യവും ഇല്ല. മക്കയും മദീനയും ഒഴികെ. ആ രണ്ടു രാജ്യങ്ങളു ടെയും സർവ്വ പ്രവേശന ദ്വാരങ്ങളി ലും മലക്കുകൾ അണിയണിയായി കാവൽ നിൽക്കും. ശേഷം മദീന അ തിന്റെ നിവാസികളോട്കൂടി മൂന്ന് പ്രാവശ്യം കമ്പനം കൊള്ളും. അതി ലുള്ള സർവ്വ സത്യനിഷേധികളേയും കപട വിശ്വാസികളേയും അല്ലാഹു പുറത്തു കൊണ്ടുവരും.

(ബുഖാരി : 1748)

عن سَعِيدٍ الْخُدْرِيَّ ﷺ قَالَ حَدَّثَنَا رَسُولُ اللَّهِ ﷺ حَدِيثًا طَوِيلا عَنْ الدَّجَّالِ فَكَانَ فِيمَا حَدَّثَنَا بِهِ أَنْ قَالَ يَأْتِي الدَّجَّالُ وَهُوَ مُحَرَّمٌ عَلَيْهِ أَنْ يَدْخُلَ نِقَابَ الْمَدِينَةِ بَعْضَ السِّبَاخِ الَّتِي بِالْمَدِينَةِ فَيَخْرُجُ إِلَيْهِ يَوْمَئِذٍ رَجُلٌ هُوَ خَيْرُ النَّاسِ أَوْ مِنْ خَيْرِ النَّاسِ فَيَقُولُ أَشْهَدُ أَنَّكَ الدَّجَّالُ الَّذِي حَدَّثَنَا عَنْكَ رَسُولُ اللَّهِ ﷺ حَدِيثَهُ فَيَقُولُ الدَّجَّالُ أَرَأَيْتَ إِنْ قَتَلْتُ هَذَا ثُمَّ أَحْيَيْتُهُ هَلْ تَشُكُّونَ فِي الأَمْرِ

فَيَقُولُونَ لا فَيَقْتُلُهُ ثُمَّ يُحْيِيهِ فَيَقُولُ حِينَ يُحْيِيهِ وَاللَّهِ مَا كُنْتُ قَطُّ أَشَدَّ بَصِيرَةً مِنِّي الْيَوْمَ فَيَقُولُ الدَّجَّالُ أَقْتُلُهُ فَلا أُسَلَّطُ عَلَيْهِ (صحيح البخاري )١٧٤٩

അബൂസഇൗദ്(റ) നിവേദനം: നബി(സ) ദജ്ജാലിനെക്കുറിച്ച് ദീർ ഘമായി ഞങ്ങളോട് സംസാരിച്ചു. നബി(സ) ഞങ്ങളോട് പറഞ്ഞതിൽ പെട്ടതാണ് ദജ്ജാൽ വരും. മദീനാ പ്രവേശം അവന് നിഷിദ്ധമാക്കപ്പെ ടും. അപ്പോഴവൻ മദീനക്കു സമീപം ഒരു ചതുപ്പ് പ്രദേശത്ത് ഇറങ്ങും. ഈ സന്ദർഭം ജനങ്ങളിൽവെച്ച് ഉത്ത മനായ ഒരാൾ ചെന്ന് പറയും. അല്ലാ ഹുവിന്റെ പ്രവാചകൻﷺ ഞങ്ങൾ ക്ക് അറിയിച്ചുതന്ന ദജ്ജാൽ തന്നെ യാണ് നീയെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അപ്പോൾ ദജ്ജാൽ പറയും: ഈ മനുഷ്യനെ ഞാൻ വധി ച്ച് വീണ്ടും ജീവിപ്പിച്ചാൽ ഞാൻ പറയുന്ന കാര്യത്തിൽ നിങ്ങൾ സം ശയിക്കുമോ? ഇല്ലെന്നവർ മറുപടി പറയും. ദജ്ജാൽ ആ മനുഷ്യനെ കൊന്നു വീണ്ടും ജീവിപ്പിക്കും. അ പ്പോൾ ആ പുനർജനിച്ച മനുഷ്യൻ പറയും: അല്ലാഹു സത്യം. നീ ദജ്ജാ ലാണെന്ന കാര്യം ഇന്നത്തെപ്പോലെ മറ്റൊരിക്കലും എനിക്ക് ബോധ്യ മാ യിട്ടില്ല. അപ്പോൾ ദജ്ജാൽ പറയും: ഞാനവനെ കൊന്നു കളയട്ടെ? പ ക്ഷെ അദ്ദേഹത്തെ കൊല്ലാൻ അവന് സാധിക്കുകയില്ല. (ബുഖാരി :1749 )

(عَنْ جَابِرٍ ﷺ جَاءَ أَعْرَابِيٌّ النَّبِيَّ ﷺ فَبَايَعَهُ عَلَى الإِسْلامِ فَجَاءَ مِنْ الْغَدِ مَحْمُومًا فَقَالَ أَقِلْنِي فَأَبَى ثَلاثَ مِرَارٍ فَقَالَ الْمَدِينَةُ كَالْكِيرِ تَنْفِي خَبَثَهَا وَيَنْصَعُ طَيِّبُهَا) (صحيح البخاري: ١٧٥٠)

ജാബിർ(റ) നിവേദനം: ഒരു ഗ്രാ മീണൻ നബി(സ)യുടെ അടുക്കൽ വന്ന് ഇസ്ലാമായി ജീവിച്ചു കൊള്ളാ മെന്ന് ഉടമ്പടി ചെയ്തു. അടുത്ത ദി വസം പനി ബാധിച്ചവനായി അയാൾ നബി(സ) യുടെ അടുക്കൽ വന്നു. അങ്ങനെ അയാൾ പറഞ്ഞു: എന്റെ ഉടമ്പടി ദുർബ്ബലപ്പെടുത്തുവാൻ എ ന്നെ അനുവദിച്ചാലും എന്ന് മൂന്നു പ്രാവശ്യം പറഞ്ഞു. നബി(സ) വിസമ്മതിക്കുകയും ചെയ്തു. അവി ടുന്നരുളി. മദീന ഇരുമ്പ് കീടത്തെ ശുദ്ധീകരിക്കുന്ന ഉല പോലെയാണ്. നല്ലതിനെ അത് പിടിച്ചു നിർത്തു കയും ചെയ്യും. (ബുഖാരി. 1750)

عن زَيْدَ بْنَ ثَابِتٍ ﷺ يَقُولُ لَمَّا خَرَجَ النَّبِيُّ ﷺ إِلَى أُحُدٍ رَجَعَ نَاسٌ مِنْ أَصْحَابِهِ فَقَالَتْ فِرْقَةٌ نَقْتُلُهُمْ وَقَالَتْ فِرْقَةٌ لَا نَقْتُلُهُمْ فَنَزَلَتْ (فَمَا لَكُمْ فِي الْمُنَافِقِينَ فِئَتَيْنِ) وَقَالَ النَّبِيُّ ﷺ إِنَّهَا تَنْفِي الرِّجَالَ كَمَا تَنْفِي النَّارُ خَبَثَ الْحَدِيدِ

( صحيح البخاري ١٧٥١)

സൈദ്ബ്നു സാബിതു(റ) പറ യുന്നു: നബി(സ) ഉഹ്ദ് യുദ്ധത്തി ലേക്ക് പുറപ്പെട്ടപ്പോൾ അവിടുത്തെ ചില അനുചരന്മാർ മടങ്ങിപ്പോന്നു. അപ്പോൾ ഒരു വിഭാഗം പറഞ്ഞു. നമുക്ക് അവരോട് യുദ്ധംചെയ്യണം. മറെറാരു വിഭാഗം പറഞ്ഞു. നാം അവരോട് യുദ്ധം ചെയ്യരുത്. അപ്പോ ൾ ((എന്നാൽ കപടവിശ്വാസിക ളുടെ കാര്യത്തിൽ നിങ്ങളെന്താണ് രണ്ട് കക്ഷികളാ കുന്നത്?)) എന്ന സൂറത്ത് നിസാഇലെ 88–ാം സൂക്തം അവതരിപ്പിക്കപ്പെട്ടു. നബി(സ) പറ ഞ്ഞു: മദീന ദുഷ്ടന്മാരായ മനുഷ്യ രെ പുറത്താക്കും. അഗ്നി ഇരുമ്പിന്റെ കീടത്തെ പുറത്താക്കുന്നതുപോലെ.

(ബുഖാരി. 1751 )

(عَنْ أَنَسٍ ﷺ عَنْ النَّبِيِّ ﷺ قَالَ اللَّهُمَّ اجْعَلْ بِالْمَدِينَةِ ضِعْفَيْ مَا جَعَلْتَ بِمَكَّةَ مِنْ الْبَرَكَةِ )( البخاري ١٧٥٢)

അനസ്(റ) പറയുന്നു: നബി(സ) പ്രാ ർത്ഥിച്ചു.
അല്ലാഹുവേ, നീ മക്കാ രാ ജ്യത്തിന് ചെയ്തതിന്റെ
ഇരട്ടി നന്മ
മദീനക്ക് ചെയ്യേണമേ.
(ബുഖാരി. 1752 )

يَقُولُ لا يَكِيدُ أَهْلَ الْمَدِينَةِ أَحَدٌ إِلا انْمَاعَ ﷺ قَالَ سَمِعْتُ النَّبِيَّ ﷺعن سَعْد

كَمَا يَنْمَاعُ الْمِلْحُ فِي الْمَاءِ (رواه البخاري :١٧٤٤ومسلم ٢٤٥٦ )

സഅദ്ﷺ നിവേദനം : റസൂൽﷺ പറഞ്ഞതായി ഞാൻ കേട്ടിരിക്കുന്നു. വല്ലവനും മദീനക്കാർക്കെതിരിൽ ത ന്ത്രം പ്രയോഗിക്കുന്നുവെങ്കിൽ അ വൻ വെള്ളത്തിൽ ഉപ്പ് അലിഞ്ഞു പോകുന്നതു പോലെ അലിഞ്ഞു പോകുന്നതാകുന്നു.

( ബുഖാരി : 1877 ,മുസ്ലിം 1387 )

عن عبادة بن الصامت ﷺ عن رسول اللهﷺ

إنه قال : اللهم من ظلم أهل المدينة و أخافهم فأخفه ، و عليه لعنة الله و الملائكة و الناس أجمعين ، لا يقبل منه صرف و لا عدل " .( رواه الطبراني و "السلسلة الصحيحة : ٣٥١ )

ഉബാദത്തുബ്നു സാമിത്ﷺ നി വേദനം: റസൂൽﷺ പറഞ്ഞു: അല്ലാ ഹുവേ, മദീനവാസികളെ ആരെങ്കി ലും അക്രമിക്കുകയോ ഭയപ്പെടുത്തു കയോ

ചെയ്യുകയാണെങ്കിൽ നീ അ വരെ ഭയപ്പെടുത്തേണമേ, അവന്റെ മേൽ അല്ലാഹുവിന്റേയും മലക്കു കളുടേയും മറ്റെല്ലാ ജനങ്ങളുടേയും ശാപമുണ്ടായിരിക്കും. അവന്റെ ഫർ ളോ സുന്നത്തോ സ്വീകരിക്കപ്പെടുക യുമില്ല. (ത്വബ്റാനി, സിൽസില ത്തുസ്സഹീഹഃ : 351 )

## മദീനാ പള്ളിയും 40 വക്ത് നമസ്കാരവും

മദീനയുടേയും മസ്ജിദുന്നബവി യുടേയും മഹത്വം നാം മനസ്സിലാക്കി പക്ഷെ ഇന്ന് ജനങ്ങൾക്കിടയിൽ പ്ര ചാരത്തിലുള്ള മസ്ജിദുന്നബവിയി ലെ നാൽപത് വക്ത് നമസ്കാരവും അതിന്റെ ശ്രേഷ്ഠതയും വിവരിക്കുന്ന സകല ഹദീസുകളും ദുർബ്ബലമാണ്. ഹദീസ് ശരിയാണെന്ന് ഏതെങ്കിലും ആധികാരിക ഹദീസ് പണ്ഡിതന്മാർ പറഞ്ഞതായി തെളിഞ്ഞാൽ ഗ്രന്ഥ കർത്താവിനെ അറിയിക്കാവുന്നതാ ണെന്ന് വിനയപൂർവ്വം അറിയിക്കു ന്നു.

അടിസ്ഥാന രഹിതമായ 40 വക് തിന്വേണ്ടി ഹജ്ജ് സീസണുകളിൽ ഹാജിമാർക്ക് പ്രയാസം സൃഷ്ടി ച്ചുകൊണ്ട് മദീനയിൽ തങ്ങുന്നു. കൂടാതെ പരിമിതമായ ദിവസങ്ങളിൽ മക്കയിലെ ഹറമിൽ നമസ്കരിക്കുന്ന തിന് ലഭിക്കുന്ന ഒരു ലക്ഷം പ്രതി ഫലം നാം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

ചുരുക്കത്തിൽ മദീനാപള്ളിയിൽ 40 വക്ത് നമസ്കരിക്കുന്നതിന്റെ ശ്രേഷ്ഠതയറിയിക്കുന്ന ഹദീസുകളെ ല്ലാം അസ്വീകാര്യമാകുന്നു. ഒരാൾ ഒന്നോ രണ്ടോ വക്ത് നമസ്കാരങ്ങ ളോ, അല്ലെങ്കിൽ ഒന്നോ രണ്ടോ ദിവസത്തിലെ നമസ്കാരങ്ങളോ, അ തിലധികമോ മദീനാപ്പള്ളിയിൽ നമ സ്കരിക്കണമെന്ന്

പ്രത്യേക നിർദ്ദേ ശമോ, പ്രേരണയോ ഉണ്ടായിട്ടില്ല. മറിച്ച് നമുക്ക് അത് സൗകര്യംപോ ലെ എത്രയും നമസ്കരിക്കാവുന്ന താണ്. എന്നാൽ മറ്റു പള്ളികളേ ക്കാൾ മദീനാ പള്ളിയിൽ നമസ്കരി ക്കുന്നതിന് ആയിരം നമസ്കാര ത്തേക്കാൾ പ്രതിഫലമുണ്ടെങ്കിലും മക്കത്തെപ്പള്ളിയായ മസ്ജിദുൽ ഹറാമിൽ നമസ്കരിക്കുന്നതാകട്ടെ മറ്റു പള്ളികളേ ക്കാൾ ഒരു ലക്ഷം നമസ്കാരത്തിന്റെ പ്രതിഫലമാണു ള്ളത് എന്ന കാര്യം നാം മറന്നുപോ കരുത്.

അപ്രകാരം സൗകര്യപ്പെടുമെങ്കി ൽ ബഖീഇ ലുള്ള ഖബറുകളും ശുഹദാക്കളുടെ ഖബറുകളും സന്ദ ർശിച്ച് സലാം പറയുകയും അവർ ക്ക് പാപ മോചനത്തിനും കരുണയ് ക്കുംവേണ്ടി പ്രാർത്ഥിക്കലും അഭികാ മ്യമാകുന്നു.

അതേപ്രകാരം നബിﷺ ചെയ് തിരുന്നത് പോലെ തന്റെ വീട്ടിൽ നിന്ന് വുളൂ എടുത്ത് ഖുബായിലെ പള്ളി സന്ദർശിച്ച് അവിടെ രണ്ട് റക അത്ത് നമസ്കരിക്കലും സുന്നത്താ കുന്നു. ഇബ്നു ഉമർ‌ؓ നിവേദനം

كَانَ رَسُولُ اللَّهِ ﷺ يَأْتِي مَسْجِدَ قُبَاءٍ رَاكِبًا وَمَاشِيًا فَيُصَلِّي فِيهِ رَكْعَتَيْنِ (مسلم

: ٢٤٧٩ )

നബിﷺ കാൽനടയായും വാഹ നത്തിൽ കയറിക്കൊണ്ടും ഖുബാ പള്ളിയിൽവന്ന് രണ്ട് റകഅത്ത് നമ സ്കരിക്കുമായിരുന്നു.

( മുസ്‌ലിം : 2479 )

സഹ്‌ലുബ്നു ഹുനൈഫ്ؓ നി വേദനം :

(قَالَ رَسُولُ اللهِ ﷺ مَنْ تَطَهَّرَ فِي بَيْتِهِ ثُمَّ أَتَى مَسْجِدَ قُبَاءَ فَصَلَّى فِيهِ صَلَاةً كَانَ لَهُ كَأَجْرِ عُمْرَةٍ) (ابن ماجه ١٤٠٢ وصحيح الترغيب والترهيب ١١٨١)

നബിﷺ പറയുകയുണ്ടായി: ഒ രാൾ തന്റെ വീട്ടിൽനിന്ന് ശുദ്ധിയാ വുക (വുളൂ എടുക്കുക) യും ശേഷം ഖുബായിലെ പള്ളിയിൽവന്ന് രണ്ട് റകഅത്ത് നമസ്കരിക്കുകയും ചെയ് താൽ അവന് ഒരു ഉംറ നിർവ്വഹിച്ച പ്രതിഫലം ലഭിക്കുന്നതാണ്.
( ഇബ്നുമാജഃ : 1402 )

## റൗളാശരീഫും
## നബി ﷺയുടെ ഖബറും

നബിﷺ യുടെ ഖബറിന്നാണ് റൗ ളാ എന്ന് പറയുന്നതെന്ന് ജനങ്ങളി ലധികപേരും ധരിച്ചിരിക്കുന്നത് ഇത് തികച്ചും തെറ്റായ ഒരു ധാരണ യാ ണ്. നബിﷺ പറയുകയുണ്ടായി :

(مَا بَيْنَ بَيْتِي وَمِنْبَرِي رَوْضَةٌ مِنْ رِيَاضِ الْجَنَّةِ )(البخاري ١١٢٠ ومسلم ٢٤٦٣)

എന്റെ വീടിന്റേയും എന്റെ മിമ്പ റിന്റയും (പ്രസംഗപീഠം) ഇടക്കുള്ള സ്ഥലം സ്വർഗ്ഗത്തോപ്പുകളിലൊരു തോപ്പാകുന്നു. (ബുഖാരി : 1120, മു സ്ലിം : 2463 )

ഖബർ സന്ദർശിക്കുന്നതുകൊണ്ട് പരലോക സ്മരണയായിരിക്കണം ല ക്ഷ്യം. നബിﷺ ഖബറുകൾ സിയാറ ത്ത് ചെയ്യുകയും, സിയാറത്ത് ചെ യ്യാൻ പ്രേരിപ്പിക്കുകയും ചെയ്തി ട്ടുണ്ട്. എന്നാൽ അതൊന്നും

ഇന്ന് ചിലർ ജൽപിക്കുന്നത്പോലെ ബർക്കത്തെടുക്കാനോ, മരിച്ചുപോയവ രിൽനിന്ന് ആഗ്രഹ സഫലീകരണ ത്തിനോ, പ്രയാസങ്ങൾ നീക്കിത്ത രാനോ ആയിരുന്നില്ല. മറിച്ച് അവ നൽകേണ്ടത് അല്ലാഹുവാകുന്നു. അ വനല്ലാതെ മറ്റാർക്കും ബർക്കത്ത് നൽകുവാനോ, പ്രയാസങ്ങൾ നീക്കി ത്തരുവാനോ, ആഗ്രഹങ്ങൾ സഫ ലീകരിച്ച് തരുവാനോ സാധ്യമല്ല, അ ല്ലാഹു പറയുന്നു:

قُلِ ادْعُواْ الَّذِينَ زَعَمْتُم مِّن دُونِهِ فَلاَ يَمْلِكُونَ كَشْفَ الضُّرِّ عَنكُمْ وَلاَ تَحْوِيلاً ( ٥٦) أُولَـئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَى رَبِّهِمُ الْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُ وَيَخَافُونَ عَذَابَهُ إِنَّ عَذَابَ رَبِّكَ كَانَ مَحْذُورًا (الإسراء :٥٧)

പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ (ദൈവങ്ങളെന്ന്) വാദിച്ച് പോന്നവരെ നിങ്ങൾ വിളിച്ച് നോ ക്കൂ. നിങ്ങളിൽനിന്ന് ഉപദ്രവം നീ ക്കുവാനോ (നിങ്ങളുടെ സ്ഥിതിക്ക് ) മാറ്റം വരുത്തുവാനോഉള്ള കഴിവ് അവരുടെ അധീനത്തിലില്ല. അവർ വിളിച്ച് പ്രാർത്ഥിച്ചു കൊണ്ടിരിക്കു ന്നത് ആരെയാണോ അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീ പനമാർഗം തേടിക്കൊണ്ടിരിക്കു ക യാണ്. അതെ, അവരുടെകൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്ത വർ തന്നെ ( അപ്രകാരം തേടുന്നു. ) അവർ അവന്റെ കാരുണ്യം ആഗ്രഹി ക്കുകയും അവന്റെ ശിക്ഷ ഭയപ്പെടു കയും ചെയ്യുന്നു, നിന്റെ രക്ഷിതാ വിന്റെ ശിക്ഷ തീർച്ചയായും ഭയ പ്പെടേണ്ടതാകുന്നു.

( ഇസ്റാഅ് : 56,57 )

ഒരാൾ നബിﷺ യുടെ ഖബർ സന്ദർശിക്കാനായി യാത്ര പോകുക യാണെങ്കിൽ അതനുവദനീയമല്ല. കാരണം നബിﷺ പറയുകയുണ്ടായി:

(لا تُشَدُّ الرِّحَالُ إِلا إِلَى ثَلاثَةِ مَسَاجِدَ الْمُسْجِدِ الْحَرَامِ وَمَسْجِدِ الرَّسُولِ ﷺ وَمَسْجِدِ الْأَقْصَى) (صحيح البخاري - ١١١٥)

മസ്ജിദുൽഹറാം, മസ്ജിദുന്നബവി, മസ്ജിദുൽ അഖ്സാ എന്നീ മൂന്ന് പ
ള്ളികളിലേക്കല്ലാതെ തീർത്ഥാടനം നടത്തരുത്.
( ബുഖാരി : 1115 , മുസ്‌ലിം : 2383 )

അപ്പോൾ നബിﷺ യുടെ ഖബ റാണെങ്കിൽ പോലും അത് സന്ദർശി ക്കാൻവേണ്ടി മാത്രം ഒരാൾ തീർത്ഥ യാത്ര നടത്താൻ പാടില്ല എന്ന് മന സ്സിലായി. എന്നാൽ മദീനയിൽ ചെ ന്ന ഒരാൾക്ക് സന്ദർശനം അനുവദ നീയം. നബിﷺ യുടേയും അവിടു ത്തെ രണ്ട് സഹാബികളായ അബൂ ബക്കർ رضي الله عنه വിന്റേയും, ഉമർ رضي الله عنه വിന്റേയും ഖബറുകൾ സന്ദർശിക്കു കയും അവർക്ക്

(السَّلامُ عَلَيْكَ يَا رَسُولَ اللهِ وَرَحْمَةُ اللهِ وَبَرَكَاتُهُ السَّلامُ عَلَيْكَ يَا أَبَا بَكْرٍ السَّلامُ عَلَيْكَ يَا عُمَرَ)

((അസ്സലാമു അലൈക യാ റസൂ ലല്ലാഹി വറഹ്മത്തുല്ലാഹി വബറകാ ത്തുഹു അസ്സലാമു അലൈക യാ അബാബക്കർ, അസ്സലാമു അലൈക യാ ഉമർ. )) എന്നിങ്ങനെ സലാം പറയുകയും ചെ യ്യുക. ഇബ്നു ഉമർ رضي الله عنه ഇപ്രകാരം സ ലാം പറഞ്ഞിരുന്നതായി സ്ഥിരപ്പെട്ടി രിക്കുന്നു. (ശൈഖ് അൽബാനിയുടെ ഹജ്ജത്തുന്നബിയ്യ് എന്ന ഗ്രന്ഥത്തിൽ നിന്ന്. 1/139 )

റസൂൽﷺ യുടെ പള്ളിയിൽ നാം ഫറദ് നമസ്കാരങ്ങളും, സുന്നത്ത് നമ സ്കാരങ്ങളും, ദിക്റുകളും, പ്രാർത്ഥ നകളും, നബിയുടെമേൽ ധാരാളം സ്വലാത്തും വർദ്ധിപ്പിക്കേണ്ടതാകു ന്നു. പ്രത്യേകിച്ച് റൗളയിൽ നാം കഴി യുന്നത്ര സുന്നത്തുകൾ അധികരിപ്പി ക്കുക.

നബിﷺ യുടെ ഖബർ സ്ഥിതി ചെയ്യുന്നതിന്റെ ചുറ്റുമുള്ള ചുമര് തൊട്ടു തടവുകയോ, ചുംബിക്കു കയോ അതിനു ചുറ്റും പ്രദക്ഷിണം ചെയ്യുകയോ അരുത്. അത് വലിയ തെറ്റാകുന്നു. തന്റെ എന്തെങ്കിലും ആഗ്രഹ സഫലീകരണത്തിനോ, പ്ര യാസങ്ങൾ നീക്കിത്തരാനോ, രോഗി യെ സുഖപ്പെടുത്താനോ, ബർക്കെ ത്തെടുക്കാനോ മറ്റോ നബിﷺ യോട് പ്രാർത്ഥിക്കാൻ പാടുള്ളതല്ല. അവ യെല്ലാം തന്നെ നബിﷺ യേയും നമ്മേയും ലോകത്തെ യെല്ലാംതന്നെ പടച്ച അല്ലാഹുവിനോ ട് മാത്രമേ പാടുള്ളൂ.

ഇതേ നിയമം തന്നെയാണ് ശൈ ഖ് മുഹിയിദ്ധീൻ അബ്ദുൽഖാദിർ ജീലാനിയുടേയും, അജ്മീർ ഖാജയു ടേയും, മമ്പുറം തങ്ങളുടേയും ഖബ റുകളേയും ലോകത്തുള്ള മറ്റെല്ലാ ഖബറുകളുടേയും നിയമം. അവ തൊട്ടുമുത്താനോ, അതിനു ചുറ്റും പ്രദക്ഷിണം ചെയ്യാനോ, അവിടങ്ങ ളിൽ ചന്ദനത്തിരി കത്തിക്കുവാനോ, ജാറംമൂടുവാനോ, ഇന്നു നാട്ടിൽ നടപ്പുള്ള യാതൊരു അനാചാരവും പാടില്ലാത്തതാകുന്നു. ഖബർ സന്ദർ ശിക്കുന്നതിന്റേയും അല്ലാഹുവിനു ള്ള ആരാധനയുടേയുമിടയിൽ നാം വേർതിരിക്കേണ്ടതുണ്ട്. ആരാധന അല്ലാഹുവിന് മാത്രമേ നിർവ്വഹിക്കാ വൂ. മരിച്ചുപോയവരുടെ ഖബർ സന്ദർശിക്കുന്നത് പരലോക സ്മര ണക്കാണ്. ഐഹിക സുഖം വർജ്ജി ക്കാനും

മരണപ്പെട്ടവർക്ക് കരുണ ക്ക്വേണ്ടി പ്രാർത്ഥിക്കാനുമാണ്. അ തല്ലാതെ അല്ലാഹുവിനു പുറമെ മറ്റാരേയെങ്കിലും ആരാധിക്കാനോ, പ്രാർത്ഥിക്കാനോ, സഹായം തേടാ നോ അതുപോലെയുള്ളതിനോ അ ല്ല. ഇവയെല്ലാം നിഷിദ്ധമായ ശിർ ക്കിൽ പെട്ടതാകുന്നു. അല്ലാഹു പറ യുന്നു:

لَهُ دَعْوَةُ الْحَقِّ وَالَّذِينَ يَدْعُونَ مِن دُونِهِ لاَ يَسْتَجِيبُونَ لَهُم بِشَيْءٍ إِلاَّ كَبَاسِطِ كَفَّيْهِ إِلَى الْمَاء لِيَبْلُغَ فَاهُ وَمَا هُوَ بِبَالِغِهِ وَمَا دُعَاء الْكَافِرِينَ إِلاَّ فِي ضَلاَلٍ ( الرعد : ١٤ )

അവനോടുള്ളതു മാത്രമാണ് ന്യായമായ പ്രാർത്ഥന. അവന്നു പു റമെ ആരോടെല്ലാം അവർ പ്രാർ ത്ഥിച്ച് കൊണ്ടിരിക്കുന്നുവോ അവ രാരും അവർക്ക് യാതൊരു ഉത്ത രവും നൽകുന്നതല്ല. വെള്ളം തന്റെ വായിൽ (തനിയെ) വന്നെത്താൻ വേ ണ്ടി തന്റെ ഇരുകൈകളും അതിന്റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോ ലെ മാത്രമാകുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയി ല്ലല്ലോ. സത്യനിഷേധികളുടെ പ്രാത്ഥന ന ഷ്ടത്തിൽ തന്നെയാകുന്നു.(റഅദ്:14)

(وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا)

( الجن : ١٨ )

പള്ളികൾ അല്ലാഹുവിന്നുള്ളതാ കുന്നു. അതിനാൽ നിങ്ങൾ അല്ലാ ഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത് . ( ജിന്ന് : 18 )

(قُلْ إِنَّمَا أَدْعُو رَبِّي وَلَا أُشْرِكُ بِهِ أَحَدًا)

( الجن : ٢٠ )

പറയുക: ഞാൻ എന്റെ രക്ഷിതാ വിനെ മാത്രമേ വിളിച്ചു പ്രാർത്ഥി ക്കുകയുള്ളൂ. അവനോട് യാതൊരാ ളെയും ഞാൻ പങ്കുചേർക്കുകയില്ല.

( ജിന്ന് : 20 )

ഇബ്നു അബ്ബാസ്ﷺ വിന്  നബി ﷺ നൽകിയ ഒരു ഉപദേശം  നോ ക്കൂ.

عَنْ ابْنِ عَبَّاسٍ قَالَ كُنْتُ خَلْفَ رَسُولِ اللَّهِ ﷺ يَوْمًا فَقَالَ يَا غُلَامُ إِنِّي أُعَلِّمُكَ كَلِمَاتٍ احْفَظْ اللَّهَ يَحْفَظْكَ احْفَظْ اللَّهَ تَجِدْهُ تُجَاهَكَ إِذَا سَأَلْتَ فَاسْأَلْ اللَّهَ وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللَّهِ وَاعْلَمْ أَنَّ الْأُمَّةَ لَوْ اجْتَمَعَتْ عَلَى أَنْ يَنْفَعُوكَ بِشَيْءٍ لَمْ يَنْفَعُوكَ إِلَّا بِشَيْءٍ قَدْ كَتَبَهُ اللَّهُ لَكَ وَلَوْ اجْتَمَعُوا عَلَى أَنْ يَضُرُّوكَ بِشَيْءٍ لَمْ يَضُرُّوكَ إِلا بِشَيْءٍ قَدْ كَتَبَهُ اللَّهُ عَلَيْكَ رُفِعَتْ الْأَقْلَامُ وَجَفَّتْ الصُّحُفُ )

سنن الترمذي : ٢٤٤٠)

ഇബ്നു അബ്ബാസ്ﷺ നിവേദനം അ ദ്ദേഹം പറഞ്ഞു: ഒരുദിവസം ഞാൻ നബിﷺ യുടെ പുറകിലായിരുന്നു. അപ്പോൾ അവിടുന്ന് എന്നോട് പറ ഞ്ഞു: ഏ കുട്ടീ, ചില വചനങ്ങൾ ഞാൻ നിനക്കു പഠിപ്പിച്ചു തരാം, നീ അല്ലാഹുവിനെ സൂക്ഷിക്കുക. എങ്കി ൽ അല്ലാഹു നിന്നേയും സൂക്ഷി ക്കും. നീ അല്ലാഹുവിനെ സൂക്ഷി ക്കുക. എങ്കിൽ നിന്റെ മുമ്പിൽ അ വനെ നീ എത്തിക്കും. നീ ചോദി ക്കുകയാണെങ്കിൽ അല്ലാഹുവിനോ ട് ചോദിക്കുക. നീ സഹായം ചോദി ക്കുകയാണെങ്കിൽ

അല്ലാഹുവിനോ ട് സഹായം ചോദിക്കുക. അറിയു ക. സമൂഹം മുഴുവനും ഒരു മിച്ച് നി നക്ക് ഒരു ഉപകാരം ചെയ്യണമെന്ന് വെച്ചാൽ അല്ലാഹു നിനക്ക് നിശ്ച യിച്ചതല്ലാതെ ഒരു ഉപകാരവും നിന ക്കവർ ചെയ്യില്ല. നിനക്ക് വല്ല ദ്രോഹവും ചെയ്യാൻ അവർ ഒരുമി ച്ചു ചേർന്നാൽ നിനക്ക് അല്ലാഹു നിശ്ചയിച്ചതല്ലാത്ത ഒരു ദ്രോഹവും നിനക്കവർ ചെയ്യില്ല. പേനകൾ ഉയർത്തപ്പെട്ടു. ഏടുകൾ ഉണങ്ങി.

(തിർമിദി : 2440)

അപ്രകാരം റസൂൽﷺ യോട് ശുപാർശ തേടാനും പാടുള്ളതല്ല. എ ന്തു കൊണ്ടെന്നാൽ ശുപാർശയുടെ ഉടമസ്ഥൻ അല്ലാഹുവാണ്. അവനോ ടല്ലാതെ അതാവശ്യപ്പെടാൻ പാടില്ലാ ത്തതാകുന്നു. അല്ലാഹു പറയുന്നു :

(قُل لِّلَّهِ الشَّفَاعَةُ جَمِيعًا) (الزمر : ٤٤)

പറയുക : അല്ലാഹുവിനാകുന്നു ശുപാർശ മുഴുവൻ. ( സുമർ : 44)

അമ്പിയാക്കളായാലും ഔലിയാ ക്കളായാലും ശരി അവരോടൊന്നും തന്നെ ശുപാർശതേടാനോ പ്രാർത്ഥി ക്കാനോ പാടുള്ളതല്ല. അപ്രകാരം നബിﷺ യുടെ ഖബറിനടുത്ത് വെച്ച് ഉച്ചത്തിൽ സംസാരിക്കുന്നതും ഖബ റിനുനേരെ തിരിഞ്ഞ് കൈകളുയർ ത്തി പ്രാർത്ഥിക്കുന്നതും തെറ്റാകു ന്നു.

ഇവയെല്ലാം തന്നെ അല്ലാഹുവി ന്റെ റസൂലിന്റെയും സഹാബികളുടേ യും അവരുടെ ഉത്തരമരായ പിൻഗാ മികളുടേയും മാതൃകക്കെതിരാണ്. നബിﷺ യുടെ തിരുവചനം ഇവിടെ ശ്രദ്ധേയമാണ്.

(فَإِنَّهُ مَنْ يَعِشْ مِنْكُمْ بَعْدِي فَسَيَرَى اخْتِلافًا كَثِيرًا فَعَلَيْكُمْ بِسُنَّتِي وَسُنَّةِ الْخُلَفَاءِ الْمَهْدِيِّينَ الرَّاشِدِينَ تَمَسَّكُوا بِهَا وَعَضُّوا عَلَيْهَا بِالنَّوَاجِذِ وَإِيَّاكُمْ وَمُحْدَثَاتِ الأُمُورِ فَإِنَّ كُلَّ مُحْدَثَةٍ بِدْعَةٌ وَكُلَّ بِدْعَةٍ ضَلالَةٌ) رواه أبوداود ٤٦٠٧ وصححه الألباني

എനിക്ക് ശേഷം നിങ്ങളിൽ ജീ വിച്ചിരിക്കുന്ന വർക്കിടയിൽ ധാരാളം അഭിപ്രായ ഭിന്നതകൾ കണ്ടേക്കാം അപ്പോൾ എന്റെ സുന്നത്തും, സന്മാ ർഗികളായ ഖുലഫാഉ റാശിദുകളുടെ ചര്യയും നിങ്ങൾ മുറുകെപ്പിടിക്കുക. അതിനെ അണപ്പല്ല് കൊണ്ട് കടിച്ച് പിടിക്കുക, മതത്തിലെ നൂതനാചാര ങ്ങൾ സൂക്ഷിക്കുക. എല്ലാ പുത്തനാ ചാരങ്ങളും അനാചാരമാകുന്നു. എ ല്ലാ അനാചാരവും വഴികേടാകുന്നു. (അബൂദാവൂദ് 4607)

മറ്റൊരിക്കൽ നബിﷺ പറയു കയുണ്ടായി :

(مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ فِيهِ فَهُوَ رَدٌّ)

(رواه البخاري ٢٤٩٩ ومسلم ٣٢٤٢)

നമ്മുടെ ഈ (മത) കാര്യത്തിൽ അതിലില്ലാത്ത എന്തെങ്കിലും ആരെങ്കി ലും പുതുതായി നിർമ്മിച്ചാൽ അത് തള്ളപ്പെടണം.

( ബുഖാരി : 2499, മുസ്‌ലിം : 3242 )

(لا تَجْعَلُوا بُيُوتَكُمْ قُبُورًا وَلا تَجْعَلُوا قَبْرِي عِيدًا وَصَلُّوا عَلَيَّ فَإِنَّ صَلاَتَكُمْ تَبْلُغُنِي حَيْثُ كُنْتُمْ ) (أبي داود : ١٧٤٦ صححه الألباني: )

എന്റെ ഖബറിനെ നിങ്ങൾ ഉത്സവ (കേന്ദ്ര) മാക്കരുത്. നിങ്ങളുടെ വീടുക ൾ ഖബറുകളാക്കയുമരുത്. നിങ്ങളെന്റെ മേൽ സ്വലാത്ത് ചൊല്ലണം. നിങ്ങളെവിടെയായിരുന്നാലും നിങ്ങളുടെ സലാം എനിക്കെത്തിച്ചേരും.

(അബൂദാവൂദ് 1746)

## ഖബർ കെട്ടിപ്പെക്കൽ

(عَنْ جَابِرٍ قَالَ نَهَى رَسُولُ اللهِ ﷺ أَنْ يُجَصَّصَ الْقَبْرُ وَأَنْ يقْعدَ عَلَيْهِ وَأَنْ يُبْنَى عَلَيْهِ) مسلم ٢ / ٦٦٧

ജാബിർ رضي الله عنه വിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: ഖബർ കുമ്മായം ഇടുന്നതും, അതിന്മേൽ ഇരിക്കുന്ന തും, അതിന്മേൽ കെട്ടിടം ഉണ്ടാക്കു ന്നതും അല്ലാഹുവിന്റെ പ്രവാചകൻ ﷺ വിരോധിച്ചിരിക്കുന്നു.

(മുസ്ലിം 2/667 മുസന്നഫു ബ്നു അബീശൈബ 3/25 മുസ്നദ് അബ്ദുബ്നു ഹുമൈദ് 1/325)

(عن ثُمَامَةَ بْنَ شُفَيٍّ حَدَّثَهُ قَالَ كُنَّا مَعَ فَضَالَةَ بْنِ عُبَيْدٍ بِأَرْضِ الرُّومِ بِرُودِسَ فَتُوُفِّيَ صَاحِبٌ لَنَا

فَأَمَرَ فَضَالَةُ بْنُ عُبَيْدٍ بِقَبْرِهِ فَسُوِّيَ ثُمَّ قَالَ سَمِعْتُ رَسُولَ اللَّهِ ﷺ يَأْمُرُ بِتَسْوِيَتِهَا) [ صحيح مسلم ٢ / ٦٦٦ ] [ سنن أبي داود ٢ / ٢٣٣ ][ سنن النسائي ٤ / ٨٨ ] [ المعجم الكبير ١٨ / ٣١٤ ] [ سنن البيهقي الكبرى ٤ / ٢ ]

സുമാമതുബ്നു ശുഫയ്യ്(റ)നിവേദനം: അദ്ദേഹം പറയുന്നു: ഞങ്ങൾ ഫളാല ത്തുബ്നു ഉബൈദ്ﷺ വിന്റെ കൂടെ റോമാ സാമ്രാജ്യത്തിൽപ്പെട്ട റൊഡേ ഷ്യ എന്ന സ്ഥലത്തായിരുന്നപ്പോൾ ഞങ്ങളുടെ ഒരു കൂട്ടുകാരൻ മരിക്കുക യുണ്ടായി അങ്ങിനെ ഫളാലത്തിന്റെ കൽപന പ്രകാരം അദ്ദേഹത്തിന്റെ ഖബർ നിരപ്പാക്കുകയുണ്ടായി അനന്ത രം അദ്ദേഹം (ഫളാലത്ത്) പറഞ്ഞു: ഖബർ നിരപ്പാക്കുവാൻ തിരുമേനി കൽപിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. (മുസ്ലിം 2/666 അബൂദാവൂദ് 2/233 നസാഈ 4/88 അൽ മുഅ്ജമുൽ കബീർ 18/314 )

ഇമാം ശാഫീ (റ) എന്തുപറയുന്നു ?

وإنما أحب أن يشخص على وجه الأرض شبرا أو نحوه وأحب أن لا يبنى ولا يجصص فإن ذلك يشبه الزينة والخيلاء وليس الموت موضع واحد منهما ولم أر قبور المهاجرين والأنصار مجصصة ( قال الراوي ) عن طاوس : [ أن رسول الله ﷺ نهى أن تبنى القبور أو تجصص ] قال الشافعي : وقد رأيت

من الولاة من يهدم بمكة ما يبنى فيها فلم أر الفقهاء يعيبون ذلك .( الأم ١ / ٤٦٣ )

ഖബർ ഭൂമിയുടെ ഉപരിഭാഗത്തുനി ന്ന് ഒരു ചാൺ അല്ലെങ്കിൽ അതു പോലെ ഉയർത്തപ്പെടുന്നതാണ് ഞാ ൻ ഇഷ്ടപ്പെടുന്നത്. അതിന്മേൽ ഒ ന്നും നിർമ്മിക്കപ്പെടാതിരിക്കുവാനും, കുമ്മായം ഇടാതിരിക്കുവാനും ഞാ ൻ ഇഷ്ടപ്പെടുന്നു. നിശ്ചയം അത് അലങ്കാരത്തോടും പൊങ്ങച്ച ത്തോ ടും സാദൃശ്യമാവും. എന്നാൽ മര ണം ഇവയൊന്നും പ്രകടിപ്പിക്കു വാ നുള്ള സ്ഥാനമല്ല. മുഹാജിറുകളുടേ യും അൻസാറുകളുടേയും ഖബറു കൾ കുമ്മായമിട്ടതായി ഞാൻ ക ണ്ടിട്ടില്ല.[7] (റാവി പറഞ്ഞു) താവൂസ് (റ) നിവേദനം തീർച്ചയായും നബിﷺ ഖബറുകളിന്മേൽ നിർമ്മിക്കപ്പെടുന്ന തും അവ കുമ്മായമിടുന്നതും വിരോ ധിച്ചിരിക്കുന്നു. ശാഫീ(റ) പറയു ന്നു: നിശ്ചയം മക്കയിലെ ഭരണാധി കാരികൾ ഖബറുകളിന്മേൽ നിർമ്മി ക്കപ്പെട്ടതിനെ പൊളിക്കുവാൻ കൽ പ്പിക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്. അപ്പോൾ ഫുഖഹാക്കൾ (കർമ്മശാ സ്ത്ര പൺഡിതന്മാർ) അതിനെ ആ ക്ഷേപിക്കുന്നതായി ഞാൻ കണ്ടിട്ടി ല്ല. (അൽ ഉമ്മ് : 1/463 )

## നബിﷺ യുടെ ഖബറും നിർമ്മിത ഹദീസുകളും

നബിﷺയുടെ ഖബറുമായി ബ ന്ധപ്പെട്ട് ചില വ്യാജ ഹദീസുകൾ സ മൂഹത്തിൽ പ്രചാരത്തിലുണ്ട്.

7 നോക്കൂ ഈ സമൂഹത്തിലെ ഉത്തമരെന്ന് വിശുദ്ധ ഖുർആനും നബിചര്യയും വ്യക്തമാക്കിയ സഹാബികളുടെ ഖബർ ഉയർത്തിയതായി കണ്ടിട്ടില്ല . എന്നാണ് ഇമാം ശാഫി (റ) പറയുന്നത് . ഇന്നും അങ്ങനെത്തന്നെ. ഇതെല്ലാം നേർക്കുനേരെ കണ്ടിട്ടുപോലും ഖബർ കെട്ടിപൊക്കുന്നതിനെ ന്യായീകരിക്കുന്നവർ അല്ലാഹുവിന്റെ ആളുകളല്ല എന്ന് പറയേണ്ടിയിരിക്കുന്നു.

من حج البيت و لم يزرني فقد جفاني

(السلسلة الضعيفة : ٤٥)

''വല്ലവനും ഹജ്ജ് നിർവ്വഹി ക്കുകയും എന്നെ സന്ദർശിക്കാതിരി ക്കുകയും ചെയ്താൽ അവൻ എ ന്നോട് പിണങ്ങിയിരിക്കുന്നു.''

من زارني بعد موتي ، فكأنما زارني في حياتي .

( رواه الدارقطني في " سننه والسلسلة الضعيفة :١٠٢١)

''എന്റെ മരണശേഷം എന്നെ സന്ദർശിക്കുന്ന വൻ എന്റെ ജീവിത കാലത്ത് എന്നെ സന്ദർശിച്ചവനെ പ്പോലെയാണ്. ''

من زارني أو زار قبري كنت له شافعا أو شهيدا

( رواه أبو داود الطيالسي . ٢٦٧ وإرواء الغليل : ٤/ ٣٣٣ )

''ആരെങ്കിലും എന്നെ സന്ദർ ശിക്കുകയാണെങ്കിൽ അല്ലെങ്കിൽ എ ന്റെ ഖബർ സന്ദർശിക്കുകയാണെ ങ്കിൽ അന്ത്യദിനത്തിൽ ഞാനവന് സാക്ഷിയും ശുപാർശകനുമാകുന്ന താണ്.

ഇത്തരത്തിലുള്ള നബിﷺ യുടെ ഖബറുമായി ബന്ധപ്പെട്ട ഹദീസുക ളെല്ലാം ദുർബ്ബലവും വ്യാജ നിർമ്മി തവുമാകുന്നു. ഇതുപോലുള്ള കൽ പിത ഹദീസുകളാണ് മനുഷ്യരെ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് സാത്താന്റെ മാർഗത്തിലേക്ക് എത്തി ക്കുന്നത്. അല്ലാഹു ഈ സമൂഹത്തെ കാത്തു രക്ഷിക്കട്ടെ. പ്രസിദ്ധ ഹദീ സ് പണ്ഡിതന്മാരായ ഇമാം

ഹാഫിളു ബ്നു ഹജർ അസ്ഖലാനി (റ) അ വിടുത്തെ അത്തൽഖീസുൽ കബീർ

(التلخيص الكبير للشيخ ابن حجر العسقلاني رحمه الله )

എന്ന ഗ്രന്ഥത്തിലും, ശൈഖ് നാസി റുദ്ധീൻ അൽബാനി (റ) അദ്ധേഹ ത്തിന്റെ സിൽസിലത്തുൽ അഹാദീ സുള്ളഈഫഃ, ഇർവാഉൽ ഗലീൽ

(الأحاديث الضعيفة وإرواء الغليل للشيخ

ناصر الدين الألباني رحمه الله )

എന്ന ഗ്രന്ഥത്തിലും ഈ ഹദീസു കളുടെയെല്ലാ പരമ്പരകളും ദുർബല മാണെന്ന് വ്യക്തമാക്കുന്നുണ്ട്.

എന്നാൽ ഇമാം അബൂഹുറൈറ ﷺ വിൽനിന്നും നബി ﷺ ഇപ്രകാരം പ റഞ്ഞതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

لا تَجْعَلُوا بُيُوتَكُمْ قُبُورًا وَلا تَجْعَلُوا قَبْرِي عِيدًا وَصَلُّوا عَلَيَّ فَإِنَّ صَلاتَكُمْ تَبْلُغُنِي حَيْثُ كُنْتُمْ (صحيح وضعيف سنن أبي داود ٢٠٤٢ )

നിങ്ങളുടെ വീടുകൾ ഖബറു ക ളാക്കരുത്, എന്റെ ഖബറിനെ ഉത്സ വസ്ഥലവുമാക്കരുത്. നിങ്ങൾ എന്റെ മേൽ സ്വലാത്ത് ചൊല്ലണം നിങ്ങളെ വിടെയായിരുന്നാലും നിങ്ങളുടെ സ ലാം എനിക്കെത്തിച്ചേരും

( അബൂദാവൂദ് : 2042 )

ചുരുക്കത്തിൽ പുണ്യം പ്രതീ ക്ഷിച്ചുകൊണ്ട് ശവകുടീരങ്ങളിലേ ക്കുള്ള തീർത്ഥാടനവും ഖബർ ത ലോടലും സ്പർശിക്കലുമെല്ലാം നി ഷിദ്ധമാകുന്നു.

പക്ഷെ വലിയൊരു സമൂഹം ഇന്നും ഖബറുകളിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ദുഃഖകരമാ യ അവസ്ഥയാണുള്ളത്. അതിനാൽ ഇസ്‌ലാമിന്റെ പ്രമാണങ്ങളിലേക്ക് മട ങ്ങുക. വിശുദ്ധ ഖുർആനും തിരു സുന്നത്തും പൌരാണിക മഹാന്മാരു ടെ മാതൃകയും പിൻപറ്റി ജീവിതം സംശുദ്ധമാക്കുക.

رحم الله مالكا حيث قال و لا يصلح آخر)
هذه الأمة إلا بما صلح به أولها)

( فقه الواقع للألباني : ١/ ٢٢ )

ഇമാം മാലിക് (റ)പറഞ്ഞത് പോ ലെ :

“ഈ സമുദായത്തിന്റെ ആദ്യം നന്നായത് കൊണ്ടല്ലാതെ ഇതിന്റെ അന്ത്യംവും നന്നാകുകയില്ല.”

നമ്മെയും മുഴുവൻ മുസ്‌ലിംക ളേയും അല്ലാഹു ശിർക്കിൽനിന്നും കാത്ത്രക്ഷിക്കട്ടെ.



**സമാപ്തം**

അല്ലാഹുവിന്റെ പ്രീതിമാത്രം കാം ക്ഷിച്ചുകൊണ്ട് ഹജ്ജും ഉംറയും നിർവ്വഹിച്ച മാന്യസുഹൃത്തേ, ഈ അനുഗ്രഹീത പുണ്യകർമ്മം നർവ്വഹി ക്കുകയും,

കഴിഞ്ഞുപോയ മുഴുവൻ പാപങ്ങളും ഏറ്റുപറഞ്ഞ് ആത്മാർ ത്ഥമായി പശ്ചാതാപിക്കുകയും, വരുംകാല ജീവിതത്തിൽ അല്ലാഹു വിന് വഴിപ്പെട്ടു ജീവിക്കാമെന്ന ഉറച്ച തീരുമാനമെടുക്കുകയും ചെയ്ത താങ്കളുടെ ജീവിതത്തിൽ നിർബന്ധ മായും ഒരു പുതിയ ജീവിതത്തിന് തുടക്കം കുറിക്കേണ്ടതുണ്ട്. തിന്മകൾ പ്രവർത്തിച്ചശേഷം അതിനെ മായ്ചു കളയുന്ന പുണ്യങ്ങൾ വാരിക്കൂട്ടു ന്നത് എത്ര മനോഹരമാണെങ്കിലും, ഹജ്ജിന്ശേഷം നന്മകൾക്കു പിറകെ നന്മകൾ തുടരുന്നത് അതിനേക്കാൾ മഹത്തരമാണ്.

നിങ്ങളുടെ ഹജ്ജ്കർമ്മം സംശ യലേശമന്യേ സ്വീകരിക്കപ്പെട്ടിരിക്കു ന്നുവെന്നതിന്റെ ലക്ഷണമാണത്. ഹ ജ്ജ് കർമ്മം നിർവ്വഹിച്ചുവെന്ന ഏക കാരണത്താൽ താങ്കളുടെ മുഴുവൻ പാപങ്ങളും മായ്ക്കപ്പെട്ടു വെന്ന്ക രുതി പഴയജീവിതത്തിലേക്കുത്തന്നെ തിരിച്ചു പോയി വഞ്ചിതരാകരുത്. മറിച്ച് താങ്കളുടെ ഹൃദയത്തിൽ അ ല്ലാഹുവിന്റെ ഏകത്വത്തെ ഊട്ടി യുറ പ്പിക്കുകയും, നിഷ്കളങ്കമായി അവ നെ മാത്രം ആരാധിക്കുകയും, സർവ്വ തെറ്റുകുറ്റങ്ങളിൽനിന്നും അവനോട് പാപമോചനത്തിനപേക്ഷിക്കുകയും ചെയ്യുക.

## അവസാനമായി

ഈ ഗ്രന്ഥം വായിക്കുന്ന ബഹു മാന്യനായ സഹോദരാ, ഇതിനുവേ ണ്ടി പ്രയത്നിച്ചവർക്ക് വേണ്ടി പ്രാർ ത്ഥിക്കാൻ മറന്നു പോകരുതെന്ന് അ ഭ്യർത്ഥിക്കുന്നു. വീഴ്ചകളോ അബ ദ്ധങ്ങളോ ശ്രദ്ധയിൽ

പ്പെടുന്നുവെ ങ്കിൽ സഹോദരബുദ്ധ്യാ ശ്രദ്ധയിൽ പ്പെടുത്തുന്നവർക്ക് പ്രാർത്ഥനയും ന ന്ദിയുമുണ്ടാകും.

നിങ്ങളുടെ വിലപ്പെട്ട ചിന്തകളും അഭിപ്രായങ്ങളും ഉപദേശങ്ങളും പ്ര തീക്ഷിക്കുന്നു.

നമ്മുടെ ഹൃദയങ്ങളും പ്രവർത്ത നങ്ങളും നന്നാക്കുന്നതിനും, നമ്മെ അവന്റെ സച്ചരിതരായ ദാസന്മാരിൽ ഉൾപ്പെടുത്തുന്നതിനും നമുക്ക് അല്ലാ ഹുവിനോട് തേടാം. അവൻ എല്ലാം കേൾക്കുന്നവനും പ്രാർത്ഥനക്കുത്ത രം നൽകുന്നവനുമാകുന്നു.

وصلى الله على نبينا محمد وآله وصحبه أجمعين



## തിരഞ്ഞെടുത്ത പ്രാർത്ഥനകൾ

{ رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ}[البقرة : ٢٠١]

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽനിന്ന് ഞങ്ങളെ കാ ത്തു രക്ഷിക്കുകയും ചെയ്യേണമേ

(അൽബഖറഃ :201 )

{رَبَّنَا ظَلَمْنَا أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ} [الأعراف : ٢٣]

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങ ൾ ഞങ്ങളോട് തന്നെ അക്രമം ചെയ് തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറു ത്തുതരികയും, കരുണകാണിക്കുക യും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ട ത്തിലായിരിക്കും.

( അഅ്റാഫ് : 23 )

{رَبَّنَا اغْفِرْ لِي وَلِوَالِدَيَّ وَلِلْمُؤْمِنِينَ يَوْمَ يَقُومُ الْحِسَابُ} [إبراهيم : ٤١]

ഞങ്ങളുടെ രക്ഷിതാവേ, വിചാര ണ നിലവിൽ വരുന്ന ദിവസം എനി ക്കും എന്റെ മാതാപിതാക്കൾ ക്കും സത്യവിശ്വാസികൾക്കും നീ പൊറു ത്തു തരേണമേ. ( ഇബ്റാഹീം : 41 )

{رَبِّ اغْفِرْ لِي وَلِوَالِدَيَّ وَلِمَن دَخَلَ بَيْتِيَ مُؤْمِنًا وَلِلْمُؤْمِنِينَ وَالْمُؤْمِنَاتِ وَلَا تَزِدِ الظَّالِمِينَ إِلَّا تَبَارًا} [نوح :٢٨]

എന്റെ രക്ഷിതാവേ, എന്റെ മാതാപിതാക്കൾ ക്കും എന്റെ വീട്ടിൽ വിശ്വാസിയായിക്കൊണ്ട് പ്രവേശിച്ച വന്നും സത്യവിശ്വാസിനികൾക്കും നീ പൊറുത്തു തരേണമേ. അക്രമ കാരികൾക്ക് നാശമല്ലാ തൊന്നും നീ വർദ്ധിപ്പിക്കരുതേ.

{رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنتَ السَّمِيعُ الْعَلِيمُ} [البقرة : ١٢٧]

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങ ളിൽ നിന്ന് നീയിത് സ്വീകരിക്കേണ മേ. തീർച്ചയായും നീ എല്ലാം കേൾ ക്കുന്നവനും അറിയുന്നവനുമാ കുന്നു.

{رَبِّ اجْعَلْنِي مُقِيمَ الصَّلَاةِ وَمِن ذُرِّيَّتِي رَبَّنَا وَتَقَبَّلْ دُعَاءِ}[إبراهيم : ٤٠]

എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം നിർവഹി ക്കുന്നവനാക്കേണമേ. എന്റെ സന്ത തികളിൽ പെട്ടവരെയും (അപ്രകാ രം ആക്കേണമേ) ഞങ്ങളുടെ രക്ഷി താവേ, എന്റെ പ്രാർത്ഥന നീ സ്വീകരിക്കുകയും ചെയ്യേണമേ.

رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلَّذِينَ كَفَرُوا وَاغْفِرْ لَنَا رَبَّنَا إِنَّكَ أَنتَ الْعَزِيزُ الْحَكِيمُ}[الممتحنة : ٥]

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങ ളെ സത്യനി ഷേധികളുടെ പരീക്ഷ ണത്തിന് ഇരയാക്കരുതേ. ഞങ്ങളു ടെ രക്ഷിതാവേ, ഞങ്ങൾക്ക് നീ പൊറുത്തു തരികയും ചെയ്യേണമേ. തീർച്ചയായും നീ തന്നെയാണ് പ്രതാ പിയും യുക്തിമാനും

{رَبِّ أَوْزِعْنِي أَنْ أَشْكُرَ نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ وَعَلَى وَالِدَيَّ وَأَنْ أَعْمَلَ صَالِحًا تَرْضَاهُ وَأَدْخِلْنِي بِرَحْمَتِكَ فِي عِبَادِكَ الصَّالِحِينَ} [النمل : ١٩]

എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെ യ്ത് തന്നിട്ടുള്ള നിന്റെ അനുഗ്രഹ ത്തിന് നന്ദികാണിക്കുവാനും നീ തൃ പ്തിപ്പെടുന്ന സൽകർമ്മം ചെയ്യുവാ നും എനിക്ക് നീ പ്രചോദനം നൽ കേണമേ. നിന്റെ കാരുണ്യത്താൽ നിന്റെ സദ്‌വൃത്തരായ ദാസൻമാരു ടെ കൂട്ടത്തിൽ എന്നെ നീ ഉൾപെടു ത്തുകയും ചെയ്യേണമേ.

{لا إِلَهَ إِلَّا أَنتَ سُبْحَانَكَ إِنِّي كُنتُ مِنَ الظَّالِمِينَ} [الأنبياء : ٨٧]

നീയല്ലാതെ യാതൊരു ദൈവവു മില്ല. നീ എത്ര പരിശുദ്ധൻ! തീർച്ച യായും ഞാൻ അക്രമികളുടെ കൂട്ട ത്തിൽ പെട്ടവനായിരിക്കുന്നു.

{رَبَّنَا لاَ تَجْعَلْنَا فِتْنَةً لِّلْقَوْمِ الظَّالِمِينَ ، {وَنَجِّنَا بِرَحْمَتِكَ مِنَ الْقَوْمِ الْكَافِرِينَ}

[يونس : ٨٥/٨٦]

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അക്രമികളായ ഈ ജനവിഭാഗ ത്തിന്റെ മർദ്ദനത്തിന് ഇരയാക്കരുതേ. നിന്റെ കാരുണ്യംകൊണ്ട് സത്യനി ഷേധികളായ ഈ ജനതയിൽനിന്ന് ഞങ്ങളെ നീ രക്ഷപ്പെടുത്തേണമേ.

{رَبَّنَا آتِنَا مِن لَّدُنكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَدًا} [الكهف : ١٠]

ഞങ്ങളുടെ രക്ഷിതാവേ, നിന്റെ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങ ൾക്ക് നീ നൽകുകയും ഞങ്ങളുടെ കാര്യം നേരാംവണ്ണം നിർവഹിക്കു വാൻ നീ സൗകര്യം നൽകുകയും ചെയ്യേണമേ.

{رَّبِّ زِدْنِي عِلْمًا} [طه : ١١٤]

എന്റെ രക്ഷിതാവേ, എനിക്കു നീ ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ.

{رَّبِّ أَعُوذُ بِكَ مِنْ هَمَزَاتِ الشَّيَاطِينِ}،{وَأَعُوذُ بِكَ رَبِّ أَن يَحْضُرُونِ}

[المؤمنون : ٩٧/٩٨]

എന്റെ രക്ഷിതാവേ, പിശാചുക്ക ളുടെ ദുർബോധനങ്ങളിൽ നിന്ന് ഞാ ൻ നിന്നോട് രക്ഷ തേടുന്നു.

അവർ ( പിശാചുക്കൾ ) എന്റെ അടുത്ത് സന്നിഹിതരാകുന്നതിൽ നി ന്നും എന്റെ രക്ഷിതാവേ, ഞാൻ നിന്നോട് രക്ഷതേടുന്നു.

{رَّبِّ اغْفِرْ وَارْحَمْ وَأَنتَ خَيْرُ الرَّاحِمِينَ} [المؤمنون : ١١٨]

എന്റെ രക്ഷിതാവേ, നീ പൊറു ത്തുതരികയും കരുണ കാണിക്കു കയും ചെയ്യേണമേ. നീ കാരുണിക രിൽ ഏറ്റവും ഉത്തമനാണല്ലോ.

رَبَّنَا لاَ تُؤَاخِذْنَا إِن نَّسِينَا أَوْ أَخْطَأْنَا رَبَّنَا وَلاَ تَحْمِلْ عَلَيْنَا إِصْراً كَمَا حَمَلْتَهُ عَلَى الَّذِينَ مِن قَبْلِنَا رَبَّنَا وَلاَ تُحَمِّلْنَا مَا لاَ طَاقَةَ لَنَا بِهِ وَاعْفُ عَنَّا وَاغْفِرْ لَنَا وَارْحَمْنَا أَنتَ مَوْلاَنَا فَانصُرْنَا عَلَى الْقَوْمِ الْكَافِرِينَ} [البقرة ٢٨٦]

ഞങ്ങളുടെ നാഥാ, ഞങ്ങൾ മറ ന്നുപോകുകയോ, ഞങ്ങൾക്ക് തെറ്റു പറ്റുകയോ ചെയ്തു വെങ്കിൽ ഞങ്ങ ളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളു ടെമേൽ നീ ചുമത്തിയതു പോലുള്ള ഭാരം ഞങ്ങളുടെമേൽ നീ ചുമത്തരു തേ. ഞങ്ങളുടെ നാഥാ,

ഞങ്ങള്‍ക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങള്‍ക്ക് നീ മാപ്പു നല്‍കുകയും ഞങ്ങളോട് പൊറു ക്കുകയും, കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനി ഷേധികളായ ജനതയ്ക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ.

{رَبَّنَا لاَ تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن لَّدُنكَ رَحْمَةً إِنَّكَ أَنتَ الْوَهَّابُ}[آل عمران : ٨]

ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സന്‍മാര്‍ഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്ക രുതേ. നിന്‍റെ അടുക്കല്‍ നിന്നുള്ള കാരുണ്യം ഞങ്ങള്‍ക്ക് നീ പ്രദാനം ചെയ്യേണമേ. തീര്‍ച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു.

{رَبَّنَا مَا خَلَقْتَ هَذا بَاطِلاً سُبْحَانَكَ فَقِنَا عَذَابَ النَّارِ {١٩١} رَبَّنَا إِنَّكَ مَن تُدْخِلِ النَّارَ فَقَدْ أَخْزَيْتَهُ وَمَا لِلظَّالِمِينَ مِنْ أَنصَارٍ{١٩٢} رَّبَّنَا إِنَّنَا سَمِعْنَا مُنَادِياً يُنَادِي لِلإِيمَانِ أَنْ آمِنُواْ بِرَبِّكُمْ فَآمَنَّا رَبَّنَا فَاغْفِرْ لَنَا ذُنُوبَنَا وَكَفِّرْ عَنَّا سَيِّئَاتِنَا وَتَوَفَّنَا مَعَ الأبْرَارِ{١٩٣} رَبَّنَا وَآتِنَا مَا وَعَدتَّنَا عَلَى رُسُلِكَ وَلاَ تُخْزِنَا يَوْمَ الْقِيَامَةِ إِنَّكَ لاَ تُخْلِفُ الْمِيعَادَ} [آل عمران ١٩٤]

ഞങ്ങളുടെ രക്ഷിതാവേ! നീ നിരര്‍ത്ഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധന്‍! അതിനാല്‍ നരകശിക്ഷയില്‍ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കണേ.

ഞങ്ങളുടെ രക്ഷിതാവേ, നീ വല്ല വനെയും നരകത്തിൽ പ്രവേശിപ്പി ച്ചാൽ അവനെ നിന്ദ്യനാക്കിക്കഴി ഞ്ഞു. അക്രമികൾക്ക് സഹായികളാ യി ആരുമില്ലതാനും.

ഞങ്ങളുടെ രക്ഷിതാവേ, സത്യ വിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രബോധകൻ നിങ്ങൾ നിങ്ങളു ടെ രക്ഷിതാവിൽ വിശ്വസിക്കുവിൻ എന്നു പറയുന്നത് ഞങ്ങൾ കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വസിച്ചിരിക്കു ന്നു. ഞങ്ങളുടെ രക്ഷിതാവേ, അതി നാൽ ഞങ്ങളുടെ പാപങ്ങൾ ഞങ്ങ ൾക്ക് നീ പൊറുത്തു തരികയും ഞ ങ്ങളുടെ തിൻമകൾ ഞങ്ങളിൽ നിന്ന് നീ മായ്ച്ചുകളയുകയും ചെയ്യേണ മേ. പുണ്യവാൻ മാരുടെ കൂട്ടത്തിലാ യി ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ.

ഞങ്ങളുടെ രക്ഷിതാവേ, നിന്റെ ദൂതൻമാർ മുഖേന ഞങ്ങളോട് നീ വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് ന ൽകുകയും ഉയിർത്തെഴുന്നേൽ പി ന്റെ നാളിൽ ഞങ്ങൾക്കു നീ നിന്ദ്യ ത വരുത്താതിരിക്കുകയും ചെയ്യേ ണമേ. നീ വാഗ്ദാനം ലംഘിക്കുക യില്ല; തീർച്ച.

رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا} [الفرقان

[٧٤ :

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങ ളുടെ ഭാര്യ മാരിൽനിന്നും സന്തതിക ളിൽ നിന്നും ഞങ്ങൾക്ക് നീ കൺകു ളിർമ നൽകുകയും ധർമ്മനിഷ്ഠ പാലിക്കുന്ന വർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ.

{رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ وَلَا تَجْعَلْ فِي قُلُوبِنَا غِلًّا

لِّلَّذِينَ آمَنُوا رَبَّنَا إِنَّكَ رَؤُوفٌ رَّحِيمٌ} [الحشر : ١٠]

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങ ൾക്കും വിശ്വാസത്തോടെ ഞങ്ങൾ ക്ക്മുമ്പ് കഴിഞ്ഞു പോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തു തരേണമേ, സത്യവിശ്വാ സം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാ വേ, തീർച്ചയായും നീ ഏറെ ദയയു ള്ളവനും കരുണാനിധിയുമാകുന്നു.

{رَبَّنَا لاَ تَجْعَلْنَا مَعَ الْقَوْمِ الظَّالِمِينَ} [الأعراف : ٤٧]

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അക്രമികളായ ജനങ്ങളുടെ കൂട്ട ത്തിലാക്കരുതേ.

(اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ فِتْنَةِ النَّارِ وَعَذَابِ النَّارِ وَفِتْنَةِ الْقَبْرِ وَعَذَابِ الْقَبْرِ وَشَرِّ فِتْنَةِ الْغِنَى وَشَرِّ فِتْنَةِ الْفَقْرِ اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ فِتْنَةِ الْمَسِيحِ الدَّجَّالِ اللَّهُمَّ اغْسِلْ قَلْبِي بِمَاءِ الثَّلْجِ وَالْبَرَدِ وَنَقِّ قَلْبِي مِنْ الْخَطَايَا كَمَا نَقَّيْتَ الثَّوْبَ الْأَبْيَضَ مِنْ الدَّنَسِ وَبَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ الْكَسَلِ وَالْمَأْثَمِ وَالْمَغْرَمِ ) (البخاري ٥٩٠٠)

അല്ലാഹുവേ, നരക കുഴപ്പത്തിൽ നിന്നും നരക ശിക്ഷയിൽനിന്നും, ഖ ബറിലെ കുഴപ്പത്തിൽനിന്നും ഖബ റിലെ ശിക്ഷയിൽനിന്നും, സമ്പന്നത യുടെ പരീക്ഷണത്തിലെ കുഴപ്പ ത്തിൽ നിന്നും ദാരിദ്ര്യത്തിന്റെ പരീ ക്ഷണ കുഴപ്പത്തിൽനിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. അല്ലാഹു വേ, ദജ്ജാലിന്റെ പരീക്ഷണത്തിന്റെ കുഴപ്പത്തിൽനിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. അല്ലാഹുവേ, എന്റെ ഹൃദയത്തെ നീ

മഞ്ഞ് കൊണ്ടും ആ ലിപ്പ്ഴം കൊണ്ടും കഴുകി നന്നാക്കേണമേ. അഴുക്കിൽനിന്നും വെള്ള വ സ്ത്രം ശുദ്ധിയാക്കുന്നത് പോലെ എന്റെ ഹൃദയത്തെ പാപത്തിൽനി ന്നും നീ ശുദ്ധിയാക്കേണമേ. പൂർവ്വ പശ്ചിമദിക്കുകൾ തമ്മിൽ അകറ്റിയത് പോലെ എന്നെയും എന്റെ പാപങ്ങ ളേയും നീ അകറ്റേണമേ. അല്ലാഹു വേ അലസതയിൽനിന്നും കുറ്റകൃ ത്യങ്ങളിൽ നിന്നും കടബാധ്യതകളി ൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു.8

(اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْهَمِّ وَ الْحُزْنِ وَ الْعَجْزِ وَ الْكَسْلِ وَ الْبُخْلِ وَ الْجُبُنِ وَ ضَلْعِ الدَّيْنِ وَ غَلَبَةِ الرِّجَال) (النسائي : ٥٣٨١)

"അല്ലാഹുവേ, വിഷാദം, ദുഃഖം, ദുർബലത, അലസത, പിശുക്ക്, ഭീരു ത്വം, കടത്തിന്റെ ഭാരം, ആളുകൾക്ക് വിധേയമാകൽ എന്നിവയിൽനിന്നെ ല്ലാം ഞാൻ നിന്നിൽ അഭയം തേ ടുന്നു."

(اَللَّهُمَّ أَنْتَ رَبِّي لاَ إِلَهَ إِلاَّ أَنْتَ خَلَقْتَنِي وَأَنَا

عَبْدُكَ وَأَنَا عَلَى عَهْدِكَ وَوَعْدِكَ مَا اسْتَطَعْتُ أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ أَبُوءُ

لَكَ بِنِعْمَتِكَ عَلَيَّ وَأَبُوءُ لَكَ بِذَنْبِي فَاغْفِرْ لِي فَإِنَّهُ لاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ)

(البخاري :٥٨٣١)

(അല്ലാഹുവേ, നീയാണ് എന്റെ നാഥൻ. നീ അല്ലാതെ ആരാധ്യനില്ല. നീ എന്നെ സൃഷ്ടിച്ചു നിന്റെ ദാസനാണ് ഞാൻ. എനിക്ക് സാധ്യമാ വുന്നിടത്തോളം നിന്നോടുള്ള കരാ റും ഉടമ്പടിയും പാലിക്കുന്നതാണ് നീ എനിക്ക് ചെയ്തു തന്ന അനു ഗ്രഹങ്ങളെ ഞാൻ

[8] ബുഖാരി : 5900

നിന്നോട് സമ്മതി ക്കുന്നു. ഞാൻ ചെയ്ത പാപങ്ങളും ഞാൻ നിന്നോട് സമ്മതിക്കുന്നു. അതിനാൽ എനിക്ക് നീ പൊറുത്തു തരണമേ. നിശ്ചയം നീ അല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല. )

(اللَّهُمَّ اجْعَلْ فِي قَلْبِي نُورًا وَفِي لِسَانِي نُورًا وَاجْعَلْ فِي سَمْعِي نُورًا وَاجْعَلْ فِي بَصَرِي نُورًا وَاجْعَلْ مِنْ خَلْفِي نُورًا وَمِنْ أَمَامِي نُورًا وَاجْعَلْ عَنْ يَمِينِي نُورًا وَعَنْ شِمَالِي نُورًاوَاجْعَلْ مِنْ فَوْقِي نُورًا وَمِنْ تَحْتِي نُورًا اللَّهُمَّ أَعْطِنِي نُورًا )

(مسلم ١٢٨٠ وأحمد ٣٥٤١)

''അല്ലാഹുവേ, എന്റെ ഹൃദയ ത്തിലും എന്റെ നാവിലും നീ പ്രകാ ശം നൽകേണമേ! എന്റെ കാതിലും നീ പ്രകാശം നൽകേണമേ! എന്റെ കണ്ണിലും നീ പ്രകാശം നൽകേണ മേ! എന്റെ മുന്നിലും പിന്നിലും നീ പ്രകാശം നൽകേണമേ! എന്റെ വല തിലും ഇടതിലും നീ പ്രകാശം നൽ കേണമേ. എന്റെ മുകളിലും താഴേ യും നീ പ്രകാശം നൽകേണമേ! അല്ലാഹുവേ, എനിക്ക് നീ പ്രകാശം നൽകേണമേ.''

(മുസ്‌ലിം 1280,അഹ്മദ് 3541 )

(اللَّهُمَّ أَصْلِحْ لِي دِينِي الَّذِي هُوَ عِصْمَةُ أَمْرِي وَأَصْلِحْ لِي دُنْيَايَ الَّتِي فِيهَا مَعَاشِي وَأَصْلِحْ لِي آخِرَتِي الَّتِي فِيهَا مَعَادِي وَاجْعَلْ الْحَيَاةَ زِيَادَةً لِي فِي كُلِّ خَيْرٍ وَاجْعَلْ الْمَوْتَ رَاحَةً لِي مِنْ كُلِّ شَرٍّ ) ( رواه مسلم :٤٨٩٧)

അല്ലാഹുവേ, എന്റെ എല്ലാ കാ ര്യങ്ങളുടെയും സുരക്ഷയായ എ ന്റെ മതത്തെ എനിക്കു നീ നന്നാക്കി ത്തരേണമേ. എന്റെ ജീവിത സ്ഥല മായ

ഇഹലോകത്തെ എനിക്കു നീ നന്നാക്കേണമേ. എന്റെ മടക്കസ്ഥ ലമായ പരലോകത്തെ നീ നന്നാ ക്കേണമേ. ജീവിതം എല്ലാ നന്മയിലു മുള്ള വര്‍ദ്ധന വാക്കേണമേ. മരണ ത്തെ എല്ലാ വിഷമങ്ങളില്‍ നിന്നുമു ള്ള സുഖമാക്കേണമേ.

(اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ الْعَجْزِ وَالْكَسَلِ وَالْجُبْنِ وَالْبُخْلِ وَالْهَرَمِ وَعَذَابِ الْقَبْرِ اللَّهُمَّ آتِ نَفْسِي تَقْوَاهَا وَزَكِّهَا أَنْتَ خَيْرُ مَنْ زَكَّاهَا أَنْتَ وَلِيُّهَا وَمَوْلَاهَا اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عِلْمٍ لَا يَنْفَعُ وَمِنْ قَلْبٍ لَا يَخْشَعُ وَمِنْ نَفْسٍ لَا تَشْبَعُ وَمِنْ دَعْوَةٍ لَا يُسْتَجَابُ لَهَا )(رواه مسلم : ٢٧٢٢)

അല്ലാഹുവേ, ബലഹീനത, അല സത, ഭീരുത്വം, പിശുക്ക്, വാര്‍ദ്ധ ക്യം, ഖബര്‍ ശിക്ഷ എന്നിവയില്‍ നിന്നും ഞാന്‍ നിന്നോട് അഭയം തേ ടുന്നു. അല്ലാഹുവേ, എന്റെ ഹൃദ യത്തിന് നീ സൂക്ഷ്മതാ ബോധം നല്‍കേണമേ. അതിനെ നീ സംസ് കരിക്കുകയും ചെയ്യേണമേ, നീയാ ണല്ലോ അതിനെ നന്നായി സം സ്കരിക്കുന്നവന്‍. നീ തന്നെയാണ ല്ലോ അതിന്റെ സംരക്ഷകനും യജ മാനനും. അല്ലാഹുവേ, ഉപകാരമില്ലാ ത്ത വിജ്ഞാനത്തില്‍നിന്നും, ഭക്തി യില്ലാത്ത ഹൃദയത്തില്‍നിന്നും, മതി വരാത്ത മനസ്സില്‍നിന്നും ഉത്തരം ലഭിക്കാത്ത പ്രാര്‍ത്ഥനയില്‍നിന്നും ഞാന്‍ നിന്നോട് ശരണം തേടുന്നു. ٩

[٩] മുസ്ലിം : 2722

(اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ زَوَالِ نِعْمَتِكَ وَتَحَوُّلِ عَافِيَتِكَ وَفُجَاءَةِ نِقْمَتِكَ وَجَمِيعِ سَخَطِكَ) (رواه مسلم برقم ٢٧٣٩)

അല്ലാഹുവേ, അനുഗ്രഹങ്ങൾ നീങ്ങിപോകുന്നതിന്നും, സുഖസൗഖ്യങ്ങൾ മാറ്റിമറിക്കപ്പെടുന്നതിൽ നിന്നും, പെട്ടെന്നുണ്ടാകുന്ന ശിക്ഷകളിൽനിന്നും, നിന്നിൽനിന്നുണ്ടാകുന്ന എല്ലാവിധ കോപത്തിൽനിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു.[10]

(اللَّهُمَّ إِنِّي عَبْدُكَ وَابْنُ عَبْدِكَ وَابْنُ أَمَتِكَ نَاصِيَتِي بِيَدِكَ مَاضٍ فِيَّ حُكْمُكَ عَدْلٌ فِيَّ قَضَاؤُكَ أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ سَمَّيْتَ بِهِ نَفْسَكَ أَوْ أَنْزَلْتَهُ فِي كِتَابِكَ أَوْ عَلَّمْتَهُ أَحَدًا مِنْ خَلْقِكَ أَوْ اسْتَأْثَرْتَ بِهِ فِي عِلْمِ الْغَيْبِ عِنْدَكَ أَنْ تَجْعَلَ الْقُرْآنَ رَبِيعَ قَلْبِي وَنُورَ صَدْرِي وَجِلاءَ حُزْنِي وَذَهَابَ هَمِّي) (رواه أحمد (١/ ٣٩١، ٤٥٢)، والحاكم (١/ ٥٠٩) وصححه الألباني في السلسلة الصحيحة برقم ١٩٩)

അല്ലാഹുവേ, ഞാൻ നിന്റെ ദാസനും നിന്റെ ദാസന്റെ പുത്രനും നിന്റെ ദാസിയുടെ മകനുമാണ്. എന്റെ മൂർദ്ധാവ് നിന്റെ കയ്യിലാണ്. നിന്റെ തീരുമാനങ്ങളാണ് എന്നിൽ നടപ്പാകുന്നത്. നിന്റെ വിധികളെല്ലാം എന്നിൽ നീതിപൂർവ്വം മാത്രമാണ്. നീ നിനക്ക് പേരായി വെച്ചിട്ടുള്ളതോ, നിന്റെ ഗ്രന്ഥത്തിൽ ഇറക്കിയിട്ടുള്ളതോ, നിന്റെ സൃഷ്ടികളിൽ നിന്നും ആർക്കെങ്കിലും നീ പഠിപ്പിച്ചിട്ടുള്ളതോ, അതുമല്ലെങ്കിൽ നിന്റെ പക്കൽ നീ

[10] മുസ്ലിം : 2739

സൂക്ഷിച്ചിട്ടുള്ള നിന്റെ അദൃശ്യജ്ഞാനത്തിലുള്ളതോ ആയ നിന്റെ മുഴുവൻ നാമങ്ങളും മുൻ നിർത്തി ഞാനിതാ നിന്നോട് ചോദി ക്കുന്നു. ഖുർആനിനെ നീ എന്റെ ഹൃദയത്തിന്റെ വസന്തവും മനസ്സി ന്റെ പ്രകാശവും ദുഃഖത്തിന്റെ പരി ഹാരവും മനോവ്യഥയെ പോക്കിക്ക ളയുന്നതും ആക്കിത്തീർക്കേണമേ. [11]

(اللَّهُمَّ مُصَرِّفَ الْقُلُوبِ صَرِّفْ قُلُوبَنَا عَلَى طَاعَتِكَ ) (رواه مسلم: ٢٦٥٤)

ഹൃദയങ്ങൾ നിയന്ത്രിക്കുന്ന അ ല്ലാഹുവേ, ഞങ്ങളുടെ ഹൃദയങ്ങ ളെ നിനക്ക് കീഴ്പെട്ട് ജീവിക്കുന്നതി ന്നായി തിരിച്ചുവിടേണമേ.[12]

(اللَّهُمَّ إِنِّي أَسْأَلُكَ الْهُدَى وَالتُّقَى وَالْعَفَافَ وَالْغِنَى) (رواه مسلم والترمذي

وابن ماجه، انظر حديث رقم : ١٢٧٥ في صحيح الجامع.)

അല്ലാഹുവേ, സന്മാർഗ്ഗവും, ഭക്തി യും, വിശുദ്ധിയും, ഐശ്വര്യവും
ഞാൻ നിന്നോട് ചോദിക്കുന്നു. [13]

ഖുർആനിലും ഹദീസിലും വന്നി ട്ടുള്ളതിൽ ഏതാനും ചില പ്രാർത്ഥ നകൾ മാത്രമാണിത്. ഇങ്ങനെ ഒട്ടന വധി പ്രാർത്ഥനകളുണ്ട്. സ്ഥലപരിമി തി കാരണം എല്ലാം ഇവിടെ പകർ ത്തുന്നില്ല. ഇന്നത് മാത്രമെ പ്രാർത്ഥി ക്കാവൂ എന്ന് നിർബന്ധമില്ല. ഏത് കാര്യവും നമുക്ക് പ്രാർത്ഥിക്കാമെന്ന് നാം മുമ്പ് സൂചിപ്പിച്ചത് ഓർക്കു മല്ലോ. എന്നാൽ പ്രാർത്ഥനകളാൽ ശിർക്കു വരാതിരിക്കാൻ നാം സൂ ക്ഷിക്കണമെന്നു മാത്രം. അറബി ഭാഷയിൽ തന്നെയാകണമെന്നും നി ബന്ധനയില്ല. അറിയാവുന്ന ഏത് ഭാഷയിലും പ്രാർത്ഥിക്കാം. എന്നാൽ അർത്ഥം അറിഞ്ഞുകൊണ്ട്

---

١١ സിൽസില സ്വഹീഹ : 199

١٢ മുസ്‌ലിം : 2654

١٣ മുസ്‌ലിം : 4898

മനസ്സാ ന്നിദ്ധ്യത്തോടെ പ്രാർത്ഥിക്കുന്നതി ന്നാണ് കൂടുതൽ പ്രാധാന്യവും കാമ്പുമുള്ളത്. നബിﷺ യുടെ പ്രാർ ത്ഥനകൾ പ്രാർത്ഥിക്കുന്നതിന് പ്ര ത്യേകം പ്രതിഫലമുണ്ടെന്നതിന് സ ന്ദേഹമില്ല. അതു തന്നെ അർത്ഥമിറ ഞ്ഞു കൊണ്ടാണെങ്കിൽ വളരെ ഉത്തമവുമാകുന്നു.

ഈ
തൽക്കാല ജീവിതം
പ്രയാസരഹിതമാ
ക്കാൻ കഷ്ടപ്പെ
ടുന്ന സഹോദരാ..
ഈ ജീവിതം
അവസാനിക്കുന്നതി
ന് മുമ്പ്
ജീവിതത്തിന്റെ
യഥാർത്ഥ ലക്ഷ്യം
മനസ്സിലാക്കാൻ
ഒഴിവു സമയങ്ങൾ
ഉപയോഗപ്പെടു
ത്താൻ
ശ്രമിക്കൂ ..✍

# താളുകളിൽ


| | | |
|---|---|---|
| 1 | ആമുഖം | 1 |
| 2 | ഈ ഗ്രന്ഥം | 3 |
| 3 | ലക്ഷ്യം | 20 |
| 4 | ഹലാലായ സമ്പാദ്യം | 26 |
| 5 | ഹജ്ജ് ഗ്രൂപ്പ് തിരഞ്ഞെടുക്കുമ്പോൾ | 30 |
| 6 | യാത്രക്കു മുമ്പ് ചെയ്തിരിക്കേണ്ടവ | 35 |
| 7 | വീട്ടിൽനിന്നും പുറപ്പെടുമ്പോൾ | 48 |
| 8 | വാഹനത്തിൽ കയറുമ്പോൾ | 50 |
| 9 | യാത്രയിൽഖസ്വ്റ് (ചുരുക്കി) നമസ്കരിക്കൽ, | 56 |
| 10 | ജംഅ് (ചേർത്തു ) നമസ്കരിക്കൽ | 60 |
| 11 | മഹത്വങ്ങൾ | 68 |
| 12 | ഹജ്ജും ഉംറയും നിർബന്ധം | 78 |
| 13 | കുട്ടികളുടെ ഹജ്ജ് | 85 |
| 14 | പകരം ഹജ്ജ് നിർവ്വഹിക്കൽ | 87 |
| 15 | മീഖാത്തുകൾ | 93 |
| 16 | ഉംറയുടെ രൂപം | 103 |
| 17 | ഇഹ്റാമിനു ശേഷം പാടില്ലാത്തവ | 118 |
| 18 | കുറ്റകൃത്യങ്ങൾക്കുള്ള പ്രായശ്ചിത്തം | 123 |
| 19 | ഇഹ്റാമിനു മുമ്പും ശേഷവും പാടില്ലാത്തവ | 130 |
| 20 | മീഖാത്തിനും മക്കയുടേയുമിടയിൽ, തൽബിയത്ത് | 140 |
| 21 | ഹറമിന്റെ പ്രത്യേകത | 148 |
| 22 | ഹറമിലെത്തിയാൽ | 157 |

| | | |
|---|---|---|
| 23 | ത്വവാഫ് | 164 |
| 24 | ഹജറുൽ അസ്‌വദ് | 174 |
| 25 | മഖാമു ഇബ്റാഹീം | 192 |
| 26 | സംസം | 194 |
| 27 | സഅ്‌യ് | 206 |
| 28 | സഅ്‌യിൽനിന്നും വിരമിച്ചാൽ | 219 |
| 29 | ഉംറയുമായി ബന്ധപ്പെട്ട ചില സുപ്രധാന കാര്യങ്ങൾ | 222 |
| 30 | ഹജ്ജ് ചെയ്യേണ്ട രൂപം | 230 |
| 31 | റുക്‌നുകളും വാജിബുകളും | 233 |
| 32 | ദുൽഹജ്ജ് 8 ന് ചെയ്യേണ്ടവ | 235 |
| 33 | ദുൽഹജ്ജ് 9 (അറഫാദിനം) | 238 |
| 34 | മുസ്ദലിഫയിലേക്ക് | 262 |
| 35 | ദുൽഹജ്ജ് 10 ബലിദിനം | 265 |
| 36 | ബലികർമം | 268 |
| 37 | മുടിനീക്കൽ | 281 |
| 38 | ത്വവാഫുൽ ഇഫാള ( സിയാറഃ ) | 286 |
| 39 | ദുൽഹജ്ജ് 11,12,13 മിനായിൽരാപ്പാർക്കലും,ജംറകളിലെ ഏറും | 289 |
| 40 | ത്വവാഫുൽ വിദാഅ്(വിടവാങ്ങൽത്വവാഫ്) | 298 |
| 41 | മദീനാ സന്ദർശനം (മദീനയുടെ മഹത്വം) | 303 |
| 42 | മദീനാ പള്ളിയും 40 വക്ത് നമസ്കാരവും | 320 |
| 43 | റൗളാശരീഫും നബിﷺയുടെ ഖബറും | 325 |
| 44 | ഖബർ കെട്ടിപ്പൊക്കൽ | 342 |
| 45 | നബിﷺയുടെ ഖബറും ചില നിർമ്മിത ഹദീസുകളും | 347 |

| | | |
|---|---|---|
| 46 | അവസാനമായി | 355 |
| 47 | തിരഞ്ഞെടുത്ത പ്രാർത്ഥനകൾ | 357 |